SOUTHERN LANGUAGES BOOK TRUST

ദക്ഷിണഭാഷാ ഗ്രന്ഥമണ്ഡലം
കേന്ദ്രവിദ്യാഭ്യാസമന്ത്രികാര്യാലയത്തിന്റെ
ധനസഹായത്തോടുകൂടി പ്രസിദ്ധീകരിക്കുന്നതു്

വില 1-60



# സോവിയറ്റ്നാടും ജനതയും

കാതലീൻ ടെയ്‌ലർ


U. S. S. R.
ARCTIC OCEAN
Bering Strait
Ratmanov Island
N
NORWAY
SWEDEN
GERMANY
POLAND
RUMANIA
TURKEY
IRAQ
PERSIA
Barents Sea
Baltic Sea
Gulf of Finland
Petrodvorets
Novgorod
BYELORUSSIA
MOSCOW
Gorki
Kiev
UKRAINE
Kharkov
Odessa
Krivoi Rog
Kramatorsk
Zaporozhe
Donets Coal Basin
Sebastopol
Yalta
Artek
Azov Sea
Black Sea
Kuban
Steppes
Stalingrad
Astrakhan
GEORGIA
ARMENIA
AZERBAIJAN
Apsheron Peninsula
Caspian Sea
Cheleken
Ural Mountains
Sverdlovsk
Chelyabinsk
Ufa
River Irtysh
River Ob
Omsk
Novosibirsk
Tomsk
KHSTAN
Karaganda
L. Balkhash
Alma Ata
KIRGHIZIA
Kokand
Pamirs
River Lena
Yakutsk
Krasnoyarsk
Sayan Mts
Irkutsk
Lake Baikal
River Amur
Komsomolsk -on-Amur
Vladivostock
Sakhalin Island
KAMCHATKA
PACIFIC OCEAN
Scale in Miles
0 100 500
KEY TO REFERENCE NUMBERS
1 Rostov
2 Azov
3 Tsimlyansk
4 Anapa
5 Sochi
6 Gagra
7 Sukhumi
8 Kislovodsk
9 Mineralnyye Vodi
10 Chiatura
11 Rustavi
12 Tbilisi
13 Yerevan
14 Ordzhonikidze
15 Baku
16 Ossetia
17 Mt. Elbrus
18 Georgian Military Highway
19 Ararat Valley
20 Kura-Aras lowland
21 Abkhazia
22 Valley of Ferghana

# സോവിയററ്നാട്ടം ജനതയും

# സോവിയററ്നാടും ജനതയും

ഗ്രന്ഥകർത്രി:

കാതലീൻ ടെയ്ലർ

വിവത്തനം:

വി. കെ. വിശ്വംഭരൻ

പ്രസാധനം:

വിദ്യാത്ഥിമിത്രം പ്രസ്സ് ആൻഡ് ബുക്ക്ഡിപ്പോ

കോട്ടയം

വില 1—60

(Malayalam)

**SOVIET NADUM JANATHAYUM**

First Edition 3000 Copies
March 1968

English Original:

**THE LANDS AND PEOPLES OF THE U. S. S. R.**

BY KATHLEEN TAYLOR

Copyright: Author

Translator:

V. K. VISWAMBHARAN

**Price Rs. 1—60**

Published under the auspices of the SOUTHERN LANGUAGES BOOK TRUST, Madras, with financial assistance from the Ministry of Education, Government of India. The Trust is helped by the Government of India, the South Indian State Governments and Universities and the Ford Foundation.

Fourth Programme—Malayalam No. 10

Translation rights into Malayalam for this edition assigned to:

**Vidyarthi Mithram Press & Book Depot,**
**Baker Road, Kottayam—1.**

Printed at
THE VIDYARTHI MITHRAM PRESS, KOTTAYAM.

---

O. N. 2870/3000

# വിഷയവിവരം


| അദ്ധ്യായം | | പേജ് |
|---|---|---|
| 1. | വൈരുദ്ധ്യങ്ങളുടെ നാട്ട് | 9 |
| 2. | ജനതാവൈചിത്ര്യം | 23 |
| 3. | ഹൃദയവും നാഡിയും | 36 |
| 4. | വടക്കൻനാട്ടിലെ വെനീസ് | 52 |
| 5. | സൗവർണ്ണ ഉക്രെയ്ൻ | 66 |
| 6. | ഐതിഹാസികദേശങ്ങൾ | 79 |
| 7. | ഓടിപ്പഠിക്കുന്നവർ | 91 |
| 8. | യുവാക്കളേ, കിഴക്കോട്ട് | 107 |
| 9. | അനുബന്ധം | 121 |

ഒന്നു്

# വൈരുദ്ധ്യങ്ങളുടെ നാട്ട്

യൂനിയൻ ഓഫ് സോവിയററ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്ക് —സാധാരണയായി യൂ. എസ്. എസ്. ആർ. അഥവാ സോവിയററു് യൂനിയൻ എന്നറിയപ്പെടുന്ന രാജ്യം — അതീവ വിസ്തൃതമാണു്. തലസ്ഥാനമായ മോസ്കോയിലുള്ള നാഴികമണിയിൽ ഇന്നു വൈകുന്നേരം അഞ്ചുമണിയാകുമ്പോരം, രാജ്യത്തിൻെറ വിദൂരപൗരസ്ത്യ ഭാഗത്തു് ഉത്തരധ്രുവവൃത്തത്തിനും അപ്പുറമുള്ള ചുക്കോവ്സ്കി ഉപദ്വീപിൽ സമയം നാളെ വെളുപ്പിനു് അഞ്ചുമണിയായിരിക്കും എന്നു പറഞ്ഞാൽ വിസ്തൃതിയെപ്പററി ഏതാണ്ടൊരു ഊഹം കിട്ടിയേക്കും.

സാധാരണ പറയാറുള്ള അത്ഥത്തിൽ 'ഒരു രാജ്യ'മല്ല യൂ. എസ്. എസ്. ആർ. പതിനഞ്ചു രാജ്യങ്ങളടങ്ങിയ ഒരു സംയുക്ത രാഷ്ട്രമാണതു്. ഇവയിലോരോന്നിനും സ്വന്തമായ ഭരണകൂടവും ദേശീയ പതാകയും സൈനിക ചിഹ്നവും തലസ്ഥാന നഗരവും ഭാഷയുമുണ്ടു്. യൂറോപ്പിൻെറ പകുതിയും ഏഷ്യയുടെ മൂന്നിലൊന്നും പ്രദേശങ്ങരം ഉരംക്കൊള്ളുന്ന ഈ മഹാരാജ്യം ബാരൻറ്സ് കടൽ മുതൽ പസിഫിക്ക് സമുദ്രംവരെ നീണ്ടു കിടക്കുന്നു. റഷ്യയുടെ ഒരു ഭാഗം 621 മൈൽവരെ ഉത്തരധ്രുവത്തിനടുത്തെത്തുന്നുണ്ടു്. ബെറിങ് കടലിടുക്കിലുള്ള രത്മനോവ് ദ്വീപിൽനിന്നു് അമേരിക്കൻ സംസ്ഥാനമായ അലാസ്കയിലേക്കു് അഞ്ചു മൈൽദൂരമേയുള്ളു. സോവിയററ് യൂനിയൻെറ അതിരുകരം പന്ത്രണ്ടു രാജ്യങ്ങളെ തൊട്ടുരുമ്മിപ്പോകുന്നു.

38000 മൈൽ കരയിലൂടെ നീണ്ടുകിടക്കുന്ന റഷ്യൻ അതിർത്തി തരണം ചെയ്യാനുദ്ദേശിക്കുന്ന ഒരു സഞ്ചാരിക്ക് പ്രതിദിനം, 100 മൈൽ വീതം ഒരു വർഷം സഞ്ചരിക്കേണ്ടതായി വരും. അഥവാ മണിക്കൂറിൽ 310 മൈൽ വേഗത്തിൽ അഞ്ചു ദിനരാത്രങ്ങൾ നിർത്താതെ പറക്കേണ്ടതായി വരും. അഫ്ഗാനിസ്ഥാനും നോർവെയും പോലെ പരസ്പരം അകന്നു കിടക്കുന്ന രാജ്യങ്ങൾ തൊട്ടുരുമ്മി, കത്തിക്കാളുന്ന മരുഭൂമികളും നിശ്ശൂന്യമായ ഹിമഭൂമികളും കടന്ന്, ലോകത്തിലെ ഏററവും ഉയരംകൂടിയ ചില പർവ്വതശിഖരങ്ങളും അനന്തമായ പുൽപ്പരപ്പുകളും തരണം ചെയ്തിട്ടുവേണം അയാൾക്ക് യാത്ര അവസാനിപ്പിക്കുവാൻ.

അമേരിക്കയുടെ മൂന്നിരട്ടി വലിപ്പമുള്ള സോവിയററ് റഷ്യയാണ് ലോകത്തിലെ ഏററവും വലിയ രാഷ്ട്രം. സൈബീരിയായിലും കസാക്ക്സ്ഥാനിലും കാലിഫോർണിയായുടെ വലിപ്പമുള്ള ചില പ്രദേശങ്ങൾ മനുഷ്യപാദസ്പർശമേൽക്കാതെ കിടക്കുകയാണ്.

ഈയടുത്തകാലംവരെ ഒരജ്ഞാതലോകമായിരുന്നു സോവിയററ് യൂണിയൻ. പലരുടെയും മനസ്സിൽ മഞ്ഞും പുകയുമണിഞ്ഞ്, വൻകാടുകളിൽ കരടികളും ചെന്നായ്ക്കളും നിറഞ്ഞ്, നീണ്ട കറുത്ത താടിയോടുകൂടിയ റഷ്യക്കാർ തിങ്ങിക്കഴിയുന്ന ഒരു നാടായിരുന്നു അത്.

ഈ സങ്കല്പങ്ങളെല്ലാം കാററിൽ പറത്തിക്കൊണ്ട് അവർ ഭൂമിയെ ചുററി ചീറിപ്പായുന്ന സ്പുട്നിക്കുകൾ അന്തരീക്ഷത്തിലേക്കയച്ചു; ചന്ദ്രൻെറ തലത്തിൽ ആദ്യത്തെ റോക്കററ് എത്തിച്ചു വീഴ്ത്തി. ഇന്നത്തെ സോവിയററ് ജററ് വിമാനങ്ങൾ, മോസ്ക്കോവിൽനിന്ന് ലണ്ടനിലേക്കുള്ള 1500 മൈൽ യാത്ര കാലത്തെ ചായയ്ക്കും ഉച്ച ഊണിനുമിടയിലുള്ള ഒരു ലഘുസവാരിയാക്കി മാററിയിരിക്കുന്നു. സോവിയററ്, സ്പുട്നിക്ക്, ലൂനിക്ക് തുടങ്ങിയ പദങ്ങൾ ഇംഗ്ലീഷുകാരൻെറ നിത്യസംഭാഷണത്തിൽ സ്ഥാനം പിടിച്ചിരിക്കുന്നു.

ഒരമ്പതുകൊല്ലം മുമ്പ് ഈ നാട്ടിലെ ഭൂരിഭാഗം ജനങ്ങളും അജ്ഞതയിലും അന്ധവിശ്വാസങ്ങളിലും കുടുങ്ങി

ക്കിടക്കുന്ന ദാരിദ്ര്യപീഡിതരായ കൃഷീവലന്മാരായിരുന്നു. ഇവരിൽ അനേകലക്ഷംപേർക്ക് എഴുത്തോ വായനയോ അറിയാമായിരുന്നില്ല. അവരുടെ കൃഷിയായുധം മരക്കലപ്പയായിരുന്നു. കാളവണ്ടിയിൽനിന്ന് ശൂന്യാകാശപേടകത്തിലേക്കുള്ള ഈ എടുത്തുചാട്ടം അസാധാരണമായ ചില വൈരുധ്യങ്ങൾ പ്രത്യക്ഷപ്പെടുത്തുന്നുണ്ട്.

''നമുക്ക് സ്പുട്നിക്കുകളുണ്ട്. ആററമിക്ക്ഹിമഭേദിനിയും ലോകത്തിലെ ഏററവും വലിയ അണുശക്തികേന്ദ്രവുമുണ്ട്. ഇനി നമുക്ക് കുറച്ചുകൂടി കഠിനമായി പരിശ്രമിച്ച് നല്ല തലയണകളും നഖം വെട്ടുന്ന കത്രികകളും ഉണ്ടാക്കുക.'' പ്രമുഖ സോവിയററ് ദിനപത്രമായ 'പ്രവ്ദാ (സത്യം) ഇങ്ങനെ എഴുതിയപ്പോൾ, ദുർബ്ബലമായ ഒരു വശം തൊട്ടുകാണിക്കുകയാണുണ്ടായതു്. ജീവിതത്തിൻെറ സാമാന്യഘടകങ്ങൾ ലഘുവായി മറന്നുകളയുന്ന ശൂന്യാകാശയുഗത്തിലെ ആസൂത്രണഭാരവാഹികളുടെ മേലുള്ള ഈ 'കിള്ള' ജനങ്ങൾക്ക് വളരെ രസിച്ചു.

ഇത്ര വിസ്തൃതമായ ഒരു രാജ്യത്തിൽ വൈവിധ്യപൂർണ്ണമായ കാലാവസ്ഥയും, സ്വാഭാവികമായി അനുഭവപ്പെടാതിരിക്കുകയില്ല. ഹിമം കെട്ടിയടഞ്ഞ കടലുകൾ മുതൽ മുട്ട പൊരിച്ചെടുക്കാൻ പോന്ന ചൂടുള്ള മരുഭൂമികൾ വരെ ഇവിടെയുണ്ട്.

വടക്കെയററത്തുള്ള നാടുകളിലും ധ്രുവവൃത്തത്തിലുമുള്ള നിത്യഹിമാവൃതമായ ഭൂമി നിഷ്ഠൂരമായ ഒരു ധവളദൃശ്യമാണു്. ഇവിടെനിന്നു് ആയിരക്കണക്കിനു നാഴിക തെക്ക് ചായത്തോട്ടങ്ങളും പരുത്തി വയലുകളും ഉപോഷ്ണമേഖലയിലുള്ള വിചിത്രപുഷ്പങ്ങളും ഈന്തപ്പനകളും തഴച്ചു വളരുന്നു. കരിങ്കടലിലെ ചൂടുവെള്ളത്തിൽ ഡോൾഫിൻ മത്സ്യങ്ങൾ കളിച്ചു പുളയ്ക്കുകയും ശൈത്യകാലത്തിൻെറ മൂർദ്ധന്യത്തിൽ മനുഷ്യൻ മുങ്ങിക്കുളിക്കുകയും ചെയ്യുന്നു.

ഇതു് രണ്ടററങ്ങളുടെ ചിത്രമാണു്. ഇതിനിടയിൽ രാജ്യത്തിൻെറ വലിയൊരു ഭാഗത്തു് ഉഷ്ണമേറിയ വേനലും ശൈത്യമേറിയ നീണ്ട മഞ്ഞുകാലവും അനുഭവപ്പെടുന്നു.

വസന്തകാലത്തു് മഞ്ഞുരുകിയും വർഷകാലത്തു് മഴ പെയ്തും നാടിടകളും കാടും ചേറിൻെറ സമുദ്രമായിത്തീരുന്നു. ഒററപ്പെട്ടു കിടക്കുന്ന ഗ്രാമങ്ങളിലേക്കു് അനേക ദിവസം മനുഷ്യസഞ്ചാരം അസാദ്ധ്യമായിത്തീരുന്നു.

കാലാവസ്ഥയിലുള്ള ഈ വൈവിധ്യം പ്രകൃതിയിലും പ്രതിഫലിച്ചുകാണാം. ആകാശത്തിലെ നക്ഷത്രങ്ങളുടെ നേക്കു കൈ നീട്ടിനില്ക്കുന്ന പ്രൗഢഗംഭീരമായ കൊടുമുടികഠം താഴെയുള്ളലവണ്ണു തടാകങ്ങളേയും വിശാലമായ സ്റ്റെപ്പികളേയും സഗൗരവം കടാക്ഷിച്ചു നില്ക്കുന്നു.

അജയ്യരായ നദികഠം നാല്പതു ഡിഗ്രി തണുപ്പിലുള്ള ഹിമഭൂമികളെ വെല്ലുവിളിച്ചുകൊണ്ടു് നില്ക്കാതെ പാഞ്ഞു വരുമ്പോഠം, വരണ്ട മരുഭൂമികഠം ഇനിയും, ആസൂത്രണാവസ്ഥയിലിരിക്കുന്ന ജലസേചനത്തോടുകളുടെ ജീവദായകമായ ജലത്തിനുവേണ്ടി ക്ഷമാപൂവ്വം കാത്തുകിടക്കുകയാണു്.

ഭൂമിശാസ്ത്രപരമായി, പരസ്പരം ക്രമത്തിൽ ലയിച്ചു ചേരുന്ന ഒട്ടധികം മേഖലകഠം അടങ്ങിയതാണു് സോവിയററ്യൂണിയൻ. ഉത്തരധ്രുവത്തിനു സമീപമാണു് തുന്ദ്ര (ഊഷരഭൂമികഠം). ഉത്തരധ്രുവസമുദ്രത്തിൻെറ കരയിലൂടെ 3100 മൈൽ നീളം വ്യാപിച്ചുകിടക്കുന്ന വൃക്ഷശൂന്യമായ ഹിമഭൂമിയാണിതു്.

ആണ്ടിൽ ഒൻപതുമാസവും ഇവിടെ മഞ്ഞുമൂടിക്കിടക്കും. പൂപ്പും പായലും ചെറുതരം പഴങ്ങളും സുലഭമായുണ്ടു്. അതു തിന്നു് ധ്രുവമനുഷ്യൻെറ ഉററമിത്രമായ റെയിൻഡിയർ ജീവിക്കുന്നു. ധ്രുവനിവാസികഠംക്കു് പാലും മാംസവും നൽകുന്നതു് ഈ ജീവിയാണു്. അതിൻെറ തോലുകഠം അവരുടെ ഭവനങ്ങഠംക്കു ചൂടുനൽകുന്നു. മഞ്ഞിൽക്കൂടി വണ്ടിവലിക്കുന്ന കാര്യത്തിൽ ഈ ജീവികഠം ജററുവിമാനത്തെ തോല്പിക്കും.

വസന്തകാലത്തിൻെറ അന്ത്യം മുതൽ വേനല്ക്കാലം കഴിയുന്നതുവരെ തൊണ്ണൂറു ദിവസം രാപകൽ സൂര്യൻ പ്രകാശിച്ചുകൊണ്ടേയിരിക്കും. മഞ്ഞിൻെറ മേൽപ്പാളി ഉരു

കി ചതുപ്പുനിലങ്ങളും തടാകങ്ങളും പ്രത്യക്ഷപ്പെടും. തുറന്ന സ്ഥലങ്ങളിൽ മഞ്ഞു ബാധിക്കാത്ത സസ്യങ്ങളും കായ്കനികളും വളരും. ഉരുളക്കിഴങ്ങും കാബേജും ടർണിപ്പും മുള്ളങ്കിയും ഉള്ളിയും തക്കാളിയും പച്ചമാറാതെ ഭക്ഷിക്കുന്നതിന്റെ സൗഖ്യം ധ്രുവവാസികൾ അറിയുന്നതപ്പോഴാണ്. സുദീർഘമായ ധ്രുവരാത്രി വീണ്ടും വന്നണയുന്നതിനു മുമ്പ് കാർണേഷന്റെയും വയലററിന്റെയും മാർഗറീത്തയുടെയും വർണ്ണശബളമായ പുഷ്പപരവതാനികൾ നയനോത്സവം നല്കി വിരിഞ്ഞുനില്ക്കും.

സൂര്യൻ അസ്തമിക്കുന്നതോടുകൂടി ഹിമക്കാററുകളും ഹിമവൃഷ്ടികളും ചീറിയടിക്കുന്നു. ധ്രുവദീപ്തിയിൽ ആകാശദേശം പ്രകാശമാനമാകുന്നു. ഉഷ്ണമാപിനിയിലെ രസം പൂജ്യത്തിൽനിന്നു 104 ഡിഗ്രി താഴുകയും മനുഷ്യന്റെ നിശ്വാസം പുറത്തുവരുമ്പോൾ ഉറഞ്ഞു മഞ്ഞായിത്തീരുകയും ചെയ്യുന്നു. പക്ഷികൾ തെക്കോട്ടു പറന്നുപോകുന്നു. ടാർമിഗനും മൂങ്ങയും മാത്രമേ പുറകിൽ തങ്ങാറുള്ളു. തവിട്ടുനിറമായ ധ്രുവച്ചെന്നായുടെ നിറം വെളുപ്പാകുന്നു. സ്ത്രീപുരുഷന്മാർ കട്ടിയേറിയ രോമക്കുപ്പായങ്ങൾക്കുള്ളിൽ ഒളിക്കുന്നു. കുറെ മാസത്തേക്കു് വൈദ്യുതവിളക്കുകൾ സൂര്യന്റെ സ്ഥാനം ഏറെറടുക്കുന്നു.

ഈ ഊഷരശൂന്യതയിൽ റഷ്യക്കാർ വാനനിരീക്ഷണശാലകളുടേയും റേഡിയോ സ്റ്റേഷനുകളുടേയും പുതിയ തുറമുഖങ്ങളുടേയും പട്ടണങ്ങളുടേയും ഒരു ശൃംഖലതന്നെ സ്ഥാപിച്ചിട്ടുണ്ടു്. ഉസ്ബെക്കിസ്ഥാനിലെ പരുത്തികൃഷിക്കാരനും ഉക്രെയ്നിലെ മധുരക്കിഴങ്ങുകൃഷിക്കാരനും വിളവുകളുടെ സമൃദ്ധിക്കു് ഇവിടെനിന്നുള്ള കാലാവസ്ഥാ പ്രവചനങ്ങളെയാണു് ആശ്രയിക്കുന്നതു്. കടലിലുള്ള കപ്പലുകൾ സുരക്ഷിതമായി മുന്നോട്ടു പോകുന്നതിന്നു് ആകാംക്ഷയോടെ ചെവിപാർത്തിരിക്കുന്നതു് ഇവയിൽനിന്നുള്ള അറിയിപ്പുകളാണു്.

ഈ ധവളഭൂമിയിൽ ജനിക്കുന്ന ശിശുക്കൾ തലതിരിഞ്ഞ രാപകലുകളുടെ ഒരു വിചിത്രലോകത്തിലാണ് വളൎന്നുവരുന്നത്. ഹ്രസ്വമായ വേനൽക്കാലം കഴിഞ്ഞ് സൂൎയ്യൻ ചക്രവാളത്തിനപ്പുറത്തേക്കു വഴുതിയിറങ്ങിയാൽ പിന്നെ കൃത്രിമവെളിച്ചത്തിലാണ് അവർ വിദ്യാലയങ്ങളിലേക്കു പോകുന്നത്.

ഈ ഏൎപ്പാടിൽ പഴകിവരുമ്പോഴേക്ക് സൂൎയ്യൻ വീണ്ടും മുഖം കാണിക്കുന്നു. പിന്നെ നട്ടുച്ചയ്ക്ക് ഉറങ്ങാൻ പറഞ്ഞയയ്ക്കുമ്പോൾ കുട്ടികൾക്ക് പുതുമയാണ്.

ഉത്തരധ്രുവവൃത്തത്തിലുള്ള ഏററവും വലിയ തുറമുഖമായ മൂർമാൻസ്കിൽ ഒരിക്കലും മഞ്ഞുണ്ടാകുകയില്ല. ഗൾഫ്‌സ്റ്റ്രീമിലെ ഉഷ്ണജലം ഏതാണ്ടിവിടെവരെ എത്തുന്നതാണ് ഈ സൗഭാഗ്യത്തിനു കാരണം.

1945–നു ശേഷം പഴയ വീഞ്ഞപ്പലകപ്പട്ടണം അനേകം അഞ്ചുനിലക്കെട്ടിടങ്ങളോടുകൂടിയ ഒരു 'ഗംഭീര' നഗരമായി മാറിയിരിക്കയാണ്. 2000മൈൽഅകലെ മദ്ധ്യേഷ്യയിൽനിന്നു കൊണ്ടുവരുന്ന പ്രകൃതിവാതകം കൊണ്ട് ചൂടുപിടിപ്പിക്കുന്ന 3000 പുതിയ വസതികളും 12000 ഇരിപ്പിടങ്ങളുള്ള ഒരു സ്റ്റേഡിയവും ആധുനിക സജ്ജീകരണങ്ങളോടുകൂടിയ തീയേററുകളും ഗ്രന്ഥശാലകളും യുവജനക്ലബ്ബുകളും ഇവിടെയുണ്ട്.

തെക്കോട്ടുചെല്ലുന്തോറും തുന്ദ്ര ചെറിയ തോതിലുള്ള വൃക്ഷനിരകൾ കടന്ന് തെയ്ഗയിൽ ലയിക്കുന്നു. സ്വോളൻസ്ക് മുതൽ കംചാത്‌കാവരെ യൂറോപ്പിൻെറയും ഏഷ്യയുടെയും മധ്യത്തിലൂടെ 3600 മൈൽ വ്യാപിച്ചുകിടക്കുന്ന നിബിഡമായ വനപ്രദേശമാണ് തെയ്ഗ. ലോകത്തിലെ ഏററവും സമ്പന്നമായ വനഭൂമിയാണിത്.

രണ്ടു കരടികൾ രണ്ടുവൎഷക്കാലം നിരന്തരം ചുററിനടന്നാലും പരസ്പരം കൂട്ടിമുട്ടാത്ത കിഴക്കൻ സൈബീരിയൻ തെയ്ഗയിൽ നിന്നാണ് ചുവന്ന കുറുനരിയുടെ തിളക്കമുള്ള രോമത്തുകൽ ഏററവുമധികം ലഭിക്കുന്നത്. വെള്ളിക്കുറുക്കൻെറയും നരയൻ അണ്ണാൻെറയും സാബിളിൻെറയും (കീരിവകയിൽപെട്ട ഒരു ജന്തു)രോമത്തുകലുകളും

ഇവിടെനിന്നാണ്‌ ലഭിക്കുന്നത്‌. ഇവിടെ ജീവിക്കുന്ന യാക്‌ട്‌ വംശക്കാർ കിടയാററ നായാട്ടുകാരാണ്‌. ഓടിപ്പോകുന്ന അണ്ണാനെ തോലിനു കേടുപററാതെ അവർ കൊന്നൊടുക്കും.

റഷ്യയുടെ ദൂരപൗരസ്ത്യഭാഗങ്ങളിൽ വിസ്മയകരമായ കലപ്പുകളോടുകൂടിയ കുറെ കാടുകളുണ്ട്‌—ഉസ്സൂറി തെയ്‌ഗ. തെക്കും വടക്കും നിസ്തുലമായ രീതിയിൽ കൂടിച്ചേരുന്നതിവിടെയാണ്‌. ഇവിടെ മുന്തിരിവള്ളികൾ ഫെർമരങ്ങളിൽ ചുററിപ്പടരുന്നു. താമരയുടെ തൊട്ടടുത്ത്‌ ക്രാൻബെറികൾ വളരുന്നു. സാബിളും കടുവയും തോളുരുമ്മി ജീവിക്കുന്നു.

ഇനിയും തെക്കോട്ടു പോയാൽ കാടുകൾ അജ്ഞാതമായ ഏതോ ബിന്ദുവിൽ വച്ച്‌ മരതകമൈതാനങ്ങൾക്കു വഴിമാറിക്കൊടുക്കുന്നതു കാണാം. ഇതാണ്‌ കരിനിലത്തിലെ സ്റ്റെപ്പികൾ. 'ഇന്നു വിത്തിട്ടാൽ നാളെ ആൾപ്പൊക്കം വളൎന്നു നില്ക്കും' എന്ന ചൊല്ല്‌ ഇവിടത്തെ കൃഷിക്കാരുടെയിടയിൽ പ്രചാരത്തിലിരുന്നതാണ്‌. ഇടസ്സിടെ തിരമാലകൾപോലെ താണുയൎന്നും ഇടസ്സിടെ തട്ടുപോലെ നിരപ്പായും അനേകം നാഴിക വീതിയിൽ ഈ പുൽപ്പരപ്പുകൾ ഇടമുറിയാതെ കിഴക്കുപടിഞ്ഞാറു നീണ്ടുകിടക്കുന്നു.

ഒന്നരദിവസംകൊണ്ടാണ്‌ ട്രാൻസ്‌സൈബീരിയൻ എക്‌സ്പ്രസ്സ്‌ പശ്ചിമ സൈബീരിയായിലെ ഈ സമതലം കടന്നുപോകുന്നത്‌ ഇതിനിടയിൽ ഒരു കുന്നുപോലും കണ്ണിൽപെടുകയില്ല.

ഉക്രെയ്‌നിലെയും കൂബയിലെയും സ്റ്റെപ്പികളിൽ മന്ദമന്ദം അലതല്ലുന്ന ഈ ഗോതമ്പുമേഖല കൊയ്‌ത്തുകാലമാകുമ്പോൾ തങ്കക്കടലുകൾപോലെയാകും. ആറടിപ്പൊക്കമുള്ള സൂര്യകാന്തികൾ വളൎന്നുനില്ക്കുന്ന വയലുകൾ ഈ മതിഭ്രമം വളർത്തുകയേ ഉള്ളൂ.

ഫലഭൂയിഷ്ഠമായ സ്റ്റെപ്പികളുടെ തൊട്ടപ്പുറത്ത്‌ വോൾഗാതീരത്തുള്ള സ്റ്റാലിൻഗ്രാഡ്‌ മുതൽ മദ്ധ്യേഷ്യൻ പൎവ്വതനിരവരെ കസാക്ക്‌സ്ഥാനിലെ മരുമേഖലകളും

അർദ്ധമരുഭൂമികളുമാണു്. പൗരാണികന്മാർ 'രത്നഖചിത' മായ സമർഖണ്ഡിലേക്കു പോയിരുന്ന അതേ വാണിജ്യപാതയിലൂടെ ഒട്ടകങ്ങളുമായി ഇന്നും സാർത്ഥവാഹസംഘങ്ങൾ പോകുന്നതു കാണാം. അവരുടെ തലയ്ക്കുമീതേക്കൂടി ഉസ്ബക്കിലെ ധീരതരുണികൾ ജററ്വിമാനത്തിൽ ചരക്കും യാത്രക്കാരെയും കയററിയിറക്കുന്നുണ്ടായിരിക്കും.

മേഖലകൾ അവസാനിക്കുന്നിടത്തു് പർവ്വതപംക്തികൾ ആരംഭിക്കുന്നു. തൊട്ടുതൊട്ടു് ഇടമുറിയാതെ കിടക്കുകയാണവ—കാക്കസസ്, ആൾട്ടായ്, ലോകത്തിന്റെ മേൽപ്പുരയായ പാമീർ. പാമീറാണു് ഹിമമനുഷ്യനെന്ന ബീഭത്സജന്തുവിന്റെ ആവാസകേന്ദ്രം. ഈ പിടികിട്ടാപ്പുള്ളിയെത്തേടി സോവിയററ്ശാസ്ത്രജ്ഞന്മാർ ഈയിടെ കുറച്ചുമാസം വെറുതെ കളയുകയുണ്ടായി.

ഈ പർവ്വതപംക്തികൾ കരയുടെ ഒരു വലിയ പങ്കു് അപഹരിക്കുന്നുണ്ടു്. ഉദാഹരണമായി താജിക്കിസ്ഥാന്റെ പത്തിലൊമ്പതു ഭാഗം പാമീറാണു്. തെക്കും വടക്കും ദൂരപൗരസ്ത്യമേഖലയിലും പരന്നുകിടക്കുന്ന പർവ്വതങ്ങൾ മൂന്നു ഭാഗത്തും പ്രകൃതിനിർമ്മിതമായ ഒരു രക്ഷാദുർഗ്ഗം പോലെ പരിലസിക്കുന്നു. ഉയരം കുറഞ്ഞതും വനനിബിഡവുമായ യൂറാൽപർവ്വതനിര തെക്കുവടക്കു് 1500 മൈൽ നീളത്തിൽ യൂറോപ്യൻ റഷ്യയെയും ഏഷ്യൻ റഷ്യയെയും വേർതിരിക്കുന്ന പ്രകൃതിസിദ്ധമായ അതിർത്തിരേഖയാണു്. ധാതുക്കളുടെയും രത്നങ്ങളുടെയും ഒരു ഖനിയാണിതു്. രക്താരുണമായ പുഷ്യരാഗങ്ങളും മരതകങ്ങളും പത്മരാഗക്കല്ലുകളും അവിടെ സുലഭമായുണ്ടു്. റഷ്യയുടെ 'ഉരുക്കുരത്ന'പ്പെട്ടി എന്നാണിതിന്റെ നാടോടിപ്പേരു്.

ആൽപ്പൈൻ മൈതാനങ്ങൾ, വനാന്തസരസ്സുകൾ, വനതടിനികൾ, കല്യകൾ, മുരളുന്ന മലരികളിലേക്കും അലററുന്ന ജലപാതങ്ങളിലേക്കും കുതിച്ചുചാടുകയും, സൈബീരിയൻ സമതലങ്ങളിലൂടെ ശാന്തമായൊഴുകി ധ്രുവസമുദ്രത്തിൽ ലയിക്കുകയും ചെയ്യുന്ന നദികൾ;—ഭൂമിയുടെ ഉപരിതലവിസ്തീർണ്ണത്തിന്റെ ആറിലൊന്നിലധികം

വ്യാപിച്ചുകിടക്കുന്ന ഈ ബ്രഹത്തായ രാജ്യത്തിൽ ഇതിനെല്ലാം സ്ഥാനമുണ്ട്.

പട്ടണങ്ങൾക്കും ഗ്രാമങ്ങൾക്കുമിടയിലുള്ള വമ്പിച്ച ദൂരം റെയിൽപ്പാതകളും വിമാനത്താവളങ്ങളുംകൊണ്ട് ഇനിയും പരിഹരിക്കേണ്ടതായിട്ടാണിരിക്കുന്നത്. വിസ്തൃതമായ ഭൂവിഭാഗങ്ങളും ഗംഭീരമായ പർവ്വതങ്ങളും നദീതടാകങ്ങളും ഇനിയും ചൂഷണം ചെയ്യിട്ടില്ലാത്ത വമ്പിച്ച സമ്പത്തിൻെറ നിഗ്ഗൂഢശേഖരങ്ങളുമടങ്ങിയ ഈ ദേശത്തിൻെറ ഗഹനമായ മൗനം സഞ്ചാരികൾക്ക് അനുഭവവേദ്യമാകാതിരിക്കയില്ല.

നിർമ്മലമായ നീലാകാശത്തിനു കീഴെ വെള്ളിപൂശിയ പൈനുകളും ബിർച്ചുമരങ്ങളുംകൊണ്ട് അലംകൃതമായ മഞ്ഞുതട്ടമിട്ട സ്റ്റെപ്പികൾ വെട്ടിത്തിളങ്ങുമ്പോൾ നിശ്ശബ്ദമായ ഭൂമി മന്ദമന്ദം ശ്വസിക്കുന്നതുപോലെ തോന്നും.

വസന്തം വന്നുകൂടുന്നത് അറിയാതെയാണ്. നദികൾ ഹിമവീഥികളായി കിടക്കുകയായിരിക്കും. എങ്കിലും അതിൻെറ അങ്ങടിയിലെവിടെയോനിന്നും കണ്ണുതിരുമ്മിയുണർന്നു വരുന്ന വെള്ളത്തിൻെറ കൊച്ചു കളകളം കേൾക്കാനുണ്ടാകും. പിറേറന്ന് മഞ്ഞുകട്ട പിളരുന്നു. തട്ടിത്തിരിഞ്ഞുരുണ്ടുപോകുന്ന ഭീമാകാരമായ മഞ്ഞുകട്ടികൾ പാലങ്ങളിൽ അടിച്ചുചിതറുകയും ജലം പെരുകിയ നദികൾ മൈതാനങ്ങളിലേക്ക് ഇരച്ചുകയറുകയും ചെയ്യുന്നു.

ഒന്നുരണ്ടു ദിവസംകൊണ്ട് വെളുത്ത ഭൂമി പച്ചപ്പുതപ്പണിയുന്നു. ഗ്രാമാന്തരങ്ങളിലെ പ്രഭാതത്തിൻെറ കുളിർമ്മ നഗരങ്ങളിലേക്കു വിരുന്നുവരുന്നു. ചായംപൂശിയ കെട്ടിടങ്ങളുടേയും കപ്പോളകളുടേയും ദേവാലയഗോപുരങ്ങളുടേയും തങ്കവും നീലയും ചുവപ്പും പച്ചയും വർണ്ണങ്ങൾ സൂര്യപ്രകാശത്തിൽ തെളിഞ്ഞു വിലസുമ്പോൾ പട്ടണങ്ങൾ, പ്രത്യേകിച്ചു മോസ്കോ, ദേശീയവസ്ത്രങ്ങളണിയിച്ച പാവപോലെ ചേതോഹരമായിത്തീരും.

വേനലിൻെറ ചൂട് വസന്തത്തിൻെറ കുളിർമ്മ കവർന്നെടുക്കുന്നത് അൽപം ധൃതിയിലാണ്. പുല്ലുകളിൽ തവിട്ടുനിറം പകരുന്നതോടെ മനുഷ്യർ മലഞ്ചരിവുകളു,

കടൽത്തീരങ്ങളും സ്വപ്നം കണ്ടുതുടങ്ങുന്നു. ചൂടേറിയ പകലുകളും, ഇളംചൂടും വില്ലൂസിന്റെ മയവും കനികളുടെ ഗന്ധവുമുള്ള രാത്രികളും മാറി സ്വർണ്ണവർണ്ണത്തിൽ ഇലപൊഴിയും കാലത്തിന്റെ ഹ്രസ്വമായ ആഴ്ചകൾ വന്നെത്തുന്നു. തുടർന്ന് മഴയും ഹിമക്കാറ്റുകളുംകൂടി ദീർഘമായ ശൈത്യകാലത്തെ കൈപിടിച്ചുകൊണ്ടു വന്നുകഴിഞ്ഞാൽ ഋതുചക്രം പൂർത്തിയായി.

ഒഴിവുകാലം ആഘോഷിക്കാൻ ഏററവും പററിയ നാടാണിതു്. മീൻപിടുത്തത്തിലാണു കമ്പമെങ്കിൽ റഷ്യയിലെ കടലുകളിലും നദികളിലും തടാകങ്ങളിലുംകൂടി 310 ഇനം മത്സ്യങ്ങളുണ്ടു്. ഇതിൽ മുപ്പത്തെട്ടിനം മറെറാരിടത്തും കാണാത്തതാണു്. സൈബീരിയായിലെ നദികളിൽനിന്നു സാമൺ, ട്രൗട്ട് തുടങ്ങിയ മത്സ്യങ്ങളെ കൈകൊണ്ടു കോരിയെടുക്കാം. പർവ്വതാരോഹണം പരിചയമുണ്ടെങ്കിൽ, അല്പ രസമായിത്തോന്നുന്നുണ്ടെങ്കിലും മതി, അതിനും വേണ്ടത്ര സൗകര്യമുണ്ടു്.

സുഖമെടുക്കുന്ന സോവിയററ്പൗരനു് വെയിൽ കായണമെന്നോ നീന്തണമെന്നോ വള്ളംകളിക്കണമെന്നോ ധാതുഉറവയിൽ കുളിക്കണമെന്നോ ആണു മോഹമെങ്കിൽ, കക്കേഷ്യൻമലകളുടെ അടിവാരത്തിൽ കരിങ്കടലിന്റെ തീരത്തു് അതിനു പററിയ റിവിയേറ ഉണ്ടു്.

വോൾഗയിലൂടെ പോകുന്ന വിനോദക്കപ്പലുകളിൽ കയറി, വഴിമദ്ധ്യേ എണ്ണമററ കൊച്ചു തുറമുഖങ്ങളിലും പുരാതനമായ ഗ്രാമങ്ങളിലും തങ്ങി, ഓട്ടപ്രദക്ഷിണം നടത്തുന്നതു് ചെറുപ്പക്കാരുടെയിടയിൽ വളരെ പ്രചാരമുള്ള വിനോദപരിപാടിയാണു്.

തണ്ണിമത്തങ്ങ, വെള്ളരിക്ക, ആപ്പിൾ, മുന്തിരിങ്ങ തൊട്ടുള്ള കായ്കറികളും കീയക്കീയവയ്ക്കുന്ന കോഴിക്കുഞ്ഞുങ്ങളും ക്വാകപാവയ്ക്കുന്ന താറാവുകളും പനററുന്ന പന്നിക്കുഞ്ഞുങ്ങളും തിക്കിക്കയററിയ ബാർജുകൾ 2300 മൈൽ നീളത്തിൽ മോസ്ക്കോവരെ നീണ്ടുകിടക്കുന്ന ഈ 'ദ്രാവക രാജവീഥി'യിൽ അവിടവിടെയടുത്തു് കൂട്ടകൃഷിസ്ഥല

ങ്ങളിലെ വിഭവങ്ങറം ഇറക്കമതിചെയ്യുന്ന കാഴ്ച യാത്ര യുടെ മുഷിവറിയാതിരിക്കാൻ സഹായിക്കുന്നു.

'വോറംഗാമാതാ'വിൻെറയും ഡോൺ, കാമാ, തുട ങ്ങിയ വൻനദികളുടെയും തീരത്തു് ബോട്ടുകാറംക്കും യാത്ര ക്കാക്കും തങ്ങാവുന്ന സങ്കേതങ്ങറം, ചോട്ടലുകറംപോലെ 'ബോട്ടലുക'ളും ഉയന്നുവരുന്നുണ്ടു്.

മോസ്കോയിൽനിന്നു കാസ്പിയൻ കടലിൻെറ തീര ത്തുള്ള ആസ്ട്രാഖാനിലേക്കു പോകുന്ന സഞ്ചാരി നദീ തീരത്തുനിന്നുയന്നുപോകുന്ന യൂറോപ്യൻ പീഠഭൂമിയിൽ പടിഞ്ഞാറൻ മട്ടിലുള്ള നവീനവസതികളും കാർ-ട്രാക്ടർ ഫാക്ടറികളും തുണിമില്ലുകളും കാനിങ്ങ്ഫാക്ടറികളും ചക്രവാളത്തിനെതിരെ തലയുയത്തി നില്ക്കുന്നതു കാണാ തിരിക്കയില്ല.

വോറംഗ വെട്ടിത്തിരിഞ്ഞു് വീതികൂടി ഒഴുകുന്ന സ്റ്റാ ലിൻഗ്രാഡിലെത്തുമ്പോറം അങ്ങേക്കരയിലുള്ള മണൽ നിറഞ്ഞ സമതലങ്ങളുടെ വിദൂരചക്രവാളങ്ങളിൽ മുസ്ലീം ദേവാലയങ്ങളുടെയും പൗരസ്ത്യനഗരങ്ങളിലെ സൂചിഗോ പുരങ്ങളുടെയും സാവധാനം നടന്നുനീങ്ങുന്ന ഒട്ടകങ്ങളുടെ യും നിഴൽച്ചിത്രങ്ങറം പതിഞ്ഞുനിൽക്കുന്നതു് അയാറം കാണുന്നു.

പണ്ടൊക്കെ അയാറം അങ്ങനെ യാത്രചെയ്യുന്ന പതി വുണ്ടായിരുന്നില്ല. സ്വന്തം ഗ്രാമത്തിനും നഗരത്തിനുമപ്പുറ ത്തുള്ള സമ്പൽസമൃദ്ധികറം അവക്ക്ജ്ഞാതമായിരുന്നു. ഇപ്പോറം അവർ സ്വന്തം നാടിനെപ്പററി ആവേശപൂർവ്വം പഠിക്കുകയാണു്. ഒന്നാന്തരം സഞ്ചാരികളും പര്യവേക്ഷ കരുമാണു് അവർ. സ്വന്തം രാഷ്ട്രത്തിൻെറ അതിർത്തികട ക്കാതെ പന്ത്രണ്ടു 'വിദേശ'രാജ്യങ്ങളിൽ സഞ്ചരിക്കുന്നതു് പലക്കും ആവേശകരമായ ഒരനുഭവമാണു്.

റഷ്യാക്കാരൻെറ ശക്തിയും ദൃഢനിശ്ചയവും അളവററ താണു്. ജോലിയുണ്ടെങ്കിൽ ചെകുത്താൻെറ വാശിയോടു കൂടി അതു ചെയ്തുതീക്കും. ജോലികഴിഞ്ഞാൽ അവരെ പ്പോലെ അലസതാവിലസിതമായി കഴിയാനറിയാവു ന്നവരും വേറെയില്ല.

ചിത്രങ്ങൾ, സംഗീതം, സരളമനോഭാവം, നാരങ്ങാനീരൊഴിച്ച ചുടുചായ ഇതെല്ലാം റഷ്യാക്കാക്ക പത്ഥ്യമാണ്. ലോകത്തിലെ ഏററവും ഉയരമേറിയ ചില പവ്വതങ്ങളും ഏററവും നീളമേറിയ ചില നദികളും ഏററവും വലിപ്പമേറിയ വനങ്ങളും ഉള്ള ഈ നാട്ടിൽ ജീവിക്കുന്ന മനുഷ്യർ സംസാരിക്കുന്നതും പ്രവത്തിക്കുന്നതും അതുപോലെ വലിപ്പമേറിയ തോതിലാണ്.

റഷ്യക്കാരൻെറ ജോലിയും വിനോദവും ഭക്ഷണവും കുടിയുമെല്ലാം ഇങ്ങനെ അല്പം കവിഞ്ഞ തോതിലുള്ളതാണ്. പാടാനും ആടാനും കൂത്താടാനും തുടങ്ങിയാൽ അതിരുകവിഞ്ഞേ നിലപാടുള്ളു. ഇവർ ഒന്നാംകിട നടന്മാരും നത്തകരുമാകുന്നതു് അത്ഭുതമല്ല. കുട്ടികളെ ആരാധിക്കുന്നവരാണ് റഷ്യക്കാർ. അവക്ക് എന്തുകൊടുത്താലും മതിയാവില്ലെന്നാണ് അവരുടെ പക്ഷം. നിറത്തോടും നാടകീയതയോടും നൈസർഗ്ഗികമായ ആഭിമുഖ്യമുള്ള റഷ്യക്കാരനു് ആഘോഷങ്ങളിലും ആഡംബരങ്ങളിലും പ്രിയം കൂടും.

വിദേശികളെ കണ്ടുമുട്ടുമ്പോൾ അവർ അകന്നും സൂക്ഷിച്ചും മാത്രമേ പെരുമാറുക പതിവുള്ളു. അവരെ ഉന്തിത്തള്ളി മുന്നോട്ടു കൊണ്ടുപോകാമെന്നു വിചാരിക്കാതിരിക്കയാണ് ഉത്തമം. മനസ്സിൽ ഒന്നുറച്ചുകഴിഞ്ഞാൽ മിന്നൽ വേഗത്തിലാണു മുന്നോട്ടുപോകുന്നതു്. റഷ്യക്കാരൻ തലമുടിനാരുകീറി കണക്കുപറയും. പക്ഷെ, വാക്കുപറഞ്ഞാൽ അങ്ങേയററംവരെ അതു പാലിക്കുകയുംചെയ്യും.

റഷ്യക്കാക്ക് അവരെപ്പററിയുള്ള മതിപ്പു കുറച്ചു കൂടുതലാണെന്നും ആത്മവിശ്വാസത്തിൻെറ കുറവുകൊണ്ടാണ് സ്വന്തം പ്രവൃത്തികളിൽ അവക്കിത്ര ശാഠ്യമെന്നും വിശ്വസിക്കുന്ന പാശ്ചാത്യരുണ്ടു്. ഇവർ ഇങ്ങനെയൊരു തോന്നലുണ്ടാക്കുന്നതു് കഷ്ടമെന്നേ പറയേണ്ടൂ. കലപ്പററ ആത്മാത്ഥതയും സൗമനസ്യവും കാണുന്നേടത്തു്, അഭിപ്രായവ്യത്യാസമുണ്ടായാൽക്കൂടിയും, റഷ്യക്കാരൻ സവ്വാത്മനാ പ്രതികരിക്കും.

ഇംഗ്ലണ്ടിൻെറ ഒരു കോളനിയില്ലാതാക്കിത്തീർക്കുകയും, അമേരിക്കയെ പുതിയ സ്വാതന്ത്ര്യത്തിൻെറ പാതയിലേക്കു തിരിച്ചുവിടുകയും ചെയ്ത 1776-ലെ വിപ്ലവത്തിൽ പങ്കെടുത്തിട്ടുള്ള അമേരിക്കക്കാർ ഇന്നു ജീവിച്ചിരിപ്പില്ല. അതിനെപ്പററി വ്യക്തിനിഷ്ഠമായ സ്മരണകൾ ഉള്ളവരുമില്ല. അമേരിക്കക്കാർ സ്വാതന്ത്ര്യയുദ്ധമെന്നു വിളിക്കുന്ന ആ സംഭവത്തിൻെറ അക്രമങ്ങളെപ്പററിയുള്ള സ്മരണ കാലഗതിയിൽ മറയപ്പെട്ടുപോയിരിക്കുന്നു.

ചരിത്രം പഠിക്കുന്നയവസരത്തിൽ തങ്ങളുടെ നാട്ടിലും പണ്ടെങ്ങോ ഒരു വിപ്ളവമുണ്ടായതായും ഒരു രാജാവിനെ വധിച്ചതായും ഇംഗ്ലീഷുകാരും അറിയുന്നുണ്ടാവാം.

പക്ഷെ അമ്പതു കഴിഞ്ഞ ഏതൊരു സോവിയററു പൗരനും സാർഭരണം അവസാനിപ്പിച്ച് ആദ്യത്തെ സോവിയററ് റിപ്പബ്ലിക്ക് സ്ഥാപിച്ച 1917–ലെ നവംബർ വിപ്ളവം ഒരു നഗ്നയാഥാർത്ഥ്യമാണ്. കുറെക്കൂടി പ്രായമുള്ളവർ 'ലോകത്തെ പിടിച്ചു കുലുക്കിയ ആ പത്തു ദിവസങ്ങൾ' കണ്ടിട്ടുള്ളവരാണെന്നു മാത്രമല്ല, അതിൽ പങ്കെടുത്തിട്ടുള്ളവരും കൂടിയാണ്.

ആഭ്യന്തരസമരത്തിൻെറയും അതിനുശേഷം രാജ്യത്തെ ഛിന്നഭിന്നമാക്കി ക്ഷയിപ്പിച്ച് നാശത്തിൻെറ വക്കിലെത്തിച്ചുകൊണ്ടുണ്ടായ വിദേശ ഇടപെടലിൻെറയും കാലഘട്ടം കടന്നു പോന്നവരാണ് അവർ. ഒരു വിധത്തിൽ ആത്മധൈര്യം സംഭരിച്ച് എഴുന്നേററുനിന്ന അവർ ഒരു നൂററാണ്ടുകാലത്തെ പുരോഗതിയും വ്യവസായവത്ക്കരണവും പത്തു വർഷത്തിൽ വലിച്ചൊതുക്കി. പിന്നോക്കത്തിലും പിന്നോക്കംനിന്ന കാർഷികരാജ്യമായ റഷ്യയെ ഒരു വൻശക്തിയാക്കി രൂപാന്തരപ്പെടുത്തിയതിൻെറ സ്മരണ അവരുടെ മനസ്സുകളിൽ മായാതെ നിൽക്കുകയാണ്. ഈ അവിശ്വസനീയമായ

വേഗത ആവശ്യമാക്കിത്തീർത്ത ഭീമമായ ത്യാഗങ്ങളും അവർക്കോർമ്മയുണ്ടു്. ഒരു ഉജ്ജ്വല നവലോകം കെട്ടിപ്പെടുക്കുന്നവരുടെ അഭിമാനത്തുള്ളിച്ചയോടുകൂടിയാണു് സ്വന്തം നേട്ടങ്ങളെപ്പററി അവർ സംസാരിക്കുന്നതു്. ധാരാളം ചെയ്തുകഴിഞ്ഞുവെങ്കിലും അതിലധികം ഇനിയും ചെയ്യാൻ കിടക്കുകയാണെന്നു് അവർക്കറിയാം.

ഒരു രാജ്യത്തെ സമ്പൽസമൃദ്ധമാക്കുന്നതിനാവശ്യമായ പ്രകൃതിവിഭവങ്ങളും ശക്തികളുമെല്ലാം റഷ്യയ്ക്കു് സ്വായത്തമാണു്.

കഴിഞ്ഞ തലമുറ അസ്തിവാരം ഉറപ്പിച്ചിട്ടുണ്ടു്. ഇനി സമൃദ്ധിയുടെ സ്വപ്നം സാക്ഷാത്കരിക്കേണ്ടതു് ഭാവിയിലെ എൻജിനീയർമാരും സാങ്കേതികവിദഗ്ദ്ധന്മാരുമാകാൻ പോകുന്ന ഇന്നത്തെ യുവാക്കന്മാരാണു്.

## രണ്ട്

# ജനതാവൈചിത്ര്യം

വ്യത്യസ്തമായ ദേശീയഘടകങ്ങരം ചേൎന്ന ഒരു രാജ്യമാണു സോവിയററ് യൂനിയൻ എന്നു നാം കണ്ടു. യഥാൎത്ഥത്തിൽ ചെറുതും വലുതുമായി 189 ജനവിഭാഗങ്ങരം റഷ്യയിലുണ്ട്. 114,588,000 വരുന്ന റഷ്യരാണ് എണ്ണത്തിൽ ഏററവും കൂടുതൽ. കാക്കസസ്സിലുള്ള ഒരു ജനവിഭാഗമാണ് അംഗസംഖ്യയിൽ ഏററവും പിന്നോക്കം. കാക്കസസ്സിലെ ഒരു മലനാടൻ ഗ്രാമത്തിൽ ഒതുങ്ങിക്കഴിയുന്നതിനുള്ള അംഗങ്ങളേ അവരുടെയിടയിലുള്ളു.

ഈ വൎഗ്ഗങ്ങളും ജനതകളും കൂടി ഏകദേശം 200 ഭാഷകരം സംസാരിക്കുന്നുണ്ട്. ക്രിസ്തുമതം (ഗ്രീക്ക് ഓൎത്തഡോക്സ്, ബാപ്ററിസ്റ്റ്, കാത്തലിക്ക്) യഹൂദമതം, ഇസ്ലാംമതം ഇവയുരംപ്പെടെ പ്രചാരത്തിലിരിക്കുന്ന മതങ്ങരം നാലുതാണ്.

ഈ വിചിത്രവും അസാധാരണവുമായ മൊസേയിക്ക് ജനതകളുടെ ചരിത്രത്തിൽ ഇടയ്ക്കിടെ ആക്രമണങ്ങളുടേയും ജൈത്രയാത്രകളുടേയും രേഖകരം കാണാം. അങ്ങനെ യുദ്ധത്തടവുകാരായ അടിമകളിലൂടെയും മിശ്രവിവാഹങ്ങളിലൂടെയും രക്തസങ്കരവും നടന്നിട്ടുണ്ട്.

അലക്സാണ്ടറുടെ നേതൃത്വത്തിൽ മാസിഡോണിയൻ സേന റഷ്യൻ സ്റ്റെപ്പികളും മദ്ധ്യേഷ്യൻ മണൽപ്പരപ്പും കാക്കസസ്സ് മലകളും ചവിട്ടിക്കുഴച്ചു കടന്നുപോയതു് ബി. സി. നാലാം ശതകത്തിലാണ്. പേൎഷ്യക്കാരും അറബികളും ഈജിപ്ററുകാരും തുൎക്കികളും കുരിശുയുദ്ധക്കാരും അവരുടെ കാലടിപ്പാടുകരം പിന്തുടൎന്നു. 'ഭൂമി കുലുക്കുന്ന' താമർലെയിൻെറയും 'സാൎവ്വഭൗമനായ' ചെങ്കിസ്ഖാൻെറയും 'സൗവൎണ്ണവൎഗ്ഗത്തിൻെറ നായക

നായ' ബതുവിൻെറയും നേതൃത്വത്തിൽ മംഗോളിയൻ പടയാളികളും പുറകെ വന്നെത്തി.

എ. ഡി. പതിമൂന്നാം ശതകത്തിൽ മംഗോളിയരും ടാർട്ടാറികളും ഏഷ്യയിലൂടെ ഒരു ചുഴലിക്കാററുപോലെ കറങ്ങിയടിച്ചു. ഭൂമി വെളുപ്പിച്ച് യൂറോപ്പിൻെറ കവാടങ്ങൾ തകർത്തതിന്നുശേഷമേ, കന്നുകാലികളും ആട്ടിൻ പററങ്ങളുമായി അവർ സ്റ്റെപ്പികളിൽ ഒതുങ്ങിക്കൂടിയുള്ളു. കീഴടക്കപ്പെട്ട റഷ്യക്കാർ ഏതാണ്ട് 240 കൊല്ലക്കാലം അടിമത്തത്തിൽ അമൎന്നു കിടന്നു.

ടാർട്ടാറികൾ റഷ്യയിൽനിന്നു സൂര്യപ്രകാശം തുടച്ചു നീക്കി രാജ്യത്തെ അന്ധകാരത്തിൽ അമുഴ്ത്തിപ്പിടിച്ചു. അവർ 'ജനങ്ങളുടെ ചൈതന്യത്തെത്തന്നെ അവമാനിച്ച് നശിപ്പിച്ചുകളഞ്ഞു.''

പതിനാറാം ശതകത്തിൽ ഭയങ്കരനായ ഇവാൻ എന്നു ചരിത്രപ്രഖ്യാതനായ ഇവാൻ വോൾഗാതീരത്തുള്ള കസാനിൽവച്ച് ഒരു മഹായുദ്ധത്തിൽ ജയിച്ച് ഈ ഭീകരമായ സ്വേച്ഛാധിപത്യത്തിന്നു വിരാമമിട്ടു.

അദ്ദേഹത്തിൻെറ ഭരണകാലത്ത് ക്യാപ്ററൻ ചാൻസലർ എന്നു പേരായ ഒരിംഗ്ലീഷുകാരൻ ചൈനയിലേക്കു പോകുന്നവഴി ധ്രുവസമുദ്രതീരത്ത് ആർക്കേഞ്ചലിനടുത്തു വച്ച് കപ്പൽച്ചേതത്തിന്നിരയായി. ദുരന്തത്തെപ്പററി കേട്ടറിഞ്ഞ ഇവാന് ഈ 'രസികന്മാരായ വിദേശികളെ' കാണാൻ മോഹം ജനിച്ചു. അദ്ദേഹം ചാൻസലറെയും സംഘത്തെയും മോസ്കോവിലേക്കു ക്ഷണിച്ചു. നായ്ക്കളെയും കുതിരകളെയും പൂട്ടിയ സ്ളെഡിലും സ്ളേയിലുമായിട്ടാണ് അവരെ മോസ്കോവിലെത്തിച്ചത്. സാർ ആഗതരെ സ്നേഹപുരസ്സരം സ്വീകരിച്ച് — ഔദാര്യപൂർവ്വം സല്ക്കരിച്ച് — ധാരാളം സമ്മാനങ്ങളും കൊടുത്താണ് തിരിച്ചയച്ചത്.

റഷ്യൻ രാജസദസ്സിലെ പ്രതാപത്തെയും 'മുത്തുരത്നങ്ങളിൽ കുളിച്ച' പട്ടുകുപ്പായമിട്ട അവിടത്തെ മാടമ്പിമാരുടെ അവിശ്വസനീയമായ ഐശ്വര്യസമൃദ്ധിയേയും



2. മോസ്കോ: ക്രെംലിനിലെ മഹാനായ ഇവാൻെറ ബെൽഗോപുര ത്തിൽനിന്നുമുള്ള നഗരമദ്ധ്യത്തിൻെറ കാഴ്ച.

പററി അത്ഭുതകരങ്ങളായ കഥകളുമായിട്ടാണ് അവർ സ്വദേശത്തു മടങ്ങിയെത്തിയത്.

ബുദ്ധിമതിയായ ഒന്നാം എലിസബത്ത് മഹാരാജ്ഞി ഇവാനുമായി സൗഹാർദ്ദബന്ധം സ്ഥാപിച്ചു. കൊതിച്ചുകൊതിച്ചിരുന്ന റഷ്യൻ വ്യാപാരക്കുത്തകയും സമ്പാദിച്ചു. അങ്ങനെ രോമത്തുകല്ലുകൾ, അസർബൈജാനിയൻ പട്ട്, സുഗന്ധവസ്തുക്കൾ തുടങ്ങിയ പൗരസ്ത്യ സുഖഭോഗവസ്തുക്കൾ ഇംഗ്ലണ്ടിലെത്തിച്ചേർന്നു.

കമ്പിളിയും ലോഹസാധനങ്ങളും, അമേരിക്ക ആഫ്രിക്ക എന്നിവിടങ്ങളിൽ നിന്നിറക്കുമതി ചെയ്തിരുന്ന ചില സാധനങ്ങളുമാണ് രാജ്ഞി ഇവാന് പകരം കൊടുത്തത്.

റഷ്യ ടാർട്ടാർ അടിമത്തത്തിൻെറയാതനകളിൽനിന്നു പുറത്തു കടന്നപ്പോൾ സാർ—വംശം ഒരു വമ്പിച്ച സാമ്രാജ്യം കെട്ടിപ്പടുക്കാൻ സന്നദ്ധമായി. ഏതാണ്ടു മുന്നൂറു കൊല്ലത്തെ നിരന്തര പരിശ്രമംകൊണ്ട് അവർ രാജ്യവിസ്തൃതി ക്രമേണ വർദ്ധിപ്പിച്ചു; അതിൻെറ അതിരുകൾ പസിഫിക്കിൻെറ തീരത്തും ഇന്ത്യയുടെ കവാടങ്ങളിലും കൊണ്ടുചെന്നെത്തിച്ചു.

കീഴടക്കിയ ജനങ്ങളുടെ മേൽ അവർ റഷ്യൻ ഭാഷയും ആചാരങ്ങളും അടിച്ചേല്പിച്ചു. 'ഒരു സാർ, ഒരു നയം, ഒരു ഭാഷ'; ഇതായിരുന്നു മുദ്രാവാക്യവും നടപ്പും. ഉക്രേനിയരും സംസ്കാരസമ്പന്നരായിരുന്ന ജോർജ്ജിയരും മുൻ ജേതാക്കളും ഉൾപ്പെടെയുള്ള വിവിധവർഗ്ഗങ്ങൾ അവരവരുടെ ഭാഷ പഠിപ്പിക്കുന്നതും സംസാരിക്കുന്നതും നിരോധിച്ചു. ഇതിന്നെതിരായി പ്രവർത്തിക്കുന്നവരെ ശിക്ഷിച്ചിരുന്നു.

മതഭ്രാന്തന്മാരായ മുസ്ലീങ്ങളുടെയിടയിൽ കലാപം പൊട്ടിപ്പുറപ്പെട്ടേക്കുമെന്ന ഭയംനിമിത്തം ബഹുഭാര്യാത്വം കന്യാശുല്ക്കം, ശൈശവവിവാഹം തുടങ്ങിയ ദുരാചാരങ്ങളിൽ ഇടപെടാൻ റഷ്യൻ ഉദ്യോഗസ്ഥന്മാർ തയ്യാറായില്ല. ഇസ്ലാംനിയമമനുസരിച്ച് അപമാനകരമായ പല

നിയന്ത്രണങ്ങളും മുസ്ലിംസ്ത്രീകൾ അനുഭവിച്ചുപോന്നു. കൃഷിയിലും കന്നുകാലിവളർത്തലിലും ഏർപ്പെട്ടിരുന്ന ഈ വർഗ്ഗക്കാരുടെയിടയിൽ വീട്ടുജോലികൾ ചെയ്യുന്നതിനു പുറമെ കന്നുകാലികളെ പരിചരിക്കുന്നതും സ്ത്രീകളുടെ ചുമതലയായിരുന്നു.

സ്ത്രീകൾ പ്രത്യേകം വേർതിരിച്ച ഭാഗങ്ങളിലാണു ജീവിച്ചിരുന്നത്. കുതിരരോമംകൊണ്ടു നെയ്തതും ശിരസ്സുമുതൽ പാദംവരെ നീണ്ടു കിടക്കുന്നതുമായ കനത്ത മൂടുപടം ധരിക്കാൻ അവർ നിർബ്ബന്ധിതരായിരുന്നു. അങ്ങോട്ടുരിയാടാതെ പുരുഷന്മാരോടു സംസാരിക്കുന്നതും വിലക്കപ്പെട്ടിരുന്നു. ഈ നിയമം ലംഘിക്കുന്ന സ്ത്രീകൾക്കു കഠിനശിക്ഷ ലഭിച്ചിരുന്നു. ചിലപ്പോൾ മരണശിക്ഷയും.

ഭക്ഷണ സമയങ്ങളിൽ സ്ത്രീകൾ പുരുഷന്മാരുടെ ആഹാരം കഴിയുന്നതുവരെ കാത്തിരുന്നശേഷം ശേഷിക്കുന്നതു ഭക്ഷിച്ചുകൊള്ളണമെന്നായിരുന്നു നിയമം. ആബാലവൃദ്ധം സ്ത്രീകളുടെമേൽ കൊല്ലിനും കൊലയ്ക്കുമുള്ള അധികാരമായിരുന്നു കുലനായകനു്.

കനത്ത നികുതികളും നിയന്ത്രണങ്ങളും അസംഖ്യം കലാപങ്ങൾക്കു കാരണമായിട്ടുണ്ടു്. ഓരോ കലാപവും നിർദ്ദയം അമർച്ച ചെയ്യപ്പെട്ടിട്ടുമുണ്ടു്. ഒരിക്കൽ കിർഗിസ് ജനതയുടെ മൂന്നിലൊരു ഭാഗം കൊലചെയ്യപ്പെട്ടു. മററനേകം വർഗ്ഗങ്ങൾ അതിർത്തികടന്നു് തുർക്കിയിലേക്കും പേർഷ്യയിലേക്കും ഇന്ത്യയിലേക്കും ചൈനയിലേക്കും പലായനം ചെയ്തിട്ടുണ്ടു്. മററു ചില വർഗ്ഗങ്ങളെ സൈബീരിയൻ തെയ്ഗയിൽ കൊണ്ടുചെന്നിട്ടു നശിപ്പിച്ചു.

ക്രിസ്തീയ വിഭാഗങ്ങളും പീഡിപ്പിക്കപ്പെട്ടിരുന്നു. ഇരുണ്ടു് ദുർഗ്ഗമമായ ഘോരവനങ്ങളിൽ അവരും അഭയം തേടി. പത്തൊമ്പതാം ശതകത്തിൽ ദൂരപൗരസ്ത്യദേശങ്ങളും സൈബീരിയയും രാഷ്ട്രീയ കുററവാളികളെ നാടുകടത്താനും നിർബ്ബന്ധിത വേലയ്ക്കു് അയയ്ക്കാനുമുള്ള ഭീകരസങ്കേതങ്ങളായി മാറി.

പതിനേഴാം ശതകത്തിൻെറ ആരംഭത്തിൽ കലർപ്പററ മംഗോളിയൻ രക്തമുള്ള 50000 പേർ ചൈനയിൽനിന്നു റഷ്യയിലേക്കു കടന്നുകയറി. തടികൊണ്ടു പണിതു് തുകൽമൂടിയ 'കിബിത്'ക' എന്ന വണ്ടികളിലാണു് ഇവർ വന്നതു്. സൈബീരിയയിലുണ്ടായിരുന്ന ടാർട്ടാരികൾ ഇവർക്കു 'കാൽമിക്കുകൾ' എന്ന പേരിട്ടു. വളരെക്കാലത്തെ അലഞ്ഞുതിരിയലിനുശേഷം ഇവർ കാസ്പിയൻ കടലിനടുത്തുള്ള വോൾഗാസ്റ്റെപ്പികളിൽ സ്ഥിരവാസമുറപ്പിച്ചു.

1771-ൽ ഇവരിൽ ഭൂരിഭാഗവും റഷ്യ വിടുവാൻ നിർബന്ധിതരായി. ഹിമാവൃതമായ വോൾഗാ കടന്നു് അവർ ചൈനയിലേക്കു പോയി. 'റിവോൾട്ട് ഓഫ് ദി ടാർട്ടാഴ്'സ്' ' എന്നഗ്രന്ഥത്തിൽഡെകിൻസി, ഈ പുറപ്പാടിൻെറ കഥ ഉജ്ജ്വലമായി പ്രതിപാദിച്ചിട്ടുണ്ടു്.

ഹിമമുരുകുന്നതിനുമുമ്പു് വോൾഗാകടന്നു് സ്വന്തം വർഗ്ഗത്തിൻെറ ഐതിഹാസികമായ ആ പദയാത്രയിൽ പങ്കുചേരാൻ കഴിയാതെ പിന്നിൽ പെട്ടുപോയവരുടെ സന്തതിപരമ്പരയാണു് ഇന്നത്തെ 106000 സോവിയററ് കാൽമിക്കുകൾ.

ഇവരുടെ തലസ്ഥാനമായ അസ്ട്രാഖാൻ സ്റ്റർജൻ മത്സ്യങ്ങൾക്കു പ്രസിദ്ധമാണു്. ഒരു മത്സ്യത്തിൻെറ തൂക്കം 2000 പൗണ്ടാണു്. ഇതിൽനിന്നു് കറുത്തു് മുത്തുപോലെയിരിക്കുന്ന 20 തൊട്ടി കാവിയാർ ലഭിക്കും. നാട്ടിലും പുറത്തും വളരെ ഇഷ്ടപ്പെടുന്ന ഒരു മിഷ്ടാന്നമാണു് ഇതു്.

കാലഗതിയിൽ റഷ്യൻ ഒഴിച്ചുള്ള സകലവർഗ്ഗങ്ങളുടേയും പേരുപോലും ഇല്ലാതെയായി. എല്ലാംകൂടി 'ഇനരോത്'സി' (പരദേശികൾ) എന്ന വകുപ്പിൽ ഒതുങ്ങി. കിഴക്കും വടക്കും മധ്യേഷ്യയിലുള്ള അനേകം വർഗ്ഗങ്ങൾ സാവധാനം അസ്തമിച്ചുകൊണ്ടിരുന്നു.

റഷ്യൻ ജനതയുടെ സിംഹഭാഗം ഭൂമിയില്ലാത്ത ദരിദ്രകർഷകരായിരുന്നു. അവരുടെ ചരിത്രവും അങ്ങുനിന്നിങ്ങോളം ഏകാധിപത്യത്തിനെതിരായ വിഫലമായ കലാപശ്രമങ്ങൾകൊണ്ടു രക്തപങ്കിലമാണു്.

റഷ്യൻ സാമ്രാജ്യത്തിൻെറ അന്ത്യദിനങ്ങരം വന്നു കൂടിയതു് 1914–18 കാലത്തെ ഒന്നാം ലോകയുദ്ധത്തോടു കൂടിയാണു്. സൈനികമായ തിരിച്ചടികളും യുദ്ധരംഗത്തുണ്ടായ വമ്പിച്ച ആരംനഷ്ടത്തോടൊപ്പം ആഭ്യന്തരരംഗത്തു വർദ്ധിച്ചുകൊണ്ടിരുന്ന ക്ഷാമവും ശൈഥില്യവും ഉരുണ്ടു കൂടി തിളച്ചുകൊണ്ടിരുന്ന അസ്വാസ്ഥ്യത്തിനു തീകൊളുത്തി.

യുദ്ധം മടുത്തവരും വ്യാമോഹങ്ങരം നഷ്ടപ്പെട്ടവരുമായ വിശക്കുന്ന ജനലക്ഷങ്ങരം അഗ്നിപർവ്വതംപോലെ ക്ഷുഭിതരായി. 'ഉരുകിയ ലാവപോലെ മുന്നോട്ടു കുതിച്ചുചാടി'. 1917 നവംബർ 7–ാംതീയതി വിപ്ലവത്തിൻെറ തീമല പൊട്ടിയൊലിച്ചു; അതു് മുമ്പിൽക്കണ്ട സാമ്രാജ്യം തുടച്ചു നീക്കി. അങ്ങനെ സോവിയററ് ഭരണകൂടം ഭൂജാതമായി.

1922 ഡിസംബർ 30–ാംതീയതി ഉക്രെയ്ൻ, ബൈലോറഷ്യ, ട്രാൻസ്കാക്കേഷ്യൻ ഫെഡറേഷൻ (ജോർജ്ജിയാ, അർമീനിയാ, അസർബൈജാൻ) എന്നീ രാജ്യങ്ങളടങ്ങിയ റഷ്യൻ ഫെഡറേഷൻ ഒരുടമ്പടിയിൽ ഒപ്പുവച്ചു് 'ദി യൂണിയൻ ഓഫ് സോവിയററ് സോഷ്യലിസ്റ്റ് റിപ്പബ്ളിക്കു്' എന്ന പേരിൽ ഒരൊററ രാഷ്ട്രമായിത്തീന്നു. അവിടുന്നങ്ങോട്ടു് പലകാലത്തായി. ശേഷിച്ച ഒമ്പതു റിപ്പബ്ളിക്കുകളും യൂണിയനിൽ ചേന്നു.

'കൗൺസിൽ' എന്നത്ഥമുള്ള ഒരു റഷ്യൻ പദമാണു് 'സോവിയററ്' പണ്ടത്തെ റഷ്യയിൽ തേനീച്ചവളർത്തുകാരൻ മുതൽ വൈദ്യന്മാർവരെയുള്ളവക്കു് സ്വന്തമായി കൗൺസിലുകളുണ്ടായിരുന്നു. ക്രെംലിൻെറ പ്രധാന കവാടം ഒരു 'സോവിയററിൻെറ മാലാഖ'യെ കൊണ്ടാണു് അലങ്കരിച്ചിരുന്നതു്.

വിപ്ലവകാലത്തു് പരപ്രേരണകൂടാതെ നാട്ടിലുടനീളം ഉയന്നുവന്ന സോവിയററുകരം അഥവാ കൗൺസിലുകരം ആണു് ഇന്നത്തെ ഭരണമാതൃകയ്ക്കു് അടിസ്ഥാനമിട്ടതു്. അല്പം ചില അംഗങ്ങളടങ്ങിയ എളിയ ഗ്രാമസോവിയററു മുതൽ യൂണിയൻ ഭരണകൂടത്തെ നിയന്ത്രിക്കുന്ന സുപ്രീം സോവിയററ് വരെ ഇതിൻെറ ഭാഗമാണു്.

ജനസംഖ്യയിൽ നാലിൽ മൂന്നു ഭാഗത്തോളം സ്ലാവു കളാണ്. 208826650 വരുന്ന മൊത്തം ജനസംഖ്യയിൽ ഇവർ 154588000 വരും. പതിന്നാലും പതിനഞ്ചും ശത കങ്ങളിൽ യുദ്ധവും അധിനിവേശവും നിമിത്തം റഷ്യൻ പ്രദേശങ്ങൾ ഛിന്നഭിന്നമായി കിടന്ന കാലത്ത് കിഴ ക്കൻ സ്ലാവുകൾ മൂന്നു പ്രധാന ശാഖകളായി പിരിഞ്ഞു — റഷ്യൻ, ഉക്രേനിയൻ, ബൈലോറഷ്യൻ. ഇവക്ക് പ്രത്യേ കം ഭാഷകളും ഉണ്ടായിരുന്നു.

പഞ്ഞിത്തലമുടിയും നീലക്കണ്ണുകളുമുള്ള ബൈലോ റഷ്യന്മാരാണ് വർഗ്ഗത്തിന്റെ നൈസർഗ്ഗികസ്വഭാവങ്ങൾ ഏററവുമധികം ലഭിച്ചിട്ടുള്ളവർ. ഇക്കൂട്ടർ പടിഞ്ഞാറ്അ, വരിപ്പോൾ വസിക്കുന്ന ദിക്കിൽ, സ്ഥിരതാമസമാക്കി. ഇവരുടെ തലസ്ഥാനം മിൻസ്ക് ആണ്. കറുത്ത തലമുടിയും കറുത്ത കണ്ണുകളും, റഷ്യന്മാരെയും ബൈലോ റഷ്യന്മാരെയുംകാൾ ഉയരവും ഉള്ള ഉക്രേനിയന്മാർ അല ഞ്ഞുതിരിഞ്ഞ് കുറെക്കൂടി തെക്ക് കറുത്ത മണ്ണിന്റെ മേഖ ലയിൽ എത്തിച്ചേർന്നു. ഇന്നത്തെ ഉക്രെയ്നിൽ ക്രിമിയ യും ഉൾപ്പെടുന്നു.

ഏററവും വലിയ വിഭാഗമായ റഷ്യന്മാർ വോൾഗ യുടെ തീരങ്ങളും വടക്കൻ സ്റ്റെപ്പികളുമാണ് സ്ഥിരതാവ ളമാക്കിയത്. ഇവിടത്തെ ശൈത്യകാലത്തിന്റെ ദൈ ർഘ്യവും കാഠിന്യവും നിമിത്തം അവക്ക് ബുദ്ധിശാലയി ലുള്ള സകല ആയുധവും പ്രകൃതിക്കെതിരായി പ്രയോഗി ക്കേണ്ടതായി വന്നു. നിലനില്പിനുവേണ്ടിയുള്ള ഈ നിര ന്തരസമരത്തിന് ശക്തിയും ഊർജ്ജസ്വലതയും ധൈര്യവും സ്ഥൈര്യവും ആവശ്യമായിരുന്നു. ഈ ഗുണങ്ങളാണ് ഇന്നത്തെ റഷ്യക്കാരനു പൈതൃകമായി ലഭിച്ചിട്ടുള്ളത്.

അറുപതിലധികം ജനവിഭാഗങ്ങളാണ് റഷ്യൻ റിപ്പ ബ്ലിക്കിലുള്ളത്. റഷ്യൻ സോവിയററ് ഫെഡറേററീവ് റിപ്പബ്ലിക്ക് എന്നാണ് റഷ്യൻ റിപ്പബ്ലിക്കിന്റെ മുഴുവൻ പേർ. ഈ ഫെഡറേഷനിൽ പതിനാലിൽ കുറയാതെ സ്വയംഭരണ റിപ്പബ്ലിക്കുകളും 10 കേന്ദ്രപ്രദേശങ്ങളു,

അടങ്ങിയിരിക്കുന്നു. അതുതന്നെ ഒരു പ്രത്യേക ലോകമാണു്.

വിസ്താരമേറിയ ഈ റിപ്പബ്ലിക്ക് യൂറോപ്പിൻെറയും ഏഷ്യയുടെയും മദ്ധ്യത്തിലൂടെ പസഫിക്ക് തീരംവരെ 9600 മൈൽ നീണ്ടു കിടക്കുന്നു. വടക്കൻ കാക്കസസ്സും ഇതിൽ ഉൾപ്പെട്ടതാണു്. യൂറോപ്യൻ റഷ്യയുടെ മദ്ധ്യഭാഗത്തും വടക്കും തെക്കു ചില ഭാഗങ്ങളിലും യൂറാലിലും സൈബീരിയായിലും (വടക്കൻ പ്രദേശങ്ങളുൾപ്പെടെ) ദൂരപൗരസ്ത്യഭാഗങ്ങളിലും ജനങ്ങൾ റഷ്യന്മാരാണു്. ഇവരിൽ ഒരു നല്ല സംഖ്യ ജന്മസ്ഥലമെന്ന നിലയിലോ ജോലിസ്ഥലമെന്ന നിലയിലോ മററു ചില റിപ്പബ്ലിക്കുകളിലും സ്ഥിരവാസമാക്കിയിട്ടുണ്ടു്.

അംഗസംഖ്യയിൽ രണ്ടാംസ്ഥാനത്തു നിൽക്കുന്ന ടർക്കോ—ടാർട്ടാറുകൾ, പ്രധാനമായും ഏഷ്യയിലും ചൈനയിലും നിന്നു് പന്ത്രണ്ടും പതിമൂന്നും ശതകങ്ങളിൽ ആക്രമിച്ചു കയറിയ ജനവർഗ്ഗങ്ങളുടെ പിന്മുറക്കാരാണു്. ഇവരിൽ ഭൂരിഭാഗവും മദ്ധ്യേഷ്യൻ റിപ്പബ്ലിക്കുകളിലാണു് വസിക്കുന്നതു്.

ഉസ്ബെക്കുകളാണു് പിന്നെ എണ്ണത്തിൽ അധികമുള്ളതു്. പൊള്ളുന്ന മരുഭൂമികളുടെ മദ്ധ്യത്തിൽ ഫലഭൂയിഷ്ഠമായ മരുപ്പച്ചകളിൽ ഇവർ നിർമ്മിച്ച 'അറബിക്കഥാനഗര'ങ്ങളാണു് സമർഖണ്ഡും, വില തീരാത്ത പരവതാനികൾക്കു പ്രസിദ്ധമായ ബൊഖാറയും, മലകൾകൊണ്ടു് കോട്ടകെട്ടിയ ഫെർഗാനാ താഴ്വരയിലുള്ള കോകൺസും ഇന്നത്തെ തലസ്ഥാനമായ താഷ്കണ്ടും.

'വെളുത്ത പൊന്നി'ൻെറ നാടാണു് അവരുടേതു്. മനുഷ്യനിർമ്മിതമായ തോടുകൾ ജലമൂട്ടി വളർത്തുന്ന പരുത്തി വയലുകൾ വരണ്ട ഉസ്ബെക്കിസ്ഥാൻ മരുഭൂമിയുടെ രൂപാന്തരമായി പൂത്തുലഞ്ഞു നിൽക്കുന്ന പുഷ്പവാടികളോടും തേൻ കനിത്തോപ്പുകളോടും മത്സരിക്കുന്നു.

അപ്പുറത്തെ സ്റ്റെപ്പിയിൽ, വലിപ്പംകൊണ്ടു് യൂണിയനിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയിട്ടുള്ള ഒരു റിപ്പബ്ലിക്കാണു്. ഗോപാലകരും വിനോദപ്രിയരുമായ കസാ

ക്കകാം ആണ് ഇവിടെ നിവസിക്കുന്നത്. ചുവന്ന നിറവും വെളുത്ത തിളങ്ങുന്ന പല്ലുകളും ആട്ടിൻതോൽകൊണ്ടുണ്ടാക്കിയ തൊപ്പികളുമുള്ള കാരാ—കൽപ്പാക്ക്സ് ആണ് ആരൽ കടലിനു ചുററും ജീവിക്കുന്നത്.

കിർഗിസിയർ അവരുടെ തടിച്ച വാലുള്ള ആടുകളെ മേയ്ക്കുന്നതു് ചൈനീസ് അതിർത്തികളിലാണ്. കത്തുന്ന വെയിൽ, ഇളംപുല്ലും കുളിരണിഞ്ഞ ചോലകളും നിറഞ്ഞ ആൽപ്പൈൻ മൈതാനങ്ങളിലേക്കു് അവരെ പറഞ്ഞയയ്ക്കുന്നു.

വടക്കോട്ട് യൂറാൽ പർവ്വതം യൂറോപ്പിലേക്കും ഏഷ്യയിലേക്കും ചരിഞ്ഞിറങ്ങുന്ന ഭാഗങ്ങളിലാണ് ബക്ഷീറുകാം താമസിക്കുന്നത്. 1152 വരെ ഇവർ ഷാമാൻെറ അനുയായികളായ അവിശ്വാസികളായിരുന്നു. പിന്നീട് ഇസ്ലാംമതം സ്വീകരിച്ചു. കുതിരപ്പാൽ പുളിപ്പിച്ചുണ്ടാക്കുന്ന 'ക്യൂമിസ്' എന്ന ഓജസ്സുരമായ പാനിയമാണ് ഇവരുടെ പഥ്യാഹാരം.

സൈബീരിയായിൽ ലിനാ നദിയുടെ വിശാലമായ പതനസ്ഥാനത്തിനടുത്താണ് അനുഗൃഹീതരായ യാകുട്ടകാം താമസിക്കുന്നതു്. യാകുട്ടിയാ എന്നു പേരായ ഈ പ്രദേശത്തിനു് ജപ്പാൻെറ ഏഴിരട്ടി വിസ്തീർണ്ണമുണ്ടു്. ഇവിടെ വിലയേറിയ പുതിയ രത്നഖനികളും സ്വർണ്ണനിക്ഷേപങ്ങളും കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടു്.

കാസാനിലെ സുവർണ്ണവർഗ്ഗത്തിൽപെട്ട ടാർട്ടാറികളുടെ പിന്മുറക്കാർ ഇപ്പോഴും ഈ പൗരാണികനഗരത്തിൽ താമസിക്കുന്നു. ഒരു ദിവസം സിംബിർസ്കുകാരനായ വ്ളാഡിമിർ ഇലിയിച്ച് ഉല്യാനോവ് എന്നൊരു യുവാവു് നിയമപഠനത്തിനായി ഇവിടത്തെ സർവ്വകലാശാലയിലേക്കു കടന്നുപോയി.

പിൽക്കാലത്തു് റഷ്യൻ വിപ്ലവത്തിൻെറ നായകനും യു. എസ്. എസ്. ആറിൻെറ സ്ഥാപകനുമായ ലെനിൻ ആയി അദ്ദേഹം ലോകപ്രസിദ്ധി നേടി. നഗരങ്ങാംക്കും ഗ്രാമങ്ങാംക്കും തൊഴിൽശാലകാംക്കും കൂട്ടുകൃഷിസ്ഥലങ്ങാംക്കും അദ്ദേഹത്തിൻെറ പേരു് നൽകപ്പെട്ടിട്ടുണ്ടു്.

വോറംഗായുടെ തീരത്തു് അദ്ദേഹം ജനിച്ച സ്ഥലത്തിനു അദ്ദേഹത്തിൻെറ സ്മരണയ്ക്കായി 'ഉല്യാനോവ്സ്ക്' എന്നു് പിന്നീടു് നാമകരണം ചെയ്തു.

കാസ്പിയൻ കടലിൻെറ കിഴക്കേത്തീരത്തു് ജീവിക്കുന്നതു് ടർക്ക്മീനിയരാണു്. അവരുടെ നാടിൻെറ തൊണ്ണൂറു ശതമാനം 'കാരാകും' (കറുത്ത മണ്ണു്) മരുഭൂമിയാണു്. ലോകത്തിലെ ജലസ്പർശമില്ലാത്ത ഏററവും വലിയ മണലാരണ്യങ്ങളിൽ ഒന്നാണിതു്. 'കാരാകുമിനു മീതെ പറക്കുന്ന പക്ഷിയുടെ ചിറകു കൊഴിയുന്നു; അതിലെ നടക്കുന്ന മനുഷ്യൻെറ കാലുകഠം പോകുന്നു' എന്നൊരു പഴഞ്ചൊല്ലുണ്ടു്. റഷ്യന്മാരുറംപ്പെടെയുള്ള മററു ജനതകഠം ഈ മരുഭൂമിയിലൂടെ ജലസേചനതോട്ടകഠം നിർമ്മിച്ചു് ഈ പഴഞ്ചൊല്ലു് ഒരു പാഴ്ചൊല്ലാക്കാൻ ശ്രമിക്കുന്നുണ്ടു്.

മെർപ്, ടെക്ക് തുടങ്ങിയ ഇവരുടെ പ്രാചീനനഗരങ്ങഠം, ടക്ക്മീനിയൻ സ്ത്രീകഠം കൈകൊണ്ടു നെയ്യെടുക്കുന്ന വർണ്ണഭംഗിയും രൂപസൗകുമാര്യവുമേറിയ കംബളങ്ങഠംക്കു് പേരു കേട്ടതാണു്.

കൃമിക്കുകഠം, കരാച്ചായേവുകഠം ഇവർ ഉറംപ്പെടെ ടക്കോ-ടാർട്ടാർ പാരമ്പര്യം അവകാശപ്പെടുന്ന മററനേകം ജനങ്ങഠം, റഷ്യയിൽ അവിടവിടെയായി ചിന്നിച്ചിതറി കിടക്കുന്നുണ്ടു്.

ഇനിയൊരു പ്രധാന വിഭാഗം കക്കേഷ്യരാണു്. പൗരാണികന്മാർ, രാജസപ്രൗഢി തുളുമ്പുന്ന ഗംഭീരമായ ഈ പർവ്വതനിരയെ 'മനുഷ്യവംശത്തിൻെറ പിള്ളത്തൊട്ടി'യായിട്ടാണു് കണക്കാക്കിയിരുന്നതു്.

കാക്കസസ്സുകാരുടെ ആചാരമര്യാദകളും ഐതിഹ്യങ്ങളും തികച്ചുംപ്രാചീനമാണു്. ഇവിടെയാണു് കോറംച്ചിഡാ—ജാസൻെറ നേതൃത്വത്തിൽ ആർഗോ നോട്ടുകഠം ഗോറംഡൻഫ്ളീസ് (സ്വർണ്ണനിറമുള്ള ആട്ടിൻ രോമം) തിരഞ്ഞെത്തിയ ജ്വലിക്കുന്ന കോറംച്ചിസ് യൂറോപ്പിലെ ഏററവും ഉയരമേറിയ കൊടുമുടിയായ 'എൽബ്രൂസും' ഇവിടെയാണു്. അനന്തകാലത്തേക്കു് കഴുകന്മാർക്കു

കൊത്തിക്കീറാൻവേണ്ടി പ്രോമെതൃൂസിനെ ബന്ധിച്ചിട്ടുള്ളത് ഇതിന്മേലാണത്രെ.

കക്കേഷ്യൻജനങ്ങൾ നോഹയുടെ പുത്രനായ യാഫേത്തിൻെറ മക്കളാണെന്നാണ് ഐതിഹ്യം. ബൈബിളുമായി പലതരത്തിൽ ബന്ധപ്പെട്ടതാണ് ഇവരുടെ കഥ. നോഹയുടെ പെട്ടകം വന്നുറച്ച അരാരാത്പർവ്വതം തുർക്കി അതിർത്തിയിൽ ആർമീനിയായെ നോക്കിനില്ക്കുകയാണ് ഉപോഷ്ണമേഖലയിലുള്ള അവ്ഘാസിയായിൽ സ്ഥിതിചെയ്യുന്ന പറുദീസയെ ഏദൻതോട്ടമായി പരിഗണിക്കുന്നവരുണ്ട്.

പ്രകൃതിമനോഹരമായ ഈ പ്രദേശത്തിൻെറ കഴിഞ്ഞകാലചരിത്രം യുദ്ധങ്ങൾകൊണ്ടു വടുക്കെട്ടിയതാണ്. ഒരു നൂറുവട്ടം ഇവിടത്തെ നഗരങ്ങൾ കൊള്ളയടിച്ചു നശിപ്പിക്കപ്പെട്ടിട്ടുണ്ട്. ഇവിടത്തെ ഓരോ ചുരവും രാജവീഥിയും കലഹങ്ങൾക്കും കൂട്ടക്കൊലകൾക്കും സാക്ഷ്യംവഹിച്ചതാണ്. പൊട്ടിയിടിഞ്ഞ കുന്നിൻതലപ്പുകളിൽ നഷ്ടശിഷ്ടമായി കിടക്കുന്ന കോട്ടകളും നെഞ്ചിൽ വിലങ്ങനെ ഒരുനിര തോട്ടകളും അരപ്പട്ടയിൽ തിളങ്ങുന്ന കിൻഷലും (കഠാരി) അടങ്ങിയ പുരുഷന്മാരുടെ ദേശീയ വസ്ത്രങ്ങളും ഈ ദുരന്തപൂരിതമായ കാലഘട്ടത്തിൻെറ സജീവസ്മാരകങ്ങളാണ്.

കക്കേഷ്യർ—ജോർജ്ജിയരും ആർമീനിയരും അവ്ഘാസിയന്മാരും അസർബൈജാനിയരും പത്തുനാൽപതു മററുവർഗ്ഗങ്ങളും ഇവരിൽപെടും—ഉദാരമതികളും മര്യാദക്കാരും അതിഥിസൽക്കാരതൽപരരുമാണ്. സാഹിത്യത്തിലും സംസ്കാരത്തിലും ഉന്നതനിലവാരം പുലർത്തിയിരുന്ന ജോർജ്ജിയന്മാരുടെയിടയിൽ എ. ഡി. 345-ൽത്തന്നെ ക്രിസ്തുമതം എത്തിച്ചേർന്നു. അതായതു് അഗസ്റ്റീൻ പുണ്യവാളനും 40 സന്യാസിമാരുംകൂടി സാക്സൻജനതയെ മതപരിവർത്തനം ചെയ്യിക്കുന്നതിനുവേണ്ടി കെൻറിൽ വന്നിറങ്ങുന്നതിനു് 200 വർഷം മുമ്പേ.

ഈ പർവ്വതപ്രദേശത്തുള്ള 'യാഥാസ്ഥിതികരായ' കബാർദീനിയന്മാർ എൽബ്രൂസ് കൊടുമുടിയുടെ പരിസരങ്ങളിലാണ് ജീവിക്കുന്നത്. ജോർജ്ജിയൻ സൈനികരാജവീഥി കടന്നുപോകുന്ന കരിശ്രൂപുരത്തിന്റെ രണ്ടുവശത്തുമായി ഇറേനിയൻ ഓസെററുകളാണു ജീവിക്കുന്നത്. തമാരാറാണി ക്രിസ്തുമതത്തിലേക്കു പരിവർത്തനംചെയ്യിച്ച ഇവർ പിന്നീടു ക്രിസ്തുമതം സ്വീകരിച്ചു.

ഹൃദയംഗമമായ രീതിയിൽപെരുമാറുന്ന പാമീറിലെ താജിക്കുകൾ അന്തസ്സുള്ള ഒരു ജനതയാണ്. മലഞ്ചരിവുകളിൽ ആണികളും ജനാലകളുമില്ലാതെ പണിചെയ്ത ഇവരുടെ വീടുകളുടെ പരന്ന മേൽപ്പുര, മുകളിലുള്ള വീടുകൾക്ക് അങ്കണങ്ങളായിത്തീർന്നിരുന്നു, മലകളും ചുരങ്ങളും കൊക്കകളും അവരെ ബാഹ്യലോകത്തിൽ നിന്നൊററപ്പെടുത്തി. 1924—ൽ സോവിയററ് വിമാനങ്ങളും ആദ്യത്തെ തീവണ്ടിയും അവിടെ എത്തുന്നതുവരെ അവർ ചക്രമുള്ള വാഹനങ്ങൾ കണ്ടിരുന്നില്ല.

വിവിധതരത്തിലുള്ള ജനങ്ങൾ; വിവിധതലത്തിലുള്ള സംസ്കാരം; വിവിധഘട്ടങ്ങളിൽനില്ക്കുന്ന വികസനം; പേരുകൾക്കുതന്നെയുണ്ട് വിസ്മയകരമായ വൈവിധ്യം. ബാൾട്ടിക്ക് പ്രദേശത്തെ എസ്റ്റോണിയരും ലെററുകളും ലിത്വേനിയരും; വടക്കുപടിഞ്ഞാറു് ലെനിൻഗ്രാഡിനപ്പുറത്തുള്ള തടാകങ്ങളുടെ ചുററും ജീവിക്കുന്ന കരേലിയന്മാർ, മോർദവിന്മാർ. മാറികൾ, വോതിയാക്കുകൾ, ഷിറിയർ, അങ്ങനെ അനേകം വേറെയും; പലതും ഇനിയും കണ്ടുപിടിച്ചുവരുന്നുമുണ്ട് – ഇതാണ് യു. എസ്. എസ്. ആർ.

മെസേയിക്കിന്റെ പാറേൺ പഴയതുതന്നെയാണെങ്കിലും ഇന്നു് ഡിസൈനുകൾ കൂടുതൽ കൂടുതൽ സങ്കീർണ്ണമായി വരികയാണ്. സോവിയററ് ജീവിതം അത്യന്തം വിഭിന്നമായ ജനവർഗ്ഗങ്ങളെ നിർമ്മാണകേന്ദ്രങ്ങളിലും വിദ്യാലയങ്ങളിലും ഒരുമിച്ചു കൊണ്ടുവരുന്നു.

ഉദാഹരണമായി കാരാകും ജലസേചനകനാലിന്റെ ആദ്യഘട്ടം നിർമ്മിക്കുന്നതിനു് കുറഞ്ഞതു് 30 ജനവിഭാഗങ്ങളെങ്കിലും സഹകരിച്ചിരുന്നു. എല്ലാ വിഭാഗങ്ങളിലും പെട്ട ആയിരക്കണക്കിനു മനുഷ്യർ, കസാക്ക്സ്ഥാനിലേയും സൈബീരിയായിലേയും ഭീഷണമെങ്കിലും ഫലഭൂയിഷ്ഠമായ കന്നിമണ്ണിനെ മെരുക്കിയെടുക്കാൻ അങ്ങോട്ടു പുറപ്പെടുന്നുണ്ടു്. ഇവർ പുതിയ കുടിയേററക്കാരാണു്. ഇക്കൂട്ടത്തിലുള്ള തൊഴിലാളികളും കർഷകരും ശാസ്ത്രജ്ഞന്മാരും അവർതന്നെ നിർമ്മിച്ചുകൊണ്ടിരിക്കുന്ന ആധുനിക നഗരങ്ങളിലും ഗ്രാമങ്ങളിലുമാണു് ജീവിക്കുക.

പുത്തനായി വികസനംപ്രാപിച്ച ഈ നാട്ടുകളിൽ വിഭിന്നജനവർഗ്ഗങ്ങളിൽപെട്ട യുവജനങ്ങൾ ഒത്തുകൂടുന്നു. അവർ പ്രേമബദ്ധരായി വിവാഹം ചെയ്തു് കുടുംബജീവിതം ആരംഭിക്കുന്നു. അവരുടെ മക്കൾ ഒരു പുതിയ ലോകത്തിലെ ആദ്യത്തെ തലമുറയാണു്.

## മൂന്നു്

# ഹൃദയവും നാഡിയും

രാത്രിയിലെ വിമാനത്തിൽ മോസ്ക്കോയിലേക്കു പോകുന്ന സഞ്ചാരി അവിടെ എത്തുന്നതിനു് ഇരുപതു മിനിററു മുമ്പുമുതൽ നീലവില്ലൂസ്പോലെ മനോഹരമായ ആകാശത്തിൽ എണ്ണമററ വൈഡൂര്യങ്ങരം നൃത്തംചെയ്യുന്നതുപോലെ നഗരദീപങ്ങരം മിന്നിത്തിളങ്ങുന്നതു കണ്ടുതുടങ്ങുന്നു.

ടാറിട്ട തെരുവിലേക്കിറങ്ങിയാൽ ആദ്യംതന്നെ അയാളെ അമ്പരപ്പിക്കുന്നതു് ആ പഴയ നഗരത്തിൻെറ പുതുമയാണു്. മോസ്ക്കോ വളൻകൊണ്ടേ ഇരിക്കുന്നു.

ആധുനിക രീതിയിലുള്ള വിമാനത്താവളത്തിൽ നിന്നു റെഡ്സ്ക്വയറിലേക്കുള്ള ഒരു മണിക്കൂർ കാർയാത്ര വളവില്ലാത്തതും വീതിയേറിയതുമായ റോഡുകളുടെയും ഇരുവശത്തും കെട്ടിടങ്ങരം നിരയിട്ടുനിൽക്കുന്ന നടക്കാവുകളുടെയും മധ്യത്തിലൂടെയാണു്. ഈ അടുത്തകാലംവരെ മോസ്ക്കോനിവാസികരംക്കു വേനല്ക്കാലത്തു വിശ്രമിക്കുന്നതിനുള്ള മൈതാനങ്ങളായിരുന്നു ഇതു്.

റഷ്യൻ റിപ്പബ്ലിക്കിൻെറയും യൂനിയൻെറയും തലസ്ഥാനമായ മോസ്ക്കോവാണു് സോവിയററുയൂണിയനിലെ ഏററവും വലിയ നഗരം. വിസ്താരമേറിയ തെരുവുകളും ചുവപ്പു്, നീല, മുത്തുവെള്ള, ദന്തം, മങ്ങിയ കുങ്കമം എന്നീ ഛായകളിലുള്ള ചായംപൂശിയ കരിങ്കൽ മാർബിരംമന്ദിരങ്ങളും പുതിയ പാലങ്ങളും നടവഴികളും ഈ പഴയ നഗരത്തിനു് ഒരു പുതിയ മുഖച്ഛായ നൽകുന്നു.

പ്രധാന വീഥിയായ ഗോക്കി തെരുവിൻെറ ചില ഭാഗങ്ങളിൽ പത്തുനിര വാഹനങ്ങരംക്കു് ഒരുമിച്ചു സഞ്ചരിക്കുന്നതിനുള്ള വിസ്താരമുണ്ടു്. വീഥിയുടെ മധ്യത്തിൽ

യാത്രക്കാർക്കു മറുവശമെത്തുന്നതിനുമുമ്പ് ട്രാഫിക്ക്‌വിളക്കു കൾ നിറംമാറുന്നപക്ഷം 'രക്ഷാമേഖല'യായി ഉപയോഗിക്കാവുന്ന ഒരു 'സ്വാതന്ത്ര്യസ്ഥാന'വും ഉണ്ട്.

ട്രാഫിക്ക്ഡ്യൂട്ടിയിൽ നിയുക്തരായ പട്ടാളക്കാർ റോഡിന്റെ നടുവിലൂടെ റോന്തുചുററിക്കൊണ്ടിരിക്കും. കാൽനടക്കാർ പ്രത്യേകം അടയാളപ്പെടുത്തിയിട്ടുള്ള രേഖകളിലൂടെ റോഡുമുറിച്ചു കടക്കണമെന്നാണു നിയമം. വരയിൽക്കൂടിയല്ലാതെ ആരെങ്കിലും റോഡു മറികടക്കുന്നതു കണ്ടാൽ പട്ടാളക്കാർ വിസിലടിച്ചുനിർത്തി ആളെ തിരിച്ചയയ്ക്കും. ആറാമതൊരിന്ദ്രിയവും പന്ത്രണ്ടു ജോടി കണ്ണുകളും ഇയാൾക്കു കൂടിയേ കഴിയൂ. മോസ്കോനിവാസികൾക്കു പട്ടാളക്കാരെ കുരങ്ങുകളിപ്പിക്കുന്നതിൽ ഒരു പ്രത്യേക രസമുള്ള മട്ടുണ്ട്. പട്ടാളക്കാരൻ ഏതെങ്കിലും നിയമലംഘകനെ ശാസിച്ചുകൊണ്ടു നിൽക്കുന്നതിനിടയിൽ മററുള്ളവർ കാണുന്ന വഴികളിൽക്കൂടി റോഡു മുറിച്ചുകടന്നു ലഘുവായി നിയമം ലംഘിക്കുന്നതു് ഒരു സാധാരണ കാഴ്ചയാണു്.

1935 വരെ ഏഴുലക്ഷത്തോളം ജനസംഖ്യയുള്ള ഈ നഗരം മെററൽവിരിച്ചതും ഇടുങ്ങി പൊളിഞ്ഞതുമായ തെരുവുകളും ക്രമത്തിലധികം ഒററനില വീടുകളുമുള്ള 'വളച്ചുയേറിപ്പോയ ഒരു ഗ്രാമം' മാത്രമായിരുന്നു. ഇവിടത്തെ ഏഴു കുന്നുകളിലൊന്നിൽ യൂറി ഡൊൾഗറുക്കി രാജകുമാരൻ തന്റെ ദുർഗ്ഗത്തിനുചുററും കെട്ടിയുയർത്തിയ തടിവേലിയിൽ നിന്നാണു് സുമാർ 800 വർഷങ്ങൾക്കുമുമ്പു് ഈ നഗരം വളർന്നുതുടങ്ങിയതു്.

ക്രെംലിനെയും റെഡ്സ്ക്വയറിനെയും ചുററി നല്ല വീടുകളും ഭംഗിയുള്ള കടകളും ഭോജനശാലകളും തീയേററുകളും ഇടതിങ്ങിയ ഒരു ഭാഗം ആദ്യംമുതലുണ്ടായിരുന്നു. ഓപ്പറായും ബാലേയുമുള്ള ബോൾഷോയ് തീയേററർ, നാടകത്തിനുള്ള മാലിയി തീയേററർ മുതലായവ ഇതിൽ പെടുന്നു. ഇന്നും ഈ ഭാഗം മോസ്കോനഗരത്തിന്റെ ഹൃദയവും ആകർഷണകേന്ദ്രവുമാണു്.

മോസ്കോയിൽ ഇപ്പോഴും അപൂർവ്വം ചില പാവുകല്ലിട്ട റോഡുകളുണ്ട്. പക്ഷെ, അവയുടെ കാലം കഴിയാറായിരിക്കുന്നു. ട്രോഷ്കി എന്നു പേരായ ഒററക്കുതിരവണ്ടികളുടെ സ്ഥാനം അതിവേഗം ഒഴുകിപ്പോകുന്ന മനോഹരമായ കാറുകൾ അപഹരിച്ചുകഴിഞ്ഞു. അധികൃതർ നഗരത്തെപ്പററിയുള്ള അഭിമാനംനിമിത്തം പഴയതും കേടുവന്നതും വൃത്തികെട്ടതുമായ കാറുകൾ തെരുവിൽ ഇറക്കാൻ സമ്മതിക്കാറില്ല.

പുറത്തുള്ള ജില്ലകളിൽ ട്രാം ഉപയോഗത്തിലുണ്ട്. ബസ്സുകളും ട്രോളിബസ്സുകളും ഭൂഗർഭറയിൽവെയും (45 സ്റ്റേഷനുകളോടുകൂടിയ ഇതിനു മെട്രോ എന്നാണു പേരു്. ഇതിൻെറ 40 മൈൽ പാത ഇനിയും നീട്ടിക്കൊണ്ടിരിക്കുകയാണു്.) പെരുകിക്കൊണ്ടിരിക്കുന്ന ടാക്സികളും ചേർന്നാൽ ഗതാഗതത്തിനുള്ള ഏർപ്പാടുകളായി എന്നു പറയാം. ടാക്സിയിൽ ഒററയ്ക്കു സഞ്ചരിക്കുന്ന യാത്രക്കാർ ഡ്രൈവറുടെ അടുത്ത സീററിൽ ഇരിക്കുകയാണു പതിവു്.

തിരക്കേറിയ സമയങ്ങളിൽ ന്യൂയോക്കിലും ലണ്ടനിലുമുള്ള ബഹളം മോസ്കോവിലും കാണാം. ബസ്സുകളിലും ട്രാമുകളിലും യാത്രക്കാർ കയറുന്നതു പിന്നിലുള്ള വാതിലിൽക്കൂടിയാണു്. കൺഡക്ടർ പിന്നിലാണു നില്ക്കുക. ഇവിടെ ഒരു സീററു് അയാൾക്കായി നീക്കിയിട്ടിരിക്കും. അയാൾ അനുവദിച്ചാലേ യാത്രക്കാർ അതിലിരിക്കാൻ പാടുള്ളു. ഇറങ്ങാനുള്ള വാതിൽ മുമ്പിലാണു്. കുട്ടികളോടുകൂടി വരുന്ന അമ്മമാക്കും ശിശുക്കൾക്കും വൃദ്ധജനങ്ങൾക്കും അസ്വാധീനമുള്ളവക്കുംവേണ്ടി ഈ ഭാഗത്തു് പ്രത്യേകം സീററുകളുണ്ടു്. ഇപ്പറഞ്ഞവക്കുമാത്രം മുൻവാതിലിൽക്കൂടി ബസ്സിൽ കയറുകയും ചെയ്യാം. മെട്രോവിൽ ഇവക്കു പ്രത്യേകം കമ്പാർട്ടുമെൻറുണ്ടു്.

വണ്ടി ആകെ നിറഞ്ഞു പൊട്ടാറായിരിക്കുന്ന സമയത്താണു് ആരെങ്കിലും രണ്ടോ മൂന്നോ പേർ പിന്നെയും അതിലേക്കു തള്ളിക്കയറിവരിക. ഇത്തരം സന്ദർഭങ്ങളിൽ ബസ്സുയാത്രചെയ്യുന്നതിനു് ഒരു ടെക്നിക്കുണ്ടു്. അകത്തു

കേറിയാലുടൻ തനിക്കു മുമ്പിൽ നില്ക്കുന്നയാളിനു ഇറങ്ങേണ്ട സ്ഥലം അന്വേഷിക്കണം. അതു തനിക്കിറങ്ങേണ്ട തിനുമുമ്പാണെങ്കിൽ തനിക്കു സമാധാനമായി നില്ക്കാം. അല്ലെങ്കിൽ അങ്ങു തള്ളി മുമ്പോട്ടുപോയി സൗകര്യമായി ഇറങ്ങാവുന്ന സ്ഥാനത്തു നില്ക്കണം.

മുമ്പിൽ അററത്തുനില്ക്കുന്ന യാത്രക്കാർ ടിക്കററുവില കൈമാറി കൈമാറി പിന്നിൽനിൽക്കുന്ന കൺഡക്ടർക്ക് അയച്ചുകൊടുക്കുന്നു. അയാൾ ടിക്കററ് തിരിച്ചങ്ങോട്ടും അതുപോലെ അയച്ചുകൊടുക്കുന്നു.

ശൈത്യകാലത്ത് അകത്തെ ജാലകങ്ങൾ കട്ടിയിൽ മഞ്ഞുപൊതിഞ്ഞിരിക്കുമ്പോൾ യാത്രക്കാർ ഒരു കണ്ണു വച്ചു പുറത്തേക്ക് ഒളിഞ്ഞുനോക്കാൻ വേണ്ട സ്ഥലം ഊതിത്തെളിച്ചെടുക്കും. വഴികാണിക്കുന്ന ഭൂപടങ്ങൾ കൺഡക്ടറുടെയും ഡ്രൈവറുടെയും പേരോടുകൂടി വാഹനങ്ങളിൽ ഒട്ടിച്ചുവച്ചിരിക്കും. ഈ ഏർപ്പാട് കടകളിലും നടപ്പാക്കിയിട്ടുണ്ട്. കൗണ്ടറുകൾക്കുമുകളിൽ അവിടെയിരിക്കുന്ന ജോലിക്കാരൻെറ പേര് എഴുതിവയ്ക്കുന്ന സമ്പ്രദായമുണ്ട്. ചില പേരുകൾക്കെതിരെ നക്ഷത്രചിഹ്നം കൊടുത്തിരിക്കും. ഇവരിൽനിന്നു് ഏററവും മെച്ചമായ സേവനം പ്രതീക്ഷിക്കാവുന്നതാണ്.

ക്രെംലിനെ കേന്ദ്രമാക്കിയാണ് മോസ്കോ വളന്നിട്ടുള്ളതും വളൻകൊണ്ടിരിക്കുന്നതും. മോസ്കോനദിയിൽ നിന്നു 130 അടി ഉയരത്തിൽ തറകെട്ടിയുറപ്പിച്ച ഒരു കുന്നിലാണ് ക്രെംലിൻ സ്ഥിതിചെയ്യുന്നതു്. ഇതിനെ ചുററി ഒന്നരമൈൽ നീളത്തിൽ കൊത്തളങ്ങളോടുകൂടിയ ഒരു കോട്ടയുണ്ട്. 1485—95 കാലത്തു് ഇററാലിയൻ ശില്പികളാണ് ഇതു പണിതീൎത്തതു്.

കോട്ടയ്ക്കുള്ളിൽ കൊട്ടാരങ്ങളും ഭദ്രാസനപ്പള്ളികളും ഉണ്ട്. ഈ പള്ളികളിലാണ് റഷ്യൻ ചക്രവൎത്തിമാരുടെ കിരീടധാരണം നടന്നിരുന്നതു്. പലരുടെയും ശവകുടീരങ്ങളും ഇവയിലാണ്. വിലതീരാത്ത മ്യൂറൽ പെയിൻറി

ങ്ങുകളും രൂപങ്ങളും പ്രതിമകളും പുണ്യവാളന്മാർ, കന്യ കാമാതാവു്, ക്രിസ്തു എന്നിവരുടെ ചുവർച്ചിത്രങ്ങളും ഇവ യിൽ കാണാം. ഫ്ളാഷ്ലൈററുകൾ ഉപയോഗിച്ചു് അകത്തുനിന്നു ചിത്രങ്ങളെടുക്കുന്നതു നിരോധിച്ചിരിക്കുക യാണു്. ഫ്ളാഷ്ലൈററിൽ ചുവർച്ചിത്രങ്ങളുടെ പായ ത്തിനു കേടു സംഭവിച്ചാൽ നന്നാക്കാൻ സാധ്യമല്ലാത്തതു കൊണ്ടാണു് ഈ നിരോധനം.

പഴയ പടക്കോപ്പുശാലയും പള്ളികളും ചില കൊട്ടാ രമുറികളും ക്രെംലിൻെറ ചില ഭാഗങ്ങളും ഇപ്പോൾ കാഴ്ച ബംഗ്ലാവുകളാണു്. രത്നഖചിതമായ സിംഹാസനങ്ങളു ടേയും കിരീടധാരണവസ്ത്രങ്ങളുടേയും രാജകീയചിഹ്നങ്ങ ളുടേയും രത്നങ്ങളുടേയും മനോഹരമായ ഒരു ശേഖരം ഇവി ടെയുണ്ടു്. കൂടാതെ എലിസബത്ത് ചക്രവർത്തിനിയും മഹ തിയായ കാതറീനും ധരിച്ചിരുന്ന വിവാഹവസ്ത്രങ്ങളും ആ ഘോഷാവസരങ്ങളിൽ ഉപയോഗിച്ചിരുന്ന കുതിരക്കോ പ്പും വാഹനങ്ങളും പ്രത്യേകം പ്രദർശിപ്പിച്ചിട്ടുണ്ടു്.

ഒരുനിര കുതിരവണ്ടികൾ ഇവിടെ തയ്യാറായി നില്ക്കു ന്നതു കാണാം. സാറിനെയും സാറിനാമാരെയും കാത്തു നിന്ന സമയത്തെന്നപോലെ സജീവമാണു് ഇവയിലുള്ള കുതിരകൾ. ഏററവും നല്ല വണ്ടികളിൽ ചിലതു് ഇംഗ്ല ണ്ടിൽനിന്നും ഫ്രാൻസിൽനിന്നും സമ്മാനമായി മോസ്കോ വിലെത്തിയതാണു്.

ഇംഗ്ലണ്ടിലും ഫ്രാൻസിലുമുള്ള കരകൗശലവിദഗ്ദ്ധ ന്മാർ പണിചെയ്ത വെള്ളിയുരുപ്പടികൾ അനേകം തട്ടുക ളിൽ നിറഞ്ഞിരിക്കുന്നു. ഇംഗ്ലണ്ടിലെ വിവിധ രാജകുടും ബങ്ങൾ ഉൾപ്പെടെ അനേകം രാജസ്ഥാനങ്ങളിൽനിന്നു് ഉപഹാരമായി വന്നുചേർന്ന പിഞ്ഞാണങ്ങളും ആഭരണ ങ്ങളും നഖങ്ങുചിത്രങ്ങളും പ്രദർശനത്തിനു വച്ചിട്ടുണ്ടു്. വിക്ടോറിയാരാജ്ഞി ഒരു സാറിനു നൽകിയ ഓർഡർ ഓഫ് ദി ഗാർട്ടറും പ്രദർശനവസ്തുക്കളിൽ പെടുന്നു.

മഹാനായ പീററുടെ വലിയ തോൽബൂട്ടുകൾ അ പ്പോൾ ഊരിവച്ചതുമാതിരി അവിടെ ഇരിക്കുന്നതു കാണാം. ഏഴടി പൊക്കമുള്ള അദ്ദേഹം ഒരതികായനായി



7. ഉസ്ബെക്കിസ്ഥാനിലെ ബുക്കാറ. 1307–ൽ പണിചെയ്ത
ചോർ–മൈനർ മുസ്ലീംപള്ളി



3. ഉസ്ബെക്കിസ്ഥാൻ: കൂട്ടുകൃഷിയിടത്തിലെ ഗവണ്മെൻറ് അവാർഡ് നേടിയ ഒരു പാൽക്കാരിയാണ് വീട്ടമ്മ.

ുന്നു. ചക്രവർത്തി സ്വന്തം കൈകൊണ്ടുണ്ടാക്കിയ ആ പെരിപ്പിന്റെ തേയ്‌വ് കാണുമ്പോൾ കാഴ്ചക്കാരന്റെ ഹൃദയത്തിന്റെ അജ്ഞാതമായ കോണുകളിൽ ഒരു ചലനം ഉണ്ടാകാതിരിക്കയില്ല.

രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നുമായി ലക്ഷോപലക്ഷം ജനങ്ങൾ ക്രെംലിൻ സന്ദർശിക്കാനെത്തുന്നു. വിദേശസഞ്ചാരികൾ കാണേണ്ട സ്ഥലങ്ങളുടെ ലിസ്റ്റിൽ മുകൾഭാഗത്തുതന്നെ അതിനു സ്ഥാനം നൽകുന്നു. സഞ്ചാരികൾ ക്രെംലിൻ മതിലിൽ ചുററിനടന്നു് മോസ്കോ നോക്കിക്കാണുന്നു. ഉയർത്തിക്കൊണ്ടുവരുന്നവഴി പൊട്ടിപ്പോയതും ഒരിക്കലും അടിച്ചിട്ടില്ലാത്തതുമായ 'സാർമണി'യുടേയും ഒരിക്കലും നിറയൊഴിച്ചിട്ടില്ലാത്ത 'സാർപീരങ്കി'യുടേയും മുമ്പിൽനിന്നുചിത്രങ്ങളെടുക്കുന്നു. ഈ 'സാർപീരങ്കി' നിറയൊഴിച്ചാൽ പൊട്ടി നുറുങ്ങിപ്പോകുമെന്നാണു് വിദഗ്ദ്ധന്മാരുടെ അഭിപ്രായം.

വേനലെന്നോ ശൈത്യമെന്നോ ഭേദമില്ലാതെ എല്ലാ ദിവസവും റെഡ്സ്ക്വയറിലുള്ള കുങ്കുമക്കല്ലുപട്ടുത്ത അനാർഭാടമായ മാസോളിയത്തിനു മുമ്പിൽ ആളുകൾ ക്യൂ നില്ക്കുന്നതു കാണാം. ഇതിനുള്ളിലാണു് ലെനിന്റെയും സ്റ്റാലിന്റെയും—സ്റ്റാലിന്റെ ശരീരം പില്ക്കാലത്തു നീക്കംചെയ്യപ്പെട്ടു—ഭൗതികശരീരങ്ങൾ ഔഷധങ്ങൾ ലേപനംചെയ്തു സൂക്ഷിച്ചിട്ടുള്ള കണ്ണാടിക്കൂടുകൾ തൊട്ടുതൊട്ടു പ്രദർശിപ്പിച്ചിട്ടുള്ളതു്. ഇവിടെ കാവൽക്കാർ രാപ്പകൽ റോന്തുചുററുന്നു. വിദേശസഞ്ചാരികളുടെ രണ്ടും മൂന്നും മണിക്കൂർ നഷ്ടപ്പെടാതിരിക്കാൻ വേണ്ടി അവരെ ക്യൂവിന്റെ മുമ്പിൽ നിൽക്കാൻ അനുവദിക്കാറുണ്ടു്.

ക്രെംലിൻമതിലിനു താഴെയായി റെഡ്സ്ക്വയറിലാണു് സെൻറ്ബേസിൽസ് ദേവാലയം. സ്തംഭാകൃതിയിലുള്ള എട്ടു ദേവാലയങ്ങൾ (ഓരോന്നും ഓരോ തവണ ടാർട്ടാർ വർഗ്ഗത്തെ പരാജയപ്പെടുത്തിയതിന്റെ സ്മാരകങ്ങളാണു്) ഏററവും ഉയരമേറിയ ഒമ്പതാമത്തെ ദേവാലയത്തെ ചുററി കലാഭംഗിയോടുകൂടി നിലകൊള്ളുന്നു. ഒമ്പ

താമത്തേതിൻെറ മുകളിൽ ഒരു കുംഭഗോപുരമുണ്ടു്. 'സുവ ൎണ്ണവംശ'ത്തിൻെറ മേൽ ഇവാൻ നേടിയ നിൎണ്ണായകമായ വിജത്തിൻെറ സ്മാരകമായി നിൎമ്മിച്ചതാണു് ഈ പള്ളി.

ഇതിൽ ഓരോന്നിൻെറയും ഗോപുരങ്ങൾ പ്രത്യേക രീതിയിലാണു് പണിചെയ്തിരിക്കുന്നതു്. ചിലതു് ഉള്ളിപോലെയും ചിലതു കൂൎത്തും ഇരിക്കും. നീല, ചുവപ്പു്, തങ്കം, മഞ്ഞ തുടങ്ങിയ നിറങ്ങളിൽ ചായം തേച്ചു മോടികൂട്ടിയ ഗോപുരങ്ങളിൽ നിരവധി കൊത്തുപണികളും അലങ്കാരവേലകളും ഉണ്ടു്.

മോസ്കോവിലെ ഏററവും വലിയ ഡിപ്പാർട്ടുമെൻറൽ സ്റ്റോർ ആയ 'ഗ്ഗും' (ജി. യു. എം.) റെഡ്സ്ക്വയറിൽ ത്തന്നെയാണു്. സ്റ്റേററ് യൂണിവേഴ്സൽ സ്റ്റോർ എന്ന റഷ്യൻപേരിൻെറ ചുരുക്കമാണു് 'ഗ്ഗും'. വമ്പിച്ച ഒരു ചില്ലുമേൽക്കൂരയ്ക്കു താഴെ അററമില്ലാതെ വളഞ്ഞുപുളഞ്ഞു പോകുന്ന അടഞ്ഞ വഴികളും ഗാലറികളും കാണാം. ഞായറാഴ്ചതോറും രണ്ടുരണ്ടര ലക്ഷംപേർ അവിടെ സാമാനങ്ങൾ വാങ്ങാനെത്തുന്നതു സാധാരണമാണു്

ചരിത്രവസ്തുക്കൾ ശേഖരിച്ചിട്ടുള്ള കാഴ്ചബംഗ്ലാവും സ്ക്വയറിൽത്തന്നെയാണു്. സമീപത്തുള്ള തെരുവുകളിലായി അനേകം അച്ചടിശാലകളും പ്രസിദ്ധീകരണസ്ഥാപനങ്ങളും ചില ഓഫീസുകളും ഉണ്ടു്.

ജനബാഹുല്യവും ബഹളവുമേറിയ നഗരമാണു് മോസ്കോ. 1945-നു ശേഷം പുതിയ ഡിസ്ട്രിക്ടുകളും പുതിയപുതിയ ജനവാസസങ്കേതങ്ങളും പണിതിട്ടുണ്ടെങ്കിൽക്കൂടി താമസസ്ഥലങ്ങൾക്കു വളരെ ക്ഷാമമുണ്ടു്. കടകളും വളരെ കുറവാണു്. ഇടപാടുകാർ സാധനങ്ങൾ തെരഞ്ഞെടുക്കുന്നിടത്തും പണം കൊടുക്കുന്നിടത്തും സാധനങ്ങൾ വാങ്ങി പുറത്തുകടക്കേണ്ട ദിക്കിലും ക്യൂവായി നില്ക്കുന്നു. ഭക്ഷ്യവില്പനശാലകൾ അർദ്ധരാത്രിവരെ തുറന്നിരിക്കും. രാത്രി വളരെ ചെന്നിട്ടേ അവിടെ തിരക്കൊതുങ്ങാറുള്ളു.

റഷ്യക്കാർ വലിയ നാടകപ്രേമികളും സംഗീതപ്രിയരുമാണ്. മോസ്കോവിലെ 30 തീയേററുകളിലും സംഗീതശാലകളിലുമായി രാത്രിതോറും 30000 സന്ദർശകർ കയറിയിറങ്ങുന്നു. ബോൾഷോയ് തീയേററിനടുത്തുള്ള ഭൂഗർഭ റയിൽവേസ്റ്റേഷനുകളിൽ നിന്നു് ആളുകൾ യഥാർത്ഥത്തിൽ പുറത്തേക്കു പ്രവേശിക്കുകയാണ്. തലയെടുപ്പോടുകൂടി നില്ക്കുന്ന തീയേററിൻെറ ചുവപ്പും തങ്കവും നിറമുള്ള അന്തർഭാഗത്തിൽ പ്രിയപ്പെട്ട നർത്തകിമാർ പങ്കുകൊള്ളുന്ന 'സ്വാൻലേക്ക് ' 'ഗിസൽ' തുടങ്ങിയ ക്ലാസിക്കുകൾ കാണുന്നതിനും മെയ്ക്കോവ്സ്കി, പുസ്കിനി വെർദി തുടങ്ങിയവരുടെ ഗാനങ്ങൾ അനുഗൃഹീതരായ ഗായകർ പാടുന്നതു കേൾക്കുന്നതിനും വന്നുകൂടുന്നവരാണ് ഇവർ.

ബോൾഷോയ് തീയേററിൻെറ ഇടതുഭാഗത്തു് റോഡിനപ്പുറത്തുള്ള മാലിയി തീയേററും മോസ്കോവിലെ ശിശുക്കൾക്കുവേണ്ടിയുള്ള നാലു തീയേററുകളിലൊന്നും വമ്പിച്ച സദസ്സുകളെ ആകർഷിക്കാറുണ്ടു്. പലരും ഗോർക്കി തെരുവിലൂടെ മോസ്കോ ആർട്ട് തീയേററിലേക്കു പോകുന്നു. ഡിക്കൻസിൻെറ പിക്‌വിക്ക് ക്ലബ്ബും ടോൾസ്റ്റോയിയുടെ അന്നാകരേനീനയും അവിടത്തെ സ്ഥിരം പരിപാടികളിൽ പെടുന്നു.

ഒരു അരഡസൻ തീയേററുകളിലെങ്കിലും ഷേക്സ്പീയർ നാടകങ്ങൾ കളിക്കുന്നുണ്ടു്. റോമിയോ ആൻഡ് ജൂലിയററ്, മാക്ബെത്ത്, എ മിഡ് സമ്മർ നൈററ്സ് ഡ്രീം, ടെൽവ്ത്ത്നൈററ് ഇവ സ്ഥിരം കളികളാണ്.

തൊഴിൽശാലകളിലെ ക്ലബ്ബുകൾക്കും സാംസ്കാരിക മന്ദിരങ്ങൾക്കും പ്രത്യേകം നാടകശാലകളുണ്ടു്. ഇതിനു പുറമെ സ്ഥിരം നാടകശാലകളിൽനിന്നു ക്ഷണിച്ചുകൊണ്ടുവരുന്ന നാടകസംഘങ്ങളും അവിടെയെത്തി നാടകങ്ങൾ അവതരിപ്പിക്കാറുണ്ടു്. ഏതെങ്കിലും ടിക്കററ് കൗണ്ടറിൽച്ചെന്നു് അന്നത്തെ കളിക്കു ടിക്കററു വാങ്ങുന്ന കാര്യം മിക്കവാറും അസാദ്ധ്യമാണ്.

മോസ്കോവിലെ ശൈത്യകാലം സജീവമാണ്. പൊതുസ്ഥലങ്ങളിൽ നടത്തുന്ന ഹിമോത്സവങ്ങളും നഗരപ്രാന്തത്തിലുള്ള കുന്നിൻചരിവുകളിലെ സ്കീയിങ്ങും സ്കേറ്റിംഗ് സൽക്കാരങ്ങളും വിദേശത്തുനിന്നു വന്നെത്തുന്ന സംഗീതവിദ്വാന്മാരും പുതിയ ചലച്ചിത്രങ്ങളുടെ പ്രദർശനോദ്ഘാടനവും എല്ലാം ഇക്കാലത്തിൻെറ പ്രത്യേകതകളാണ്. ഇതിനോടൊപ്പം വരുന്നതാണ് നവവത്സരദിനവും. സദ്യകളും വിനോദങ്ങളുമായി രണ്ടു ദിവസം നീണ്ടുനില്ക്കുന്ന ഈ ഉത്സവം ഒരു ദേശീയ ഒഴിവുകാലമാണ്.

ക്രെംലിനിൽ ശിശുക്കൾക്കുവേണ്ടി ഫാൻസിഡ്രസ് പാർട്ടികൾ നടത്തുന്നു. ചുവന്ന കുപ്പായവും തൊപ്പിയും നരച്ച താടിയുമുള്ള ഹിമഅപ്പൂപ്പൻ തനി സാന്താക്ലോസിനെപ്പോലിരിക്കും. സന്തതസഹചാരിയായ മഞ്ഞുമഹിളയും അദ്ദേഹവുംകൂടി സമ്മാനങ്ങൾ വിതരണംചെയ്യുന്നു. ഫിർമരങ്ങളിൽ ഈയക്കടലാസുതുണ്ടുകളും നക്ഷത്രവിളക്കുകളും കെട്ടി അലങ്കരിക്കുന്നു.

നാടിൻെറ വിസ്തൃതി നാടകീയമായ രീതിയിൽ ബോധ്യപ്പെടുത്തുന്നതാണ് നവവത്സരരാത്രി. പകൽ മുഴുവൻ ഇരിപ്പുറയ്ക്കാതെ ഓടി നടന്നു് കുട്ടികൾ ഒരു വിധത്തിൽ അഞ്ചുമണിയാക്കുന്നു. 6000 മൈൽ അകലെ ഏഴു മണിക്കൂർ ദൂരെ പസഫിക്ക് തീരത്തു് ഇപ്പോൾ അർദ്ധരാത്രിയായിരിക്കും.

ആദ്യത്തെ സ്വാഗതവാചകമായ ആർപ്പുവിളികളും തുറമുഖത്തു നങ്കൂരമിട്ടുകിടക്കുന്ന കപ്പലുകളുടെ കുഴൽവിളികളും വ്ളാഡിവോസ്റ്റോക്കിൽ നവവത്സരപ്പിറവി വിളംബരം ചെയ്യുന്നു. റേഡിയോവഴി ദേശവ്യാപകമായി ഇതു പ്രക്ഷേപണം ചെയ്യപ്പെടുന്നു. വ്ളാഡിവോസ്റ്റോക്ക് മോസ്കോയിലേക്ക് ആശംസകൾ അയയ്ക്കുന്നു.

അവിടന്നങ്ങോട്ടു് സാവധാനംപടിഞ്ഞാറോട്ടു നീങ്ങുന്ന സമയത്തെ മനസ്സുകൊണ്ടു് ഓരോരുത്തരും അനുധാവനം ചെയ്യുന്നു. ദൂരപൗരസ്ത്യദേശത്തുള്ള ഓരോ നഗരങ്ങളിലും നവവത്സരപ്പുലരി എത്തിച്ചേരുമ്പോൾ ആഘോഷങ്ങൾ തലസ്ഥാനനഗരിയിലേക്കു റിലേ ചെയ്യപ്പെടുന്നു.

കുട്ടികൾ അതിൻെറ മുന്നേററം ഓലകളൊടിച്ച് അടയാളപ്പെടുത്തുന്നു നീണ്ട ഇടവേളകൾ വരുമ്പോൾ അത് തെയ്ഗ കടന്നു പോരുകയാണെന്നാണർത്ഥം. അവിടെ അതിൻെറ ആഗമനവൃത്താന്തമറിയാൻ മൃഗങ്ങളും പക്ഷികളും മാത്രമല്ലേ ഉള്ളൂ.

ഒമ്പതു മണികഴിഞ്ഞാൽ ആശംസകൾ കൂടുതൽ കൂടുതൽ വേഗത്തിൽ വന്നു തുടങ്ങുന്നു. യൂറാൽസിലെ വമ്പിച്ച വ്യാവസായിക നഗരങ്ങളായ സൌർദ്‌ലോവ്സ്കിലും ഊഫായിലും മാഗ്നിററഗോർസ്കിലും ചെല്യാബിൻസ്കിലും നിന്നാണിവ. അർദ്ധരാത്രി യൂറാൽമലനിര കടക്കുന്നതോടെ നവവത്സരം ഏഷ്യവിട്ട് യൂറോപ്പിൽ പ്രവേശിക്കുകയായി.

വിഭവസമൃദ്ധമായ തീൻമേശകളിൽ അവസാനത്തെ മിനുക്കു പണികൾ ആരംഭിക്കുന്നു. വൈനും വോഡ്കായും സർവ്വോപരി ഷാമ്പെയിനും നിരത്തിവയ്ക്കുന്നു. ക്രെംലിനിലെ നാഴികമണി രാത്രി പന്ത്രണ്ടടിക്കുമ്പോൾ മോസ്കോ വീർപ്പടക്കി നില്ക്കും. മണിയൊച്ചയുടെ അവസാനത്തെ അനുരണനവും അടങ്ങിക്കഴിഞ്ഞാൽ പാനോപചാരങ്ങളായി. ആഹ്ലാദാഘോഷങ്ങൾ നാടാകെയുള്ള റേഡിയോ സ്റ്റേഷനുകൾ തിരിയെ വ്ളാഡിവോസ്റ്റോക്കിലേക്ക് അയച്ചു തുടങ്ങുന്നു. അവിടെ ഇപ്പോഴേക്ക് നവവത്സരം പുലന്ന് ഏഴുമണിയായായിട്ടുണ്ടായിരിക്കും.

മഞ്ഞുറഞ്ഞു ഞെരിയുന്ന അന്തരീക്ഷത്തോടുകൂടിയ ഹേമന്തകാലത്തെപ്പററി റഷ്യക്കാർക്ക് ഒരു പ്രത്യേകവികാരമാണു്. തുളച്ചുകയറുന്ന ശൈത്യംതടയുന്നതിനുവേണ്ടി കനത്ത ഭിത്തികളോടും ഇരുജാലകങ്ങളോടും വിസ്താരമേറിയ ജാലകപ്പടികളോടും കൂടി പണിചെയ്ത് നടുവിൽ തീയെരിച്ചുകൊണ്ടിരിക്കുന്ന വീടിനുള്ളിൽ അവർ സുഖമായി ചൂടുപിടിച്ചു കൂടുന്നു.

സുദീർഘമായ ശൈത്യകാലം മുഴുവൻ വിറകുപൂട്ടി കെടാതെ സൂക്ഷിക്കുന്ന ചിരപുരാതനമായ ഈ നെരിപ്പോടിനു് ഗ്രാമങ്ങളിലെയും ചെറു നഗരങ്ങളിലെയും കുടുംബ

ജീവിതത്തിൽ ഒരു പ്രധാന സ്ഥാനമുണ്ട്. കൂടുതൽ കൂടുതൽ വടക്കോട്ടും കിഴക്കോട്ടും നീങ്ങുന്തോറും നെരിപ്പോടിന്റെ വലിപ്പം കൂടിവരുന്നു.

വേനൽക്കാലവും വിദേശസഞ്ചാരികളും കൂടി നാട്ടിലേക്ക് ഒരുമിച്ചു കടന്നുവരുമ്പോൾ മോസ്കോനിവാസികളിൽ പലരും നാട്ടുമ്പുറത്ത് ദായകൾ (ഗ്രാമഭവനങ്ങൾ) വാടകക്കെടുത്ത് അങ്ങോട്ട് താമസം മാററുന്നു. മോസ്കോയുടെ പ്രാന്തങ്ങളിൽ അനേകം സിൽവർബർച്ച് വനങ്ങളും നദീതീരങ്ങളും സ്നാനഘട്ടങ്ങളും ഉണ്ട്. വിസ്തൃതമായ മൈതാനത്തോടുകൂടിയ ഖിംകിലിഡോ നഗരത്തിലെ വിഹാരകേന്ദ്രങ്ങളിൽ ഒന്നാകുന്നു.

കാണാനും ചെയ്യാനും ധാരാളമുണ്ട്. മോസ്ക്കോവിൽ കാഴ്ചബംഗ്ലാവുകളും ആർട്ട് ഗാലറികളുംകൂടി 42 എണ്ണമുണ്ട്. 25 ഡിസ്ത്രിക്റ്റുകളിൽ ഓരോന്നിലും വിനോദകേന്ദ്രങ്ങളായ റിക്രിയേഷൻ പാക്കുകളും ഓപ്പൺ എയർ തീയേററുകളും സിനിമാ ശാലകളും ശിശുനഗരങ്ങളുമുണ്ട്. തദ്ദേശീയവും വിദേശീയവുമായി കുറഞ്ഞത് അരഡസൻ പ്രദർശനങ്ങളെങ്കിലും ഏതു കാലത്തും ഇവിടെയുണ്ടായിരിക്കും.

നഗരപ്രാന്തത്തിലുള്ള സ്ഥിരം കാർഷികവ്യാവസായിക പ്രദർശനം വളരെ ആകർഷകമാണ്. ഓരോ ദേശത്തെയും സമ്പത്തും വിഭവങ്ങളുമടങ്ങിയ 15 ദേശീയ പവിലിയനുകൾ കാണാൻതന്നെ കുറഞ്ഞത് ഒരാഴ്ച വേണം. ശൂന്യാകാശ യാത്ര സംബന്ധിച്ച കണ്ടുപിടുത്തങ്ങൾ ശിശുക്കളെയും മുതിർന്നവരെയും ഒരുപോലെ ആകർഷിക്കുന്നു. ചക്രങ്ങൾ തിരിക്കുകയും വിളക്കുകൾ തെളിക്കുകയും ചെയ്യുന്ന പിടികൾ തിരിക്കുന്നതിൽ എല്ലാവർക്കും വലിയ കൗതുകമാണ്.

വേനൽക്കാലത്തെ ചൂടിൽ ഏററവും കുളിർമ്മയേറിയ സ്ഥലം മെട്രോയാണ്. മാർബിളും ഓട്ടും മൊസേയിക്കും സ്റ്റെയിൻസ് ഗ്ലാസ്സും സ്ഫടികവുംകൊണ്ട് സമൃദ്ധിയായി അലങ്കരിച്ച ഭൂഗർഭകൊട്ടാരങ്ങളിൽ ഇടക്കിടക്കിറങ്ങിയും

കയറിയും രസകരമായ ഒരു വിനോദ സഞ്ചാരം നടത്താൻ കഴിയും. സ്റ്റേഷനുകരം ഓരോന്നും വൈവിധ്യമുള്ളതാണ്. 'സോവിയററുകളുടെ കൊട്ടാരം' എന്നു പേരായ സ്റ്റേഷനിൽ. ഡാഫോഡിൽ പൂക്കളുടെ ആകൃതിയിലുള്ള തൂണുകളാണുള്ളത്. ചാലുകളോടുകൂടി മച്ചോളം ഉയൻ നില്ക്കുന്ന അവയെ പുഷ്പപുടങ്ങരംക്കുള്ളിൽ ഒളിച്ചുവച്ച വിളക്കുകരം ഇളംമഞ്ഞ നിറത്തിൽ പ്രകാശിപ്പിക്കുന്നു.

വിദേശസഞ്ചാരികരം ഇത്തരം വിലപിടിച്ച വസ്തുക്കളുടെ ധാരാളിത്തത്തെപ്പററി സൂചിപ്പിക്കുമ്പോരം ലാപിസ്‌ലാസുലിയും അലബാസ്റ്ററും മാർബിളും തങ്ങളുടെ നാട്ടിൽ സുലഭമായുണ്ടെന്നും ആളുകരംക്ക് കണ്ടാസ്വദിക്കാവുന്ന സ്ഥാനങ്ങളിൽ അവ ഉപയോഗിക്കണമെന്നാണ് തങ്ങളുടെ വിശ്വാസമെന്നും റഷ്യക്കാർ പറയും. മെട്രോയെപ്പററി അവക്ക് വലിയ അഭിമാനമാണ്. ഇവിടെ പുകവലി നിരോധിച്ചിരിക്കയാണ്. ഗ്രീക്കു പുഷ്പജകളുടെ ആകൃതിയിലുള്ള ധാരാളം ചവററു കൊട്ടകരം അവിടെ വച്ചിട്ടുണ്ട്. ആരെങ്കിലും അറിയാതെ ഒരു കടലാസു കഷണം നിലത്തിട്ടുപോയാൽ അതുടനെ കണ്ടുപിടിച്ചു നീക്കം ചെയ്യപ്പെടും.

ഭോജനശാലകളും ഐസ്ക്രീം പാർലറുകളും രാത്രി അസമയമാകുന്നതുവരെ തുറന്നിരിക്കും. ഉക്രേനിയൻ, ജോർജ്ജിയൻ, ആർമീനിയൻ, ലാററ്വിയൻ തുടങ്ങിയ ദേശീയ ഭോജനശാലകളിൽനിന്ന് അതാതു ദേശത്തെ പ്രത്യേകതരത്തിലുള്ള വിഭവങ്ങരം ആസ്വദിക്കാൻ കഴിയും.

മോസ്കോയിൽ ഇപ്പോരം രണ്ടു വലിയ നൃത്തശാലകരം പണിതുവരുന്നുണ്ട്. പ്രായംകൂടിയവക്ക് ആധുനിക സംഗീതത്തോടും നൃത്തത്തോടും വിപ്രതിപത്തിയുണ്ടെങ്കിലും ചെറുപ്പക്കാക്ക് അതു വളരെ പ്രിയമാണ്. അവർ വിദേശസഞ്ചാരികളുടെ നൃത്തം കാണുകയും ഏററവും പുതിയ ജാസ് റിക്കാർഡുകരം കേരംക്കുകയും ചെയ്യുന്നതോടൊപ്പം നൃത്തത്തിൻെറ ചുവടുകളും ഗാനത്തിൻെറ രാഗങ്ങളും പകത്തിയെടുക്കുകയും ചെയ്യുന്നു.

വണ്ടിച്ചക്രത്തിൽനിന്നു് ആരക്കാലുകൾ എന്നപോലെ റെഡ്സ്ക്വയറിൽനിന്നു് റോഡുകളും തെരുവീഥികളും നാനാദിക്കുകളിലേക്കും പുറപ്പെടുന്നു. പച്ചിലത്തഴപ്പാർന്ന നടക്കാവുകളുടെ മൂന്നു വലയങ്ങൾ നഗരത്തെ അലങ്കരിക്കുന്നുണ്ടു്. മോസ്ക്കോ സർവ്വകലാശാലയുൾപ്പെടെ 32 നിലകളിലുള്ള ചില പുതിയ മന്ദിരങ്ങൾ അനേകമൈൽ വിസ്താരത്തിൽ എവിടെയുംനിന്നു കാണാവുന്ന കാഴ്ചകളാണു്. നഗരത്തെ വലയംചെയ്യുന്ന ഈ ഭീമാകാരന്മാരെ 'അംബരചുംബികൾ' എന്നു വിളിക്കുന്നതിനെക്കാൾ 'അനേകനില മാളികകൾ' എന്നു വിളിക്കുന്നതാണു് റഷ്യക്കാർക്കിഷ്ടം.

ഇവയുടെ കൂർത്ത ശിഖരങ്ങൾ ചുവന്ന ദീപങ്ങൾകൊണ്ടു് അലങ്കരിച്ചിരിക്കും. ഇവ വിമാനങ്ങൾക്കു മുന്നറിയിപ്പുകളായി പ്രയോജനപ്പെടുന്നതിനു പുറമെ ക്രെംലിൻ ഗോപുരങ്ങളിലുള്ള പവിഴ നക്ഷത്രങ്ങളുമായി ലയിച്ചു ചേരുകയും ചെയ്യുന്നു.

വർഷത്തിൽ രണ്ടു തവണ സുപ്രീംസോവിയററു് ക്രെംലിനിൽ സമ്മേളിക്കുന്നു. അടിയന്തിരപ്രശ്നങ്ങളുണ്ടാകുമ്പോൾ വിശേഷാൽ സമ്മേളനങ്ങളുണ്ടാകും. വിദൂരമായ നാടുകളിലും നഗരങ്ങളിലുംനിന്നു വരുന്നവരാണു് പ്രതിനിധികൾ. കസക്കു്സ്ഥാനിലെ ട്രാക്ടർ ഡ്രൈവറന്മാർ വർണ്ണോജ്ജ്വലമായ സാലുകൾ പുതച്ച കൂട്ടുകൃഷിക്കാരികൾ, ഉക്രെയ്നിലേയും ബൈലോ റഷ്യയിലേയും പാൽക്കാരികൾ, വിലയേറിയ കിന്നരത്തൊപ്പികളും മഴവിൽ നിറങ്ങളിലുള്ള സിൽക്കുകുപ്പായങ്ങളും ധരിച്ചുമധ്യേഷ്യൻ പരുത്തിക്കൃഷിക്കാർ, ഇവരെല്ലാം ഇതിൽ ഉൾപ്പെടുന്നു. സമ്മേളനങ്ങളവസാനിക്കുമ്പോൾ അവർ സ്വന്തം തൊഴിൽ സ്ഥലങ്ങളിൽ തിരിച്ചെത്തി വോട്ടർമാർക്കു് സമ്മേളനത്തിൻെറ വിവരങ്ങൾ നൽകുന്നു.

1812-ൽ നെപ്പോളിയൻ മോസ്ക്കോ കത്തിയെരിയുന്നതു നോക്കിനിന്ന കുന്നിൻപുറത്തു പണിചെയ്തിട്ടുള്ള സർവ്വകലാശാലാമന്ദിരം യഥാർത്ഥത്തിൽ ഭീമാകാരമാണു്. അമേരിക്കയിലെ കൊളംബിയാ സർവ്വകലാശാലയുടെ

വലിപ്പമുള്ള പതിനഞ്ചു സർവ്വകലാശാലകൾക്ക് ഇതിനു ള്ളിൽ ഇടമുണ്ട്.

പ്രധാന പ്രവേശനദ്വാരത്തിൽ ലൊമൊണോസോവിൻെറ (ഇദ്ദേഹത്തിൻെറ പേരാണ് സർവ്വകലാശാലയ്ക്കു നൽകിയിട്ടുള്ളതു്.) പ്രതിമ സ്ഥിതിചെയ്യുന്നു. അദ്ദേഹത്തിൻെറ വ്യക്തിത്വം അസാധാരണമായിരുന്നു. 'ചരിത്രകാരനും ആലങ്കാരികനും മെക്കാനിക്കും രസതന്ത്രജ്ഞനും ധാതുശാസ്ത്രജ്ഞനും കവിയുമായ അദ്ദേഹം എല്ലാമനുഭവിക്കുകയും എല്ലാത്തിൻെറയും ആഴമറിയുകയും ചെയ്തു' എന്നാണ് പുഷ്കിൻ എഴുതിയിട്ടുള്ളതു . ധ്രുവസമുദ്രതീരത്തുള്ള ആർക്കേഞ്ചൽ തുറമുഖത്തിനു സമീപം ഡെനിസോവ്കയിലാണ് 1711—ൽ മിഖായൽ ലൊമൊണോസോവ് ജനിച്ചതു്. ഭേദപ്പെട്ട ഒരു മുക്കുവനായിരുന്നു പിതാവ്. അദ്ദേഹം പുത്രനെ പത്താമത്തെ വയസ്സിൽ കടലിലേക്കു കൊണ്ടുപോയി. പ്രകൃതിയുടെ വിസ്മയകരമായ നിഗൂഢതകൾ ആ ബാലനെ അത്ഭുതപ്പെടുത്തി. ദീർഘമായ ശൈത്യകാലരാത്രികളിൽ അദ്ദേഹം സ്ഥിരോത്സാഹത്തോടുകൂടി പഠിച്ചു.

കൃഷിക്കാരുടെ മക്കൾക്ക് പട്ടണത്തിലെ സ്കൂളുകളിൽ പ്രവേശനമുണ്ടായിരുന്നില്ല. അതുകൊണ്ടു് യുവാവായ ലൊമൊണോസോവ് 1000 മൈൽ നടന്ന് മോസ്കോവിലെത്തി. കർഷകപാരമ്പര്യം മറച്ചുവെച്ച് അദ്ദേഹം സ്ലാവോണിക്ക് ഗ്രീക്ക്—ലാററിൻ അക്കാദമിയിൽ പ്രവേശനം നേടി. അഞ്ചുവഷക്കാലം പ്രതിദിനം മൂന്നു പെൻസുകൊണ്ടാണ് അദ്ദേഹം ജീവിതം കഴിച്ചതു്. സഹപാഠികളായ പ്രഭുകുമാരന്മാർ അതികായനായ അദ്ദേഹത്തെ കളിയാക്കാറുണ്ടായിരുന്നു. എങ്കിലും ദരിദ്രനായ ലൊമൊണോസോവ് ജീവിച്ചു; റഷ്യയിലെ പ്രമുഖ ശാസ്ത്രജ്ഞനും മോസ്കോസർവ്വകലാശാലയുടെ സ്ഥാപകനും ആയിത്തീന്നു.

അദ്ദേഹത്തിൻെറ നാമധേയത്തിൽ അനേകം ശാസ്ത്രസ്ഥാപനങ്ങളുണ്ടു്. ധ്രുവസമുദ്രത്തിനടിയിൽ സോവിയററ് ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ച ഒരു പവ്വതനിരയുടെ

പേരു് 'ലൊമൊണോസോവു് പർവ്വതനിര' എന്നാണു്. അദ്ദേഹത്തിൻെറ നാമധേയം വഹിക്കുന്ന ഒരു സ്ഥലം ചന്ദ്രനിലുമുണ്ടു്.

സർവ്വകലാശാലയുടെ താഴെ മോസ്കോനദിയുടെ തീരത്തായി ലുഷ്നിക്കി സ്പോർട്ട്സ് സ്റ്റേഡിയം സ്ഥിതിചെയ്യുന്നു. വർഷം മുഴുവൻ ഇതുപയോഗിക്കാറുണ്ടു്. ബ്രിട്ടീഷ് ഫുട്ബാാൾ ടീമുകൾ ഇവിടെ കളിച്ചിട്ടുണ്ടു്.

കേന്ദ്രഗവണ്മെൻറിൻെറ ആസ്ഥാനം, സാംസ്കാരിക വിദ്യാഭ്യാസകേന്ദ്രം എന്നിവയ്ക്കു പുറമെ പ്രധാനപ്പെട്ട ഒരു വ്യാവസായികനഗരം കൂടിയാണു് മോസ്കോ. ഡീസൽ യന്ത്രങ്ങളും തുണിത്തരങ്ങളും മുതൽ വാച്ചുകളും ചോക്കലേറ്റുകളുംവരെ ഇവിടെ നിർമ്മിക്കപ്പെടുന്നു. ഇവിടത്തെ ഓട്ടോമോബൈൽ പ്ലാൻറിൽ നിർമ്മിക്കുന്നതും ഇൻറർനാഷനൽകാർ എക്സിബിഷനിൽ പ്രദർശിപ്പിച്ചിട്ടുള്ളതുമായ 'മസ്കോവിച്ച്' കാറുകൾ റഷ്യയുടെ വിദേശ ഇറക്കുമതിയിൽ ഒരു പ്രധാന ഇനമാണു്.

രാജ്യത്തിലെ ഏററവും പ്രധാനപ്പെട്ട റയിൽവേകേന്ദ്രവും ഇതാണു്. വിദൂരമായ അതിർത്തിപ്രദേശങ്ങളിൽനിന്നും മർമാൻസ്ക്, അഷ്ഖാബാദ്, ചെല്യാബിൻസ്ക്, പശ്ചിമയൂറോപ്യൻരാജ്യങ്ങൾ തുടങ്ങിയ ദൂരസ്ഥലങ്ങളിൽനിന്നും തീവണ്ടികൾ, ഇവിടെയുള്ള പന്ത്രണ്ടു ടെർമിനസ്സുകളിൽ വരികയും പോകുകയും ചെയ്തുകൊണ്ടേയിരിക്കുന്നു.

ആഴ്ചയിൽ രണ്ടുദിവസം ഇവിടെനിന്നു പുറപ്പെടുന്ന ട്രാൻസ്സൈബീരിയൻ എക്സ്പ്രസ്സ് എട്ടുദിവസംകൊണ്ടാണു് വ്ളാഡിവോസ്റ്റോക്കിൽ എത്തുന്നതു്. ലോകത്തിലെ ഏററവും നീളംകൂടിയ റെയിൽപ്പാതയാണിതു്.

വണ്ടി ആയിരത്തിൽചില്വാനം മൈൽ അകലെയുള്ള പെറമ് എന്ന സ്ഥലത്തെത്തുമ്പോൾ യാത്രക്കാർ ഒന്നടങ്കം ജാലകങ്ങളിൽ തിരക്കിക്കൂട്ടുന്നു. യൂറാൽപർവ്വതത്തിൽ 'യൂറോപ്പിലേക്കു്... ഏഷ്യയിലേക്കു്' എന്നെഴുതിവച്ചിട്ടുള്ള പ്രസിദ്ധമായ കൈചൂണ്ടി വായിക്കുന്നതിനാണു്

ഈ തിരക്കു്. ഇവിടെവച്ചു് തീവണ്ടി സുദീർഘമായ ഒരു തുരങ്കത്തിൽ പ്രവേശിക്കുന്നു.

വണ്ടി യൂറാൽപർവ്വതത്തിനപ്പുറത്തു് തുരങ്കത്തിൽനിന്നിറങ്ങുമ്പോഠം യാത്രക്കാർ ഏഷ്യയിലെത്തിയിരിക്കും. അപ്പോഠം കടന്നുപോന്ന യൂറോപ്പിനും ഈ പ്രദേശത്തിനും തമ്മിൽ യാതൊരു വ്യത്യാസവും ഉണ്ടായിരിക്കുകയില്ല.

അല്പദിവസങ്ങഠംക്കുശേഷം വണ്ടി വനനിബിഡമായ തെയ്ഗയിൽ സമുദ്രനിരപ്പിൽനിന്നു് 5820 അടി ഉയരത്തിൽ കിടക്കുന്ന ബൈയ്ക്കാൽ തടാകം കടന്നുപോകുമ്പോഠം വീണ്ടും ഒരമ്പതു തുരങ്കങ്ങഠംകൂടി കയറിയിറങ്ങുന്നു.

1952 ജൂലൈ 27—നു് മോസ്കോ അതിന്റെ ചരിത്രത്തിലെ ഒരു നാഴികക്കല്ലു തരണം ചെയ്യുകയുണ്ടായി. വോഠംഗാ—ഡോൺ നദികളെ സംയോജിപ്പിക്കുകയെന്ന യുഗദീർഘമായ സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടതു് അന്നാണു്. ആ ദിവസം ആ രണ്ടു പൗരാണികനദികളിലെ ജലം വോഠംഗാ—ഡോൺ കനാലിൽകൂടി പരസ്പരം ആലിംഗനംചെയ്തു. അങ്ങനെ മോസ്കോ, അസോവ്കടൽ, ബാഠംട്ടിക്ക്കടൽ, കാസ്പിയൻകടൽ, ബ്ലാക്ക്സീ, വൈററ്സീ എന്നീ അഞ്ചു യൂറോപ്യൻകടലുകളുടെ റഷ്യൻ തുറമുഖമായിത്തീൻ.

ഈ തോടിന്റെ നിർമ്മാണം നിമിത്തം അനേകം ഗ്രാമങ്ങഠം വെള്ളത്തിനടിയിലായിട്ടുണ്ടു്. ഡോണിന്റെ തീരത്തുണ്ടായിരുന്നതും ഒരിനം വിശേഷപ്പെട്ട മുന്തിരിങ്ങയ്ക്കു പ്രസിദ്ധി നേടിയിരുന്നതുമായ സിമ്ല്യാൻസ്ക് എന്ന കൊസ്സാക്ക്ഗ്രാമംഇവയിലൊന്നാണു്. അവിടെയുണ്ടായിരുന്ന ഓരോ വീടും കെട്ടിടവും മററൊരിടത്തേക്കു നീക്കം ചെയ്യപ്പെട്ടു. അവിടത്തെ കൃഷകർ മുന്തിരിച്ചെടികളും കൂടെക്കൊണ്ടുപോയി. അവയിപ്പോഠം പുതിയ സിമ്ല്യാൻസ്കിൽ തഴച്ചുവളരുകയാണു്.

## നാല്

# വടക്കൻനാട്ടിലെ വെനീസ്

ഒററ രാത്രികൊണ്ടു് 'റെഡ്' ആറോ എക്സ്പ്രസ്സ്' വഴി മോസ്കോവിൽനിന്നു ലെനിൻഗ്രാഡിലെത്താം. ഒന്നാം ക്ലാസ്സിലോ സാർവ്വദേശീയ ടിക്കററിലോ യാത്രചെയ്യുന്നവക്കു വിശേഷമായി പല സുഖസൗകര്യങ്ങളുമുണ്ടു്. വിസ്താരമേറിയ മുറിയും കിടക്കയും പ്രത്യേകം കുളിമുറിയും ഷവറും കട്ടിയുള്ള പരവതാനികളം, ചാരുകസേര, കനത്ത വില്ലൂസുവെളിയടകളം, സമോവറിൽനിന്നു ചൂടുള്ള ലെമൺചായ പകൻതരുന്ന പരിചാരകൻ ഇതെല്ലാം അതിൽ ഉൾപ്പെടുന്നു.

വിസ്തൃതമായ രാജവീഥികളം ആഢ്യത്വം സ്ഫുരിക്കുന്ന രൂപവും തൂൺനിരകളും ചുവരുകളിൽ നേർത്ത മഞ്ഞയോ ചുവപ്പോ പച്ചയോ ചായമുള്ള മന്ദിരങ്ങളും നിറഞ്ഞ ലെനിൻഗ്രാഡ് ശാലീനവും പ്രശാന്തവുമായ നഗരമാണു്. ഭീമവും അംഗോപാംഗങ്ങളുടെ സമുചിതമായ സമ്മേളനംകൊണ്ടു മനോഹരവുമായ വിൻറർപാലസ് (ഒരുപക്ഷെ, ലോകത്തിലെ ഏററവും വിപുലമായ കലാവസ്തുശേഖരം ഇവിടത്തെ 'ഹെർമിറേറജിൽ' ആണുള്ളതു്.) അന്തരീക്ഷത്തിൽ അന്തസ്സിൽ ഉയൎന്നുനിൽക്കുന്ന കൊട്ടാരങ്ങളുടേയും ദേവാലയങ്ങളുടേയും ഗോപുരങ്ങൾ കുംഭഗോപുരങ്ങൾ, അന്തംവിട്ടുപോകുന്ന വാസ്തുശില്പങ്ങൾ, ഇവയെല്ലാംകൂടി ലെനിൻഗ്രാഡിനെ ലോകത്തിലെ ഏററവും മനോഹരമായ നഗരമാക്കുന്നു.

പതിനെട്ടാം ശതകത്തിൻെറ ആരംഭംവരെ കടലിലേക്കു പ്രവേശമില്ലാത്ത ഒരു രാജ്യമായിരുന്നു റഷ്യ. കരിങ്കടൽ തുൎക്കിയുടെ അധീനതയിലായിരുന്നു. ഫിൻലൻഡ് ഉൾക്കടലിൻെറയും നേവാനദിയുടെയും പരിസരത്തുള്ള ഷ്യൻപ്രദേശങ്ങൾ സ്വീഡൻെറ കൈവശവുമായിരുന്നു.

മഹാനായ പീററർചക്രവത്തി ബുദ്ധിമാനും ഊർജ്ജസ്വലനും രാജ്യസ്നേഹിയുമായ ഒരു മനുഷ്യനായിരുന്നു. കടലിലേക്ക വഴിയുണ്ടാകേണ്ടതു് റഷ്യയുടെ ഭാവിക്ക് അത്യന്താപേക്ഷിതമാണെന്നു് അദ്ദേഹം മനസ്സിലാക്കി. അദ്ദേഹത്തിന്ന കടലും കപ്പലുകളും വളരെ പ്രിയമായിരുന്നു. ലണ്ടനിലെ ഡെപ്ററ്ഫോർഡ് കപ്പൽനിർമ്മാണകേന്ദ്രത്തിൽ അദ്ദേഹം സ്വന്തം കൈകൊണ്ടു കപ്പൽ പണി ചെയ്തു പഠിച്ചിരുന്നു.

1700—ൽ അദ്ദേഹം സൈന്യത്തെ ബാൾട്ടിക്കിലേക്ക നയിച്ചു; നേവയുടെ തീരപ്രദേശം സ്വീഡനിൽനിന്ന മോചിപ്പിച്ചു. അങ്ങനെ 'റഷ്യയുടെ ജാലകങ്ങൾ പാശ്ചാത്യദേശത്തേക്ക തുറന്നിട്ടു'

1703 മെയ് 27—ാംതീയതി നേവായുടെ മുഖത്തിൽ ഏററവും വീതിയേറിയ ഭാഗത്തായി സെൻറ്പീററർ—പോൾ കോട്ടയുടെ തറക്കല്ലു സ്ഥാപിതമായി. അങ്ങനെ സെൻറ്പീറേറഴ്സ് ബർഗ്ഗിൻെറ പണിയും ആരംഭിച്ചു. 'പണിക്കാർ' എന്നറിയപ്പെട്ടിരുന്ന കർഷകരെ കൂട്ടംകൂട്ടമായി അവിടെയെത്തിച്ചു. തോടുകൾ കുഴിപ്പിച്ചു, റോഡുകൾ പണിയിച്ചു, തിട്ടകളുയർത്തി, ചതുപ്പായി കിടന്ന മണ്ണിൽ തൂണുകൾ അടിച്ചിറക്കിച്ചു. റഷ്യക്കാരും വിദേശികളുമായ ശില്പികളുടെ മേൽനോട്ടത്തിൽ അവർ അരമനകളും ദേവാലയങ്ങളും പണിതുയർത്തി നഗരത്തെ മോടിപിടിപ്പിച്ചു. ആയിരക്കണക്കായി അവർ ചത്തൊടുങ്ങുകയുംചെയ്തു. പീററുടെ അഭിമാനവും ആനന്ദവുമായ നഗരം ഒരു കാലത്തു് 'അസ്ഥികളുടെ നഗരം' എന്നാണറിയപ്പെട്ടിരുന്നതു്.

താമസം കൂടാതെ വിദേശക്കപ്പലുകൾ പുതിയ തുറമുഖത്തു് അടുക്കാൻ തുടങ്ങി. പീറററിന്നു് അതു വളരെ ഇഷ്ടമായി. 1712—ൽ അദ്ദേഹം അതു സ്വന്തം തലസ്ഥാനമാക്കി. 1918—വരെ ആ നില തുടരുകയുംചെയ്തു. 1918—ൽ ജർമ്മൻ ആക്രമണഭീഷണിയെ തുടന്നു് ലെനിൻ (ഇന്നു് സെൻറ്പീറേറഴ്സ് ബർഗ്ഗ് ഇദ്ദേഹത്തിൻെറ

പേരിലാണു് അറിയപ്പെട്ടുന്നതു്.) തലസ്ഥാനം മോസ്കോവിലേക്കു മാററി.

പീററർ തലസ്ഥാനം മോസ്കോവിൽനിന്നു സെൻറ് പീറേറഴ്സ് ബർഗ്ഗിലേക്കു മാററിയപ്പോരം രാജകുമാരന്മാരും പ്രഭുക്കന്മാരും മാടമ്പിമാരും ധനികരായ വ്യാപാരികളും അദ്ദേഹത്തെ അനുഗമിച്ചു.

ഒരു നൂററാണ്ടുകാലം കൊട്ടാരങ്ങളും പ്രഭുമന്ദിരങ്ങളും നാരംക്കുനാരം ഉയൎന്നു വന്നുകൊണ്ടിരുന്നു. റാസ്ത്രെല്ലി, റോസ്സി തുടങ്ങിയ പ്രതിഭാശാലികളായ റഷ്യൻശില്പികരം കൃത്യമായ ഒരു പദ്ധതിയനുസരിച്ചു പണിചെയ്തതാണു് സെൻറ്പീറേറഴ്സ് ബർഗ്ഗ്. വിസ്താരമേറിയ തെരുവുകളും ചത്വരങ്ങളും ഉദ്യാനങ്ങളും തോപ്പുകളും തോട്ടുകളും കെട്ടിടങ്ങളും ഒത്തുചേൎന്നു് ഒരൊററ പാറേറണിൽ ലയിച്ചിണങ്ങിനില്ക്കുന്നു. ചക്രവൎത്തിമാരും ചക്രവൎത്തിനിമാരും അവരവരുടെ പ്രീതിഭാജനങ്ങരംക്കുവേണ്ടി അനേകം കൊട്ടാരങ്ങരം പണിചെയ്തിട്ടുണ്ടു്. മാടമ്പിമാരും ധനികരായ വൎത്തകപ്രമാണിമാരും അത്രതന്നെ പ്രൗഢിയേറിയ മന്ദിരങ്ങളിലും കൊട്ടാരങ്ങളിലുമാണു് വസിച്ചിരുന്നതു്.

കാതറീൻചക്രവൎത്തിനി ഒരു പ്രീതിഭാജനത്തിനുവേണ്ടി പണികഴിപ്പിച്ച തോറിഭാകൊട്ടാരവും മാർബിരം കൊട്ടാരവും ഉരംപ്പെടെ ഇവയിൽ പലതും നേവയുടെ ഇടത്തെ കരയിലാണു പണിചെയ്തിട്ടുള്ളതു്. മിനുക്കിയ കരിങ്കല്ലുകൊണ്ടുള്ള മുഖപ്പുകളും മാർബിരം തൂണുകളും ശില്പാലംകൃതമായ പ്രവേശനദ്വാരങ്ങളുമുള്ള വാസ്തുവിദ്യാരത്നങ്ങളായ ഈ ഭവനങ്ങരം അന്നത്തെപ്പോലെ ഇന്നും അത്ഭുതകരമായ ദൃശ്യങ്ങളാണു്.

പഴയ പ്രൗഢി പുനഃസ്ഥാപിക്കപ്പെട്ട ആ മന്ദിരങ്ങളിൽ ഇന്നു് ശാസ്ത്രം, പൗരസ്ത്യപഠനം, സാങ്കേതികവിദ്യ, കലകരം, സംഗീതം ഇവയ്ക്കുള്ള വിദ്യാലയങ്ങളും കേന്ദ്രസ്ഥാപനങ്ങളുമാണു സ്ഥിതിചെയ്യുന്നതു്. 400 ഏക്കർ പൂക്കളങ്ങളും പുൽത്തകിടികളും പച്ചിലത്തഴപ്പെഴുന്ന നടക്കാവുകളും അവയെ വലയംചെയ്യുന്ന സ്നാനഘട്ടങ്ങളും

എല്ലാമായി ലെനിൻഗ്രാഡിൻെറ സൗന്ദര്യം ഇപ്പോഠം പരമകാഷ്ഠ പ്രാപിച്ചിരിക്കുന്നു.

ലെനിൻഗ്രാഡിൻെറ ഏതാണ്ടു് ആറിലൊന്നു ഭാഗം വെള്ളമാണു്. 66 നദികളും തോടുകളും 100–ൽപരം തടാകങ്ങളും കുളങ്ങളുമുള്ള ഒരു നഗരത്തിലെ പൗരന്മാക്കു പാലത്തിൻെറ പ്രാധാന്യത്തെപ്പററി നല്ല ബോധമുണ്ടായിരിക്കണം. അലാസ്കായുടെ അതേ അക്ഷാംശത്തിൽ സ്ഥിതിചെയ്യുന്ന ഈ വടക്കൻ വെനീസിൽ പലയിനത്തിൽ പെട്ട 620 പാലങ്ങളുണ്ടു്. ഇവയിൽ 20 എണ്ണം മടക്കുപാലങ്ങളാണു്.

രാത്രിയിൽ ഈ മടക്കുപാലങ്ങളിൽ ചിലതു് കപ്പലുകഠം കടത്തിവിടുന്നതിനുവേണ്ടി ഉയത്തിനിത്തും. പാലത്തിൻെറ ഉയന്നുനിൽക്കുന്ന കമാനങ്ങഠം കുങ്കുമച്ഛവി കലന്ന ആകാശത്തിൽ നിഴലിട്ടു നിൽക്കുന്ന കാഴ്ച മറക്കാനാവുകയില്ല.

ലെനിൻഗ്രാഡുകാക്കു നീളംകുറഞ്ഞ ശൈത്യകാലദിവസങ്ങളുടെ നഷ്ടപരിഹാരമായി ലഭിക്കുന്നതാണു് മെയ്-ജൂൺമാസങ്ങളിലെ 'വെളുത്ത രാത്രികഠം.' ഇക്കാലത്തു് അദ്ധരാത്രിയിൽ നട്ടുച്ചയുടെ വെളിച്ചം കാണും. മുപ്പതോ നാല്പതോ മിനിട്ടു നീണ്ടുനിൽക്കുന്ന സന്ധ്യാപ്രകാശം തെരുവുകഠംക്കും തിട്ടുകഠംക്കും അസുലഭമായ ലാവണ്യം നൽകുന്നു.

അപൂവ്വമാളുകളേ ഉറങ്ങാറുള്ളൂ. അധികംപേരും തെരുവുകളിൽ ചുററിക്കറങ്ങുകയോ ഭോജനശാലകളിൽ കൂട്ടുചേരുകയോ അങ്കണങ്ങളിൽ കൂടിയിരുന്നു ഗിത്താർമീട്ടി നാടൻപാട്ടുകഠം പാടി രസിക്കുകയോ ചെയ്യും.

പ്രധാന വീഥിയായ നെവ്സ്കി പ്രോസ്പെക്ററിനു മൂന്നുമൈൽ നീളമുണ്ടു്. ഇവിടെ അന്തരീക്ഷം ജനബഹുലമാണെങ്കിലും അലസമാണു്. വളഞ്ഞ നദിയാകുന്ന വില്ലിൽ വലിച്ചുകെട്ടിയ ഞാണിൻെറ മട്ടാണിതിനു്. 1240-ൽ നേവയുടെ തീരത്തുവച്ചു് സ്വീഡൻകാരെ പരാജയപ്പെടുത്തിയതായി പറയുന്ന നോവ്ഗരോദിലെ രാജ

കുമാരനായ അലക്സാണ്ടർ നെവ്സ്കി എന്ന ഐതിഹ്യപുരുഷൻെറ പേരു നൽകിയിട്ടുള്ള ഈ രാജവീഥിയുടെ ശരിയായ നാമധേയം 'നെവ്സ്കിപെർസ്പെക്റ്റീവ്' എന്നായിരുന്നു. കാലക്രമത്തിൽ തേഞ്ഞുമാഞ്ഞു് നെവ്സ്കി പ്രോസ്പെക്റ്ററായി. ആളുകൾ സാധാരണ നെവ്സ്കി എന്നേ പറയൂ.

നെവ്സ്കിയുടെ ഇരുഭാഗത്തും ചെറുതും വലുതുമായ കടകളും ഭോജനശാലകളും ആർക്കേഡുകളും പാലങ്ങളും തെരുവുകളും പ്രശാന്തമായ ചത്വരങ്ങളും പൂന്തോട്ടങ്ങളും നിരന്നുനിൽക്കുന്നു. നടയിറങ്ങിച്ചെന്നാൽ ഉല്ലാസകരമായ ചെറിയ ചായക്കടകളും ഐസ്ക്രീം പാർലറുകളുമുണ്ടു്.

എല്ലാവർക്കുമറിയാവുന്ന ഒരു പേരാണു് അനിച്ച്കോവ്. പക്ഷെ അതിൻെറ ആഗമം അറിയാവുന്നവർ കുറവാണു്. നെവ്സ്കിയുടെ തീരത്തുള്ള അനിച്ച്കോവ് പാലത്തോടും ഫൊണ്ടാങ്കയുടെ കരയിലുള്ള മനോഹരമായ ഉദ്യാനത്തോടുകൂടിയ അരമനയോടും ബന്ധപ്പെട്ടതാണു് ഈ പേരു്.

പതിനെട്ടാം ശതകത്തിൽ ജീവിച്ചിരുന്ന ഒരു സേനാനായകനായിരുന്നു അനിച്ച്കോവ്. അദ്ദേഹത്തിൻെറ പട്ടാളക്കാരാണു് ആദ്യത്തെ പാലം പണിചെയ്തതു്. അവർ പാലത്തിനു് അദ്ദേഹത്തിൻെറ പേരു നൽകി. കഴിഞ്ഞ നൂററാണ്ടിൽ പണിചെയ്ത ഇപ്പോഴത്തെ പാലം ആ സേനാനായകൻെറ മഹത്വംകൊണ്ടല്ല പ്രസിദ്ധമായിട്ടുള്ളതു്. ക്ലോഡ് എന്നു പേരായ ശില്പി അവിടെ നിർമ്മിച്ചുവച്ചിട്ടുള്ള ഭീമാകാരമായ നാലു പിച്ചളക്കുതിരകളുടെ പേരിലാണു്.

യഥാർത്ഥത്തിൽ ലളിതകലാഅക്കാദമിയുടെ മുൻവശത്തുള്ള പാലത്തിൽ സ്ഥാപിക്കുന്നതിനു വേണ്ടി ഉണ്ടാക്കിയ രണ്ടു പ്രതിമകളാണു് ഇവ. ഒരു യുവാവു് ഒരു കുതിരയെ പിടിച്ചുകൊണ്ടു നിൽക്കുന്നതായിരുന്നു ഒരു പ്രതിമ. കുതിച്ചുയരുന്ന കുതിരയെ യുവാവു പിടിച്ചുനിർത്താൻ ശ്രമിക്കുന്നതായിരുന്നു രണ്ടാമത്തെ പ്രതിമ. പാലത്തിൻെറ



8. കാലിബൈബെസനോവ്: ഐതിഹ്യങ്ങൾക്കു പ്രസിദ്ധനായ ഒരു കസ്സാക്കു് ഗായകൻ.

നാലു മൂലസ്സു വസ്സുന്നതിനുവേണ്ടി ഓരോ പ്രതിമയുടേയും ഈരണ്ടു പ്രതികരം വാർത്തെടുത്തു.

പ്രതിമകരം തയ്യാറായപ്പോരം സാർ നിക്കൊളാസ് രണ്ടാമൻ അവയോടുണ്ടായ അമിതമായ പ്രീതിനിമിത്തം അവയിൽ ഒരു ജോടി പ്രഷ്യയിലെ രാജാവിനു സമ്മാനിച്ചു. രണ്ടു പ്ലാസ്റ്റർപ്രതികരം പിച്ചളച്ചായം തേച്ചു പാലത്തിൽ സ്ഥാപിക്കുകയും ചെയ്തു.

കുറച്ചു വർഷങ്ങരംക്കു ശേഷം ക്ലോഡ്ട് രണ്ടു പുതിയ പിച്ചളപ്രതികരം കൂടി വാർത്തെടുത്തു. സാർ പിന്നെയും അതു രാജകീയസമ്മാനമാക്കുകയാണുണ്ടായതു്. ഇത്തവണ സിസിലിയിലെ രാജാവിനാണു സമ്മാനം ലഭിക്കാൻ ഭാഗ്യമുണ്ടായതു്. അങ്ങനെ ആ പിച്ചളയുവാക്കന്മാരും അവരുടെ കുതിരകളും നേപ്പിരംസിലെ കാർലോ് തീയേററർ ഉദ്യാനത്തിൽ സ്ഥാനം പിടിച്ചു.

മൂന്നാമത്തും പ്രതിമകരം വാക്കാൻ ആവശ്യപ്പെട്ടപ്പോരം ക്ലോഡ്ട് രണ്ടു പുതിയ പ്രതിമകരം ഉണ്ടാക്കുകയാണു ചെയ്തതു്. ഒരു മുട്ടു നിലത്തൂന്നി കടിഞ്ഞാൺ കയ്യിൽ ചുററിക്കെട്ടിയിരിക്കുന്ന യുവാവു് കുതിച്ചുയരുന്ന കുതിരയെ പിടിച്ചുനിർത്താൻ ശ്രമിക്കുന്നതായിരുന്നു മൂന്നാമത്തെ പ്രതിമ. യുവാവു് മലർന്നുവീഴുകയും കുതിച്ചുയർന്നു നിൽക്കുന്ന കുതിര പുതിയതായി കിട്ടിയ സ്വാതന്ത്ര്യത്തിൽ ആഹ്ലാദം കൊള്ളുകയും ചെയ്യുന്ന മുഹൂർത്തമാണു് നാലാമത്തെ പ്രതിമയിൽ ചിത്രീകരിച്ചിരുന്നതു്. അനുത്തമമായ ഈ നാലു ശിൽപങ്ങളാണു് 'കുതിരയെ മെരുക്കുന്നവർ' എന്ന പേരിൽ ഇപ്പോരം അറിയപ്പെടുന്നതു്.

അനിച്ച്കോവ് കൊട്ടാരത്തിനു് (പാലത്തിനരികിലാണതു്) ആ പേരു കിട്ടിയതു് 1741—ലെ കൊട്ടാരവിപ്ലവത്തിനു ശേഷമാണു്. പീററർ ചക്രവർത്തിയുടെ മകളായ എലിസബത്ത് സിംഹാസനം പിടിച്ചെടുത്ത ശേഷം, അവർ രഹസ്യമായി വിവാഹനിശ്ചയം ചെയ്തിരുന്ന റാസുമോവ്സ്കി പ്രഭുവിനുവേണ്ടി പണിയിച്ചതാണു് ആ കൊട്ടാരം.

1937-ൽ കൊട്ടാരം ബാലന്മാക്ക സമർപ്പിക്കപ്പെട്ട കയും അതു് പയനിയർമാരുടെ കൊട്ടാരമായിത്തീരുകയും ചെയ്തു. പഴയ മുറികഠം പുതുക്കിപ്പണിതു് പുതിയ ഭാഗ ങ്ങഠംകൂട്ടിച്ചേർത്തു. ഇപ്പോഠം കൊട്ടാരത്തിനു് 300 മുറി കളും ഹാളുകളും ഉണ്ടു്. ലെനിൻഗ്രാഡിലെ കട്ടികഠംക്ക വിനോദിക്കുന്നതിനു വേണ്ടി 600ൽ കുറയാതെ സംഘങ്ങ ളും അവിടെയുണ്ടു്.

അനിച്ച്കോവ് പാലത്തിനടുത്തുള്ള ഒരു തെരുവു മൂലയിൽ വെനീസിലെ ഡോഗേ കൊട്ടാരത്തിന്റെ ഒരു പകർപ്പു കാണാം. സ്വീഡൻകാരനായ ഒരു ബാങ്കറുടെ മോഹത്തിൽനിന്നു രൂപംകൊണ്ട ആ മന്ദിരം യഥാൎത്ഥ ത്തിൽ ഒരു ബാങ്കായിരുന്നു. നെവ്സ്കി തെരുവിൽക്കൂടി കുറച്ചുകൂടി അപ്പുറത്തേക്കു ചെന്നാൽ കൗതുകകരമായ രണ്ടു മന്ദിരങ്ങഠംകൂടി കാഴ്ചക്കാരെ ആകർഷിക്കും. അർദ്ധ ചന്ദ്രാകൃതിയിൽ 144 തൂണുകളോടുകൂടിയ കസാൻ ദേവാ ലയമാണു് അവയിലൊന്നു്. 1801–11 കാലത്തു് സെർ ഫുകളുടെ പരമ്പരയിൽപെട്ട ആന്ദ്രേ വെറോണിഖിൻ പണിചെയ്യിച്ചതാണതു്.

ഈ ദേവാലയത്തിലൂടെ അദ്ദേഹം റഷ്യൻവാസ്തുവിദ്യ യിൽ ഒരു പുതിയ യുഗം അവതരിപ്പിച്ചു. ലെനിൻഗ്രാ ഡിലെ അത്യുത്തമമായ ശില്പകലാസ്മാരകങ്ങളിൽ ഒന്നി താണു്.

മിനുക്കിയ കരിങ്കല്ലുകഠംകൊണ്ടു് മുഖപ്പുകഠം പടുത്ത മറേറ കെട്ടിടത്തിൽ ഒരു സ്ഫടികഗോപുരവും പത്തടിവ്യാ സമുള്ള സ്ഫടികഗോളകവും ഉണ്ടു്. സിംഗർ തയ്യൽമെഷീൻ കമ്പനിക്കാരുടെ വകയായ ഈ കെട്ടിടമായിരുന്നു സെൻറ് പീറേറഴ്സ്ബർഗ്ഗിൽ തീ പിടിക്കുകയില്ലാത്ത ഒരേ യൊരു കെട്ടിടം.

മഹാന്മാരായ സാഹിത്യനായകന്മാരും കവികളും ഗായകരും ചിത്രകാരന്മാരും ജീവിക്കുകയും മരിക്കുകയും ചെയ്ത അനേകം വീടുകഠം, ലണ്ടനിലെന്നപോലെ, ലെ നിൻഗ്രാഡിലും ഉണ്ടു്. ചെയ്ക്കോവ്സ്കി, ഗോഗാഠം,

ഹെർസൻ, പുഷ്കിൻ തുടങ്ങിയ ലോകപ്രസിദ്ധമായ പേരുകാം, തെരുവുകാംക്കും മററും നല്ലി സജീവമായി നിലനിർത്തുന്നുണ്ട്. അവരുടെ വീട്ടുകാം കാഴ്ചബംഗ്ലാവുകളായോ സാംസ്കാരികപ്രവത്തനങ്ങളുമായി ബന്ധപ്പെട്ട മററാവശ്യങ്ങാംക്കോ ആണ് ഇപ്പോാം ഉപയോഗിക്കുന്നത്.

1752–62 കാലത്ത് റാസ്ട്രെല്ലി നിമ്മിച്ച ശൈത്യകാലകൊട്ടാരം വിസ്തൃതമായ പാലസ്സ്ക്വയറിൽ തലയെടുത്തുനില്ക്കുന്നു. 165 അടി ഉരയത്തിൽ കൊത്തിനിത്തിയിരിക്കുന്ന അലക്സാണ്ടർസ്തൂപം കൊട്ടാരത്തിൻെറമുമ്പിലാണ്. 600ടൺ ഭാരമുള്ളതും നിറയെ കൊത്തുപണികാം ചെയ്യുതുമായ ഒരു ഒററക്കരിങ്കൽത്തളിമത്തിലാണ് ഈ സ്തൂപം നില്ക്കുന്നത്. അതിൻെറ മുകളിൽ കുരിശേറിയ ഒരു മാലാഖയുടെ രൂപമുണ്ട്. 1812–ൽ നെപ്പോളിയനെ പരാജയപ്പെടുത്തിയതിൻെറ സ്മാരകമാണിത്.

ശൈത്യകാലകൊട്ടാരം ഇപ്പോാം ഒരു കാഴ്ചബംഗ്ലാവാണ്. ആയിരക്കണക്കിനാളുകാം ഇവിടം സന്ദർശിക്കുന്നു. ഇതിൽ മുറികളും ഹാളുകളും കൂടി ആയിരമെണ്ണമുണ്ട്. ഇവയിൽ ചിലതു വളരെ വലിയതാണുതാനും. മുറികളിൽ നിറയെ വിലയേറിയ മരഉരുപ്പടികളും ചിത്രങ്ങളും പ്രതിമാശില്പങ്ങളും യവനികകളുംപരവതാനികളും പിഞ്ഞാണസാമാനങ്ങളും സ്ഫടിക സാമാനങ്ങളുമുണ്ട്. അവിശ്വസനീയമാം വിധം വിപുലമായ ചിത്ര–ശില്പശേഖരങ്ങളും ചിത്രവേലചെയ്യു മനോഹരമാക്കിയ തറയും പ്രതിമകളും തങ്കത്തോപ്പുകൊണ്ട് സമൃദ്ധിയായി അലങ്കരിച്ച വെണ്ണക്കൽ ഗോവണികളും ഉള്ള പ്രസിദ്ധമായ 'ഹെർമിറേറജ്' ഇതിനോടു ചേന്നാണ്.

ശൈത്യകാലകൊട്ടാരത്തിനോടടുത്തു തന്നെയാണ് നാവിക സൈന്യത്തിൻെറ ആസ്ഥാനം. സൂചി എന്ന പേരിൽ പ്രസിദ്ധമായ അതിൻെറ സുവണ്ണഗോപുരത്തിനു മുകളിൽ ഒരു ചെറിയ കപ്പലിൻെറ മാതൃക ഘടിപ്പിച്ചിരിക്കുന്നു. നഗരത്തിൻെറ പ്രണാഭിയാണിവിടം. ഇവിടെനിന്നു മൂന്നു തെരുവുകാം ലെനിൻഗ്രാഡിൻെറ ഹൃദയ

ത്തിലൂടെ മുറിച്ചുകടന്നു മൂന്നു പ്രധാന വീഥികൾ നിർമ്മിക്കുന്നു.

റഷ്യയിലെ ഏററവും പഴക്കമേറിയ നാടകശാലയായ അലക്സാൻഡ്രിൻസ്കിയും ഇരുനൂറുവർഷം മുമ്പു സ്ഥാപിതമായ ബാലേവിദ്യാലയവും പ്രസിദ്ധരായ നർത്തകരുടെ മാത്രമല്ല, സംഗീത–നൃത്യ-നാടകപ്രിയരായ ഏവരുടേയും ആരാധനാകേന്ദ്രമാണ്. അന്നാപാവ്ലോവ് ഗാലിന ഉല്യാനോവ്ന തുടങ്ങി പ്രസിദ്ധരായ പല നർത്തകിമാരും ലെനിൻഗ്രാഡിൽ പഠിച്ചിട്ടുണ്ട്. ഇതും മോസ്കോവിലുള്ള ബോംഷോയ് തീയേററും തമ്മിൽ സൗഹാർദ്ദനിർഭരമെങ്കിലും നിശിതമായ ഒരു മത്സരവും നിലവിലുണ്ട്.

60 കലാശാലകളും 100000 വിദ്യാർത്ഥികളുമുള്ള ലെനിൻഗ്രാഡ് ഒരു വിദ്യാഭ്യാസകേന്ദ്രമെന്ന നിലയിലും ഗണനീയമാണ്. പന്ത്രണ്ടു വിഭാഗങ്ങളിലായി 13000 വിദ്യാർത്ഥികളും 140 അദ്ധ്യക്ഷസ്ഥാനങ്ങളുമുള്ള ഇവിടത്തെ സർവ്വകലാശാല മോസ്കോസർവ്വകലാശാലയോടൊപ്പം റഷ്യയിലെ ഏററവും പ്രാചീനമായ വിദ്യാപീഠമായിത്തീരുന്നു.

നഗരത്തിലേക്കുള്ള ഏററവും നല്ല പ്രവേശനമാർഗ്ഗം കടലാണ്. തിരക്കു പിടിച്ച തുറമുഖത്തിലെ പാലങ്ങൾക്കും ഗുദാമുകൾക്കും അപ്പുറത്തായി പള്ളിഗോപുരങ്ങളും അരമനഗോപുരങ്ങളും വെട്ടിത്തിളങ്ങുന്നു. ലെനിൻഗ്രാഡിൽ കണ്ണുകളെ ആദ്യമായി ആകർഷിക്കുന്ന കാഴ്ച, സെൻറ് ഇസാക്സ് ദേവാലയത്തിൻെറ സുവർണ്ണമയമായ കുംഭഗോപുരമാണ്. ഇവിടെ നിന്നാൽ നേവാ തടത്തിൽ പരന്നു കിടക്കുന്ന നഗരത്തിൻെറ സൗന്ദര്യവും പ്രൗഢിയും മുഴുവൻ കണ്ടറിയാൻ കഴിയും.

ലെനിൻഗ്രാഡാണ് റഷ്യയിലെ ഏററവും പുരാതനമായ വ്യവസായകേന്ദ്രം. യൂനിയനിലേക്കാവശ്യമായ എൻജിനീയറിങ്ങ് ഉപകരണങ്ങളും അച്ചടിയന്ത്രങ്ങളും ജലവൈദ്യുതയന്ത്രങ്ങളും മുഴുവൻ ഇവിടത്തെ യന്ത്രനിർമ്മാണശാലകളിൽ നിന്നാണു പുറത്തിറങ്ങുന്നതു്. വോൾഗയുടേയും സൈബീരിയൻ നദികളുടെയും തീരത്തുള്ള പുതിയ

ജലവൈദ്യുത കേന്ദ്രങ്ങളിൽ ലെനിൻഗ്രാഡിന്റെ ചിഹ്നം അങ്കിതമായിരിക്കും. റെയിൽവേ വാഹനങ്ങളിലും ഭക്ഷണസാധനങ്ങൾ ടിന്നിലടയ്ക്കുന്ന വ്യവസായ ശാലകളിലും പെരിപ്പുഫാക്ടറികളിലും ഇതേ മുദ്ര കാണാവുന്നതാണ്.

അടുത്തുള്ള ഫിൻലൻഡ് ഉൾക്കടലിന്റെ തീരവും അവിടത്തെ ശതക്കണക്കിനു ദ്വീപുകളും ലെനിൻഗ്രാഡുകാർക്ക് ഒന്നാന്തരം വിഹാരകേന്ദ്രങ്ങൾ പ്രദാനം ചെയ്യുന്നു. സമുദ്രതീരത്തുള്ള കിറോവ് ദ്വീപിനു് 475 ഏക്കർ വിസ്തീർണ്ണമുണ്ട്. രമണീയങ്ങളായ സൈകതങ്ങളും ഉദ്യാനങ്ങളും കൃത്രിമ തടാകങ്ങളും നിറഞ്ഞ ഈ പ്രദേശം ഒരു ഒഴിവുകാല സങ്കേതമാണ്.

നഗരമദ്ധ്യത്തിൽനിന്നു് 20 മിനിററ് ട്രാമിൽ യാത്ര ചെയ്താൽ സൂര്യസ്നാനം ചെയ്യേണ്ടവർക്ക് സ്വച്ഛന്ദമായമായ കടൽത്തീരത്തെത്താം. കടലിനഭിമുഖമായ ഒരു കൃത്രിമ കുന്നിൽ നിർമ്മിച്ച കിറോവ്സ്പോർട്ട്സ് സ്റ്റേഡിയത്തിൽ 80000 കാഴ്ചക്കാർക്ക് ഇരിക്കാം.

റഷ്യ ബാൾട്ടിക്കിലേക്ക വഴി സമ്പാദിച്ചതിന്റെ സ്മാരകമായി നിർമ്മിച്ച പെട്രോദ്വറ്യേത്സ് (പീററുടെ കൊട്ടാരം) ലെനിൻഗ്രാഡിൽനിന്നു് ഏതാനും മൈൽ അകലെയാണ്. ഇതൊരു സഞ്ചാരകേന്ദ്രമാണ്. ഇവിടത്തെ നനവുള്ള കളിമണ്ണിൽ ജലധാരകൾക്കുവേണ്ടി തോടുകൾ കുഴിച്ച 4000 സൈനികരുടെയും കർഷകരുടെയും ജോലി എത്രയും ക്ലേശകരമായിരുന്നു.

ആയിരക്കണക്കിനു ശില്പികളും വിദേശികളായ പൂച്ചപണിക്കാരും ജലധാരനിർമ്മാതാക്കളും കൂടിയാണ് ഉദ്യാനം നിർമ്മിച്ച് അലങ്കരിച്ചത്. ലോകപ്രസിദ്ധമായ പെട്രോദ്വറ്യേത്സ് ജലധാരാശൃംഖല ഇങ്ങനെ ഉണ്ടായതാണ്. ഇവയുടെ യഥാർത്ഥ ഉറവിടം ഒരു പതിനഞ്ച് മൈൽ അകലെയുള്ള റെപ്ഷിൻസ്കി അധിത്യകയാണ്.

വെള്ളം തോടുകളിലും കുഴലുകളിലും കൂടി ഒഴുകി ജലധാരകളെ പ്രവർത്തിപ്പിക്കുന്ന അരുവികളിലെത്തുന്നു. പ്രകൃതിസിദ്ധമായ ചെരിവുകൾ ബുദ്ധിപൂർവ്വം പ്രയോജന

പ്പെട്ടത്തിയ ഇതിൻെറ നിർമ്മാതാക്കരം പ്രതിദിനം പത്തും പന്ത്രണ്ടും മണിക്കൂർ വീതം ഈ ജലധാരകരം പ്രവർത്തിപ്പിക്കുന്നതിൽ വിജയം വരിച്ചു. ഇവയെല്ലാംകൂടി ഓരോ സെക്കണ്ടിലും ഉപയോഗിക്കുന്ന വെള്ളത്തിൻെറ അളവു് 7500 ഗ്യാലനാണു്.

പീററർ ചക്രവർത്തി പ്രായോഗിക വിനോദങ്ങളിൽ വലിയ കമ്പമുള്ള കൂട്ടത്തിലായിരുന്നു. ചില ജലധാരകളിൽ 'സൂത്ര'ങ്ങളും ഘടിപ്പിച്ചിരുന്നു. ആളുകരം വാസ്തവമറിയാതെ 'സൂത്രങ്ങരം' പിടിച്ചുതിരിച്ചു നനഞ്ഞു കുളിക്കുന്നതു നോക്കിനില്ക്കുന്നതു് അദ്ദേഹത്തിനു രസമായിരുന്നു. ഈ സൂത്രധാരകരം ഇപ്പോഴും പ്രവർത്തിക്കുന്നവയാണു്. അടുത്തു കാണുന്ന കല്ലിൽ കയറി നില്ക്കുമ്പോരം അടുത്തുള്ള 'ട്യൂണിൽ'നിന്നു് അറിയാതെ ചീററിയൊഴുകുന്ന വെള്ളത്തിൽ മുങ്ങിക്കുളിക്കുന്നതു് സന്ദർശകർക്കു ബഹുരസമാണു്.

പീറേറഴ്സ് ബർഗ്ഗിലും റഷ്യയിലും മാത്രമല്ല, ലോകത്താകമാനം പീററർ സ്വന്തം വ്യക്തിമുദ്ര പതിച്ചു. അദ്ദേഹത്തിൻെറ ഊർജ്ജസ്വലത അതിമാനുഷമെന്നപോലെ സ്ഥിരവുമായിരുന്നു. സ്ഥൈര്യം, വിപദിധൈര്യം, അദമ്യമായ വിജ്ഞാന തൃഷ്ണ. അക്ഷീണമായ കർമ്മകുശലത, സൗന്ദര്യാവബോധം എന്നിങ്ങനെ റഷ്യക്കാരുടെ സവിശേഷമായ ഗുണഗണങ്ങളുടെയെല്ലാം മൂർത്തിമത്ഭാവമായിരുന്നു അദ്ദേഹം. സ്വന്തം രാജ്യം ബലിഷ്ഠവും ശക്തവുമായി വളർന്നുകാണാൻ ഭാവനാധനനായ ആ മഹാൻ മോഹിച്ചു.

'ഹെർമിറേറജ്' സ്ഥാപിച്ചതും അനവധി ധനം വ്യയം ചെയ്തു നല്ല ചിത്രങ്ങരം ശേഖരിച്ചതും അദ്ദേഹമാണു്. അദ്ദേഹത്തിൻെറ ശക്തിമത്തായ വ്യക്തിത്വം പോലും ഫ്യൂഡൽ റഷ്യയെ പിന്നോക്കനിലയിൽനിന്നു ഉദ്ധരിക്കുവാൻ അപര്യാപ്തമായിരുന്നു. മാടമ്പിമാർ അദ്ദേഹത്തിൻെറ ബഹളം വെറുത്തു; ഓരോ പരിഷ്കാരവും അവർ ധ്വംസിച്ചു.

സ്വന്തം പുത്രനായ അലക്സി മാടമ്പിമാരോടു ചേർന്നു് അദ്ദേഹത്തിനെതിരായി ഗൂഢാലോചന നടത്തി.

1719-ൽ അലക്സിയുടെ കിങ്കരന്മാരിൽ ഒരാളായിരുന്ന കിക്കിൻ എന്ന മാടമ്പിക്കു വധശിക്ഷ നൽകി. അയാളുടെ ഭവനം എല്ലവക്കും സൗജന്യമായി പ്രവേശിക്കാവുന്ന ആദ്യത്തെ റഷ്യൻ ശാസ്ത്രീയ മ്യൂസിയമായിത്തീൎന്നു. 'ആളുകൾ നോക്കിക്കണ്ടു പഠിക്കട്ടെ' എന്നാണു് പീററർ പറഞ്ഞതു്.

ഓരോ ഗ്ലാസ് വോഡ്കായും ലഘുഭക്ഷണവും കൊടുത്തു അവിടത്തെ സന്ദർശകരെ പ്രോത്സാഹിപ്പിച്ചിരുന്നു. പിന്നീടു് മ്യൂസിയം നഗരത്തിൻെറ മറെറാരു ഭാഗത്തേക്കു മാററി. കിക്കിൻെറ ഭവനം കുട്ടികൾക്കുള്ള ഒരു ക്ലബ്ബായിത്തീൎന്നു. ആ നില ഇപ്പോഴും തുടരുന്നു.

നാവികകാര്യാലയത്തിന്നടുത്തുള്ള 'പിച്ചളക്കുതിരക്കാരൻ' എന്നു മനോഹരമായ അശ്വാരൂഢപ്രതിമയിൽ ലോറൽ ഇലക്കിരീടം ചൂടിയ പീററർ ചക്രവൎത്തിയെ ഒരു സേനാനായകൻെറ വേഷത്തിൽ ചിത്രീകരിച്ചിരിക്കുന്നതു് കാണാം. ഏത്തിയൻ മോറീസ് ഫാൽക്കണേ എന്ന ഫ്രഞ്ചു് ശില്പിയുടെ അനേകവഷക്കാലത്തെ പ്രയത്നത്തിൻെറ ഫലമാണു് കലാസുന്ദരമായ ഈ പ്രതിമ.

1500 ടൺ ഭാരമുള്ള ഒരു കരിങ്കൽത്തളിരത്തിൻെറ മുകളിലാണു് അദ്ദേഹത്തിൻെറ ഭംഗിയേറിയ കുതിര മുൻകാലുകൾ ഉയൎത്തി നിലകൊള്ളുന്നതു്. കുതിച്ചുയരുന്ന കുതിരയുടെ വലിഞ്ഞു മുറുകിയ പേശികളെ കടിഞ്ഞാണിട്ടു പിടിക്കുന്ന യാത്രക്കാരൻെറ കായികബലവും ഇച്ഛാശക്തിയും നമുക്കു് അനുഭവവേദ്യമാകുന്നതുപോലെ തോന്നും. ചക്രവൎത്തിയുടെ വലതുകൈ പ്രിയപ്പെട്ട നേവയുടെ നേർക്കു് വിരിഞ്ഞു നിൽക്കുകയാണു്.

അട്ടക്കും ചിട്ടയുമില്ലാത്ത പ്രാന്തപ്രദേശങ്ങൾ ലെനിൻഗ്രാഡിലില്ല. അംബരചുംബികളും അവിടെയില്ല. ദേവാലയ ഗോപുരങ്ങളും മണിമാളികകളുമൊഴികെ മറെറാന്നും ശൈത്യകാലകൊട്ടാരത്തെക്കാൾ ഉയരത്തിൽ വന്നു കൂടെന്നു് നിക്കൊളാസ് ഒന്നാമൻ 1844-ൽ ഒരു കല്പന പുറപ്പെടുവിച്ചിരുന്നു.

അരമനകളും മണിമന്ദിരങ്ങളുമടങ്ങിയ നഗരത്തി ൻെറ അതിരിനപ്പുറത്തായി യൂറോപ്പിലെ ഏററവും മലിനമായ കുറെ ചേരിപ്രദേശങ്ങളും ഉണ്ടായിരുന്നു.

1917—ന ശേഷം ഇവയെല്ലാം പുതുക്കിപ്പണിതു. ലെനിൻഗ്രാഡിലെ പുതിയ ജനവാസസങ്കേതങ്ങരം സ്ഥിതിചെയ്യുന്നതു് അവിടെയാണു്. ശില്പകലയിലും സംസ്കാരത്തിലും സമ്പന്നമായ ഒരു ഭൂതകാലത്തോടുകൂടിയ ലെനിൻഗ്രാഡിലെ ശില്പികളും ഡിസൈൻ നിർമ്മാതാക്കളും പതിനെട്ടാം നൂററാണ്ടിൻെറ കലാസൗകുമാര്യം ഇരുപതാം നൂററാണ്ടിലെ ഭവനങ്ങളുമായി ലയിപ്പിക്കുന്നതിൽ ദത്തശ്രദ്ധരായിരിക്കുകയാണു്.

ലോകത്തിലെ ഏററവും സുന്ദരമായ നഗരങ്ങളിൽ ഒന്നിൻെറ സൗകുമാര്യത്തിന യോജിക്കുന്ന വിധം അവർ അവിടെ ഉദ്യാനങ്ങളും പൂങ്കാവുകളും കമാനങ്ങളും മന്ദിരങ്ങളും നിർമ്മിച്ചിരിക്കുന്നു.

യുദ്ധകാലത്തു് മുന്നണി നഗരങ്ങളിലൊന്നായിരുന്ന ലെനിൻഗ്രാഡ് ୨00 ദിവസം നീണ്ടുനിന്ന ഒരു ഉപരോധം പരാജയപ്പെടുത്തുകയുണ്ടായി. ഗ്യാസും വിദ്യുച്ഛക്തിയും വെള്ളവും കിട്ടാനില്ലാതായി. ഗതാഗതം സ്തംഭിച്ചു. വിദ്യാലയങ്ങരം അടച്ചിട്ടു. അന്നത്തെ ശൈത്യകാലത്തു് തണുപ്പിൻെറ കാഠിന്യം നിമിത്തം മഷിക്കുപ്പിയിലിരുന്ന മഷി ഉറഞ്ഞു കട്ടിയാവുകയായിരുന്നു.

റേഷൻ കിട്ടുന്ന നാലൗൺസ് തവിട്ടു റൊട്ടിയും (പിന്നീടിതു് രണ്ടൗൺസായി ചുരുങ്ങി) ഭക്ഷിച്ചുകൊണ്ടു് ജനങ്ങരം പട്ടിണി കിടന്നു. വിശപ്പും തണുപ്പുംകൊണ്ടു് ശിശുക്കരം തെരുവുകളിൽ മരിച്ചു വീണു. യഥാർത്ഥത്തിൽ ബോംബുകളും വെടിയുണ്ടകളുംകൊണ്ടു മരിച്ചതിലധികം ജനങ്ങരം പട്ടിണികൊണ്ടാണു് മരിച്ചതു്.

ഉപരോധം മൂർദ്ധന്യത്തിലെത്തിയിരുന്ന ഘട്ടത്തിൽ മഞ്ഞുറഞ്ഞു കിടന്ന ലഡോഗാതടാകത്തിൻെറ നടുവിലൂടെ ഒരു ഇടുങ്ങിയ 'ജീവൻെറ പാത' നിർമ്മിച്ചു് യുദ്ധരംഗത്തേക്കു പടക്കോപ്പുകളും പൗരന്മാക്കു ഭക്ഷണസാധനങ്ങളും

എത്തിച്ചു കൊടുത്തിരുന്നു. ജനങ്ങൾ മരിച്ചുവെങ്കിലും നഗരം ജീവിച്ചു.

സൈനികരുടെയും പൗരജനങ്ങളുടെയും പ്രശംസനീയമായ ധീരതയെ മാനിച്ചു് യുദ്ധശേഷം ഗവണ്മെൻറു് 5000—ൽ കുറയാതെ മെഡലുകൾ സമ്മാനിക്കുകയുണ്ടായി.

പെട്രോഡ്വറേത് നശിപ്പിക്കുകയും ജലധാരകൾ തകർക്കുകയും ചെയ്തിരുന്നു. അവിടെ ആദ്യമുണ്ടായിരുന്ന ശിംശോൻെറ സ്വർണ്ണ പ്രതിമ എവിടെപ്പോയി എന്നു് ഇന്നും അറിവായിട്ടില്ല. അതിൻെറ സ്ഥാനത്തു് ഒരു പുതിയ പ്രതിമ സ്ഥാപിതമായി. പീററുടെ കൊട്ടാരം വീണ്ടും പണിതുയർത്തപ്പെട്ടു. യുദ്ധം അവസാനിച്ചതിനുശേഷം ഉപരോധത്തിൻെറ സ്മരണപോലും തുടച്ചുനീക്കുന്നതിനു വേണ്ടി അറുപതു ലക്ഷത്തോളം വൃക്ഷങ്ങളും കുററിച്ചെടികളും നട്ടുപിടിപ്പിക്കപ്പെട്ടു.

ആദ്യത്തെ ഭൂഗർഭറയിൽവെ പണിതു കഴിഞ്ഞു. ലെനിൻഗ്രാഡിലെ 'മെട്രോ കൊട്ടാരങ്ങൾ'ക്കു രൂപം നൽകിയിട്ടുള്ളതു് നിശ്ചിതമായ തീമുകളെ ആധാരമാക്കിയാണു്. സോവിയററു് 'വെനീസിലെ' ജനങ്ങളുടെ ചരിത്രപ്രധാനമായ ഭൂതകാലത്തെയും വർത്തമാനകാലനേട്ടങ്ങളെയും ഭാവിയിലെ അഭിലാഷങ്ങളെയും ഇവ പ്രതിഫലിപ്പിക്കുന്നു.

## അഞ്ച്

# സൗവൺസ്ക്ക് ഉക്രെയ്ൻ

നീണ്ടുപരന്നു വിലസുന്ന ഉക്രേനിയൻ സമതലത്തിലൂടെ കടന്നുപോകുന്ന സഞ്ചാരി ലക്ഷോപലക്ഷം ഏക്കർ ഭൂമിയിൽ ആകപ്പൊക്കം കവിഞ്ഞു വളൻനില്ക്കുന്ന ഗോതമ്പും ചോളവും പഞ്ഞിയും ചണവും മധുരക്കിഴങ്ങുമാണു കാണുന്നത്. അയാഠം പ്രവേശിച്ചിരിക്കുന്നതു് റഷ്യയുടെ 'അപ്പക്കൊട്ട'യിലാണു്; ഉക്രേനിയൻ ഗോതമ്പുമേഖലയിൽ.

'ധാന്യസമുദ്രങ്ങളും' 'മധുരക്കിഴങ്ങുമലകളും' ആണു് പടിഞ്ഞാറൻ ഉക്രെയ്നിന്റെ പ്രത്യേകതകഠം. അത്യധികം സമ്പന്നമായ ഡോണററ്സ് കൽക്കരിഖനിയും ക്രിവോയ് ഇരുമ്പയിർമില്ലും അസോവ് ഉരുക്കുനിർമ്മാണശാലയും സവറോഷ് ഉരുക്കുചൂളകളുമാണു് കിഴക്കൻമേഖലയുടെ സവിശേഷതകഠം.

അലക്കുയന്ത്രങ്ങഠം, ശീതകാരികഠം, ടെലവിഷൻ സെററുകഠം, മോട്ടോർസൈക്കിളുകഠം, മനുഷ്യപ്രയത്നം ലഘൂകരിക്കുന്ന പലതരം വൈദ്യുതോപകരണങ്ങഠം തുടങ്ങിയ പലതും ഉക്രെയ്നിലെ തൊഴിൽശാലകളിലെ കൺവെയർ ബൽററുകളിലൂടെ ഉരുണ്ടുപോകുന്നു.

യുദ്ധകാലത്തു ജമ്മനിയുടെ കൈയിൽ പെടാതിരിക്കുന്നതിനുവേണ്ടി സോവിയററ് ഗവണ്മെൻറ് നീപ്രോസ്ട്രോയ് ജലവൈദ്യുതകേന്ദ്രം തകൎത്തുകളഞ്ഞ അവസരത്തിൽ 500 മൈൽ വ്യാസത്തിനകമുള്ള ഉക്രേനിയൻ നഗരങ്ങളും ഗ്രാമങ്ങളും ഇരുളിൽ ആണ്ടുപോയി. പുതിയ കേന്ദ്രത്തിൽനിന്നു കുറേക്കൂടി വിസ്തൃതമായ പ്രദേശത്തുള്ള നഗരങ്ങഠംക്കും കൂട്ടുകൃഷിക്കളങ്ങഠംക്കും ഗ്രാമങ്ങഠംക്കും വൈദ്യുതി ലഭിക്കുന്നുണ്ടു്.

കരിങ്കടൽതീരത്തുള്ള ഒഡേസാതുറമുഖവും റഷ്യയുടെ റിവിയേറാ ആയ ക്രിമിയായും തെക്കൻ ഉക്രെയ്നിലാണ്. തിരക്കിട്ട പണിയെടുക്കുന്ന ധാന്യ എലിവേററുകളാണ് ഒഡേസാ തുറമുഖത്തിലെ പ്രധാന കാഴ്ച.

ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽനിന്നു യാത്രക്കപ്പലുകളും ചരക്കുകപ്പലുകളും വന്നടുക്കുന്നതുകൊണ്ടും ആകർഷകമായ സ്നാനഘട്ടങ്ങളോടുകൂടിയ സമുദ്രതീരങ്ങൾ പരിസരത്തു സുലഭമായുള്ളതുകൊണ്ടും സവ്വോപരി ഹൃദ്യമായ കാലാവസ്ഥയാൽ അനുഗൃഹീതമാകയാലും ഇതു റഷ്യയിലെ ഏററവും തിരക്കേറിയ തുറമുഖങ്ങളിൽ ഒന്നായിത്തീന്നിരിക്കുന്നു.

റഷ്യൻ പ്രഭുക്കന്മാരുടേയും മാടമ്പിമാരുടേയും പ്രിയപ്പെട്ട വിഹാരകേന്ദ്രമായിരുന്ന ക്രിമിയ സുന്ദരമായ മരഉരുപ്പടികൾ, പെയിൻറിങ്ങുകൾ തുടങ്ങിയ കലാവസ്തുക്കൾ ശ്രദ്ധാപൂവ്വം സംരക്ഷിച്ചും പുനർനിമ്മിച്ചും നിത്തിയിട്ടുള്ളതും ഒരു കാലത്തു സ്വകാര്യ ഉടമയിലിരുന്നതുമായ ഉദ്യാനങ്ങൾ ഇപ്പോൾ എല്ലാവക്കും ആസ്വദിക്കത്തക്ക വിധം തുറന്നിട്ടിരിക്കയാണ്.

കൊട്ടാരസദൃശമായ ഹോട്ടലുകളും മുസാവരികളും ഗ്രാമീണവസതികളും സോവിയററുഭരണകാലത്തു പണികഴിപ്പിക്കപ്പെട്ടിട്ടുണ്ട്. നടക്കാവുകളും ചത്വരങ്ങളും ഉദ്യാനങ്ങളും ഒത്തുചേൻ 'കരിങ്കടലിൻെറ മുത്തായ' യാരാൾട്ടായുടെ സൗന്ദര്യവും വശ്യശക്തിയും വദ്ധിപ്പിച്ചിട്ടുണ്ട്.

കരിങ്കടൽ യഥാത്ഥത്തിൽ മധ്യധരണിക്കടൽപോലെ നീലയാണ്. കൊടുങ്കാററുകൾ അടിച്ചു ക്ഷോഭിച്ചിളകുമ്പോൾ അതു ചാന്തുപോലെ കറുക്കുകയും കുപിതനായ ചെകുത്താനെപ്പോലെ ചീററുകയും മറിയുകയും തിരമാലകളെടുത്ത് പാറക്കെട്ടുകളിൽ അടിച്ചു ചിതറിക്കുകയും ചെയ്യും. ക്ഷോഭിക്കുന്നതുപോലെതന്നെ ക്ഷണത്തിൽ അതു ശാന്തമാകുകയുംചെയ്യും. ഈ ഇളംചൂടുള്ള സുഖസ്പശമായ ജലനിധി ഇങ്ങനെ ക്ഷോഭിക്കുന്നുവെന്നു വിശ്വസിക്കാൻ പോലും തോന്നുകയില്ല.

യാംട്ടാനഗരത്തിൻെറ മധ്യഭാഗത്ത് വിസ്താരമേറിയ വീഥികളും ഗംഭീരമായ കെട്ടിടങ്ങളുമാണുള്ളത്. പഴയ ഡിസ്ട്രിക്റ്റുകളിലേക്കു നീണ്ടുംതോറും കുന്നുകളിലൂടെയുള്ള ഇടുങ്ങിയ തെരുവുകളും, വെളുപ്പും ചുവപ്പും കുങ്കുമവും നിറങ്ങളിൽ ഭംഗിയേറിയ വീടുകളും കാണുന്നു.

എവിടെ നോക്കിയാലും നിറയെ ഉപോഷ്ണമേഖലാ പുഷ്പങ്ങളും വൃക്ഷങ്ങളുമാണ്. മീമോസായോ അരളിയോ ഇല്ലാത്ത വീടില്ല. ഓരോ വീട്ടുമതിലിനേയും അലങ്കരിക്കാൻ പീച്ചും ആപ്രിക്കോട്ടും ഉണ്ടായിരിക്കും.

ക്രിമിയൻ താഴ്വരകൾ നിറയെ ടാർട്ടാർ ജനങ്ങൾ കൃഷിചെയ്യുന്ന മുന്തിരിത്തോട്ടങ്ങളും പുകയിലപ്പാടങ്ങളുമാണ്. 'ദാംസ്കിയേ പാൾത്സി' (ലേഡീസ് ഫിംഗേഴ്സ്) എന്നു പേരായി ഇളം പച്ചനിറത്തിൽ സ്വാദും മധുരവുമേറിയ ഒരിനം മുന്തിരിങ്ങ ഇവിടത്തെ വിശേഷവിഭവമാണ്. ലിവാദിയായിലേയും ഒറിയാൺഡായിലേയും വീഞ്ഞുകൾ ഷാംപെയിൻ എന്നിവയും അങ്ങനെ തന്നെ.

വടക്കൻ ക്രിമിയായിലെ മലമ്പ്രദേശങ്ങളിലെ കാലാവസ്ഥ ഇത്രയും കുററമററതാണെന്നു പറഞ്ഞുകൂടാ. വളഞ്ഞുതിരിഞ്ഞുപോകുന്ന റോഡുകളും കൊടുംവളവുകളും ഉള്ള യാത്രാപഥം, മോട്ടോർയാത്ര രോമാഞ്ചംകൊള്ളിക്കുന്ന ഒരനുഭവമാക്കിത്തീക്കുന്നു.

സോവിയററ്യൂനിയനിലെ ഏററവും പ്രസിദ്ധമായ ബാലവിനോദകേന്ദ്രം കരിങ്കടൽത്തീരത്തുള്ള ആർത്തെക്ക് ആണ്. സ്കൂളിൽ ശോഭിക്കുന്ന വിദ്യാത്ഥികൾക്ക് ഇവിടെ ഒരുമാസത്തെ സുഖവാസസൗകര്യം സമ്മാനമായി ലഭിക്കുന്നു. ബുദ്ധിശാലികളായ ബാലന്മാരെയും ക്യാമ്പിലേക്കയയ്ക്കാറുണ്ട്. അതുപോലെതന്നെ ധീരത, ഭൂതദയ തുടങ്ങിയ ഗുണവിശേഷങ്ങൾ പ്രദർശിപ്പിക്കുന്നവരേയും ആർത്തെക്കിലേക്കു തെരഞ്ഞെടുക്കപ്പെടുകയെന്നതു് ഒരു വലിയ ബഹുമതിയാണ്. ഭാഗ്യശാലികളായ വിദ്യാത്ഥികൾക്ക് അവിടത്തെ ഒരു മാസം അവിസ്മരണീയമാണുതാനും.

നീപ്പർനദിയുടെ തീരത്തു് ആകർഷകമായി ഉയർന്നു നിൽക്കുന്ന കലാസുന്ദരവും ചരിത്രപ്രസിദ്ധവുമായ കീവ് റഷ്യയുടെ പുരാതനതലസ്ഥാനമാണു്. മോസ്കോയുടെ പേരുപോലും അറിയപ്പെട്ടുന്നതിനുമുമ്പ് കീവ്, നീപ്പർ—ബൈസാൻഷിയം വാണിജ്യപാതയുടെ കേന്ദ്രബിന്ദുവായിരുന്നു. എ. ഡി. 882—ൽ ഈ പ്രദേശം വെട്ടിപ്പിടിച്ച നോവ്ഗരോദിലെ രാജാവായ ഒലേക്ക് അവിടത്തെ മററു രാജാക്കന്മാരെ കീഴടക്കുകമാത്രമല്ല, അവരുടെ രാജ്യങ്ങൾ സംയോജിപ്പിക്കുകകൂടിചെയ്തു. ഈ സംയുക്തരാജ്യത്തിന് അദ്ദേഹം കീവ്—റസ് (കീവ്ഭൂമി) എന്നു പേരിട്ടു. അന്നു മുതൽ അവിടത്തെ ജനങ്ങൾ റഷ്യക്കാർ എന്ന പേരിൽ പ്രസിദ്ധരായി.

പുരാതനകാലത്തു് അഭിവൃദ്ധിയിലിരുന്ന രാജ്യമാണു കീവ്. ഈ '1400 ദേവാലയങ്ങളുടെ നഗരം' നിർമ്മിച്ചതും മോടിപിടിപ്പിച്ചതും ഗ്രീക്ക്ശില്പികളും കലാകാരന്മാരുമാണ്. മൊസേയിക്കുകളും സുവർണ്ണകവാടങ്ങളും ദൃശ്യങ്ങളുംകൊണ്ടു് അലങ്കൃതമായ മന്ദിരങ്ങളും രാജഗൃഹങ്ങളും രണ്ടു നൂററാണ്ടോളം സാംസ്കാരിക സാമ്പത്തിക കേന്ദ്രമായിരുന്ന 'കീവ്മാതാ'വിൻെറ പ്രൗഢിക്കും പ്രതാപത്തിനും മാററുകൂട്ടി.

ബൈസാൻഷിയത്തിൻെറ പ്രാധാന്യം കുറഞ്ഞുവന്നതോടുകൂടി ആ നഗരവുമായുള്ള വ്യാപാരത്തെ ആശ്രയിച്ചു കഴിഞ്ഞിരുന്ന കീവും മററു തെക്കൻ നഗരങ്ങളും ക്ഷയോന്മുഖമായി. കലാപകാരികളായ സാമന്തരാജാക്കന്മാരുടെ പരമ്പര ഈ തകർച്ചയുടെ വേഗം വർദ്ധിപ്പിച്ചു.

1103—ൽ അവസാനത്തെ കീവ്രാജാവായ വ്ളാഡിമിർ മൊണോമാഖ് ഈ സാമന്തന്മാരെ പുനസ്സംയോജിപ്പിച്ചു് ഏഷ്യയിൽനിന്നു തള്ളിക്കയറിവന്ന പൊളോവിത്സി എന്ന നാടോടിവർഗ്ഗത്തിൻെറ വിനാശകരമായ ആക്രമണങ്ങളിൽനിന്നു ദേശത്തെ സംരക്ഷിക്കാൻ ഒരു വിഫലയത്നം നടത്തിനോക്കി.

ശ്രദ്ധേയനായ ഒരു വ്യക്തിയായിരുന്നു മൊണോമാഖ്. റഷ്യൻ ചരിത്രത്തിലെ മഹത്തായ നാമധേയങ്ങളി

ലൊന്നാണ് അദ്ദേഹത്തിൻേറതു്. റഷ്യൻ ഭരണഘടനയുടെ ബീജവും പലതരത്തിലുള്ള അവകാശങ്ങളും 'നിയമ'ങ്ങളും അദ്ദേഹത്തിൻെറ നാമവുമായി ബന്ധപ്പെട്ടതാണ്.

ഇംഗ്ലണ്ടിലെ രാജാവായിരുന്ന ഹാരോൾഡിൻെറ പുത്രിയായ ഗൈഥയായിരുന്നു അദ്ദേഹത്തിൻെറ പത്നി. ഈ സ്ത്രീരത്നത്തിലൂടെ അദ്ദേഹം ഇംഗ്ലണ്ടിനെ അടുത്തറിഞ്ഞു. ഹാരോൾഡിനു് ഹേസ്റ്റിങ്ങ്സ് യുദ്ധത്തിൽ വച്ചുണ്ടായ ദുരന്തമൃത്യുവിനെത്തുടർന്നു് ഗൈഥയുടെ മാതാവു് അവരെ സ്കാൻഡിനേവിയായിലേക്ക കൊണ്ടുപോയി. അവിടെവച്ചാണ് വ്ളാഡിമിറുമായുള്ള വിവാഹനിശ്ചയം നടന്നതു്.

ഇവക്കു് എട്ടു പുത്രന്മാരുണ്ടായിരുന്നു. ഇവരുടെ ആറാമത്തെപുത്രനും ഒരു ഇംഗ്ലീഷ് രാജാവിൻെറ പൗത്രനുമായ യൂറി ഡൊൾഗൊറൂക്കി രാജകുമാരനാണ് മോസ്കോ സ്ഥാപിച്ചതു്.

കീവിലെ പ്രധാന വീഥിയായ ക്രെസ്ചാത്തിക്കിൽ സാധാരണ ഗതിയിലുള്ള കടകൾക്കും നാടകശാലകൾക്കും സിനിമാശാലകൾക്കും ഭോജനശാലകൾക്കും പുറമെ ആകർഷകമായ ബിയർ പാർലറുകളും ഉണ്ടു്. അവധി ദിവസങ്ങളിലും ദേശീയ ഒഴിവു ദിവസങ്ങളിലും ഈ പാർലറുകളിൽ സമീപനഗരങ്ങളിലും ഗ്രാമങ്ങളിലുംനിന്നു കാഴ്ച കാണാനെത്തുന്ന സന്ദർശകരുടെ തിരക്കായിരിക്കും.

കീവിൽ നിറയെ കുന്നുകളാണ്. നദിയിലേക്ക പടവുകൾ കെട്ടിയിട്ടുണ്ടു്. നിരനിരയായി ഉയൻുപോകുന്ന വീടുകളോടും ഉദ്യാനങ്ങളോടും പൊതു വിഹാരകേന്ദ്രങ്ങളോടും ഓപ്പൺ എയർ തീയേററുകളോടും കൂടി ഉയർന്നു പോകുന്ന തെരുവുകൾ മെഡിററേനിയൻ നഗരങ്ങളെ അനുസ്മരിപ്പിക്കും.

ജട്ടികളിൽ അടുത്തു് യാത്രക്കാരെ കയററുന്ന വിനോദക്കപ്പലുകളും കടത്തു കപ്പലുകളും കൂടി നീപ്പറിന് ഗതാഗതബഹുലമായ ഒരു രാജവീഥിയുടെ പ്രതീതി നൽകുന്നു.

പച്ചത്തഴപ്പെഴുന്ന വൃക്ഷങ്ങൾക്കിടയിൽ കുരുതിങ്ങിടക്കുന്ന ദേവാലയഗോപുരങ്ങളുടെ പശ്ചാത്തലത്തിൽ പ്രത്യക്ഷപ്പെടുന്ന മച്ചുവകളുടെ വെളുത്ത ഓട്ടപായകൾ കീവിന്നു് ഒരു പ്രത്യേകസൗകുമാര്യം നൽകുന്നു.

മദ്ധ്യയുഗത്തിൽ പെടുന്ന മഹത്തായ ഭൂതകാലത്തിൽ നിന്നു് അനർഘമായ പല സമ്പത്തുകളും ഇവിടെ അവശേഷിച്ചിട്ടുണ്ടു്. പതിനൊന്നാം ശതകത്തിൽ ബൈസാൻഷിയൻ ശൈലിയിൽ നിർമ്മിച്ച സെൻറ് സോഫിയാ ദേവാലയത്തിൻെറ തനിത്തങ്കത്തിലുള്ള ഗോപുരം അന്നത്തെ തിളക്കത്തോടുകൂടി ഇന്നും നിൽക്കുന്നു.

പതിനൊന്നാം ശതകത്തിൽ നിർമ്മിച്ച പെർച്ചോർസ്ക് സന്യാസാശ്രമം ഇന്നും കേടുകൂടാതെ നില്ക്കുന്നു സന്യാസിമാർ ധ്യാനോപവാസാദികളിൽ മുഴുകി ജീവിക്കുകയും മരിക്കുകയും ചെയ്ത നിരാഡംബരമായ അറകൾ ഇവിടത്തെ ഭൂഗർഭഗുഹകളിലുണ്ടു്.

കൊയറിൻെറ ഹൃദയംഗമമായ സംഗീതവും പുരോഹിതന്മാരുടെ ഗാനവും കേൾക്കുന്നതിനുവേണ്ടി ഞായറാഴ്ച തോറും സന്ദർശകരും ഭക്തജനങ്ങളും മലകയറി ഇവിടെയെത്തുന്നു. പള്ളിപിരിയുമ്പോൾ ഗുഹകളുടെ പ്രവേശനദ്വാരത്തിൽനിന്നു് അവർ മെഴുകുതിരികൾ വാങ്ങുന്നു.

പുരോഹിതന്മാർ വഴികാട്ടികളായി വളഞ്ഞു തിരിഞ്ഞു പോകുന്ന മാർഗ്ഗങ്ങളിലൂടെ ഭക്തന്മാരെയും ജിജ്ഞാസുക്കളെയും ഗുഹാന്തർഭാഗത്തേക്കു നയിക്കുന്നു. കുടുസ്സായ ഈ ഇടനാഴികളിൽ സന്ദർശകരുടെ കൈയിലുള്ള മെഴുകുതിരിയുടെ വെളിച്ചമേ ഉണ്ടായിരിക്കു.

പുണ്യവാളന്മാരുടെ ശരീരങ്ങൾ തൈലലേപനം ചെയ്തു് ചില്ലുകൂടുകളിലാക്കി, അവർ ജീവിതം കഴിച്ച അനാഡംബരമായ ആ അറകളിൽ വച്ചിട്ടുണ്ടു്. മമ്മിയാക്കിയ ചില ശരീരങ്ങളുടെ വലതുകൈ വിശ്വാസികൾക്കു കാണാൻവേണ്ടി പുറത്തേക്കു നീട്ടിവച്ചിരിക്കും.

ആകണ്ണും ജീവിതാനന്ദമുഠംകൊണ്ടിട്ടുള്ള ഉക്രേനിയർ വർണ്ണപ്രിയരും പ്രസന്ന ചിത്തരുമാണു്. വീടുകൾ,

പ്രത്യേകിച്ചും ഗ്രാമപ്രദേശങ്ങളിലുള്ള വീടുകൾ, ആർഭാട പൂർണ്ണമായ സ്വന്തം നാട്ടിലെ തിളങ്ങുന്ന വർണ്ണങ്ങൾകൊണ്ടു തുന്നൽപ്പണി ചെയ്ത തൊങ്ങലുകളും മേശവിരികളും കുഷനുകളും വെളിയടകളുംകൊണ്ട് അലങ്കരിക്കുന്നതിൽ അവർ അതീവ തല്പരരാണ്. ജനാലച്ചട്ടങ്ങളിലും വാതിൽപ്പടികളിലും കൊത്തുവേലചെയ്ത് ക്ലരയിൽ സുഖകരമായ ചായങ്ങൾ തേച്ചു മോടിപിടിപ്പിക്കുന്നതിൽ അവർക്കു പ്രിയമേറും. തങ്കരേക്കിട്ട ദേവാലയഗോപുരങ്ങളുടെ പശ്ചാത്തലത്തിൽ തെളിഞ്ഞ ചുവപ്പും പച്ചയും നീലയും നിറങ്ങളിൽ എടുത്തു നില്ക്കുന്ന വീടുകളോടു കൂടിയ ഉക്രേനിയൻ ഗ്രാമങ്ങൾ പൂത്തുലഞ്ഞുനില്ക്കുന്ന വമ്പിച്ച ഉദ്യാനങ്ങളാണെന്നു തോന്നിപ്പോകും.

സ്ലാവുകാരെപ്പോലെ തന്നെ ഉക്രേനിയക്കു സംഗീതത്തിനോട് വലിയ പ്രതിപത്തിയാണ്. ഒരു തൊപ്പി വീണാൽക്കൂടെ അവർ ആടിപ്പാടി രസിക്കും. ഓപ്പറകളിലും പാട്ടുകച്ചേരികളിലും കേൾക്കുന്ന ചില ഉൽകൃഷ്ട മന്ദ്ര ഗംഭീരസ്വരങ്ങൾ ഉക്രേനിയരുടെയായിരിക്കും. സോവിയററ് പട്ടാളക്കാർ സൈന്യയാത്രകളിൽ പാടുമ്പോൾ, മററു രസങ്ങൾ ചേർന്നു സമരസപ്പെടുന്നതിനു മുമ്പിൽ ശ്രുതി പിടിച്ചുകൊണ്ടു പോകുന്ന ഏകാന്തമായ ആ മന്ദ്രസ്വരം അധികപക്ഷവും ഉക്രേനിയരുടെതായിരിക്കും.

ഊർജ്ജസ്വലരായ നർത്തകന്മാർ ചാടുകയും തിരിയുകയും കറങ്ങുകയും ചെയ്യുന്ന 'ഹോപ്പക്ക്' എന്ന ദേശീയ നൃത്തം ഉശിരു പിടിപ്പിക്കുന്നതും ഹൃദാകർഷിക്കുന്നതുമാണ്. വലിയ തോൽബൂട്ടുകളും ഇറുകിക്കിടക്കുന്ന വെൽവെററ് ജാക്കററിനു താഴെ തുന്നൽ വേല ചെയ്ത ബ്ലൗസുകളും നീണ്ട പട്ടുനാടകളോടുകൂടിയ പുഷ്പകിരീടങ്ങളും ധരിച്ച യുവതികൾ. കൂടുതൽ ഉയരത്തിൽ ചാടുന്നതിനും കൂടുതൽ വേഗത്തിൽ കറങ്ങുന്നതിനും യുവാക്കന്മാരെ പ്രോത്സാഹിപ്പിക്കുന്നു. ഓരോ നർത്തകനും കൂട്ടുകാരനെ തോല്പിക്കാനാണു ശ്രമിക്കുന്നതു്. ഒടുവിൽ യുവാക്കന്മാരും യുവതികളും കൂടി കാലിഡോസ്കോപ്പിൽ കാണുന്ന രൂപത്തിൻെറ



4. റെഡ്സ്ക്വയർ: രാത്രിയിലെ കാഴ്ച. നഗരത്തിനുംമീതെ പൊങ്ങി നില്ക്കുന്ന സെയ്ൻറ്ബേസൽ പള്ളിയും ക്രെംലിൻക്ലോക്കും മോസ്കോ സർവ്വകലാശാലയും വ്യക്തമായി കാണാം.

നിറപ്പകിട്ടോട്ടുകൂടി തലചുററലുണ്ടാക്കുന്ന വേഗത്തിൽ ചുററിച്ചുററി കലാശം ചവിട്ടുന്നു.

'ഖ്ളെബ്–സോറ്റ്' (ഉപ്പും ചോറും) എന്നതാണ് അതിഥിസൽക്കാരത്തിനുള്ള സ്ലാവ്പദം. സ്ലാവ് വംശത്തിനു സഹജമായ ആതിഥ്യമര്യാദ ധാരാളമുള്ളവരാണ് ഉക്രേനിയർ. ഒരു വെള്ളലിനൻ തുണിയിൽ വട്ടത്തിൽ പുത്തനായി ചുട്ടെടുത്ത ചാമയപ്പവും അതിനു മുകളിൽ ഉപ്പുപാത്രവുമായി പരമ്പരാഗതമായ രീതിയിലാണ് ഉക്രേനിയർ അതിഥികളെ സ്വാഗതം ചെയ്യുന്നതു്. ഉപഹാരം അതിഥികറ്റക്കു സമർപ്പിക്കുമ്പോറ്റ അവർ താണുവണങ്ങും. അതിഥി അപ്പത്തിൽ പ്രതീകാത്മകമായി സ്പർശിക്കുന്നതോടെ ആതിഥേയൻെറ ഗൃഹവും സൽക്കാരവും സ്വീകരിക്കുകയാണ്. ഇതു കഴിഞ്ഞാൽ എല്ലാവരുംകൂടി പ്രസിദ്ധമായ ഉക്രേനിയൻ ബോർസ്ക്–മധുരക്കിഴങ്ങു സൂപ്പ്–കഴിക്കാൻ ഇരിക്കുകയായി.

പ്രധാനപ്പെട്ട വ്യാവസായിക നഗരങ്ങറ്റ വളരുന്നതോടൊപ്പം സ്റ്റെപ്പിയിലെ തുറന്ന മൈതാനങ്ങളെ കൂടുതൽ-കൂടുതൽ ആക്രമിച്ചുകൊണ്ടിരിക്കുകയാണ്. ഡോൺബാസിൽ ഇതു നല്ലവണ്ണം തെളിഞ്ഞുകാണാം. ഖനിത്തൊഴിലാളികറ്റക്കു് വാസസങ്കേതങ്ങളെക്കാറ്റ വേറെ വേറെ വീടുകളാണിഷ്ടം. തൊഴിലാളികളിൽ പലക്കും സ്വന്തമായി കാറുണ്ടു്. ഒററ കുടുംബത്തിനുവേണ്ടിയുള്ള പുതിയ ഇഷ്ടിക വീടുകളിൽ ഗാരാജുകളും വേനൽക്കാലത്തേക്കുള്ള അടുക്കളയും വരാന്തകളും പ്രത്യേകമായുണ്ടു്.

കൽക്കരിഖനികളും മുന്തിരിത്തോപ്പുകളും തൊട്ടുതൊട്ടു നിൽക്കുന്നതു കാണാം. ഓരോ ഖനിത്തൊഴിലാളിക്കും സ്വന്തം പറമ്പുണ്ടു്. അവിടെ കായ്കനികളോ പച്ചക്കറിയോ മുന്തിരിയോ കൃഷിചെയ്യും. അല്ലെങ്കിൽ പൂന്തോട്ടമുണ്ടാക്കും. അതുമല്ലെങ്കിൽ കോഴി വളത്താനുപയോഗിക്കും.

തെക്കോട്ടുള്ള ഉക്രേനിയൻ ധാന്യമേഖല വെള്ളച്ചായം പൂശിയ കൊസ്സാക്ക് കുടിലുകളും പച്ചത്തകിടിക

ളിൽ താങ്ങിത്തൂങ്ങി മേഞ്ഞുനടക്കുന്ന കൊഴുത്തകാലികളും മത്സ്യങ്ങളും നരച്ച മറിയുന്ന ഡോൺ നദിയുംകൂടി മോടി വർദ്ധിപ്പിക്കുന്ന മരതകമനോഹരമായ ക്കുബൻ ധാന്യവയലുകളിലേക്കു തുളുമ്പിക്കിടക്കുന്നു.

വേനൽക്കാലത്തു് കത്തിക്കാളുന്ന വെയിലിൽ നാട്ടുമുഴുവൻ തുള്ളുന്നതുപോലെ തോന്നും. ഉച്ചസമയത്തു് വെയിലിൻെറ കാഠിന്യം നിമിത്തം വയലുകളിൽനിന്നു ജോലിചെയ്യുവാൻ സാധിക്കുകയില്ല. നദിയിൽ കുളിക്കുന്നതു് ചൂടുചായയിൽ മുങ്ങുന്നതുപോലെയിരിക്കും. വിസ്താരമേറിയ സൂര്യകാന്തിത്തോപ്പുകളുടെ ശീതളച്ഛായ ഉച്ചയുറക്കത്തിനു വിശേഷമാണു്.

ഡോൺകൊസ്സാക്കുകാക്കു കുതിരസ്സവാരിയിലുള്ള സാഹസിക വൈദഗ്ദ്ധ്യം ക്കുബൻ ചക്രവാളങ്ങളെ അതിലംഘിച്ച ബഹുദൂരം വ്യാപിച്ചിട്ടുള്ളതാണു്. കുതിരപ്പുറത്തു പായുന്നതിനിടയിൽ നിലത്തുവീണുപോയ തുവാല കുനിഞ്ഞെടുക്കുവാൻ അവക്കു കഴിയും. കൊസ്സാക്കും കുതിരയും അഭേദ്യമായ ഒരു പ്രതിഭാസമാണു്. ഒന്നാന്തരം കുതിരകളെ വളത്തിയെടുക്കുന്ന തൊഴിലിനു നൂററാണ്ടുകളുടെ പഴക്കമുണ്ടു്.

പുരാതനകാലത്തു് കൊസ്സാക്കു് സ്ത്രീകാം സമ്പത്തിൻെറ കണക്കേടുക്കുന്നതു് പെററിക്കോട്ടുകളുടെ എണ്ണവും വിലയും കണക്കാക്കിയിട്ടായിരുന്നു. രക്തത്തിളപ്പുള്ള ഈ വഗ്ഗത്തിൻെറ കറുത്ത കണ്ണുകാം ക്ഷണത്തിൽ കോപം കൊണ്ടു ജ്വലിക്കുകയും അടുത്ത നിമിഷത്തിൽ പൊട്ടിച്ചിരിയിൽ അലിയുകയും ചെയ്യും. സ്ത്രീകാംക്കു് ആഡംബരത്തിലും ആഭരണങ്ങളിലുമുള്ള കലശലായ ഭ്രമം തികച്ചും സ്ത്രൈണമാണു്. പവിഴമാലകളിലും കണ്ണാഭരണങ്ങളിലും ഒരു പ്രത്യേകാഭിരുചി ഇവക്കു് വിശേഷമായുണ്ടു്.

വിശേഷദിവസങ്ങളിലും ഒഴിവു ദിവസങ്ങളിലും വിളവെടുപ്പുത്സവത്തിനും വിവാഹാഘോഷങ്ങാംക്കും കൈത്തറിയിൽ നെയ്യു് അർദ്ധരത്നക്കല്ലുകാം പതിച്ച കിന്നരികളും പട്ടും വില്ലൂസുംകൊണ്ടു നിമ്മിച്ച ദേശീയ

വസ്ത്രങ്ങൾ അണിഞ്ഞൊരുങ്ങുമ്പോൾ ഇവരുടെ ചന്തം വർദ്ധിച്ചതുപോലെ തോന്നും.

കൊയ്ത്തുകാലത്ത് ഉക്രെയ്നിലെയും ക്യൂബനിലെയും കൂട്ടുകൃഷിപ്പാടങ്ങൾ തിരക്കേറിയ പട്ടണങ്ങൾക്കു തുല്യമായിത്തീരുന്നു. പാടങ്ങളുടെ വിസ്താരക്കൂടുതൽ നിമിത്തം അകലെയുള്ള വീട്ടിലേക്കു പോയിവരുന്നതിനെക്കാൾ പാടത്തുണ്ടാക്കുന്ന തമ്പുകളിൽ കിടന്നുറങ്ങുകയാണു് കൃഷകർക്കു കൂടുതൽ സൗകര്യം.

പണികൾ നിയന്ത്രിക്കുന്നതു് റേഡിയോവിൽക്കൂടെയാണു്. അവിടവിടെ സ്ഥാപിച്ചിട്ടുള്ള ഉച്ചഭാഷിണികൾ നിർദ്ദേശങ്ങൾ എല്ലായിടത്തും എത്തിക്കുന്നു. ഉച്ചവിശ്രമസമയത്തു് ചലിക്കുന്ന നഴ്സറികൾ പാലൂട്ടേണ്ട ശിശുക്കളെ പാടത്തുള്ള അമ്മമാരുടെ അടുത്തുകൊണ്ടുവരും. ഗ്രാമത്തിലെ സഹകരണസ്റ്റോറിൽനിന്നു വരുന്ന ചലിക്കുന്ന പീടികകളിൽനിന്നു് സ്ത്രീകൾക്കു് ആവശ്യമായ സാധനങ്ങൾ വാങ്ങുന്നതിനും സൗകര്യമുണ്ടു്.

നല്ല വിളവുള്ള കാലങ്ങളിൽ രാപകൽ പണി നടന്നുകൊണ്ടിരിക്കും. രാത്രി ആക്ക്ലൈറ്റുകൾ തെളിച്ച പകൽപോലെ പ്രകാശമാനമാക്കും.

പ്രധാന ഇടപാടുകാരായ ഗവണ്മെൻറിനു് ആദ്യത്തെ തവണ അടച്ചു കഴിഞ്ഞാൽ വിളവെട്ടുപ്പുത്സവം ആരംഭിക്കുകയായി.

നീളമേറിയ മേശകൾ വെളിയിൽ നിരത്തുന്നു. കൈക്കുഞ്ഞുങ്ങൾ മുതൽ മുത്തുമുത്തശ്ശന്മാർവരെ ഉത്സവത്തിൽ പങ്കുകൊള്ളും. വറുത്ത കോഴിക്കുഞ്ഞുങ്ങളുടെയും പൊരിച്ച പന്നിക്കുട്ടികളുടെയും പന്നിയിറച്ചിയുടെയും കത്തിരിക്കയുടെയും കുരുമുളകിൻെറയും ഉപ്പിലിട്ട വെള്ളരിക്കയുടെയും പഴങ്ങളുടെയും വൈനിൻെറയും ഷാമ്പെയ്നിൻെറയും ചോക്കലേററുകളുടെയും മധുരപലഹാരങ്ങളുടെയും ഭാരം സഹിക്കാതെ മേശകൾ ഞരങ്ങുന്നു. നൃത്തങ്ങളോടും പാട്ടുകളോടുംകൂടി സദ്യ മണിക്കൂറുകളോളം നീണ്ടുനില്ക്കും. ഒരു ചെറിയ വിശ്രമത്തിനുശേഷം സദ്യ വീണ്ടും ആരംഭിക്കുന്നു. വിളവെട്ടുപ്പുത്സവം അവസാനിച്ചു് വിവാഹാഘോ

ഷങ്ങളം ആരംഭിക്കുന്ന സമയം തീൎത്തു പറയുവാൻ സ്വല്പം വിഷമമുണ്ടു്. വസന്തത്തിൽ വിതനടക്കുന്ന കാലത്തു് യുവമിഥുനങ്ങളുടെ വിവാഹനിശ്ചയം കഴിയുകയും വിളവെടുപ്പിനു പുറകെ വിവാഹം നടക്കുകയുമാണു് പതിവു്. സ്സാധാരണഗതിയിൽ വിവാഹത്തിനു കരയടച്ചു വിളിക്കാറുണ്ടു്.

കുറെക്കൂടി തെക്കോട്ടു പോയാൽ ക്കുബൻ കാക്കസസ്സിന്റെ പാദങ്ങളിൽ വിലയിക്കുന്നു. 700 മൈൽ നീളമുള്ള ഈ പൎവ്വതനിരയുടെ കിഴക്കുവശം കാസ്പിയൻ കടലിലേക്കും പടിഞ്ഞാറുവശം കരിങ്കടലിലേക്കും ചരിഞ്ഞിറങ്ങുന്നു.

മിനറാൽനിയേവദി (ധാതുജല) ജങ്ക്ഷനിൽ നിന്നു മലമ്പുറത്തുള്ള അഞ്ചു ധാതുജലഘട്ടങ്ങളിലേക്കുള്ള രണ്ടുമണിക്കൂർയാത്ര ആവേശജനകമാണു്. മലമുകളിലേക്കു കയറിക്കയറിപ്പോകുകയും അവിടെനിന്നു് മലകരം മതിൽ കെട്ടിത്തിരിച്ച താഴ്‌വരയിലേക്കു് കുത്തനെ ഇറങ്ങിപ്പോകുകയും ചെയ്യുന്ന ഇടുങ്ങിയ ഒററ റെയിൽപ്പാതയിലൂടെയുള്ള യാത്ര അസാധാരണമായ ഒരനുഭൂതിയാണു്.

സമുദ്രനിരപ്പിൽനിന്നു് 2700 അടി ഉയരത്തിലുള്ള ഒരു താഴ്‌വരയുടെ അടിത്തട്ടിലാണു് കിസ്ലോവ്ഡ്സ്കിന്റെ കിടപ്പു്. കാററുകളിൽനിന്നു പൂൎണ്ണമായി സംരക്ഷിക്കപ്പെട്ട ഈ സ്ഥലത്തു് എല്ലാക്കാലത്തും സന്ദർശകരുടെ ബഹളമാണു്. ഏപ്രിൽ മാസത്തിൽ ഇംഗ്ലണ്ടിലുള്ള സൗഖ്യം ഇവിടെ ജനുവരിയിലുണ്ടു്. ലിലാക്കും ട്യൂലിപ്പും വിടൎന്നു വിരിഞ്ഞു നിൽക്കും. ശാലീനമായ അന്തരീക്ഷം സുഗന്ധപൂരിതമായിരിക്കും. ശൈത്യകാലമെന്നു പറയുന്ന നവംബർ-മാച്ച് കാലത്തു് സ്വിററ്സർലണ്ടിലെ പ്രസിദ്ധ സുഖവാസകേന്ദ്രമായ ദാവോസിലുള്ളതിലധികം വെയിൽ ദിവസങ്ങളം ഇവിടെ അനുഭവപ്പെടും.

10000 മൈൽ അകലെ പസഫിക്ക് തീരത്തു താമസിക്കുന്ന റഷ്യക്കാർ കിസ്ലോവഡ്സ്കിൽ വന്നു് നർസാൻ ഉറവകളിലെ 'ജലം കുടിക്കുകയും' 'ചികിത്സ' നടത്തു

കയും ചെയ്യാറുണ്ട്. ക്ഷീണം, നാഡീക്ഷയം, അമിതാദ്ധ്വാനം മുതലായവകൊണ്ടു ക്ലേശിക്കുന്നവർക്ക് ഈ ഉറവയിലെ ജലം വിശേഷഗുണം ചെയ്യുന്നു.

നർസാനിൽനിന്നു് അനേകം ഗ്ലാസ്സ് വെള്ളം കുടിക്കുക, പതിവായി റോമൻ മാതൃകയിലുള്ള സ്നാനഘട്ടത്തിൽ പോയി ധാതുജലത്തിൽ നിശ്ചലമായി കിടന്നു് ആരോഗ്യപ്രദമായ കുമിളകൾ ശരീരം മുഴുവൻ അരിച്ചു കയറുമ്പോൾ പരിക്ഷീണമായ ദേഹത്തിനു് അനുഭവപ്പെടുന്ന നവോന്മേഷം അനുഭവിച്ചു തിരിച്ചുപോരുക എന്നാണു് 'ചികിത്സ' എന്നതിനർത്ഥം. ഓരോ ദിവസവും ഉയരം വർദ്ധിപ്പിച്ചു വർദ്ധിപ്പിച്ചു കൊടുമുടിയിൽ എത്തുന്നതുവരെ ദിവസേന നടക്കുന്നതിനും ഇതിൽ സ്ഥാനമുണ്ട്.

ധാതുജലം കുപ്പിയിലാക്കി നാട്ടിലും പുറത്തും വില്ക്കുന്നതു് നാട്ടുകാരുടെ ഒരു പ്രധാന തൊഴിലാണു്. ഒഴിവുകാലത്തിന്റെ മൂർദ്ധന്യത്തിൽ അനേകം കാക്കേഷ്യൻ പൗരന്മാർ ധാതുജലഘട്ടങ്ങളിൽ പണിയെടുക്കുന്നതിനുവേണ്ടി ഗ്രാമങ്ങളിൽനിന്നു് ഇവിടെ എത്താറുണ്ട്.

ആദ്യത്തെ ഒരാഴ്ചകൊണ്ടു ക്ഷീണം മാറിക്കഴിയുന്ന സന്ദർശകർക്ക് 'വായുവിന്റെ ശ്രീകോവിലിൽ' എത്താനുള്ള ആകാംക്ഷയാണു് പിന്നെ. ഇവിടെനിന്നു് അവർ കരൾനിറയെ ശുദ്ധവായു ശ്വസിക്കുകയും മൈൽകണക്കിനു നീണ്ടുപരന്നു കിടക്കുന്ന കാക്കസെസ് നോക്കിക്കാണുകയും ചെയ്യുന്നു.

അവിടെനിന്നു നോക്കിയാൽ യൂറോപ്പിലെ ഏററവും ഉയരമേറിയ കൊടുമുടിയായ എൽബ്രൂസിൽ 18000അടി ഉയരത്തിൽ കിടക്കുന്ന മഞ്ഞു് കൈയെത്തിച്ചു തൊടാവുന്നവിധം അടുത്താണെന്നു തോന്നും. യഥാർത്ഥത്തിൽ അതിന്റെ അടിവാരത്തിൽ എത്താൻതന്നെ വേണം രണ്ടു ദിവസം. വിദൂരസ്ഥമായ ഗ്രാമങ്ങളിൽനിന്നു കുതിരപ്പുറത്തുകയറി നഗരത്തിലേക്കു പോകുന്ന പർവ്വതനിവാസികളെ അനേകനാഴിക ദൂരെവച്ചുതന്നെ നമുക്കു കാണാൻ കഴിയും. അവർ വിശ്രമിക്കുവാൻ നിൽക്കുമ്പോൾ കുതി

രയും യാത്രക്കാരനും ചക്രവാളത്തിൽ കൊത്തിവച്ച രൂപങ്ങളായേ തോന്നൂ.

ഫ്രെഷ്ഫീൽഡ്, മൂർ, ടക്കർ എന്നീ മൂന്നു ഇംഗ്ലീഷുകാരാണ് 1868 ജൂലൈ 18-ാംതീയതി ആദ്യമായി എൽബ്രൂസിൻെറ കിഴക്കെ കൊടുമുടിയിൽ കാലുകുത്തിയതു്. ഈ കൊടുമുടി കീഴടക്കുന്നതിന് അത്ര വിഷമമുണ്ടെന്നു കണ്ടാൽ തോന്നുകയില്ല. പക്ഷെ, വഴിയിൽ ഉടനീളമുള്ള വായു ശ്വാസോച്ഛ്വാസത്തിനു വിഷമം സൃഷ്ടിക്കുന്നതാണ്.

ഇംഗ്ലീഷുകാരുടെ വിജയത്തെത്തുടൎന്ന് പലപ്പോഴായി പലരും അതിൽ കയറിയിട്ടുണ്ട്. കിസ്ലോവദ്സ്കിൽ ഒരു മാസത്തെ 'ചികിത്സ'കഴിഞ്ഞാൽ എൽബ്രൂസ് കൊടുമുടി കയറുകയല്ല, വേണമെങ്കിൽ തള്ളിമറിച്ചുകളയാമെന്നുകൂടി ചിലൎക്കു തോന്നും!

ആറ്

# ഐതിഹാസികദേശങ്ങൾ

റഷ്യക്കാരോട് ഏററവും പ്രിയപ്പെട്ട പവ്വതത്തിൻെറ പേരു ചോദിക്കുക. സൗന്ദര്യത്തിൻെറയും ഗാംഭീര്യത്തിൻെറയും കാര്യത്തിൽ യാതൊരു തക്കവും കൂടാതെ അവർ കാക്കസസ്സിന്ന് ഒന്നാംസ്ഥാനം നൽകും.

അപ്രാപ്യമായ കൊടുമുടികളും ദുർഗ്ഗമമായ പാതകളും മനുഷ്യൻെറ സാഹസബുദ്ധിയുടേയും ധീരതയുടേയും നേക്കുള്ള ഒരു വെല്ലുവിളിയായാണ് അവർ കണക്കാക്കുന്നത്. കുത്തിയൊലിക്കുന്ന കാട്ടാറുകളും അഗാധമായ കൊക്കകളും മീതെ അനിശ്ചിതമായി തൂങ്ങിനില്ക്കുന്ന കറുത്ത ശിലകളും ഹിമപാളികളുമെതിരെ സ്വന്തം ഓജസ്സിൻെറ ആയുധവുമേന്തി പുറപ്പെട്ട റഷ്യൻ പവ്വതാരോഹകർ അനേകവട്ടം ഭൂമിയുടെ ഈ ശിലാമേഖല കീഴടക്കുന്നതിന്നു പരിശ്രമിച്ചിട്ടുണ്ട്.

എവറസ്റ്റ് വീരനായ ജോൺഹണ്ട് ഒരു ബ്രിട്ടീഷ് പവ്വതാരോഹകസംഘത്തെ കാക്കസസ്സിലേക്കു നയിക്കുകയുണ്ടായി. ആരോഹണം ഉന്മേഷപ്രദവും തൃപ്തികരവുമായിട്ടാണ് അദ്ദേഹത്തിന്നു തോന്നിയത്. കൊടുമുടികളിൽ മിക്കതിനും 11000 അടിക്കും 16000 അടിക്കും മധ്യത്തിലേ ഉയരമുള്ളു. ഇവയിൽ പലതും തികച്ചും അപായകരവുമാണ്.

ഈ പവ്വതാന്തരാളങ്ങളിൽ, ഹരിതാഭമായ മൈതാനങ്ങളുടെയും ഉന്നതതടങ്ങളുടെയും താഴ്‌വരകളുടെയും കുത്തിമറിഞ്ഞൊഴുകിവരുന്ന നദികളുടെയും നിതാന്തശാന്തമായ വനാന്തസരസ്സുകളുടെയും മധ്യത്തിൽ, നാല്പതു ജനവർഗ്ഗങ്ങളാണ് അലസതാവിലസിതമായി കാലയാപനംചെയ്യുന്നത്. വിചിത്രസ്വഭാവക്കാരായ ഈ ജനങ്ങൾ അപരിചിതരെയും അതിഥികളെയും പഴയ കാലത്തിൻെറ അവ

ശിഷ്ടമായ സൗഹാർദ്ദത്തോടും മര്യാദയോടുംകൂടി സ്വാഗതംചെയ്യുന്നു.

ലക്ഷോപലക്ഷം സോവിയററ് വിനോദസഞ്ചാരികാംക്ക പ്രിയകരമായ സ്ഥലങ്ങളാണ് സോചി, അനാവാ, സുഖുമി, ഗാഗ്രാ എന്നീ സുഖവാസകേന്ദ്രങ്ങാം. തെക്കും പടിഞ്ഞാറുമുള്ള പർവ്വതങ്ങളുടെ ചരിവുകളിൽ കരിങ്കടൽത്തീരത്തു സ്ഥിതിചെയ്യുന്ന ഈ സ്ഥലങ്ങാം ഉപോഷ്ണമേഖലാകാലാവസ്ഥയ്ക്കും സമൃദ്ധമായ നാരക—ഓറഞ്ച് തോപ്പുകാംക്കും മുന്തിരിത്തോട്ടങ്ങാംക്കും പ്രസിദ്ധമാണ്.

അവർ ആണ്ടോടാണ്ട് അവിടങ്ങളിൽ പോയി സുലഭമായ മുന്തിരിവിളവ് ആസ്വദിക്കുകയും 'മണ്ണിൽനിന്നു വെള്ളംപോലെ ഒഴുകിവരുന്ന' വീഞ്ഞും ഷാമ്പെയ്നും കോഞ്ഞാക്കും കുടിക്കുകയുംചെയ്യുന്നു. സന്ദർശകർ കബാക്കുകളിൽ (റെസ്റ്റോറൻറുകളിൽ) തിങ്ങിക്കൂടി ഷഷ്ലീക്ക് ആവശ്യപ്പെടുന്നു (നേർത്ത ഇരുമ്പുകമ്പികളിൽ കുത്തി കൽക്കരിക്കനലിൽ കാണിച്ചു ചുട്ടെടുക്കുന്ന ആട്ടിറച്ചിയാണു ഷഷ്ലീക്ക്.) തളികപോലെ പരന്ന പുളിപ്പിക്കാത്ത റൊട്ടിയിൽവച്ചാണ് ഇതു ഭക്ഷിക്കുന്നത്. വായിൽ ചെല്ലുന്നതു കീഴോട്ടയയ്ക്കാൻ ചാറക്കണക്കിനു വീഞ്ഞും കഴിക്കുന്നു.

കടൽക്കരയിൽ അലസമായി വെയിൽ കാഞ്ഞുകിടക്കുന്ന നീണ്ട പകലുകാം, പർവ്വതസരസ്സുകളിലേക്കു മോട്ടോർവാഹനങ്ങളിലുള്ള യാത്ര, ചേറും ധാതുക്കളും ഗന്ധകവും കലന്ന ഉറവകളിൽ വിവിധ രോഗങ്ങാംക്കുള്ള ചികിത്സ, പ്രകൃതിയുടെ സമ്മാനമായ കാക്കസസ്സിനെപ്പററി ചിന്തിക്കാനോ പറയാനോ തുടങ്ങുമ്പോാം റഷ്യക്കാരൻെറ മനസ്സിൽ പൊട്ടിവിരിയുന്നതു് ഇവയൊക്കെയാണ്.

ജോർജ്ജിയ, ആർമീനിയ, അസർബൈജാൻ എന്നീ മൂന്നു കാക്കേഷ്യൻ റിപ്പബ്ലിക്കുകളും അവിടത്തെ ഒരുകോടി ജനങ്ങളും ചരിത്രത്തിലും ആധുനിക പുരോഗതിയിലുമുള്ള

സാദൃശ്യങ്ങരംകൊണ്ടു് പരസ്പരം ബന്ധപ്പെട്ടതാണു്. എങ്കിലും സാംസ്കാരികമായും ചരിത്രപരമായും അവരവക്കുള്ള പാരമ്പര്യങ്ങരം അവർ അഭിമാനപൂവ്വം നിലനിർത്തുന്നു.

28,000 മൈൽ വിസ്തീർണ്ണത്തിൽ അഫ്ഖാസിയ അജാറിയ, തെക്കൻ ഒസെററിയൻ എന്നീ പ്രദേശങ്ങരം ഉരംപ്പെടുന്നതും നാലുതുലക്ഷം ജനസംഖ്യ വരുന്നതുമായ ജോർജ്ജിയയെ സുരാമിപവ്വതനിരകരം ഏകദേശം തുല്യമായ നാലു സമഭാഗങ്ങളായി വിഭജിക്കുന്നു. ഫലഭൂയിഷ്ഠമായ താഴ്വരകളും യുഗങ്ങളോളം പഴക്കമുള്ള വനങ്ങളും മൈലുകളോളം നീണ്ടുകിടക്കുന്ന ഭംഗിയേറിയ മേച്ചിൽസ്ഥലങ്ങളും കുത്തിയൊഴുകുന്ന നദികളും ചേന്ന ഈ ദേശം സമൃദ്ധിയുടെ നികേതമാണു്.

അതിപ്രാചീനമായ കാലംമുതൽ ജോർജ്ജിയർ മുന്തിരിയും ധാന്യവും കൃഷിചെയ്യുകയും ലോഹോപകരണങ്ങരം നിമ്മിക്കുകയും പുസ്തകങ്ങരം എഴുതുകയും ദേവാലയങ്ങളും ദുഗ്ഗങ്ങളും തോടുകളും പാലങ്ങളും പണിയുകയും ചെയ്തുവന്നു. ബി. സി. ഏഴാം ശതകംമുതൽ ഒരു അക്ഷരമാലയുടെ ഉടമകളായിരുന്ന ഇവർ എ. ഡി. നാലാംശതകത്തിൽ ക്രിസ്തുമതം സ്വീകരിച്ചു. ആറാം ശതകംമുതൽ അവക്കു പ്രത്യേകം വിദ്യാലയങ്ങളുണ്ടായിരുന്നു. ഇക്കൂട്ടത്തിൽ ഉണ്ടായിരുന്ന അക്കാദമിയിൽ ഗ്രീസ് തുടങ്ങിയ വിദൂരദേശങ്ങളിൽനിന്നുപോലും വിദ്യാത്ഥികരം വന്നു ചേന്നിരുന്നു.

അഞ്ചാംശതകംമുതൽ ജോർജ്ജിയയുടെ തലസ്ഥാനമായിരിക്കുന്ന ടിഫ്ളിസ് ലോകത്തിലെ ഏററവും പ്രാചീനമായ നഗരങ്ങളിലൊന്നാണു്. യൂറോപ്പിൽനിന്നു് ഇന്ത്യയിലേക്കു സഞ്ചരിക്കുന്ന പുരാതന സാത്ഥവാഹസംഘങ്ങളുടെ വാണിജ്യപാതയിലുള്ള ഒരു പ്രധാന താവളമായിരുന്നു ഇതു്. ഇന്നു് അതേ പാതയിൽ സ്ഥിതിചെയ്യുന്ന റെയിൽ—റോഡ്—വിമാനസംഗമസ്ഥാനമെന്ന നിലയിൽ ഇതിൻെറ പ്രാധാന്യം വർദ്ധിച്ചിട്ടുണ്ടു്. ചൂടുള്ളതു് എന്നത്ഥമായ ഒരു ജോർജ്ജിയൻ പദമാണു് തിബ്ലി. ചൂടുള്ള

അസംഖ്യം ഗന്ധക ഉറവകളിൽനിന്നാണ് ടിഫ്ളിസിന് ആ പേരു ലഭിച്ചതു്.

മ്ത്കാരി (കുറാ) നദിയുടെ തടത്തിൽ സമുദ്രനിരപ്പിൽനിന്നു് 8,500 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഈ നഗരത്തിലേക്കു നയിക്കുന്ന അനേകം പാതകളുണ്ടു്. ഏതു ദിക്കിൽനിന്നു സമീപിക്കുമ്പോഴും സൂചീഗോപുരങ്ങളോടുകൂടിയ ദേവാലയങ്ങളും കോട്ടകളും പുതിയ എടുപ്പുകളോടു കലൻനുകിടക്കുന്ന പുരാതന ക്ഷേത്രങ്ങളുടെ നഷ്ടശിഷ്ടങ്ങളും വിസ്തൃതമായ തെരുവുകളും ഭംഗിയായി സംവിധാനംചെയ്ത ചത്വരങ്ങളും ആധുനിക വാസ്തുശില്പങ്ങളുമാണു് കാഴ്ചക്കാരൻെറ കണ്ണുകളെ എതിരേല്ക്കുന്നതു്.

വളഞ്ഞിടുങ്ങിയ തെരുവുകളും ഇരുണ്ട ഇടവഴികളിലേക്കു നൂണിറങ്ങിപ്പോകുന്ന പടവുകളുമടങ്ങിയ ഇരുട്ടുകോട്ടകളായിരുന്നു പഴയ കാക്കേഷ്യൻ നഗരങ്ങൾ. വാസസങ്കേതങ്ങളും വീടുകളും തൂണുകൾ, കമാനങ്ങൾ, നിറപ്പകിട്ടുള്ള മൊസേയിക്കിട്ട ബാൽക്കണികൾ എന്നിവകൊണ്ടു മോടിപിടിപ്പിച്ചും ജാലകങ്ങളും വാതായനങ്ങളും പ്രതിമകൾ കൊത്തി അലങ്കരിച്ചും ഈ ഇരുപതാം ശതകത്തെ പന്ത്രണ്ടാം ശതകത്തിലെ വിസ്മയകരമായ വാസ്തുവിദ്യയുമായി സമ്മേളിപ്പിക്കുന്നതിൽ ജോർജ്ജിയന്മാർ വിജയിച്ചിരിക്കുന്നു.

നാട്ടുമ്പുറത്തെ വീടുകളിൽ അങ്കണങ്ങളും മുന്തിരിയുമുണ്ടു്. ഹിമശീതളമായ വീഞ്ഞുനിറഞ്ഞ ഭരണികൾ മണ്ണിൽ കുഴിച്ചിട്ടിരിക്കും. ഭൂമിക്കടിയിലുള്ള ഭരണിയിൽനിന്നു് ഗൃഹനായകൻതന്നെ കോരിനിറച്ച വീഞ്ഞുപാത്രം നൽകിയാണു് ജോർജ്ജിയന്മാർ അതിഥികളെ സ്വാഗതംചെയ്യുന്നതു്.

ഈ പ്രദേശങ്ങളിൽ സഞ്ചരിക്കുന്ന വിദേശികൾ ആതിഥ്യം സ്വീകരിക്കാൻ പോകുമ്പോൾ അല്പം ദേശാചാരം അറിഞ്ഞിരിക്കേണ്ടതു് ആവശ്യമാണു്. യുദ്ധത്തിനുമുമ്പ് ഇതിലെ സഞ്ചരിക്കാനിടയായ ഒരു സംഘം അമേരിക്കൻവിദ്യാർത്ഥികൾക്കു് വേണ്ടാത്ത ഒരു കുതിരയെ സമ്മാനം കിട്ടിയ കഥയുണ്ടു്. സംഘത്തിൽപ്പെട്ട

ഒരാറം ആ കുതിരയെ കണ്ടു് അഭിനന്ദിച്ചതാണു കാരണം. ആതിഥേയൻ ഉടൻതന്നെ അയാളുടെ ഏററവും വിലപിടിച്ച ആ സമ്പത്തു് അവക്കു സമ്മാനമായി നൽകി. അതു നിരസിച്ചിരുന്നുവെങ്കിൽ ഏററവുംവലിയ അധിക്ഷേപമാകുമായിരുന്നു.

നഗരവാസികളായ കാക്കേഷ്യന്മാരിൽ പലരും യൂറോപ്യൻ വസ്ത്രധാരണരീതി സ്വീകരിച്ചിട്ടുണ്ടെങ്കിലും ഭൂരിപക്ഷത്തിനു് ഇന്നും ദേശീയവസ്ത്രങ്ങറം തന്നെയാണു് ഇഷ്ടം. അടിവശം വിരിഞ്ഞു് ഇടയൊതുങ്ങി വിസ്താരമേറിയ കൈകളോടു കൂടിയ കോട്ടാണു് ജോർജ്ജിയൻ പുരുഷന്മാരുടെ വേഷം. നെഞ്ചിൽ വിലങ്ങനെ ഒരു നിര തോട്ടകറം ബൽററുപോലെ കിടക്കും. മുട്ടോളം ഉയരത്തിൽ കൈകൊണ്ടുണ്ടാക്കിയ ചെരിപ്പുകറം ഉറപോലെ ചേൎന്നുകിടക്കും. ചെറുപ്പക്കാക്കു് നിറമുള്ള വെൽവെററു് തലക്കണ്ടങ്ങളോടുകൂടിയ വട്ടത്തൊപ്പിയാണു കൂടുതൽപ്രിയം. പ്രായംചെന്നവർ, വിശേഷിച്ചു വനവാസികറം, തലപ്പാവാണു് ധരിക്കുന്നതു്.

പുരുഷന്മാർ വിരൽത്തുമ്പുകളിൽ നിന്നു നൃത്തംചെയ്യുകയും അസാമാന്യമായ വൈദഗ്ദ്ധ്യത്തോടും ഉഷ്ണസഞ്ചാരം വരുത്തുന്ന വേഗത്തോടുംകൂടി ചുററിത്തിരിയുകയും ചെയ്യുമ്പോഴാണു് ഈ വേഷങ്ങളുടെ ഭംഗി ശരിക്കു വെളിപ്പെടുന്നതു്. ചടുലവും വികാരനിർഭരവുമായ ചലനങ്ങളിലൂടെ യുദ്ധനിരതമായ ഭൂതകാലത്തിൻെറ ചരിത്രവും സംസ്കാരവും അവർ പകൎത്തിക്കാണിക്കുന്നു. പക്ഷേ നിലത്തിഴയുന്ന പട്ടുവസ്ത്രങ്ങറം കട്ടിയേറിയ പിന്നൽനാടകറംകൊണ്ടു് അരയിൽ കുടുക്കിയ ദീർഘകായകളും പ്രൗഢകളും ലാവണ്യവതികളുമായ സ്ത്രീകളുമായി പ്രേമനൃത്തം നടത്തുമ്പോറം അവരുടെ ചലനങ്ങറം മന്ദവും പ്രൗഢവുമായിത്തീരുന്നു. ജോർജ്ജിയൻ പുരുഷന്മാർ സ്ത്രീകളോടു് അവലംബിക്കുന്ന അസൂയാനിർഭരവും രക്ഷാകർത്തൃത്വം സ്ഫുരിക്കുന്നതുമായ മര്യാദയുടെ മൂൎത്തഭാവമാണിതു്.

ജോർജ്ജിയയുടെ സമ്പത്തിൻെറ വലിയൊരു ഭാഗം ചോളം, മുന്തിരി, ചായ, പുകയില, പലവിധത്തിലുള്ള

നാരങ്ങകൾ എന്നിവയിൽനിന്നുള്ള വരവാണ്. അടുത്ത കാലത്തായി സമ്പന്നമായ കൽക്കരി—ഇരുമ്പ് — എണ്ണ നിക്ഷേപങ്ങളും കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. ചിയാത്തുറയിലെ മാങ്ഗനീസ് നിക്ഷേപം ലോകത്തിലെ ഏററവും വലിയ നിക്ഷേപങ്ങളിലൊന്നാണ്.

തേയിലക്കൃഷി ഏററവുമൊടുവിൽ ആരംഭിച്ച രാജ്യമാണെങ്കിലും 1,25,000 ഏക്കർ തേയിലത്തോട്ടങ്ങളിൽ കൃഷിയും കൊളന്തുശേഖരണവും യന്ത്രവല്കരിച്ച ആദ്യത്തെ രാജ്യം ജോർജ്ജിയയാണ്.

പുരാണപ്രസിദ്ധമായ 'ജ്വലിക്കുന്ന കോൾച്ചിസ്', ആണ് കരിങ്കടൽത്തീരത്തുള്ള താഴ്ന്ന ചതുപ്പുനിലങ്ങൾ ഉൾപ്പെട്ട കോൾച്ചിഡാ. ദീർഘകാലമായി അഴുകിയ പുല്ലിൻെറ ദുർഗ്ഗന്ധത്താൽ പരിസരങ്ങളെ വളരെ ദൂരത്തോളം വിഷലിപ്തമാക്കിക്കൊണ്ടിരുന്ന പ്രദേശമാണ് ഇതു്. ഇതിൻെറ കീഴിൽ നിഗൂഹിതമായിരുന്ന ഫലപുഷ്ടിയും സമൃദ്ധിയും അളവററതാണ്.

പഴയ ചതുപ്പുനിലങ്ങളെ ഫലഭൂയിഷ്ഠമായ വയലുകളും കാപ്പനിത്തോട്ടങ്ങളും ഉദ്യാനങ്ങളും കൂട്ടകൃഷി സ്ഥലങ്ങളുമാക്കി മാററി ജോർജ്ജിയയിലെ പുതിയ ആർഗോനോട്ടുകൾ അവരുടെ ശക്തി വെളിപ്പെടുത്തിയിരിക്കുന്നു.

ടിഫ്ളിസിൻെറ ഭ്രാന്തപ്രദേശത്തുള്ള റസ്താവി ജോർജ്ജിയയുടെ നവയൗവനപ്രാപ്തിക്ക് ഉത്തമദൃഷ്ടാന്തമാണ്. അനേകനൂററാണ്ടുകൾക്കുമുമ്പ് ധീരരായ പടയാളികളും വിദഗ്ദ്ധതൊഴിലാളികളും പ്രയത്നശീലരായ കർഷകരും തിങ്ങിപ്പാർക്കുന്ന ഒരു വാസകേന്ദ്രമായിരുന്നു ഇതു്. പണ്ടേ വിസ്മൃതമായ ഏതോ കാരണങ്ങളാൽ അതു ഭൂമുഖത്തുനിന്നു് അന്തർദ്ധാനം ചെയ്തു.

പ്രസിദ്ധമായ ഈ പുരാതന നഗരത്തിനു് വീണ്ടും ജീവൻ വന്നതു് യുദ്ധകാലത്താണ്. ഈ പഴയ നഗരത്തിൻെറ സ്ഥാനത്തു് ഒരു വമ്പിച്ച ഉരുക്കു നിർമ്മാണശാല സ്ഥാപിക്കുവാൻ അന്നത്തെ ജോർജ്ജിയൻ ഗവമ്മെൻറു് നിശ്ചയിച്ചു. റസ്താവിയിലെ ഭീമാകാരമായ പുതിയ ഉരുക്കു

നിർമ്മാണശാലയിൽ വിദഗ്ദ്ധതൊഴിലാളികളായി പ്രവൃത്തി ഏറ്റെടുക്കുന്നതിനുവേണ്ടി ജോർജ്ജിയയിലെ 5000 ചെറുപ്പക്കാർ രാജ്യത്തിൻെറ വിവിധഭാഗങ്ങളിലേക്കു പരിശീലനാർത്ഥം പുറപ്പെട്ടു.

ജോർജ്ജിയയുടെ തെക്കു ഭാഗത്തു് മാമലകളാകുന്ന മതിലുകൾക്കുള്ളിൽ, കരയിൽ കുടുങ്ങിക്കിടക്കുകയാണു് ആർമീനിയാ. ഇതിൻെറ അതിരുകൾ കിഴക്കു് അസർബൈജാനെയും പടിഞ്ഞാറു് തുർക്കിയേയും തെക്കു് ഇറാനെയും തൊട്ടാണു് കിടക്കുന്നതു്. 12000 ച. മൈൽ വിസ്തീർണ്ണവും 17,68,000 ജനസംഖ്യയും കുറഞ്ഞതു് 2500 വർഷക്കാലത്തെ അഭിമാനാവഹമായ ചരിത്രവുമുള്ള ഈ ചെറിയ രാജ്യത്തിൻെറ ഉത്ഭവം പൗരാണികകാലത്തെന്നോ ആണു്.

ആർമീനിയയുടെ അധികഭാഗവും ഫലഭൂയിഷ്ഠമായ താഴ്‌വരകളോടും തടാകങ്ങളോടുംകൂടിയ മലകളും, അധിത്യകകളും അഗ്നിപർവ്വതപ്രവർത്തനത്തിൽനിന്നുണ്ടായ ഉന്നതതടങ്ങളുമാണു്. തലസ്ഥാനമായ യെരവാനും മുന്തിരിത്തോട്ടങ്ങളും ഫലവൃക്ഷത്തോപ്പുകളും നിറഞ്ഞ അരാരാത്ത് താഴ്‌വരയും ഉൾപ്പെടെ രാജ്യത്തിൻെറ തൊണ്ണൂറു ശതമാനവും സമുദ്രനിരപ്പിൽനിന്നു് മൂവായിരത്തിലധികം അടി ഉയരത്തിലാണു് കിടക്കുന്നതു്.

മനുഷ്യൻ ഗോതമ്പും മററു ധാന്യങ്ങളും കൃഷി ചെയ്തു തുടങ്ങിയകാലത്തു് ലോകകാർഷികകേന്ദ്രങ്ങളിൽ ഒന്നായിരുന്നു ആർമീനിയൻ പീഠഭൂമി. ഭൂമിയുടെ ദൗർലഭ്യംമൂലം ആർമീനിയയ്ക്കു് കൃഷിഭൂമിയുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കാൻ നിർവ്വാഹമില്ല. കൃഷിക്കാർ മെച്ചപ്പെട്ട വിളവിൽ ശ്രദ്ധകേന്ദ്രീകരിക്കുകയേ നിർവ്വാഹമുള്ളു.

സംഗാ നദീതീരത്തുള്ള യെരവാൻ നിറപ്പകിട്ടുള്ള ഒരു പട്ടണമാണു്. അവിടെത്തന്നെ കിട്ടുന്ന കുങ്കമക്കല്ലുകൾകൊണ്ടാണു് നഗരം മിക്കവാറും നിർമ്മിച്ചിട്ടുള്ളതു്. പഴയകാലത്തു് ഒരു പിടി മുന്തിരിവാററുസ്ഥലങ്ങളും തുകൽ—ലോഹപ്പണിസ്ഥലങ്ങളും മാത്രമേ ഇവിടെ ഉണ്ടാ

യിരുന്നുള്ളു. ഇന്നു് ആർമീനിയയിൽ 13 പട്ടണങ്ങളും 22 വ്യാവസായികനഗരങ്ങളുമുണ്ടു്.

ഈ കൊച്ചുരാജ്യത്തിൻെറ ഭൂതകാലചരിത്രം ദുരന്തപൂരിതമാണു്. കൂട്ടക്കൊലകളും രക്തരൂഷിതമായ കുടിപ്പകകളും നിമിത്തം ജനങ്ങൾ ക്ഷയിച്ചു ക്ഷയിച്ചു് ആർമീനിയരെന്നു പറയാൻ ആളുകളില്ലാത്ത ഘട്ടങ്ങൾവരെ ഉണ്ടായിട്ടുണ്ടു്. അതിജീവിച്ചവർ അതിർത്തി കടന്നു് ലോകമാസകലം ചിതറി. ഏതാണ്ടു് 1,80,000 പേർ ഈയിടെ അവരുടെ പൂർവ്വികരുടെ നാട്ടിലേക്കു തിരിച്ചു വരികയുണ്ടായി. ഇവരിലധികവും ഗ്രീസ്, ഫ്രാൻസ്, സിറിയാ, ഈജിപ്തു്, ഇറാൻ, അമേരിക്ക എന്നീ രാജ്യങ്ങളിൽ നിന്നാണു് വന്നതു്. അവരിൽ വളരെപ്പേർ വിദഗ്ദ്ധതൊഴിലാളികളും പ്രത്യേക തൊഴിലുകളിൽ പരിശീലനം നേടിയവരുമാണു്.

കാക്കേഷ്യൻ പർവ്വതനിരയുടെ അങ്ങേയററത്തുള്ള മൂന്നാമത്തെ റിപ്പബ്ലിക്കായ അസർബൈജാൻ ഒരു ചെറുരാജ്യമാണു്. ഇതു് 'പൂവണിഞ്ഞ നാടു്' എന്നറിയപ്പെടുന്നു.

തലസ്ഥാനമായ ബകുവിലെ എണ്ണക്കിണറുകളും കറാ അറാസിലെ പഞ്ഞി ഗോതമ്പു് തേയില പുകയില തോട്ടങ്ങളുമാണു് ഈ രാജ്യത്തിൻെറ സാമ്പത്തിക സുസ്ഥിതിക്കു് ആധാരം. ഒന്നാന്തരം കാലാവസ്ഥയും ഔഷധഗുണമുള്ള ഉറവുകളും നിത്യപുഷ്പിതമായ മൈതാനങ്ങളും ഈ നാടിൻെറ പ്രത്യേകസിദ്ധികളാണു്.

വസന്തകാലമാകുമ്പോഴേക്കു് പൂവണിഞ്ഞ പൂന്തോപ്പുകളും കായ്കനിത്തോട്ടങ്ങളും വയലുകളും അന്തരീക്ഷത്തിൽ നറുമണം പരത്തുന്നു. വേനൽക്കാലം ഈ പ്രദേശത്തെ അനന്തമായ ഒരു തങ്ക വയലാക്കി മാററുന്നു. ഇവയ്ക്കിടയിൽ കായ്കൾ പഴുത്തു പൊട്ടുന്നതിനനുസരിച്ചു ചുവപ്പും ഇളംമഞ്ഞയും വെള്ളയുമായി മാറുന്ന പരുത്തിയുടെ ചതുരത്തുരുത്തുകളും കാണാം.

പഞ്ഞി പറിക്കാറാകുന്ന കാലത്തു് ഈ വയലുകരം കണ്ടാൽ ഏതോ ഭീമകായൻ വലിയൊരു ബ്രഷ്കൊണ്ടു് പ്രകൃതിയുടെ കാൻവസ്സിൽ നിറയെ അസംഖ്യം വെള്ള ക്കുത്തുകരം ഇട്ടതാണെന്നേ തോന്നുകയുള്ളു.

അസർബൈജാനിൽ ഒരുകാലത്തു് എണ്ണയല്ലാതെ മറെറാന്നുമുണ്ടായിരുന്നില്ല. ഏററവും ലഘുവായ യന്ത്രം മുതൽ തീപ്പെട്ടിവരെയുള്ള സാമാനങ്ങരം പുറത്തുനിന്നു കൊണ്ടുവരേണ്ടിയിരുന്നു. എൻജിനീയറിങ്ങ്, അയിർ ഖനനം, ഇരുമ്പും ഉരുക്കും, രാസവസ്തുക്കരം, തുണി, ഭക്ഷ ണസാധനങ്ങരം ടിന്നിൽ അടക്കൽ, എന്നിങ്ങനെ വിവി ധതുറകളിൽ കഴിഞ്ഞ 40 വഷ്ക്കാലംകൊണ്ടു നേടിയ പുരോഗതിയുടെ ഫലമായി ഏതാണ്ടു് 120 ഇനം വ്യാവ സായിക വിഭവങ്ങരം അവരിപ്പോരം വിദേശങ്ങളിലേക്കു കയററി അയക്കുന്നുണ്ടു്.

കാസ്പിയൻ തീരത്തു് ആസ്ഫെറോൺ ഉപദ്വീപിൽ സ്ഥിതിചെയ്യുന്നതും 10 ലക്ഷം ജനസംഖ്യയുള്ളതുമായ ബകു, സോവിയററു് യൂനിയനിലെ ഏററവും വലിയ വ്യാവസായിക സാംസ്കാരികകേന്ദ്രങ്ങളിൽ ഒന്നാണു് കഴിഞ്ഞ നൂററാണ്ടിൻെറ അന്ത്യത്തിൽ എണ്ണ കണ്ടെത്തു ന്നതുവരെ ഇതൊരു ഉറക്കം തൂങ്ങുന്ന പ്രദേശമായിരുന്നു. നുരിച്ചു പൊങ്ങുന്ന 'കറുത്ത പൊന്നിനെ' മുകളിൽകൊ ണ്ടുവരാൻവേണ്ടി കാലത്തോടു മല്ലടിക്കാനൊരുമ്പെട്ട ധാതുഗവേഷകരും 'ക്ഷണത്തിൽ പണക്കാരാകാൻ' മോ ഹിച്ച എണ്ണ വ്യവസായികളുംകൂടി അതിനെ ഒരു വൻപട്ട ണമാക്കി മാററി. ധൃതിയിൽ റിക്രൂട്ടുചെയ്ത തൊഴിലാളി കരംക്കുവേണ്ടി അമേരിക്കൻ മാതൃകയിലുള്ള വീടുകരം അ തിവേഗം ഉയന്നുവന്നു. ഡെറിക്കുകരം (ഭാരമുയർത്തുന്നതി നുള്ള യന്ത്രം, ക്രെയിൻപോലെ) ചക്രവാളത്തിൽ നിഴൽ വിരിച്ചു.

വോരംഗയ്ക്കും യൂറാലിനുമിടയിലുള്ള ഒരു 'രണ്ടാംബകു' ഇപ്പോരം 'എണ്ണയുടെ നഗര'ത്തേക്കാളധികം ഉല്പാദനം നടത്തുന്നുണ്ടു്. ചെക്കോസ്ലോവാക്കിയ. ഹംഗറി, പോള ണ്ടു് എന്നിങ്ങനെ നീണ്ടു പോകുന്ന ഒരു പൈപ്പ് ലൈൻ

നിർമ്മിച്ചു വരുന്നുണ്ട്. പുതിയ എണ്ണപ്പാടത്തിൽനിന്നു് താമസംവിനാ പെട്രോൾ ബെർലിനിലേക്കു് ഒഴുകിത്തുടങ്ങും.

ഇപ്പോഴും അസർബൈജാനിലെ മുഖ്യവ്യവസായം എണ്ണതന്നെയാണു്. ആധുനിക എൻജിനീയറിങ്ങിന്റെ വിസ്മയങ്ങളിലൊന്നാണു് കാസ്പിയൻ കടലിന്റെ നടുവിൽ നിർമ്മിച്ചിട്ടുള്ള പുതിയ എണ്ണ നഗരം. കടലിന്റെ അടിത്തട്ടിൽ എണ്ണക്കിണറുകൾ കുഴിച്ചുകൊണ്ടിരുന്നപ്പോൾ തീ പൊട്ടിപ്പുറപ്പെടുകയുണ്ടായി. ആളിക്കത്തുന്ന കടൽ രൗദ്രമോഹനമായ ഒരു കാഴ്ചയായിരുന്നു.

ബകുവിനെ മോടിപിടിപ്പിക്കുന്നതിനും സോവിയററുയൂനിയനിലെ ഏററവും ചൂടുകൂടിയ ആ നഗരത്തിന്റെ എണ്ണമയം നീക്കുന്നതിനുംവേണ്ടി അസർബൈജാൻ വളരെ ധനം വ്യയം ചെയ്യുന്നുണ്ടു്. വീതിയേറിയ ഉൾക്കടലിന്റെ തീരത്തായി പുതിയ വീടുകൾ വ്യാപിച്ചുവരുന്നു. വൃക്ഷങ്ങളും ചെടികളും പൂത്തടങ്ങളും നിരക്കെ വച്ചുപിടിപ്പിക്കുന്നുണ്ടു്. വീടുകളുടെ ജനാലകളിൽ പൂച്ചട്ടികൾ വച്ചിരിക്കും.

ഖാന്റെ കൊട്ടാരം, മെയിവൻ കോട്ട, അഗ്ന്യാരാധകരുടെ സുഖാറൻ ദേവാലയം തുടങ്ങിയ സുന്ദരമായ എടുപ്പുകളിൽനിന്നു് പുതുമയുടെ മധ്യത്തിലേക്കു പഴമയുടെ നിശ്വാസം അരിച്ചുകയറിവരുന്നു. ഭൂമിക്കടിയിലൂടെ ഇവിടത്തെ 'കെടാവിളക്കിനെ' പോഷിപ്പിച്ചുകൊണ്ടിരുന്ന ഗ്യാസ് ഉറവകൾ ഇപ്പോൾ വീട്ടമ്മമാരുടെ അടുപ്പുകൾക്കു ജീവൻ നൽകുകയാണു്.

ഇടുങ്ങിയ തെരുവുകളുടെ ഇരുട്ടുകോട്ടകളോടുകൂടിയ പഴയ നഗരത്തിൽ, സിററാഡലിൽ, അവിടവിടെയെങ്കിലും കഴിഞ്ഞ കാലത്തിന്റെ സ്മാരകങ്ങൾ കണ്ടുമുട്ടാതിരിക്കുകയില്ല. എങ്കിലും പുരാവസ്തുക്കൾ ബകുവിന്റെ പ്രത്യേകതയല്ല. നേരെ മറിച്ചാണു്. യൗവനത്തിന്റെ വേലിയേററത്തിൽ പുളച്ചുമദിക്കുന്ന നഗരമാണിതു്. ആധുനിക രീതിയിലുള്ള ഭവനങ്ങൾ തട്ടുതട്ടായി ഉന്നതതടത്തിന്റെ



6. ലെനിൻഗ്രാഡ്— നെവ്സ്കി പ്രോസ്പക്ററിൽനിന്നും തിരിഞ്ഞു പോകുന്ന മനോഹരത്തെരുവുകളിൽ ഒന്നായ റോസ്സി സ്ട്രീററ്.

മുകളററംവരെ ഉയൻ പോകുന്നു. അല്പകാലം മുമ്പുവരെ ഇതു കല്ലുകാം നിറഞ്ഞ തരിശുഭൂമിയായിരുന്നുവെന്നു് ആരും സ്മരിക്കാറില്ല.

വിസ്തൃതമായ മധ്യേഷ്യൻ മരുഭൂമികളിൽനിന്നു കാക്കസെസ്സിനെ വേർതിരിക്കുന്നതും ഏതാണ്ടു കരിങ്കടലിനോളം വലിപ്പമുള്ളതും ആഴവും കോളും ഒരുപോലെയുള്ളതും ആയ കാസ്പ്പിയൻ കടൽ; യഥാർത്ഥത്തിൽ ലോകത്തിലെ ഏററവും വലിയ തടാകമാണു്.

ഏററവും സമ്പന്നമായ മത്സ്യബന്ധനസ്ഥലവും ഇതാണു്. മറെറതു കടലിലൂടെയും കേററിയിറക്കുന്നതിലധികം ചരക്കുകാം ഈ കടൽവഴി കടന്നുപോകുന്നുണ്ടു്. കപ്പലുകളുടേയും ബാർജ്ജുകളുടേയും ടാങ്കറുകളുടേയും അന്തമററ ഒരു നിര ബകുവിലെ എണ്ണയും മധ്യേഷ്യയിലെ കായ്കനികളും പഞ്ഞിയും കയററിക്കൊണ്ടു വോാംഗയിലൂടെ വടക്കോട്ടു നീങ്ങിക്കൊണ്ടേയിരിക്കും. സ്റ്റാലിൻഗ്രാഡ്, ഗോക്കി, മോസ്കോ തുടങ്ങി അനവധി വ്യാവസായിക നഗരങ്ങളിലും കൂട്ടുകൃഷിസ്ഥലങ്ങളിലും അടുത്തടുത്തു പോകുന്ന ഈ വാഹനങ്ങളെ കടന്നു് സൈബീരിയയിലും യൂറലിലും നിന്നു പുറപ്പെടുന്ന അനേകം വാഹനങ്ങാം തെക്കോട്ടും വരുന്നുണ്ടായിരിക്കും. മധ്യേഷ്യയിലെ മരുഭൂമികളിലും ജലപാതകളിലും അത്യന്താപേക്ഷിതവും ആകാംക്ഷാപൂർവ്വം പ്രതീക്ഷിക്കപ്പെടുന്നതുമായ തടിയും ഭവനനിർമ്മാണസാധനങ്ങളുമാണു് ഇവയിലുള്ള ചരക്കുകാം.

കാസ്പ്പിയൻ കടലിൻെറ തൊട്ടക്കരെ ആയിരക്കണക്കിനു മൈൽ കിഴക്കോട്ടു് ചൈനയുടെ അതിത്തിവരെ നീണ്ടുകിടക്കുന്ന പ്രദേശമാണു് സോവിയററു് പൗരസ്ത്യദേശം. വല്ലാത്ത വൈരുധ്യങ്ങളോടുകൂടിയതാണു് ഈ ലോകം. മഞ്ഞണിഞ്ഞ മാമലകളുടെ ചുവട്ടിൽ വിസ്താരമേറിയ മരുഭൂമികാം; നിർജ്ജീവമായലവണതടാകങ്ങളുടെ

കരയിൽ ഫലഭൂയിഷ്ഠമായ മരുപ്പച്ചകൾ, വെടിഞ്ഞുകീറിയ 'വിശക്കുന്ന സ്റ്റെപ്പിയിൽ' വർണ്ണപ്പകിട്ടുമായി വിരിഞ്ഞുവരുന്ന കാട്ടുട്യൂലിപ്പുകളും!

മരുഭൂമികൾക്കു ജലം നൽകുമ്പോൾ അവ തികച്ചും രൂപാന്തരപ്പെടുന്നു. പൂക്കൾ വളരുന്നതിൻെറ വേഗത നിമിത്തം പ്രകൃതി അനുദിനം രൂപം മാറുന്ന വമ്പിച്ച പുഷ്പകംബളങ്ങൾ പോലെയായിത്തീരുന്നു. ഇവിടെയുണ്ടാകുന്ന ഓരോ കാബേജിനും രണ്ടും മൂന്നും പൗണ്ട് തൂക്കമുണ്ടായിരിക്കും. പക്ഷെ ഒരുതവണ മഴ പിഴച്ചാൽ മതി; എല്ലാം വാടിക്കരിഞ്ഞതു തന്നെ.

## ഏഴ്

# ഓടിപ്പറിക്കുന്നവർ

വിദൂരവും വിസ്മയകരവുമായ സോവിയററ് പൗരസ്ത്യദേശം സന്ദർശിക്കാൻ സഞ്ചാരികാംക്ക സമയമുണ്ടാകാത്തതു് വാസ്തവത്തിൽ ഖേദകരമാണ്. മോസ്ക്കോവിൽ നിന്നു് ജററുവിമാനമാകുന്ന പുതിയ 'മന്ത്രത്തടുക്കി'ൽ കേറിക്കൂടിയാൽ 2000 മൈൽഅകലെ ഉസ്ബെക്കിസ്ഥാനിലുള്ള യക്ഷനഗരമായ സമർഖണ്ഡിൽ എത്താൻ നാലു മണിക്കൂറേ വേണ്ടു. അറബിക്കഥയുടെ പശ്ചാത്തലത്തോടുകൂടിയ ഒരാധുനിക ലോകമാണിതു്.

മോസ്ക്കുകളും പള്ളിഗോപുരങ്ങളും ഉയന്ന മതിലുകളാൽ വലയം ചെയ്യപ്പെട്ട കൂരപരന്ന വീടുകളും ആബാലവൃദ്ധമായ അനേകം പൗരസ്ത്യജനതകളുടെ വിവിധ തരത്തിലും നിറങ്ങളിലുമുള്ള പരുക്കൻ പട്ടു വസ്ത്രങ്ങാംകൊണ്ടു വെട്ടിത്തിളങ്ങുന്ന ജനബഹുലമായ ചന്തസ്ഥലങ്ങളും കടന്നാണ് വിമാനം നിലത്തേക്കു് ഒഴുകിയിറങ്ങുന്നതു്.

പാശ്ചാത്യപൗരസ്ത്യ പരിഷ്കാരങ്ങളുടെ ഒരു മൂശയിൽ ചെന്നുപെട്ടപോലെയാണ് നമുക്കു തോന്നുക. തിരക്കേറിയ തെരുവുകളിൽ ഭാരം കയററിയ കഴുതകളുടെയും ഒട്ടകങ്ങളുടെയും അരികിലൂടെ പുതിയ കാറുകളും ബസ്സുകളും ചീറിപ്പായുന്നു. തണ്ണിമത്തനും കത്തിരിയും മാതളപ്പഴവും മുന്തിരിങ്ങയും ആപ്പിളും കുനകുനയായി അടുക്കിവച്ച കടകളിൽ തിരക്കിട്ട വ്യാപാരം നടക്കുന്നു. ചൂടുള്ളഇറച്ചിയപ്പത്തിൻെറയും ഷഷ്ലിക്കിൻെറയും ഉള്ളിപ്പൊരിയുടെയും ഗന്ധം നാസാദ്വാരങ്ങളെ ഇക്കിളിപ്പെടുത്തുന്നു. മുഴുത്ത മിട്ടായിക്കുമ്പിളുകളിൽ മൂക്കുമൂടിയ ബാലന്മാർ ഒട്ടകങ്ങളുടെ കാലിൻെറയും കാറുകളുടെ ചക്രത്തിൻെറയും ഇടയിലൂടെ ഓടിപ്പിടുത്തം കളിക്കുന്നു.

നഗരപ്രാന്തങ്ങളിലും നാട്ടുമ്പുറത്തുമുള്ള സ്ത്രീകരം അട്ടുക്കളയിലേക്കും വൈദ്യുത അലക്കു യന്ത്രത്തിലേക്കും ആവശ്യമായ വെള്ളം കിണറുകളിൽനിന്നാണു കോരിയെടുക്കുന്നതു്. മധ്യയുഗങ്ങളിലെ കുംഭഗോപുരങ്ങളുടെ മധ്യത്തിൽ ഉയർന്നുനില്ക്കുന്ന ടെലിവിഷൻ ഏരിയലുകളും വിശ്വാസികളെ പ്രാത്ഥനയ്ക്കു വിളിച്ചുകൂട്ടുന്ന മൊല്ലാക്കയുടെ ഉച്ചത്തിലുള്ള വാങ്കുവിളിയോടിടകലന്നു് പരുത്തിവയലുകളിൽ നിന്നു തിരിച്ചുപോകുന്ന കൃഷിവലരുടെ ചിരിച്ചുമറിയുന്ന നമ്മഭാഷണവും സോവിയററ് പൌരസ്ത്യദേശങ്ങളിൽ സർവ്വസാധാരണമായ സംഗതികളാണു്.

ലോകത്തിലെ ഏററവും ഗംഭീരമായ പൊതുമൈതാനമായി പലരും കൊണ്ടാടുന്ന റെജിസ്ഥാനിൽ നിൽക്കുമ്പോരം നൂററാണ്ടുകരം അറിയാതെ വഴുതിപ്പോകുന്നു.

നാലുപാടും ഉയർന്നുനില്ക്കുന്ന മുസ്ലീം കലാശാലകരം, സ്മാരകകുടീരങ്ങരം, സൂചീഗോപുരങ്ങളോടുകൂടിയ രാജകീയസ്മാരകങ്ങരം, ഏതോ രാജാവു് സ്വന്തം ഭരണകാലത്തെ അനുസ്മരിപ്പിക്കുന്നതിനുവേണ്ടി ആമയുടെ ആകൃതിയിൽ തിളങ്ങുന്ന ഓടുകരംമേഞ്ഞ കമാനങ്ങളോടും വാതായനങ്ങളോടുംകൂടി പണിചെയ്ത കുംഭഗോപുരങ്ങരം, നൂറായിരം വിചിത്ര രൂപങ്ങളിൽ അലങ്കാരപ്പണിചെയ്ത വെണ്ണക്കൽ പാളികരം—അങ്ങനെ പൗരസ്ത്യരുടെ ശില്പകലാവൈഭവവും കരവിരുതും അസ്വാസ്ഥമായ ഭൂതകാല ചരിത്രവും വാചാലമായി അനുസ്മരിപ്പിക്കുന്നതാണു് അവിടെയുള്ളതെല്ലാം.

പരമ്പരാഗതമായ രീതിയിൽ അലങ്കരിച്ചതും തിളങ്ങുന്ന വെൺകളിപൂശിയതുമായ മന്ദിരങ്ങരം ആധുനികകാലഘട്ടത്തിൻെറ വകയാണു്. ഇരുപത്തഞ്ചു മുപ്പതു വഷങ്ങരംക്കുള്ളിൽ പണിതീർത്ത വിദ്യാലയങ്ങളും സാങ്കേതികകലാശാലകളും ശാസ്ത്രീയസ്ഥാപനങ്ങളും സർവ്വകലാശാലകളും ആശുപത്രികളും ക്ലബ്ബുകളും തീയേററുകളുമാണു് ഇവ.

അമ്പരപ്പിക്കുന്ന സൗന്ദര്യധോരണിയോടുകൂടിയ സമർഖണ്ഡ് നഗരം ഫോട്ടോഗ്രാഫർമാരുടെ സങ്കല്പസ്വർഗ്ഗ

മാണ്. ഫലഭൂയിഷ്ഠമായ ഒരു പ്രവിശ്യയുടെ താഴ്വരയിലാണ് ഇതിൻെറ സ്ഥാനം. മധ്യേഷ്യയിൽ വെള്ളമെന്നാൽ ജീവനെന്നാണർത്ഥം. നാടോടികളായ ജനങ്ങൾ നൂററാണ്ടുകളായി വരണ്ട മരുഭൂമികളിലൂടെ മരുപ്പച്ചകൾതേടി അലഞ്ഞുകൊണ്ടിരുന്നു.

ബി. സി. നാലാം നൂററാണ്ടിൽ അലക്സാണ്ടർ കീഴടക്കി നശിപ്പിച്ച കാലംമുതൽ ഏവരെയും കൊതിപിടിപ്പിക്കുന്ന വിജയഹാരമായിരുന്നു സമർഖണ്ഡ്. ഈ നഗരം എത്രയോവട്ടം കീഴടക്കി നശിപ്പിക്കപ്പെടുകയും വീണ്ടെടുത്തു പുനർനിർമ്മിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

മധ്യയുഗത്തിലെ മഹാനായ ഒരു സേനാനിയായ താമർലൈൻ (ടൈമൂർ) ഉദ്യാനങ്ങൾ, പ്രാസാദങ്ങൾ, തനിക്കും കുടുംബത്തിനും വേണ്ടിയുള്ള മാസോളിയം എന്നിവകൊണ്ടു നഗരത്തെ മോടിപിടിപ്പിച്ചു. പ്രാർത്ഥിക്കുന്നതിനുവേണ്ടിയും കാലത്തിൻെറ വിസ്മയകരമായ മാററങ്ങളെപ്പററി ചർച്ചചെയ്യുന്നതിനുവേണ്ടിയും വൃദ്ധന്മാർ ഇന്നും ഈ ശവകുടീരത്തെ ചുററിക്കൂടാറുണ്ട്.

നാല്പതുവർഷംമുമ്പുവരെ മധ്യേഷ്യ ഏററവും അന്ധകാരനിബിഡമായ മധ്യയുഗത്തിൽ കെട്ടിക്കിടക്കുകയായിരുന്നു. ജനസംഖ്യയിൽ ഭൂരിപക്ഷക്കാരായ മുസ്ലീങ്ങൾ ഇസ്ലാംമതത്തിൻെറ വിധിവിശ്വാസത്താൽ നഷ്ടവീര്യരായി അലസതയിലും നിഷ്ക്രിയത്വത്തിലും മുഴുകി ജീവിച്ചു.

'വിദ്യാഭ്യാസം', 'സംസ്കാരം' തുടങ്ങിയ പദങ്ങൾ കേട്ടുകേഴ്വിപോലുമുണ്ടായിരുന്നില്ല. ഇപ്പോൾ സോവിയററ് പൗരസ്ത്യദേശത്തിൻെറ ഭാഗമായിരിക്കുന്ന നാലു രാജ്യങ്ങളിൽ – ടർക്ക്മീനിയാ, ഉസ്ബെക്കിസ്ഥാൻ, കിർഗിസിയാ, താജിക്കിസ്ഥാൻ - ഉസ്ബെക്കിസ്ഥാനു മാത്രമേ ഒരു ലിഖിതഭാഷ ഉണ്ടായിരുന്നുള്ളു. മററു ജനതകൾ തികച്ചും അക്ഷരശൂന്യരായിരുന്നുവെന്നു മാത്രമല്ല, ദാരിദ്ര്യംകൊണ്ടും രോഗംകൊണ്ടും ക്ഷയിച്ചുവരികയുമായിരുന്നു.

ഇന്നു് അവക്ക് സ്വന്തമായ വിദ്യാലയങ്ങളും സർവ്വ കലാശാലകളുമുണ്ടു്. കാലത്തിനനുസൃതമായി ആയിരക്കണക്കിനു ശാസ്ത്രജ്ഞന്മാരെയും സാങ്കേതികവിദഗ്ദ്ധന്മാരെയും അവർ ആണ്ടുതോറും സൃഷ്ടിച്ചു വിട്ടുകൊണ്ടിരിക്കുന്നു.

. സോവിയററു്ഗവണ്മെൻറ് പഴയ ഭൂമി തിരിച്ചു നൽകിയപ്പോൾ അവജ്ഞയോടുകൂടി ചവിട്ടിത്തേക്കപ്പെട്ടിരുന്ന ഈ ഏഷ്യൻ കാർഷിക അടിമകളിലേക്കു പ്രയത്നത്തിൻെറ വൈദ്യുതശക്തി ഇരച്ചുകയറി.

1939-ലെ വേനൽക്കാലം മദ്ധ്യേഷ്യമുഴവൻ എക്കാലത്തും അനുസ്മരിക്കുന്നതാണു്. ഉസ്ബെക്കിസ്ഥാനിലും താജിക്കിസ്ഥാനിലുമുള്ള 1,60,000 കർഷകർ ഒത്തുചേന്നു് 170 മൈൽ നീളത്തിൽ ഫെർഗാനാകനാലിൻെറ ഒന്നാം ഘട്ടം പണിതീർത്തതു് അന്നാണു്.

അവർ മലവെള്ളംപോലെ മരുഭൂമിയിലേക്കു് ഇരച്ചുകയറി. അനേകായിരം ജനങ്ങൾ അനേകദിവസം കഴുതപ്പുറത്തും കുതിരപ്പുറത്തും സഞ്ചരിച്ചു വന്നെത്തി. മററു ചിലർ ട്രക്കിലും വിമാനത്തിലും വന്നിറങ്ങി. കാൽനടയായി വന്നവരുമുണ്ടു്.

വർണ്ണാഞ്ചിതമായ വസ്ത്രങ്ങളണിഞ്ഞു് പലവഴിക്കു വന്നുകൂടിയ അവർ തൂമ്പകളും മൺവെട്ടികളുമേന്തി അണിയണിയായി നിരന്നുനിന്നപ്പോൾ അതിനു ഗംഭീരമായ ഒരു ഹോളിവുഡ് ടെക്നിക്കളർ ചലച്ചിത്രത്തിൻെറ വാതിൽപ്പുറക്കാഴ്ച ചിത്രീകരിക്കാൻ ഒരുക്കിനിർത്തിയ പ്രതീതിയായിരുന്നു.

അവരിൽ ബാലന്മാരും യുവാക്കളും ഉണ്ടായിരുന്നു. വിളറിയ മഞ്ഞനിറവും ഉയന്ന താടിയെല്ലുകളും ഇടുങ്ങിയ കണ്ണുകളുമുള്ള മംഗോൾ–ടാർട്ടാർ വംശജരും കറുത്ത നിറവും രൂപവുമുള്ള പേർഷ്യൻ–ഈജിപ്ഷ്യൻ–അറബിവംശജരും തടിച്ച വട്ടമുഖത്തോടുകൂടിയ ബുദ്ധമതക്കാരും അക്കൂട്ടത്തിലുണ്ടായിരുന്നു.

ഈ ചരിത്രസംഭവം സോവിയററു്യൂനിയൻെറ ഇതരഭാഗങ്ങളിലും ലോകത്താകമാനവും എത്തിച്ചുകൊടുക്കുന്ന

തിനുവേണ്ടി ചലച്ചിത്രസംഘങ്ങഠം ക്യാമറകളുമായി മോസ്കോവിൽനിന്നു പറന്നുവന്നു. ചുട്ടുപൊരിഞ്ഞ മണ്ണിൽ തമ്പുകളുടെ ഒരു മഹാനഗരം ഉയൎന്നു. ചോറിൻെറയും വറുത്ത ഇറച്ചിയുടെയും ഗന്ധം ഭക്ഷണസമയങ്ങളിൽ അന്തരീക്ഷത്തിൽ പരന്നു.

''ജോലിക്കിടയിൽ സംഗീത''വുമായി ഗായകസംഘങ്ങഠം എത്തിച്ചേൎന്നു. ചുട്ടുനീറുന്ന മണൽപ്പരപ്പ് ആയിരമായിരം കാലടികളേറ്റ് ഞെരങ്ങുകയും മൂളുകയുംചെയ്തു. നിഷ്ഠുരമായ സൂൎയ്യാതപത്തിൽ പണിയെടുത്തു വിയൎത്തു കരുവാളിച്ച ശരീരങ്ങളും ക്ഷീണിച്ച പേശികളും സമനില തെററിയ മനസ്സുകളും തമ്പേററിൻെറ മന്ദ്രമായ മുഴക്കവും തംബുരയുടെ സ്ഫുടിക്കുന്ന ഗാനവുംകേട്ട് നവചൈതന്യം ഉഠംക്കൊണ്ടു. ഇടയ്ക്കിടെ കുന്താലിയുടേയും മൺവെട്ടിയുടേയും താളത്തിനൊത്ത് അവരും കൂടെപ്പാടി.

45 ദിവസംകൊണ്ടു് അവർ തോടു കുഴിച്ചുതീൎത്തു. പണികഴിഞ്ഞപ്പോഠം വിദൂരസ്ഥമായ കിർഗിസിയായിലെ 'സ്വൎഗ്ഗീയ പർവ്വത'ത്തിലുള്ള ഹിമാനികളിൽനിന്നു കുതറിപ്പാഞ്ഞുവരുന്ന ഫെർഗാനാനദിയിലെ വെള്ളം പുതിയ ചാലുകളിൽ കാലിളക്കിക്കളിക്കുന്നതു നോക്കി ഇരുകരയിലും കൂടിനിന്നു് അവർ ആൎത്തുവിളിച്ചു.

അവിടന്നങ്ങോട്ടു നൂറുകണക്കിനു തോടുകളുടെ പണി ക്ഷണത്തിൽ കഴിഞ്ഞു. കുന്താലിയുടേയും മൺവെട്ടിയുടേയും സ്ഥാനത്തു യന്ത്രങ്ങഠം വന്നു. എങ്കിലും ഫെർഗാനാ കനാൽ (അന്നത്തെ സ്മരണീയമായ വേനൽക്കാലത്തിനു ശേഷം അതു വളരെയധികം നീട്ടുകയും പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ടു്) മദ്ധ്യേഷ്യയുടെ അഭിമാനഭാജനമായിത്തന്നെ അവശേഷിക്കുന്നു.

ആകാശത്തുനിന്നു നോക്കുമ്പോഠം ആപ്രിക്കട്ടും മഠം ബെറിച്ചെടികളുംകൊണ്ടു കരയിട്ട ഫെർഗാനാ വീതിയേറിയ ഒരു വെള്ളിക്കസവുനാടയാണെന്നേ തോന്നൂ. അതിൽനിന്നു നൂറുകണക്കിനു വീതികുറഞ്ഞ നാടകഠം പൊട്ടിത്തിരിഞ്ഞു് മരുഭൂമിയിലൂടെ വളഞ്ഞുപുളഞ്ഞു്, കൂട്ടുകൃഷി

സംഘങ്ങളുടെ വകയായ പരുത്തിവയലുകളിലും ഫല വൃക്ഷത്തോപ്പുകളിലും ചെന്നൊളിക്കുന്നു.

ഇടയിൽ ഭീമമായ ഹംസതടാകങ്ങറംപോലെ കാണുന്നതു് യഥാൎത്ഥത്തിൽ, കെട്ടിൻെറ തളകറം കഴുത്തുപോലെ നീണ്ടെഴുന്നുനില്ക്കുന്ന വമ്പിച്ച പഞ്ഞിക്കെട്ടുകളാണു്.

പഴയ കാലത്തു് പൗരസ്ത്യനഗരങ്ങറം രണ്ടുചേരികളായിട്ടാണു് നിൎമ്മിച്ചിരുന്നതു്. ഒന്നു ധനികൎക്കുള്ള വാസസ്ഥലങ്ങറം; മറേറതു് ഇടുങ്ങി കുടുസ്സായ തെരുവുകളോടു കൂടിയ ചന്തസ്ഥലങ്ങളും. ഇവിടെ ഉയൎന്ന മതിലുകറംക്കുള്ളിൽ ശുചീകരണസൗകൎയ്യമോ ശുദ്ധജലമോ ലഭിക്കാത്ത മൺകുടിലുകളിൽ അനേകം കുടുംബങ്ങറം തിങ്ങിഞെരുങ്ങിപ്പാൎത്തു വന്നു.

ഇന്നു് ഈ ദിക്കിലാകെ ഉയൎന്നുവരുന്ന ആധുനിക നഗരങ്ങളിൽ യൂറോപ്യൻ രീതിയിലുള്ള വീടുകളും വാസസങ്കേതങ്ങളും കാണാം. എങ്കിലും ആളുകറംക്കു പഴയ രീതിയിലുള്ള വീടുകളോടാണു കൂടുതൽ പ്രിയം.

പല കുടുംബങ്ങളും, വിശിഷ്യ നാട്ടുമ്പുറങ്ങളിലും നഗരപ്രാന്തങ്ങളിലും, സ്വന്തമായി വീടുകറം നിൎമ്മിക്കുന്നു. ഓരോ കുടുംബത്തിനും ഒരേക്കറോളം ഭൂമി ലഭിക്കും. കട്ടിയേറിയ ഭിത്തിയുള്ള വീടിനു് അഞ്ചോ ആറോ മുറികളും അടുക്കളയും കുളിമുറിയും കാണും. ചൂടു കുറഞ്ഞിരിക്കാൻ വേണ്ടി ജനാലകറം ചെറുതാക്കും. നിത്യശല്യമായ പൊടിയിൽനിന്നു രക്ഷനേടാൻ ഉയരമുള്ള ചുററുമതിലും പണിയും.

മതിലിനകത്തു സാമാന്യഗതിയിൽ വൎക്കോൎപ്പുരയും പശുവും കിടാക്കളും കാണും. ഇവിടത്തുകാർ മുഖ്യമായുപയോഗിക്കുന്നതു് ആട്ടിറച്ചിയായതുകൊണ്ടു വീടുതോറും ഒരു അരഡസൻ ആടുകളും ഉണ്ടായിരിക്കും. ഒരു കഴുതയും പതിവാണു്. (മുപ്പതുവർഷംമുമ്പു് ഒട്ടകവും കഴുതയും മാത്രമായിരുന്നു ഇവിടത്തെ വാഹനങ്ങറം.) പിന്നെ ഒരു ചെറിയ കോഴിക്കൂടുണ്ടാകും. ഓരോ കുടുംബത്തിനും ഒരു കറിത്തോട്ടം തീർച്ചയാണു്. തക്കാളിമത്തനും കത്തിരിയും ഉരുള

ക്കിഴങ്ങും മുന്തിരിയും മാതളവും മറംബെറിച്ചെടികളും അതിൽ വളൎന്നുനില്ക്കും.

പട്ടുപ്പൂച്ചിവളൎത്തൽ വളരെ പുരാതനമായ ഒരു തൊഴിലാണ്. പട്ടുനൂൽ നൂല്ക്കുന്നതിലും അതിനു നാടൻസസ്യച്ഛായങ്ങൾകൊണ്ടു നിറം കൊടുക്കുന്നതിലും പൗരസ്ത്യവനിതകൾക്കു വൈദഗ്ദ്ധ്യമേറും. ശീതളസന്ധ്യകളിൽ ലക്ഷോപലക്ഷം പട്ടുനൂൽപ്പുഴക്കൾ മറംബറിയില കരളുന്ന മന്ദ്രശബ്ദം ശരൽക്കാലവർഷം വൃക്ഷദലങ്ങളിലുയൎത്തുന്ന നേൎത്ത സംഗീതംപോലെ കേട്ടുകൊണ്ടിരിക്കും.

മേശസ്സും കസേരസ്സും കട്ടിലിനും പകരം ഉയരംകുറഞ്ഞ കോച്ചികളും സോഫകളും പരവതാനികളുമാണ് ഇവർ ഉപയോഗിക്കുന്നതു്. പൊക്കംകുറഞ്ഞ മേശസ്സുചുററും വിരിച്ച കംബളത്തിൽ ചമ്രംപടിഞ്ഞിരുന്നു ഭക്ഷണം കഴിക്കുന്നു. ഇറച്ചിയും ചോറും സസ്യക്കറികളും പഴങ്ങളും നിറച്ചുവച്ചിട്ടുള്ള പാത്രങ്ങളിൽനിന്നു് ഓരോരുത്തരും ആവശ്യമനുസരിച്ചു് എടുത്തുകഴിക്കുന്നു.

വിരുന്നുകാരും ബന്ധുക്കളും വരുമ്പോൾ വൃക്ഷഛായകളിൽ കംബളങ്ങൾ വിരിച്ചുകൂട്ടും. പൊതു ചായ്ഹാന (ചായക്കട കളിലും നിലത്തുവിരിച്ച കംബളങ്ങളിലിരുന്നാണ് പിഞ്ഞാണങ്ങളിൽ പകൎന്ന ചായ കഴിക്കുന്നതും നിൎത്താതെ ചതുരംഗം കളിക്കുന്നതും. സ്കൂളുകളിലും സൎവ്വകലാശാലകളിലും ഡസ്കും കസേരയും ഉപയോഗിക്കാറുണ്ടു്. ഭോജനശാലകളിൽ, വിശേഷിച്ചു നഗരങ്ങളിലുള്ളവയിൽ, മേശയും ബഞ്ചും ഉണ്ടായിരിക്കും.

തൊങ്ങലാടകളും പരവതാനികളും തുന്നൽവേലചെയ്ത വില്ലൂസും പൗരസ്ത്യഗൃഹങ്ങളുടെ ഭിത്തിയിൽ തൂക്കിയിട്ടും. കൈകൊണ്ടു ചിത്രങ്ങൾ വരച്ചലങ്കരിച്ചതും നിത്യോപയോഗത്തിനുള്ളതുമായ തളികകളും ജഗ്ഗുകളും മററും ഭക്ഷണശേഷം ഇരിപ്പുമുറിയിലുള്ള ഷെൽഫുകളിൽ പ്രദൎശിപ്പിക്കുന്നു. സില്ക്കും വെൽവെററും കൊണ്ടുണ്ടാക്കിയ കുഷനുകളോടും ചട്ടിയിൽവച്ച പടർച്ചെടികളോടും അവർക്കൊരു പ്രത്യേക മമതയുണ്ടു്.

ഈ നാലു റിപ്പബ്ലിക്കുകളിലുംകൂടി ഏകദേശം 140 ലക്ഷം ജനങ്ങളുണ്ടു്. ഇതിൽ ഏററവുമധികം, ഏതാണ്ടു് 80 ലക്ഷം, ഉസ്ബെക്കിസ്ഥാനിലാണു്. സാധാരണ പാശ്ചാത്യസന്ദർശകർക്കു് വിവിധ ജനതകളെ തമ്മിൽ തിരിച്ചറിയാൻ വിഷമമായിരിക്കും. ജനങ്ങളധികവും പരമ്പരാഗതമായ രീതിയിൽ സില്ക്കും പരുത്തിയും കലർത്തി നിർമ്മിച്ച അയഞ്ഞ കുപ്പായങ്ങളാണു് ധരിക്കുന്നതു്.

ഒററ നോട്ടത്തിൽ എല്ലാ സ്ത്രീകളും പെൺകിടാങ്ങളും ഒരേതരത്തിലാണു മുടി കെട്ടിയിരിക്കുന്നതെന്നു തോന്നും. സൂക്ഷിച്ചുനോക്കിയാൽ നേരിയ വ്യത്യാസങ്ങൾ കണ്ണിൽ പെടും. ഉസ്ബെക്കുകാരികൾ ഡസൻകണക്കിനു നേർത്ത ഇഴകളായി പിന്നിയിടുന്ന മുടി നൃത്തംചെയ്യുമ്പോൾ അലുക്കുപോലെ വിരിഞ്ഞുപാറും. താജിക്കുകാരികളും തുർക്ക്മീനിയൻ യുവതികളും രണ്ടിഴയായി തടിപ്പിൽ പിന്നിയിടും. കിർഗിസിയക്കാരികൾ ഒററ ഇഴയായിട്ടാണു പിന്നുന്നതു്.

മുതിർന്നവരുടെ തനിപ്പകർപ്പാണു് കുട്ടികൾ; അയഞ്ഞ കാലുറ, ഉയർന്ന തോൽച്ചെരിപ്പിനുള്ളിലേക്കു തിരുകിവച്ച കൊച്ചു രസികന്മാർ വിശേഷിച്ചും. സ്കൂളിൽ പോയിത്തുടങ്ങിയാൽ മിക്ക പെൺകുട്ടികളും റഷ്യൻ സ്കൂൾകുട്ടികളുടെ പരമ്പരാഗതമായ കേശാലങ്കാരരീതി സ്വീകരിക്കും. മുടി രണ്ടായി പിന്നി, തുമ്പുകൾ റിബ്ബൺകൊണ്ടു കെട്ടി, റിബ്ബണിൻെറ കെട്ടു് തലയ്ക്കുപിന്നിൽ വരത്തക്കവിധം മേലോട്ടു തിരുകുകയാണു് ഈ രീതി.

ലോകത്തെല്ലാമുള്ള സ്ത്രീകൾക്കെന്നപോലെ ഇവിടെയുള്ള വനിതാമണിമാർക്കും വേഷത്തെപ്പററി വിശേഷമായ അഭിപ്രായങ്ങളുണ്ടു്. ഇവരുടെ അയഞ്ഞ കുപ്പായത്തിൽ അധികം ഫാഷനുകൾ വരുത്താൻ വിഷമമുണ്ടു്. (ചില യുവതികൾ ഈ നീളൻ തുണിക്കഷണം വെട്ടിത്തയ്യിച്ചെടുക്കുന്ന നൂറായിരം മാർഗ്ഗങ്ങൾ കണ്ടാൽ വിസ്മയം തോന്നും.) സാധാരണ ഗതിയിൽ അവർ വ്യക്തിത്വം പ്രകടിപ്പിക്കുന്നതു് നിറങ്ങളുടെ തെരഞ്ഞെടുപ്പിലാണു്.

ഉസ്ബെക്കിസ്ഥാനിലെ സ്ത്രീകളും ബാലികമാരും ഉച്ചിത്തൊപ്പിയാണു് ധരിക്കുന്നതു്. എങ്കിലും ബൊഖാറായിലുള്ളവക്കു് സില്ക്കു് സ്കാർഫു് തലയിൽ കെട്ടുന്നതാണു് കൂടുതലിഷ്ടം. പല ബാലികമാക്കും വൈരക്കല്ലു പതിച്ച വെള്ളി മൂക്കുത്തികളുണ്ടു്. അറബിസ്വാധീനതയിൽനിന്നുണ്ടായതാകയാൽ 'അറാബസ്കുകൾ' എന്നാണിവയ്ക്കു പേരു്.

തുറന്ന മരുപ്രദേശങ്ങളിൽ സ്ത്രീകളും പുരുഷന്മാരും തലപ്പാവു ധരിക്കുന്നവരാണു്. തലയിൽ ഉയരത്തിൽ കെട്ടി ഉയർത്തിയ തലപ്പാവിന്റെ തുമ്പു് മൂക്കും വായും മൂടി വളച്ചിട്ടും മണ്ണു കയറാതിരിക്കുന്നതിനുള്ള വിദ്യയാണിതു്.

ഈ പ്രദേശം കുതിച്ചോടാൻ പഠിക്കുകയാണു്. മുന്നേററത്തിന്റെ വേഗം കാണണമെങ്കിൽ, യഥാത്ഥത്തിൽ താജിക്കിസ്ഥാനും കിർഗിസിയായും ടർക്ക്മീനിയായും പോലെയുള്ള നാടുകളിലേക്കാണു് പോകേണ്ടതു്. അനേകായിരം മൈലുകൾ ഇടവിട്ടുമാത്രം മരുപ്പച്ചകളും ജോലിസമയത്തിന്റെയും ശക്തിയുടെയും ധനത്തിന്റെയും കാര്യത്തിൽ അതീവവ്യയഹേതുകമായ പവ്വതപ്രദേശങ്ങളും അടങ്ങിയ ഈ പ്രദേശത്തു് ഇവർ തീവണ്ടികൾ പഴഞ്ചനാക്കി തള്ളിക്കൊണ്ടു് വിമാനത്തിലേക്കു തിരിഞ്ഞിരിക്കുകയാണു്.

താജിക്കിസ്ഥാനും കിർഗീസിയായ്ക്കും തമ്മിൽ പലതുകൊണ്ടും സാദൃശ്യമുണ്ടു്. രണ്ടു രാജ്യങ്ങളുടെയും വലിയൊരു ഭാഗം പവ്വതപ്രദേശങ്ങൾ അപഹരിച്ചിരിക്കയാണു്—പാമീറും സ്വർഗ്ഗീയപവ്വതവും. പാമീറിലെ ചില കൊടുമുടികൾക്കു് 22,000 അടി ഉയരം വരും. സ്വർഗ്ഗീയ പർവ്വതം ശരിക്കു് അംബരചുംബിയാണു്. പർവ്വതനിരകളിൽനിന്നു പച്ചപ്പുൽമൈതാനങ്ങളിലേക്കും വെയിൽ പരന്ന താഴ്വരകളിലേക്കും അലറിപ്പാഞ്ഞുവരുന്ന ഹിമവാഹിനികൾക്കു് കടിഞ്ഞാണിടുന്ന പ്രശ്നവും രണ്ടു രാജ്യങ്ങളെയും അഭിമുഖീകരിക്കുന്നു.

ബെൽജിയവും ഡെന്മാക്കും കൂടിയ വലിപ്പമുള്ള കിർഗിസിയയിലും ആസ്ത്രിയായുടെ വലിപ്പമുള്ള താജിക്കി

സ്ഥാനിലും ഇരുപതുലക്ഷം വീതം ജനസംഖ്യയുണ്ട്. രണ്ടു വർഗ്ഗക്കാരും നാടോടി ജീവിതം ഉപേക്ഷിച്ച് സ്ഥിരവാസം സ്വീകരിച്ചതു് ഈയടുത്തകാലത്താണ്.

ഏഷ്യയുടെ ഒത്ത ഹൃദയത്തിൽ, ജപ്പാനും കൊറിയയും തെക്കൻ ഇററലിയും സ്പെയിനും കിടക്കുന്ന അതേ അക്ഷാംശത്തിലാണ് താജിക്കിസ്ഥാൻെറ കിടപ്പ്. കിഴക്കെ അതിരിൽ ചൈനയേയും തെക്കെ അതിരിൽ അഫ്ഗാനിസ്ഥാനെയും തൊട്ടുകിടക്കുന്ന ഈ രാജ്യത്തെ ഒമ്പതിനും പന്ത്രണ്ടിനുമിടയ്ക്കു മൈൽ വീതിയുള്ള അഫ്ഗാൻ പർവ്വതനിര ഇന്ത്യയിലും പാക്കിസ്ഥാനിലും നിന്നു വേർതിരിക്കുന്നു.

വസന്തത്തിലെ ഹ്രസ്വമായ മഴയോടുകൂടി പർവ്വതങ്ങൾ സസ്യശ്യാമളമാകുന്നു. പക്ഷെ കൊടുംവെയിലേററ് എല്ലാം താമസംകൂടാതെ വാടിക്കരിയും. 1930 വരെ ഉച്ഛൃംഖലമായ വാഖ്ഷ് നദിയുടെ തീരപ്രദേശത്തു് യാതൊരുവിധ ജലസേചനവും ആരംഭിക്കാൻ കഴിഞ്ഞിരുന്നില്ല. പണി തീരുമ്പോൾ ലോകത്തിലെ ഏററവും വലിയ ജലസേചനശൃംഖലയായിത്തീരുന്ന ഒരു പദ്ധതി നടപ്പിലാക്കുന്നതിൽ വ്യാപൃതരായിരിക്കയാണ് ഇന്ന് അവിടത്തെ ജനങ്ങൾ.

1924–ൽ താജിക്കിസ്ഥാൻ യൂനിയനിൽ ചേർന്ന കാലത്തു്, അഞ്ചാറു ഡസൻ മൺകുടിലുകളും പത്തഞ്ഞൂറു ജനങ്ങളുമുള്ള ദൂഷാംബ് ഗ്രാമമാണ് ഭരണകൂടത്തിൻെറ ആസ്ഥാനമായി തെരഞ്ഞെടുക്കപ്പെട്ടതു്. അന്ന് ഏററവും അടുത്ത റെയിൽവേസ്റ്റേഷൻ 150 മൈൽ അകലെയായിരുന്നു പഴയ ഗ്രാമം ഇന്ന് സ്റ്റലിനാബാദ് എന്ന നഗരമായിരിക്കുന്നു. താജിക്കിസ്ഥാനിലെ പ്രധാന വ്യാവസായിക സാംസ്കാരികകേന്ദ്രമായ ഈ നഗരത്തിലെ ജനസംഖ്യ 2,24,000 ആണ്.

കുട്ടികൾ മാത്രമേ ഈ നഗരത്തെ നഗരമായി അംഗീകരിച്ചിട്ടുള്ളു. ആദ്യത്തെ മെററൽത്തെരുവും ആദ്യത്തെ കല്ലുപടുത്ത കെട്ടിടവും ആദ്യത്തെ വൈദ്യുതദീപവും കണ്ടിട്ടു

ള്ളവരാണ് മററുള്ളവരെല്ലാം. 3500 വിദ്യാൎത്ഥികൾക്കായി ആദ്യത്തെ സൎവ്വകലാശാല തുറന്നുകൊടുത്തതും നാലു തീയേറററുകളും എഴുപതു ഗ്രന്ഥശാലകളും ഉദ്ഘാടനം ചെയ്തതും അവൎക്ക് ഓൎമ്മയുണ്ട്.

താജിക്കിസ്ഥാനിൽ കാടുകൾ കുറവാണെങ്കിലും ധാരാളം ചോലയുള്ള സ്ഥലമാണ് സ്റ്റലിനാബാദ്. പൂൎണ്ണ വളർച്ചയെത്തിയ വൃക്ഷങ്ങളാണ് വേരോടെ പിഴുതു് ഇങ്ങോട്ടു കൊണ്ടുവന്നതു്. വെയിൽമാത്രം കണ്ടു ശീലിച്ചവൎക്ക് ഇതു് അത്ഭുതകാരണമായിരുന്നു.

ഖൊറോഗിലെ ഗവൺമെൻറു് ആസ്ഥാനത്തിൽ നിന്നു് അങ്ങോട്ടുമിങ്ങോട്ടും പോകുന്ന വിമാനങ്ങൾ അഗാധമായ കൊല്ലികൾക്കു മീതെ പറക്കുമ്പോൾ രണ്ടു ഭാഗത്തും പാറക്കെട്ടുകൾ ഉയൎന്നു നിൽക്കുന്ന ഒരിടനാഴിയിലൂടെ തുമ്പികൾ പറന്നുപോകുകയാണെന്നേ തോന്നൂ. ശൈത്യകാലത്തു് മഞ്ഞുപെയ്തു പാതകൾ അടഞ്ഞു കിടക്കുമ്പോൾ ഖൊറോഗിൽ എത്തുന്നതിനുള്ള ഏകമാർഗ്ഗം വിമാനമാണ്.

'സ്വൎഗ്ഗീയ പൎവ്വതം' നായാട്ടുകാരുടെ പറുദീസയാണ്. കുറുനരിയേയും കുതിരയേയും നായാടുന്ന പ്രാചീനവിനോദത്തിൽ കിർഗിസ്സുകാർ ഇന്നും ഏർപ്പെടാറുണ്ട്. കുതിരപ്പുറത്തു കയറി നായാട്ടിനു പോകുന്നവർ കഴുകനേയും കൂടെ കൊണ്ടുപോകും.

സമ്പന്നമായ ധാതുഖനികൾ, ഇളം പുല്ലണിഞ്ഞ മേച്ചിൽസ്ഥലങ്ങൾ, ഫലഭൂയിഷ്ഠങ്ങളായ താഴ്‌വരകൾ ഇവയും ഈ രാജ്യത്തുണ്ട്. ഏററവും ഫലപുഷ്ടിയുള്ള പ്രദേശങ്ങളിലൊന്നു് ചൂ താഴ്‌വരയാണ്. റഷ്യയിൽനിന്നു് കൃഷി യന്ത്രങ്ങളും വിത്തുകളും മററു സഹായങ്ങളും ലഭിച്ചു തുടങ്ങിയതോടെ കിർഗിസ്സുകാർ ഇവിടെ കൃഷിയാരംഭിച്ചു. ചൂ താഴ്‌വരയുടെ പേരു് അവർ 'കരിമ്പിൻ താഴ്‌വര' എന്നു മാററിയിട്ടു. അവിടത്തെ വമ്പിച്ച കരിമ്പുവിള അവരെ ഫ്രാൻസിൻെറയും ഇററലിയുടെയും മുമ്പിലെത്തിച്ചു.

1917–ന് മുമ്പ് കിർഗിസിയായിൽ റോഡുകളേ ഉണ്ടായിരുന്നില്ല. റെയിൽവേയും രാജവീഥിയുമൊന്നും. ഇന്ന് രാജ്യത്തിന്റെ ഒരററം മുതൽ മറേറയററംവരെ തീവണ്ടികഠം ഓടുന്നുണ്ട്. ഇവ, തലസ്ഥാനമായ ഫ്രൺസിനെ മററു റിപ്പബ്ലിക്കുകളുമായി ബന്ധിക്കുന്നു. എങ്കിലും സമയം ലാഭിക്കുന്നതിൽ മോട്ടോർ റോഡുകഠക്കും പർവ്വത റോഡുകഠക്കും ഉള്ള പ്രാധാന്യം ഇവർ വിസ്മരിച്ചിട്ടില്ല.

ഇടുങ്ങി നീളമേറിയ ഒരു ചുരമാണ് ചൂ താഴ്‌വരയിലേക്കുള്ള കവാടം. ഇതിന്റെ ഇരുഭാഗത്തും അസാധാരണമായ വക്രഭംഗിയോടുകൂടി ഉയന്നു നിൽക്കുന്ന പാറമതിൽ ഇടക്കു വൈലററും നീലയും ഇടക്കു പാണ്ഡുരവും പച്ചയും ഇടക്കു ചുവപ്പിന്റെ വിവിധ ഛായകഠകൊണ്ടു തിളങ്ങുന്നതും ആയിത്തീരുന്നു. ഇവിടത്തെ ഒരേയൊരു വഴി ചുമട്ടു മൃഗങ്ങഠക്കുള്ള പാതയായിരുന്നു കുത്തിയൊഴുകുന്ന ഒരു നദിയുടെ മീതെ ചെങ്കുത്തായി നിൽക്കുന്ന ഒരു മലയുടെ വിളുമ്പിലൂടെയാണ് യാത്രക്കാർ സഞ്ചരിച്ചിരുന്നതു്.

പഴയ വഴി ഇപ്പോഠം ഒരു മോട്ടോർ റോഡായിരിക്കുകയാണ്. അല്പം മുകളിലൂടെ ഒരു തീവണ്ടിപ്പാതയുണ്ട്. ഇതു് 'കരിമ്പിൻ താഴ്‌വരയെ' കിർഗിസിയായുടെ ഇതരഭാഗങ്ങളുമായും മൊത്തത്തിൽ സോവിയററ് യൂനിയനുമായും ബന്ധിക്കുന്നു. പണ്ടത്തെ രണ്ടു ദിവസത്തെ യാത്രയെ ഈ പാത അല്പം മണിക്കൂറുകളായി ചുരുക്കിയിട്ടുണ്ട്.

ആധുനിക ജീവിതം ശീഘ്രഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന മറെറാരു മദ്ധ്യേഷ്യൻ റിപ്പബ്ലിക്ക് ടക്ക്മീനിയയാണ്. കാസ്പിയൻ കടൽ ഇതിന്റെ പടിഞ്ഞാറുഭാഗം കഴുകിത്തുടക്കുമ്പോഠം ഇറാൻ തെക്കു ഭാഗത്തു് മുട്ടിയുരുമ്മിക്കിടക്കുകയാണ്. ഏകദേശം സ്പെയിനിന്റെ വലിപ്പമുള്ള ഈ രാജ്യത്തിൽ ഇരുപതു ലക്ഷത്തിൽ താഴെ ജനങ്ങളെയുള്ളു. എങ്കിലും എണ്ണഉല്പാദനത്തിന്റെ കാര്യത്തിൽ സോവിയററു് യൂനിയനിൽ മൂന്നാം സ്ഥാനം ഈ രാജ്യത്തിനാണ് —എണ്ണയാണ് ഈ രാജ്യത്തിന്റെ മുഖ്യമായ ആദായമാർഗ്ഗവും. കാസ്പിയൻ കടലിന്റെ തീരത്തുള്ള

ചെലിക്കൻ എണ്ണക്കിണറുകൾ 19-ാം ശതകത്തിൻെറ അന്ത്യത്തിൽ നോബിൾ എന്നൊരു ഇംഗ്ലീഷുകാരൻ കണ്ടുപിടിച്ചു വികസിപ്പിച്ചതാണ്.

ഭാഗ്യവശാൽ ഇവിടെ വെള്ളം സുലഭമായുണ്ട്. ചെലിക്കനിൽ മററു പല എണ്ണനഗരങ്ങളിലുമെന്നപോലെ ഉദ്യാനങ്ങളും നടക്കാവുകളും മൈതാനങ്ങളുംകൂടി സൗകര്യപ്പെടുത്തിയിട്ടുണ്ട്.

ഇറാൻെറ അതിർത്തിയിലുള്ള അഷ്ഖാബാദ് ഉല്ലാസപ്രദമായ ഒരു ഉദ്യാനനഗരമാണ്. ഇവിടത്തെ പച്ചിലത്തഴപ്പും പുഷ്പസമൃദ്ധിയും കാണുമ്പോൾ വാതിൽപ്പുറം വരെ മരുഭൂമിയാണെന്നുള്ള കാര്യം മറന്നുപോകുകയേ ഉള്ളു.

ടർക്ക്മീനിയയിൽ റെയിൽവേയുണ്ടെങ്കിലും മരുഭൂമിയിലെ സഞ്ചാരം ഇപ്പോഴും ഒട്ടകപ്പുറത്തും വിമാനത്തിലും തന്നെയാണ്.

പുരാതനകാലം മുതൽ ടർക്ക്മീനിയർ കുതിരയേയും കന്നുകാലികളേയും വളർത്തുന്നതിൽ വിദഗ്ദ്ധരാണ് ഉയർന്നതരം അസ്ട്രാഖാൻ രോമത്തോലിനും ഇവരുടെ നാടു പ്രസിദ്ധമാണ്. ഒട്ടകങ്ങളേയും കുതിരകളേയും വളർത്തുന്നവരിൽ പലരും ഇപ്പോഴും മരുഭൂമിയിൽ നാടോടികളായി ജീവിക്കുന്നവരാണ്.

വിമാനങ്ങൾ ഇവരുമായി ബന്ധം പുലർത്തുകയും ആവശ്യമായ സാധനസാമഗ്രികൾ എത്തിച്ചു കൊടുക്കുകയും ചെയ്യുന്നു. നഗരങ്ങളും ഗ്രാമങ്ങളുമായി അവയ്ക്ക് റേഡിയോ ബന്ധമുണ്ട്. സർവ്വോപരി ഇവരുടെ കുട്ടികൾ അടുത്ത നഗരത്തിലുള്ള സ്കൂളിൽ പഠിക്കുന്നുമുണ്ട്. കുട്ടികൾ സ്കൂൾ അടയ്ക്കുന്നതുവരെ പ്രത്യേകം ഹോസ്റ്റലുകളിലാണ് താമസിക്കുന്നതു്.

ഉസ്ബെക്കുകാരെയും കസാക്കിസ്ഥാൻകാരെയും പോലെ ടർക്ക്മീനിയരും മരുഭൂമിയെ മെരുക്കിയെടുക്കുകയാണ്. മുനയുള്ള കറുത്ത മണ്ണും അറുപതടി പൊക്കമുള്ള മണൽക്കുന്നുകളും വകവയ്ക്കാതെ 1954 ജനുവരിയിൽ കാരാകും കനാലിൻെറ ആദ്യഭാഗം അവർ പണിതീർത്തു.

250 മൈൽ നീളത്തിൽ മരുഭൂമി മുറിച്ചുചെന്നു് 75,000 ഏക്കർ പരുത്തിവയലുകൾക്കു് ഈ തോട്ട ജലം നല്കി.

മണ്ണുമാന്തി യന്ത്രങ്ങളും ഒട്ടകങ്ങളും തൊട്ടുരുമ്മി നിന്നാണു് ജോലി ചെയ്യുന്നതു്. ലെനിൻ ഗ്രാഡിലും ബാക്കോവിലും മോസ്കോവിലും നിന്നു് ശക്തിയേറിയ പുതിയ യന്ത്രങ്ങൾ എത്തിച്ചേരുന്നതിനനുസരിച്ചു് ജോലിയുടെ വേഗം വർദ്ധിക്കുന്നുണ്ടു്. താമസിയാതെ ഒട്ടകങ്ങൾക്കു് പണിയില്ലാതായിത്തീരുമെന്നു് ജനങ്ങൾ പറഞ്ഞു തുടങ്ങിയിട്ടുണ്ടു്.

ആയിരക്കണക്കിനു വർഷങ്ങളായി മരുഭൂമി മുന്നേറിക്കൊണ്ടിരിക്കുകയാണു്. സ്ഥലം മാറുന്ന മണൽക്കുന്നുകൾക്കിടയിൽ നഗരങ്ങൾതന്നെ മൂടിക്കിടക്കുന്നുണ്ടു്. മനുഷ്യനിപ്പോൾ ആ ചിരശത്രുവിനെതിരായി 'സമാധാനപരമായ ഒരു യുദ്ധം' പ്രഖ്യാപിച്ചിരിക്കുകയാണു്. ബുഭുക്ഷാകുലമായ മരുഭൂമി വിഴുങ്ങിക്കളഞ്ഞ പ്രദേശങ്ങൾ വീണ്ടെടുത്തുകൊണ്ടിരിക്കയാണു്.

ഉസ്ബെക്കിസ്ഥാനിൽ നൂററാണ്ടുകൾ പഴക്കമുള്ള ഏഴു മരുപ്പച്ചകൾ ഉണ്ടായിരുന്നു. ക്രമത്തിൽ ഇവ നഗരങ്ങളായി വളർന്നു. ഇപ്പോൾ ഈ നഗരങ്ങൾ വ്യാപിച്ചുകൊണ്ടിരിക്കുകയാണു്. ഇവയ്ക്കിടയിൽ ഹരിതാഭമായ ഭൂവിഭാഗങ്ങൾ ഉയർന്നു വന്നു് 'മരുഭൂമി' എന്ന പദംതന്നെ നിരർത്ഥകമാക്കിക്കൊണ്ടിരിക്കുകയാണു്.

ആയിരമായിരം മൈൽ ഭൂമി വീണ്ടെടുത്തു പരുത്തിവയലുകളും മുന്തിരിത്തോട്ടങ്ങളും കായ്കനിത്തോപ്പുകളും ഉദ്യാനങ്ങളും കൂട്ടുകൃഷിസ്ഥലങ്ങളും ഗ്രാമങ്ങളുമായി രൂപാന്തരപ്പെടുത്തുന്നതിനനുസരിച്ചു മരുഭൂമിതന്നെ കുരുക്കിലായി വരുന്നുണ്ടു്. ഭാവിയിൽ കുട്ടികൾ മരുഭൂമിയെപ്പററി ചോദിക്കുമ്പോൾ കാണിച്ചുകൊടുക്കുന്നതിനുവേണ്ടി ഒരു വയലിൻെറ മദ്ധ്യത്തിൽ കുറച്ചു മണൽ പ്രദേശം വെറുതെ ഇട്ടിട്ടുണ്ടു്.

ശൈത്യകാലം വിവാഹങ്ങളുടെ കാലമാണു്. പരവതാനികളും ലിനനും പട്ടുവസ്ത്രങ്ങളും വില്ലൂസും നിറച്ച കല്യാണപ്പെട്ടി'കളുമായിട്ടാണു് വധുക്കൾ പുതിയ ഭവന



5. ലെനിൻഗ്രാഡിലെ ശീതകാലകൊട്ടാരത്തിൻെറ ഒരസാധാരണ കാഴ്ച

ങ്ങളിലേക്കു താമസം മാററുന്നതു്. വിവാഹത്തിനു് അനേകം അതിഥികളെ ക്ഷണിക്കും. ആഘോഷങ്ങൾ വളരെദിവസം നീണ്ടുനില്ക്കുകയും ചെയ്യും ഒരു കൃഷിക്കാരൻ അടുത്ത മൂന്നു കൂട്ടുകൃഷിസ്ഥലങ്ങളിലുള്ള 16,000 പേരെ മകളുടെ വിവാഹത്തിനു ക്ഷണിച്ചുവത്രെ.

ഇക്കാലത്തു് പണി കുറവാണു്. കല്യാണത്തിനു പുറമെ കല്യാണവും സദ്യയും ആഘോഷങ്ങളുമായി ആളുകൾ ഉല്ലസിച്ചുകഴിയുന്നു.

പൗരസ്ത്യജനതകൾക്കു് പാട്ടും നൃത്തവും ബഹുപഥ്യമാണു്. അനങ്ങിയാൽ വീണക്കമ്പികൾ മീട്ടുന്നവരാണു് ഇവരുടെ ഗായകർ. സ്ത്രീകളും പെൺകിടാങ്ങളുമാണു് നൃത്തത്തിൽ മികച്ചുനില്ക്കുന്നതു്. രത്നഖചിതമായ പട്ടുവസ്ത്രങ്ങളും തങ്കക്കസവുവച്ച കുപ്പായങ്ങളും സുന്ദരമായ തട്ടങ്ങളും അണിഞ്ഞു് അവർ പ്രണയത്തിൻെറയും വിവാഹത്തിൻെറയും കഥകളും മാമൂലുകളും ആടിക്കാണിക്കുന്നു. കൈകളും തലയും ഹൃദയംഗമമായ രീതിയിൽ ചലിപ്പിച്ചും കണ്ണുകൾ പലവിധത്തിൽ വെട്ടിച്ചുമാണു് കഥകൾ കാഴ്ചക്കാക്കു പകൎന്നുകൊടുക്കുന്നതു്.

നീണ്ട പഴങ്കഥകൾ പാടുന്ന ഗായകകവികൾ ഏതു വിഷയത്തെ അധികരിച്ചും നിമിഷത്തിൽ കവിതയുണ്ടാക്കുന്നവരാണു്. പണ്ടത്തെ 'സജീവ ദിനപ്പത്ര'ങ്ങളായിരുന്ന ഇവർ നാടോടികളായ വൎഗ്ഗങ്ങളെ തമ്മിൽ ഘടിപ്പിച്ചിരുന്ന കണ്ണിയാണു്.

സ്ത്രീകൾ മുഖം മറയ്ക്കാതെ തല ഉയർത്തിപ്പിടിച്ചു് സൈ്വരമായി നടന്നുപോകുന്നു. മുപ്പതുവൎഷംമുമ്പു് മൂടുപടത്തിലടച്ചു വടക്കിനികളിൽ തടവിലിട്ടിരുന്ന വ്യക്തികളാണിവരെന്നു വിശ്വസിക്കാൻ സാധിക്കുകയില്ല.

1934-ൽ മുഖപടം കൂടാതെ സായാഹ്നവിദ്യാലയത്തിലേക്കു പോയ ഭാൎയ്യമാരെ ഒളിച്ചിരുന്നു പിടികൂടി വധിച്ച രണ്ടു പുരുഷന്മാരുടെ കേസ്സുവിസ്താരത്തിൻെറ വാൎത്ത സോവിയററ് പത്രങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. പുരുഷന്മാരുടെ കുററം തെളിയുകയും അവരെ വധശിക്ഷയ്ക്കു

വിധിക്കുകയും ചെയ്തപ്പോൾ മദ്ധ്യേഷ്യയിലെ മുസ്ലീം ജനത ആവേശംകൊണ്ടു തുള്ളിച്ചാടി.

ആദ്യത്തെ സ്കൂളുകൾ തുറന്നപ്പോൾ പെൺകിടാങ്ങൾ സഹോദരന്മാരോടൊപ്പം അവയിൽ പ്രവേശിച്ചു. വളന്നപ്പോൾ മൂടുപടം ധരിച്ചില്ല. അമ്മമാരുടെയും അമ്മൂമ്മമാരുടെയും കഷ്ടാനുഭവങ്ങളെപ്പററി അവക്കു കഥകളിൽനിന്നുള്ള കേട്ടറിവേ ഉണ്ടായിരുന്നുള്ളു.

സ്വാതന്ത്ര്യത്തിൻെറ ഫലം ആസ്വദിച്ചുകഴിഞ്ഞ സ്ത്രീകൾ വിദ്യാഭ്യാസത്തിൽ പെട്ടെന്നു മുന്നേറി. ഇന്നവർ എല്ലായിടത്തുമുണ്ട്. എല്ലാ പ്രവൃത്തികളിലുമുണ്ട്. പലരും തദ്ദേശഭരണഘടകങ്ങളിലെ അംഗങ്ങളാണ്. ചിലർ സുപ്രീംസോവിയററിലെ അംഗങ്ങളും. താമർലെയിൻെറ ശവകുടീരത്തിനു ചുററുംകൂടുന്ന വൃദ്ധന്മാർ പലപ്പോഴും വിഷാദപൂർവ്വം തലയിളക്കാറുണ്ടു്.

അവർ പറയും: ''സ്ത്രീകളുടെ സൗന്ദര്യത്തെപ്പററിയും ഹൃദയാർപ്പണത്തെപ്പററിയും പുരാണങ്ങളിൽ പറയുന്നുണ്ടു്. രാജ്യതന്ത്രജ്ഞരായ സ്ത്രീകളെപ്പററി ഒരു പുരാണത്തിലും പറഞ്ഞിട്ടില്ല.''

മദ്ധ്യേഷ്യൻ റിപ്പബ്ലിക്കുകളെല്ലാം പഞ്ഞിയുല്പാദിപ്പിക്കുന്ന രാജ്യങ്ങളാണ്. സമ്പന്നമായ എണ്ണപ്പാടങ്ങളോടുകൂടിയ ടർക്ക്മീനിയയിലൊഴികെ മറെറല്ലാ രാജ്യങ്ങളിലും പ്രധാന ആദായമാർഗ്ഗവും ഈ 'വെളുത്ത പൊന്നു്' ആണ്.

എങ്കിലും മരുപ്രദേശം വീണ്ടെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കിടയിൽ കൽക്കരി, ഇരുമ്പ്, സ്വർണ്ണം, പ്ലാററിനം, എണ്ണ എന്നിവയ്ക്കു പുറമെ വ്യാവസായികപ്രാധാന്യമുള്ള മററനേകം ധാതുക്കളും കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. ഇതിൻെറ ഫലമായി ഉരുക്കുനിർമ്മാണശാലകളും രാസവസ്തുനിർമ്മാണശാലകളും തുണി-സിൽക്ക്മില്ലുകളും, ഭക്ഷണം ടിന്നിലടയ്ക്കുന്ന വ്യവസായശാലകളും, അനേകം സ്ഥലങ്ങളിൽ കൂണുകൾപോലെ മുളച്ചുവരുന്നുണ്ടു്. ഈ അടുത്തകാലംവരെ പൗരസ്ത്യദേശങ്ങളിൽ ഏററവും അവഗണിക്കപ്പെട്ടുകിടന്ന ഈ പ്രദേശത്തിൻെറ മുഖഛായ മാററിക്കൊണ്ടിരിക്കുകയാണ് ഈ വ്യവസായശാലകൾ.

## എട്ട്

# യുവാക്കളേ, കിഴക്കോട്ട്

റഷ്യൻഭാഷ ഒററനോട്ടത്തിൽ അസാധാരണമായ കുറെ അക്ഷരങ്ങളുടെ സംഘാതമായിട്ടാണു് ഇംഗ്ലീഷുകാരനു തോന്നുക.

കുടിച്ചുനോക്കുമ്പോൾ മനസ്സിലാകും-ഭാഷ ഒന്നല്ല, രണ്ടാണു്. ഔദ്യോഗികാവശ്യങ്ങൾക്കും വിദേശികളോടു് ഇടപെടുമ്പോഴും ഉപയോഗിക്കുന്ന ഔപചാരികമായ ഭാഷ ഒന്നു്. വീട്ടിലും ബന്ധുമിത്രാദികളുടെയിടയിലും ഉപയോഗിക്കുന്ന ഇക്കിളിപ്പെടുത്തുന്ന ഊഷ്മളമായ ഭാഷ മറെറാന്നു്.

കുട്ടികളെ വെറുതെ പിയോട്ടർ (പീററർ) എന്നോ നീനാ എന്നോ ചുമ്മാതങ്ങു വിളിച്ചുകളയാമെന്നു് റഷ്യക്കാരൻ സ്വപ്നം കാണുകപോലുമില്ല. അയാളുടെ നാവിൽ പീററർ കുറഞ്ഞതു് പിയെത്കായോ (കൊച്ചുപീററർ) പെട്രൂഷ്കാ (സ്വന്തം പീററർ)തന്നെയോ ആകുന്നു. നീനാ കുറഞ്ഞതു് നിനോച്കാ(കൊച്ചു നീനാ)എങ്കിലും ആകാതിരിക്കയുമില്ല.

റഷ്യക്കാരുടെ ധാരാളിത്തം മുഴുവൻ തെളിഞ്ഞു കാണുന്നതു് കുട്ടികൾക്കു നല്കിയിട്ടുള്ള ഓമനപ്പേരുകളിലാണു്. തങ്കം, കുഞ്ഞേ, മണിപ്രാവേ, പൈങ്കിളിയേ എന്നൊക്കെയാണു് സാധാരണഗതിയിൽ വിളിക്കുന്നതു്. 'ശിശുക്കളാണു് രാജ്യത്തിൻെറ ഒന്നാമത്തെ സമ്പത്തു്'' എന്നു പ്രഖ്യാപിച്ചിട്ടുള്ള ഗവമ്മെൻറു മുതൽ ഇങ്ങോട്ടു് മുത്തുമുത്തശ്ശിവരെ 'ജീവിതകുസുമങ്ങൾ' എന്ന പേരുകൊണ്ടാണു് ശിശുക്കളെ പരാമർശിക്കുന്നതു്.

സോവിയററ് ശിശുക്കൾക്കു് സ്വന്തമായ തീയേററുകളും ചലച്ചിത്രനിർമ്മാണശാലകളുമുണ്ടു്. നാട്ടിലെ ഏററവുംനല്ല നടീനടന്മാരിൽ ചിലർ ഇവക്കുവേണ്ടി ജോലി

ചെയ്യുന്ന പ്രത്യേക പ്രസിദ്ധീകരണശാലകൾ ഇവക്കു വേണ്ടി പ്രതിവർഷം കോടിക്കണക്കിനു പുസ്തകങ്ങൾ അടിച്ചിറക്കുന്നു പൊതു ഉദ്യാനങ്ങളിൽ സകലവിധ കളികളോടും കളിപ്പാട്ടങ്ങളോടും കൂടിയ 'ശിശുനഗരങ്ങളും' ഉണ്ടു്.

മോസ്കോവിലെ ഏററവും വലിയ നഗരങ്ങളിലൊന്നു് 'ശിശുക്കളുടെ ലോക'മാണു് (ഇങ്ങനെ പല നഗരങ്ങളിലുമുണ്ടു്). പെററുവീണ കുഞ്ഞിനുള്ള കുട്ടിയുടുപ്പു മുതൽ സ്കൂളിൽനിന്നു സർട്ടിഫിക്കററു് വാങ്ങുന്ന പതിനേഴുകാരിക്കാവശ്യമായ ഗ്രാജുവേഷൻ വേഷങ്ങൾവരെ ഇത്തരം കടകളിൽ സംഭരിച്ചുവച്ചിരിക്കും.

പ്രഭുമന്ദിരങ്ങളും കൊട്ടാരങ്ങളും അവർ കുട്ടികൾക്കുള്ള ക്ലബ്ബുകളാക്കി മാററിയിരിക്കുന്നു. ഇക്കാലത്തു് കുട്ടികളുടെ ക്ലബ്ബില്ലാത്ത ഗ്രാമം തീർച്ചയായും വളരെ പിന്നോക്കനിലയിലുള്ളതായിരിക്കും.

കുട്ടികൾക്കു് ആവശ്യമായ വിനോദസാമഗ്രികളും കളിക്കോപ്പുകളും വാങ്ങുന്നതിനുവേണ്ടി തൊഴിൽശാലകളും ട്രേഡ്യൂണിയനുകളും സാമൂഹ്യസംഘടനകളും കൂട്ടുകൃഷിസ്ഥലങ്ങളും വൻതുകകൾ നീക്കിവയ്ക്കുന്നു. (ഗവണ്മെൻറ് ബജററിലുള്ള തുകകൾക്കു പുറമെയാണിതു്.) ക്ലബ്ബുകൾ അലങ്കരിക്കുന്നതും അവയിൽ ആവശ്യമായ ഉരുപ്പടികൾ വാങ്ങിയിടുന്നതും കലാസംഗീതനൃത്താധ്യാപകർക്കു ശമ്പളം കൊടുക്കുന്നതും അവരാണു്.

ഒഴിവുകാലക്യാമ്പുകൾക്കും വിനോദയാത്രകൾക്കും വേണ്ട പണത്തിനു് ഒരിക്കലും കുറവുവരികയില്ല. ഉദാഹരണത്തിനു് മിൻസ്കിലും ഖാർക്കോവിലും ടിഫ്ളിസിലും മററും കുട്ടികൾ സ്വന്തമായി നടത്തുന്ന കൊച്ചു റെയിൽവേയുണ്ടു്. ആവികൊണ്ടോടുന്ന ഈ തീവണ്ടികൾ ഇന്ധനം നിറച്ചു് ഓടിക്കുന്നതും ടിക്കററുവിററു പണം വാങ്ങുന്നതും എല്ലാം കുട്ടികൾതന്നെയാണു്. കുട്ടികളെ സൂക്ഷിക്കുന്നതിനുവേണ്ടി മുതിർന്ന രണ്ടുമൂന്നു പേരെ നിയമിച്ചിട്ടുണ്ടു്.

എങ്കിലും സ്റ്റേഷനുകളുടേയും ടെലഫോൺ സ്വിച്ച് ബോർഡുകളുടേയും ടൈംടേബിളിൻേറയും സിഗ്നൽബോക്സുകളുടേയും ചുമതല പൂർണ്ണമായും കുട്ടികൾ തന്നെയാണ് വഹിക്കുന്നത്. സ്വാഭാവികമായി, ഏററവും മുമ്പിൽ ഡ്രൈവറായി നിൽക്കണമെന്നാണ് എല്ലാവരുടെയും മോഹം. ആ ബഹുമതിക്കുവേണ്ടി ആൺകുട്ടികളെപ്പോലെ പെൺകുട്ടികളും മത്സരിക്കുന്നു.

എല്ലാവരും റെയിൽവേ തൊഴിലാളികളുടെ വേഷം ധരിക്കും. പക്ഷേ കളിയുടെ പിന്നിലും ശരിയായ ഉത്തരവാദബോധം കാണാം. എന്തൊക്കെയായാലും പത്തു പന്ത്രണ്ടു സ്റ്റേഷനുകളുള്ള ഒരു റെയിൽവേയിൽക്കൂടി പത്തുനൂറു യാത്രക്കാരെയും കയററിക്കൊണ്ടു യാത്ര ചെയ്യുന്ന ഒരു തീവണ്ടി ഓടിക്കുന്നതും നടത്തുന്നതും ഗൗരവമുള്ള സംഗതി തന്നെയാണല്ലോ.

ചെറുപ്പം മുതൽ തന്നെ സ്വയംപര്യാപ്തതയും സ്വാതന്ത്ര്യബോധവും വളർത്തുന്നതിനു സോവിയററ് ശിശുക്കളെ പ്രോത്സാഹിപ്പിക്കുന്നു. നഴ്സറി സ്കൂളുകളിലും കിൻറർഗാർട്ടനുകളിലുമെത്തുന്ന പിഞ്ചുപൈതങ്ങളെ സ്വന്തം കാര്യം തന്നിയെ നോക്കാൻ പഠിപ്പിക്കും. ഓരോ ശിശുവിനും വേറെ വേറെ പെട്ടിയും തുവാലയും കപ്പും സോസറും മററുമുണ്ടു് ഏതെങ്കിലും മൃഗത്തിൻേറയോ പൂവിൻേറയോ പടംകൊണ്ടു് ഇവ തിരിച്ചറിയാൻ പഠിപ്പിക്കുന്നു. കുളിക്കുക, ഉടുപ്പിടുക തുടങ്ങിസ്വന്തമായി ചെയ്യാവുന്നതെല്ലാം കാണിച്ചുകൊടുത്തു പഠിപ്പിക്കും.

ഭക്ഷണം ആരോഗ്യം മുതലായ കാര്യങ്ങൾ നോക്കാൻ ഡോക്ടർമാരുണ്ടു് ശിശുവിദഗ്ധന്മാർ, പെരുമാററരീതികളും ശിക്ഷണത്തിൻെറ പ്രാധാന്യവും കുട്ടികളെ അഭ്യസിപ്പിക്കുന്നു. ഇവർ വിദ്യാലയങ്ങളിലെത്തുമ്പോൾ അദ്ധ്യാപകരുടെ പ്രാഥമിക കർത്തവ്യങ്ങൾ പലതും ലഘൂകരിക്കപ്പെട്ടിരിക്കും.

സ്കൂളിൽ ആദ്യം ലഭിക്കുന്നതു് 'ടീം സ്പിരിററ്' ആണ്. 'സ്വന്തംപക്ഷത്തിൻെറ കൂറ്ച്ചി'ലിനെപ്പററിയുള്ള

ചിന്തയും മററു കുട്ടികളുടെ വിപ്രതിപത്തിയും മാത്രം മതി, കസൃതിക്കാരെയും സ്കൂളിനും സഹപാഠികാംക്കും കുറച്ചില്ല ണ്ടാക്കാവുന്ന മടിയന്മാരെയും നിലയ്ക്കുനിർത്താൻ പ്രശ്നബാലന്മാരും ശിശുകുററവാളികളും മറെറാരുവകയാണ്. അവക്ക് ആവശ്യമായ പ്രത്യേക ശ്രദ്ധ ലഭിക്കുന്നുമുണ്ട്.

സോവിയററ് യൂനിയനിൽ സ്വകാര്യവിദ്യാലയങ്ങളില്ല. സ്കൂാംവ്യവസ്ഥ ഒന്നേയുള്ളു. വിദ്യാഭ്യാസം നിർബ്ബന്ധിതവും സൗജന്യവുമാണ്.

സ്കൂളുകളിൽ നൂറിൽപരം ഭാഷകാം പഠിപ്പിക്കുന്നുണ്ട്. ഓരോ റിപ്പബ്ലിക്കിലുമുള്ള വിദ്യാർത്ഥികാം മാതൃഭാഷയിലാണ് പഠിക്കുന്നതു്. 'പൊതുവിനിമയത്തിൻെറ കണ്ണി' യായ റഷ്യൻഭാഷ ഉപഭാഷയായി പഠിക്കുന്നു. റഷ്യൻ വിദ്യാർത്ഥികാം ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമ്മൻ എന്നീ വിദേശഭാഷകാം ഈ ക്രമത്തിൽതന്നെ പഠിക്കുന്നു.

ഇംഗ്ലീഷിനു വളരെ പ്രചാരമുണ്ട്. കസാക്കിസ്ഥാൻെറ തലസ്ഥാനമായ ആൽമാ—അററായിൽവച്ചു നിർമ്മിച്ച ഒരു ഫിലിം ബി. ബി. സി. ഈയിടെ പ്രക്ഷേപണം ചെയ്യുകയുണ്ടായി. എട്ടും ഒമ്പതും വയസ്സു പ്രായമായ ബാലികാ ബാലന്മാരുടെ ഒരു ഇംഗ്ലീഷ് ക്ലാസ്സായിരുന്നു ഇതിൻെറ വിഷയം. കുട്ടികളുടെ പഠനനിലവാരം വളരെ മെച്ചമായിരുന്നു.

നിർബ്ബന്ധിതവിദ്യാഭ്യാസം എട്ടു കൊല്ലമാണ്. പക്ഷേ ഇതു് പത്തു കൊല്ലമായി ഉയർത്താൻ വേണ്ടത്രവിദ്യാലയങ്ങളും അദ്ധ്യാപകരും ഉണ്ടാകണമെന്ന് സോവിയററ് ഗവണ്മെൻറ് 1962—ൽ ഉദ്ദേശിച്ചു. 1965—ൽ പത്തുവർഷസ്കൂളുകാം സാർവ്വത്രികമാക്കാൻ കഴിയുമെന്നായിരുന്നു സോവിയററ് ഗവണ്മെൻറിൻെറ പ്രതീക്ഷ.

സ്കൂാംവർഷം ആരംഭിക്കുന്ന സെപ്റ്റംബർ ഒന്നാംതീയതി ഏഴു വയസ്സുകാരുടെ വിശേഷദിവസമാണ്. സോവിയററ് ജനതയുടെ വിജ്ഞാനദാഹത്തിൻെറ ആധിക്യം നിമിത്തം ഈ ദിവസത്തിന് ഒരു ദേശീയാഘോഷത്തിൻെറ ഛായയുണ്ട്.

കൊടികളും തോരണങ്ങളും പുതിയ വിദ്യാൎത്ഥികൾക്ക സ്വാഗതമാശംസിക്കുന്ന ബാനറുകളുംകൊണ്ട് സ്കൂളുകൾ അലങ്കരിക്കുന്നു.

പഴമക്കാരായ വിദ്യാൎത്ഥികൾ പൂക്കളുമായിച്ചെന്ന് വിദ്യാൎത്ഥികളെ സ്വീകരിക്കുകയാണ് പരമ്പരാഗതമായ സമ്പ്രദായം. പുതിയ വസ്ത്രങ്ങളും പുറകിൽ തൂങ്ങിക്കിടക്കുന്ന പുത്തൻ സഞ്ചിയും അദ്ധ്യാപകൎക്കുള്ള പൂച്ചെണ്ടും കണ്ടാൽ പുതുമക്കാരെ ക്ഷണത്തിൽ തിരിച്ചറിയാം.

വിദ്യാൎത്ഥികളെല്ലാം ഒരേ തരത്തിലുള്ള വസ്ത്രങ്ങളാണ് ധരിക്കുക. എല്ലാ ക്ലാസ്സുകളിലുമുള്ള പെൺകുട്ടികൾ കറുപ്പോ തവിട്ടോ നിറത്തിൽ വെളുത്തക്കോളറോടുകൂടിയ ഉടുപ്പിടും. കറുപ്പോ വെളുപ്പോ നിറത്തിലുള്ള പുറംകുപ്പായങ്ങളും കാണും. നീണ്ട കാൽസറായും തോൽബെൽററുള്ള കുപ്പായവും കൂമ്പൻ തൊപ്പിയുമാണ് ആൺകുട്ടികളുടെ വേഷം.

സ്കൂളുകളിൽ സഹവിദ്യാഭ്യാസം നടക്കുന്നു. സെക്കൻഡറി സ്കൂളിലെത്തുമ്പോൾ പെൺകുട്ടികൾ ഗാർഹികശാസ്ത്രവും ആൺകുട്ടികൾ മരപ്പണി ഇരുമ്പുപണി തുടങ്ങിയവയും പ്രത്യേക പഠനത്തിനു തെരഞ്ഞെടുക്കുകയാണ് പതിവ്.

കാർപ്പെററ് നെയ്ത്ത്, വെള്ളിയിലും ചെമ്പിലുമുള്ള പണികൾ തുടങ്ങി പല കരകൗശലങ്ങളും പുനരുജ്ജീവിപ്പിച്ചുവരികയാണ്. ഇവ സ്കൂളുകളിൽ പഠിപ്പിച്ചു വരുന്നുമുണ്ട്.

കുട്ടികളുടെ പേരിൽ ഇത്രയധികം ശ്രദ്ധയും സ്നേഹവുമുള്ള സോവിയററ് ജനങ്ങൾ ദണ്ഡശിക്ഷയോടു വിപ്രതിപത്തി പ്രദർശിപ്പിക്കുന്നതിൽ അത്ഭുതത്തിനവകാശമില്ല ദണ്ഡനം ഇവിടെ കുററമായി കണക്കാക്കുന്നു. കുട്ടികളെ അടിക്കുന്ന അധ്യാപകനെ ഉടനടി പിരിച്ചയക്കും. എന്നുവച്ച് കുട്ടികൾ ഇഷ്ടംപോലെ പ്രവൎത്തിക്കുന്നു എന്ന് ഇതിനൎത്ഥമില്ല. മറിച്ച് സ്കൂളുകളിൽ അയവില്ലാത്ത ശിക്ഷണം പാലിക്കുന്നു. അതിൻെറ മുഴുവൻ ചുമതലയും അധ്യാപകന് ആണുതാനും.

ഒമ്പതിനും പതിനാലിനും മധ്യേ പ്രായമുള്ള രണ്ടു കോടി സ്കൂൾകുട്ടികൾ 'യങ്ങ് പയനിയേഴ്സ്' എന്ന ബാലജനസംഘടനയിൽ അംഗത്വമുള്ളവരാണ്. ചില കാര്യങ്ങളിൽ സ്കൗട്ട് പ്രസ്ഥാനവുമായി ബന്ധമുള്ളതാണ് ഈ സംഘടന. ഇവർക്ക് ക്യാമ്പുകളും പാട്ടും കൂട്ടവുമൊക്കെയാമുണ്ട്. സ്കൗട്ടുകളെപ്പോലെ ഇവർക്കും മാതൃഭൂമിയോടു കൂറു പ്രതിജ്ഞ ചെയ്യുന്ന സമ്പ്രദായവുമുണ്ട്.

രാഷ്ട്രീയവും സാമൂഹ്യവുമായ എല്ലാ പ്രവർത്തനങ്ങളിലും യങ്ങ് പയനിയേഴ്സ് പങ്കെടുക്കുന്നു. ഇവർക്കുസ്വന്തമായി ഒരു പത്രമുണ്ട്— പയനിയർ സ്കായാ പ്രാവ്ദ. സ്കൂളിലെ പഠിത്തം കഴിഞ്ഞാൽ പ്രധാനപ്പെട്ട ദൈനംദിന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി അവർ ചർച്ചായോഗങ്ങൾ സംഘടിപ്പിക്കാറുണ്ട്.

'മാതൃഭൂമിയിലെ ഒരു ഉത്തമപൗരനായിത്തീരത്തക്ക വിധം ജീവിക്കുകയും പഠിക്കുകയും' ചെയ്യുന്നതിന് പയനിയർമാർപ്രതിജ്ഞചെയ്യുന്നു പ്രാദേശികഘടകത്തിന്റെ നേതാവ് കടുംചുവപ്പുനിറത്തിൽ ത്രികോണാകൃതിയിലുള്ള തൂവാല കഴുത്തിലണിയിച്ചു കഴിയുന്നതോടെ അവർക്ക് ഔപചാരികമായ അംഗത്വം ലഭിക്കും. അവിടുന്നങ്ങോട്ടു കുട്ടികളെ 'മനസ്സാക്ഷിയുള്ളവരും അരോഗദൃഢഗാത്രരും ശുഭാപ്തി വിശ്വാസികളും കഷ്ടതകൾക്കടിയറപറയാത്ത വിധം ധീരന്മാരുമായ പൗരന്മാരായി' വളർത്തിക്കൊണ്ടു വരുന്നതിൽ അധ്യാപകരെ സഹായിക്കേണ്ടതു് അവരുടെ കടമയാണ്.

സോവിയററ് യൂനിയനിലെ കുട്ടികൾ സന്തോഷത്തോടും ആരോഗ്യത്തോടും കൂടി നല്ല വിദ്യാഭ്യാസം ലഭിച്ചു വളരണമെന്നാണ് ഗവണ്മെന്റിന്റെ ആഗ്രഹം. ബാല്യകാലം സന്തോഷപ്രദമാക്കുന്നതിന് ആവശ്യമായതെല്ലാം അവർക്കു നൽകിവരുന്നു. ഇതിനു പകരമായി അവർ ബദ്ധപ്പെട്ടു നന്നായി പഠിക്കണം. പത്തുവർഷത്തെ പാഠ്യപദ്ധതിയിൽ 9857 മണിക്കൂർ പഠനമാണ് ഉദ്ദേശിച്ചിട്ടുള്ളതു്. എഴുത്തും വായനയും കണക്കും കൂടാതെ രസതന്ത്രം, മനശ്ശാസ്ത്രം, ശരീരശാസ്ത്രം, ഡ്രാഫ്ററ്മാൻസ് ഷിപ്പ്,

മെക്കാനിക്കൽ എൻജിനീയറിങ്ങ്, എലക്ട്രോ ടെക്നിക്ക്, വിദേശഭാഷകറം എന്നിവയും പാഠ്യപദ്ധതിയിൽ ഉറംപ്പെടുന്നു.

കൂടുതൽ കൂടുതൽ സ്കൂളുകളിൽ സാങ്കേതികവിദ്യാഭ്യാസം ഏർപ്പെടുത്തിവരികയാണു്. ഈ സ്കൂളുകളിൽ വിദ്യാർത്ഥികറംക്കു പ്രായോഗികപരിശീലനം നേടത്തക്കവിധം വക്ക്ഷോപ്പുകളും തൊഴിൽശാലകളും ഏർപ്പെടുത്തിയിട്ടുണ്ടു്.

അവസാനത്തെ വർഷത്തിൽ 188 മണിക്കൂർ തൊഴിൽശാലകളും വൈദ്യുതികേന്ദ്രങ്ങളും കൃഷിത്തോട്ടങ്ങളും കാർഷികയന്ത്രനിർമ്മാണശാലകളും സന്ദർശിക്കുന്നതിനുവേണ്ടിയാണു് ചെലവാക്കുന്നതു്. വിദ്യാർത്ഥികറംക്കു താമസിച്ചു പഠിക്കാൻ സൗകര്യമുള്ളവയും എൻജിനീയറിങ്ങ്, അണുശക്തിശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നൽകുന്നവയുമായ സ്കൂളുകറം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവണത കൂടുതലായി വരികയാണു്.

വടക്കു് തുന്ദ്രായിലും, മരുപ്രദേശങ്ങളിലും പർവ്വതപ്രദേശങ്ങളിലും അവിടവിടെയായി താമസിക്കുന്ന ജനങ്ങറം കുട്ടികളെ ബോർഡിംങ്ങ്സ്കൂളുകളിൽ ചേർത്തു പഠിപ്പിക്കുകയാണു് പതിവു്. സ്ലെഡ്ഡിലും ഒട്ടകപ്പുറത്തും വിമാനത്തിലും കയറി അനേകനാഴിക ചുററളവിൽനിന്നു വിദ്യാർത്ഥികറം എത്തിച്ചേരുന്നു. ഒഴിവുകാലങ്ങളിൽ അവർ വീടുകളിലേക്കു തിരിച്ചുപോകും.

എസ്കിമോ, നെൻറ്സി തുടങ്ങിയ ന്യൂനപക്ഷവർഗ്ഗക്കാരുടെ കുട്ടികറംക്കുവേണ്ടി ഇത്തരം ബോർഡിംങ്ങ്സ്കൂളുകറം ആരംഭിച്ചപ്പോറം, ഭാഷാപണ്ഡിതന്മാർ അവരുടെയിടയിൽ പോയി താമസിച്ചു് സംസാരഭാഷയിലുള്ള ശബ്ദങ്ങറം രേഖപ്പെടുത്തിയിട്ടാണു് അവരുടെ ഭാഷയ്ക്കു് ഒരു അക്ഷരമാല ഉണ്ടാക്കിയതു്.

'ഇഗ്ലൂ 'വിൽനിന്നു കുട്ടികളെ ബോർഡിങ്ങ്സ്കൂളുകളിലയയ്ക്കാൻ മാതാപിതാക്കളുടെമേൽ വളരെ പ്രേരണാ

ശക്തി, ചെലുത്തേണ്ടതായി വന്നു. കുട്ടികളെ പിരിഞ്ഞു താമസിക്കുന്നതു് അവക്കു ദുസ്സഹമായിരുന്നു. സ്കൂൾ തുറക്കുന്ന ദിവസം റെയിൻഡിയറിനെയോ നായയെയോ കെട്ടിയ വണ്ടികളിൽ കുട്ടികളെ സ്കൂളിലെത്തിക്കും. പിന്നെയുള്ള നിശ്ശബ്ദമായ വിടപറയൽ മാതാപിതാക്കളുടെയും കുട്ടികളുടെയും ഹൃദയങ്ങൾ വിഷാദനിർഭരമാക്കും.

കുറെക്കാലത്തേക്കു് എഴുന്നേററു ഭിത്തിയിൽ ചാരി നിന്നു് പഠിത്തം എന്ന അനുഭൂതിയുമായി പരിചയപ്പെടുക എന്നായിരുന്നു 'വിദ്യാഭ്യാസ'ത്തിനർത്ഥം. കിടക്കയും തലയണയുമിട്ടു് കട്ടിലിൽ കിടന്നുറങ്ങിയിട്ടില്ലാത്ത കുട്ടികൾ, കിടത്തിയിട്ടുപോയാൽ കട്ടിലിന്നുകീഴെ നിലത്തു കിടന്നു സുഖമായുറങ്ങുന്നതാണു് അധ്യാപകന്മാർ പിന്നെ ചെന്നു നോക്കുമ്പോൾ കണ്ടിരുന്നതു്.

അധ്യാപകർ അവരെ ആദ്യമായി ചൂടുവെള്ളത്തിൽ കുളിപ്പിക്കാൻ ശ്രമിച്ചപ്പോഴാണു് സമരം മൂർദ്ധന്യത്തിലെത്തിയതു് എസ്കിമോ മാതാക്കൾ മക്കളുടെ ശരീരം തിമിംഗിലക്കൊഴുപ്പുതേച്ചു് തോലിലിറക്കുകയാണു് പതിവു്. വസ്ത്രങ്ങളഴിച്ചു് ആഴമുള്ള വെള്ളത്തിൽ പിടിച്ചിട്ടപ്പോൾ കുട്ടികൾ ഭയപ്പെട്ടുപോയി.

ആദ്യത്തെ ഉത്സാഹം ശമിച്ചപ്പോൾ കുട്ടികൾക്കു വീടുവിട്ട ദുഃഖമായി. മാതാപിതാക്കൾക്കു് കുട്ടികളെ കാണാത്ത ദുഃഖവും.

പൊടുന്നനെ അവർ കൂട്ടമായി സ്കൂളുകളിലെത്തി കുട്ടികളെ വീടുകളിലേക്കു തിരികെ കൊണ്ടുപോയി. സാവധാനത്തിൽ ഇഗ്ലൂകളുടെ സ്ഥനത്തു് തടിയും ഇഷ്ടികയും കൊണ്ടു നിർമ്മിച്ച വീടുകൾ പ്രത്യക്ഷമായി—വിദ്യുച്ഛക്തിയും കുളിമുറിയുമുള്ള വീടുകൾ റേഡിയോ പ്രഭാഷണങ്ങൾ വിദ്യാഭ്യാസത്തിൻെറ പ്രാധാന്യം വിശദീകരിച്ചു. ഒടുവിൽ കുട്ടികൾ സാവധാനം സ്ക്കൂളുകളിലേക്കു തിരിച്ചു വന്നു.

ഒഴിവുകാലത്തു് പാഠപുസ്തകങ്ങൾ പെട്ടിയിൽ വച്ചു പൂട്ടും. സിനിമയ്ക്കും നാടകത്തിനും വിനോദസഞ്ചാരത്തിനും സൽക്കാരങ്ങൾക്കും ഉത്സവങ്ങൾക്കും, ശൈത്യകാലത്തു സ്കേറ്റിങ്ങിനും, വേനൽക്കാലത്തു സമുദ്രതീരത്തും മലകളിലും വനങ്ങളിലും ക്യാമ്പുകൾക്കും സൗജന്യസൗകര്യം ഏർപ്പെടുത്തിയിരിക്കുന്നു.

ജൂൺ ഒടുവിലാണു് സ്കൂൾവഷം അവസാനിക്കുന്നതു്. മോസ്കോവിലെ പത്താംക്ലാസ്സു് വിദ്യാൎത്ഥികൾക്കു് ക്രെംലിനിൽ ഒരു വലിയ വിജയസൽക്കാരമുണ്ടു്. വെളുത്ത ഗ്രാജ്വേഷൻ വസ്ത്രങ്ങൾ ധരിച്ച പെൺകിടാങ്ങളുടെ ആകഷ്കത്വം ഒന്നു വേറെയാണു്. പുതിയ വേഷങ്ങളണിഞ്ഞ ആൺകുട്ടികൾ അവൾക്കു ചൂടാൻ പൂക്കൾ സമ്മാനിക്കുന്നു.

സൽക്കാരം കഴിഞ്ഞാൽ എല്ലാവരും റെഡ്സ്ക്വയറിൽക്കൂടി രാത്രി മുഴുവൻ പാട്ടും നൃത്തവുമായി കഴിക്കുന്നു. അവരിൽ ചിലർ സാങ്കേതികവിദ്യാലയങ്ങളിലും സർവ്വകലാശാലകളിലും വിദ്യാഭ്യാസം തുടരും.

യൂനിയന്റെ എല്ലാഭാഗങ്ങളിലും നിന്നു് ഫാക്ടറി ഡയറക്ടർമാർ സ്കൂൾ വിടുന്നവരേയും വിദ്യാൎത്ഥികളേയും ആവശ്യപ്പെട്ടുകൊണ്ടു് കത്തുകൾ അയച്ചിരിക്കും. സ്കൂൾ അടയ്ക്കുന്നതിനു കുറേ ആഴ്ചകൾ ഉള്ളപ്പോൾതന്നെ ഇവരുടെ പേരുവിവരം സ്കൂൾബോർഡുകളിൽ പതിച്ചിരിക്കും. ഈ അന്വേഷണങ്ങൾക്കു പുറമെ മററു സ്ഥാനങ്ങളും ഉണ്ടെന്നുള്ള ബോധ്യം കുട്ടികൾക്കുണ്ടു്. വമ്പിച്ച നിൎമ്മാണപ്രവൎത്തനങ്ങളും ഉയരാൻ കാത്തുനില്ക്കുന്ന പുതിയ നഗരങ്ങളും ജലവൈദ്യുതപദ്ധതികളും പുതിയ ഇരുമ്പു—കൽക്കരി ഖനികളും, വൈരക്കൽ നിക്ഷേപങ്ങളും അവരെ പ്രതീക്ഷിച്ചു കിടക്കുന്നുണ്ടു്.

കുറഞ്ഞതു് ഒരു ഡസൻ തൊഴിലുകളെങ്കിലുമുണ്ടു് തെരഞ്ഞെടുക്കാൻ. അവരെ അഭിമുഖീകരിക്കുന്ന പ്രധാന വൈഷമ്യം ചെയ്യേണ്ടതെന്തെന്നും പോകേണ്ടതെവിടെ

യെന്നും നിശ്ചയിക്കുന്ന വിഷയത്തിലാണ്. എന്താണു വേണ്ടതു്? ടർക്ക്മീനിയായിലെ മരുഭൂമികളെ കീഴടക്കുകയോ താജിക്കിസ്ഥാനിലെ നദികൾക്കു കടിഞ്ഞാണിടുകയോ? എവിടെയാണ് പോകേണ്ടതു്? പുതിയ നഗരങ്ങളും തുറമുഖങ്ങളും ഉയർന്നുവരുന്ന ഉത്തരധ്രുവത്തിലേക്കോ? അതോ സൈബീരിയയിലേയും വിദൂരപൗരസ്ത്യദേശത്തേയും കസാക്കിസ്ഥാനിലേയും കന്നിമണ്ണിലേക്കോ? കഠിന ജീവിതമെന്നാണ് എല്ലാത്തിനും അർത്ഥം.

'സ്ഥലങ്ങൾ മനുഷ്യരെയല്ല, മനുഷ്യർ സ്ഥലങ്ങളാണുണ്ടാക്കുന്നതു്' എന്നത്രെ റഷ്യൻ പഴമൊഴി.

1954—ൽ സോവിയററ്ഗവമ്മെൻറിൻെറ മേധാവിയായിരുന്ന നികിതാ ക്രൂഷ്ചോഫ് യുറാൽസിന്നു് അപ്പുറത്തേക്കു പോകുവാൻ യുവാക്കളെ ആഹ്വാനം ചെയ്തു. മനുഷ്യപാദങ്ങൾ സ്പർശിച്ചിട്ടില്ലാത്ത ആ ഭൂമിയിൽ സ്ഥിരതാമസമാക്കുന്നതിനും ക്ഷുധിതമായ സ്റ്റെപ്പികളെ ഉഴുതുമെരുക്കുന്നതിനും കൽക്കരി, ഇരുമ്പയിരു്, വൈരം, സ്വർണ്ണം, എണ്ണ, പ്ലാററിനം, വെള്ളി, പ്രകാശമാനമായ ചെമ്പു് തുടങ്ങി എണ്ണമററ ധനവിഭവങ്ങൾ മനുഷ്യഹസ്തങ്ങൾ കാത്തുകിടക്കുന്ന ആ ദേശങ്ങളിൽ നഗരങ്ങളും തൊഴിൽശാലകളും സ്ഥാപിക്കുന്നതിനും അദ്ദേഹം അവരോടാവശ്യപ്പെട്ടു.

അജയ്യമായ ധൈര്യവും അക്ഷീണമായ പ്രയത്നശക്തിയും നിശ്ചയദാർഢ്യവുമുള്ള സാഹസബുദ്ധി തികഞ്ഞ ജനങ്ങളെയാണു് ആവശ്യമെന്നു് അദ്ദേഹം പറഞ്ഞു.

രണ്ടുമൂന്നു ലക്ഷത്തിൽ കുറയാത്ത യുവാക്കൾ ആ ആഹ്വാനം ചെവിക്കൊണ്ടു താൽക്കാലികമായ വീടുകൾ, വാട്ടുന്ന ശൈത്യം, ഉരുക്കുന്ന വേനൽ, സിനിമയും നാടകവുമില്ലാത്ത ജീവിതം, അവിടവിടെയുള്ള നാലഞ്ചു പട്ടണങ്ങളിലേക്കുപോലും റോഡുകളോ തീവണ്ടിപ്പാതകളോ വെറുംവഴികളോപോലുമില്ലാതെ ആയിരക്കണക്കിനു

മൈൽ ദൂരത്തിൽ കടുങ്ങിക്കിടക്കുന്നതിന്റെ ഏകാന്തത, ഇവയൊന്നും വകവയ്ക്കാതെ അവരിൽ ഭൂരിപക്ഷവും അവിടെ പിടിച്ചുനിന്നു

റഷ്യക്കാർ സൈബീരിയയിലേക്കും ദൂരപൗരസ്ത്യദേശത്തേക്കും ആദ്യമായി കുടിയേറിയതു് പതിനേഴാം ശതകത്തിലാണു്. അവിടെ അവർ വ്യാവസായിക നഗരങ്ങൾ സ്ഥാപിച്ചു ഓമ്സ്ക്, തോമ്സ്ക്, ഇർകുട്സ്ക്, ക്രാസ്നോയാർസ്ക്, നോവോസിബിർസ്ക് ഇവ അതിൽപെട്ടതാണു്. മാടമ്പിമാർ കടംവീട്ടിയിരുന്നതു് സൈബീരിയയിലെ രോമത്തുകലുകൾകൊണ്ടാണു്. സൈബീരിയയിലെ തടിവിററു് ധനികരായ വ്യാപാരികൾ കൂടുതൽ ധനികരായിത്തീൎന്നു.

യൂറാൽസിലേയും സൈബീരിയയിലേയും കസാക്കിസ്ഥാനിലേയും പൗരസ്ത്യദേശത്തേയും നഗരങ്ങളിൽ മൂന്നിൽ രണ്ടു ഭാഗവും പുതിയതാണു്. ഉദാഹരണത്തിനു് മാഗ്നിററഗോർസ്കിലെ (കാന്തപർവ്വതം) ഉരുക്കു നഗരം അതിലെ പറന്നുകൊണ്ടിരുന്ന വൈമാനികരുടെ ഒരു പ്രത്യേകാനുഭവത്തെത്തുടൎന്നു രൂപംകൊണ്ടതാണു്. വിമാനം അതിലെ പറക്കുമ്പോഴെല്ലാം മലഞ്ചെരിവിൽനിന്നു് ഇരുമ്പയിർ എറിച്ചു നിന്നിരുന്നതുനിമിത്തം അവരുടെ കോമ്പസ്സുകളുടെ സൂചികൾ കൗതുകകരമായ പല കസർത്തുകളും കാണിക്കാറുണ്ടായിരുന്നു.

തെരുവിൽ നടക്കുന്നവരുടെ കാലുകൊണ്ടു് കൽക്കരി പൊങ്ങി വരുന്നതു കണ്ടതിൽനിന്നാണു് കസാക്കിസ്ഥാനിലെ കാരാഗൺഡ ഒരു വലിയ ഖനന നഗരമായി വികസിച്ചതു്. ഭാവിയിൽ വളരെ വളരെക്കാലത്തേക്കു് ലോകത്തിനു മുഴുവൻ കൽക്കരി നൽകുന്നതിനുള്ള കെൽപ്പു് കാരാഗൺഡയ്ക്കുണ്ടെന്നാണു് ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം.

1932—ൽ ഒരു സംഘം ചെറുപ്പക്കാർ ദൂരപൗരസ്ത്യമേഖലയിലെ അമൂർ നദിയുടെ തീരത്തു് ഒരു നഗരം സ്ഥാപി

ക്കാൻ നിശ്ചയിച്ചു. 'അമൂർ തീരത്തെ കോസ്സോമോഠംസ്സ്'' എന്നാണ് അവർ അതിന്നു പേരിട്ടതു്. ഇന്നതു് ആ പ്രദേശത്തെ ഏററവും പ്രധാനപ്പെട്ട വ്യാവസായിക നഗരമാണ്.

'പുതിയ ഭൂമി'യിലേക്കു പോകുന്ന കുടിയേററക്കാർ യൂറാൽസിനും ബെയ്ക്കലിനുമിടയിലുള്ള പശ്ചിമസൈബീരിയയിലെ ഗോതമ്പു മേഖല കടന്നാണ് അങ്ങോട്ടു പോകുന്നതു്. 5820 അടി ആഴമുള്ള 'പാവനമായ ബെയ്ക്കൽ തടാകം' ലോകത്തിലെ ഏററവും ആഴമേറിയ തടാകവും ലോകത്തിൽ ഇന്നോളം അറിയപ്പെട്ടിട്ടുള്ള ശുദ്ധജലജീവിയായ കടലാനയുടെ വാസസ്ഥാനവുമാണ്.

സൈബീരിയയുടെ കിഴക്കേ പകുതി വനങ്ങളും സമതലങ്ങളും മലകളും നിറഞ്ഞതാണ്. കാററനക്കമില്ലാത്ത വരണ്ട അന്തരീക്ഷത്തിൽ പൂജ്യത്തിൽനിന്നു 30 ഡിഗ്രി സെൻറിഗ്രേഡിൽ താഴെ എത്തിയ തണുപ്പും സഹനീയമായിത്തോന്നും. സൈബീരിയയിലെ ശൈത്യകാലം കുപ്രസിദ്ധമാണ്. പക്ഷെ വർണ്ണശബളമായ പൂക്കളും ചൂടു വെയിലുമുള്ള വേനൽ എത്രയും സുഖകരമാണ്.

കൗതുകപ്രദമായ ആംട്ടായ് പർവ്വതനിരയുടെ ചെരിവിലും വടക്കൻ കസാക്കിസ്ഥാനിലെ മരുഭൂമികളിലും അദ്ധമരുഭൂമികളിലുമായിട്ടാണ് പുതിയ ഭൂമികഠം കിടക്കുന്നതു്. മഞ്ഞണിഞ്ഞ മലമുടികളോടുകൂടിയ തെയ്ഗസ്സും നീലത്തടാകങ്ങളും അലറുന്ന ജലപാതങ്ങളും നിറഞ്ഞ താഴ്വരകഠംക്കും അപ്പുറത്താണ് വെയിലേററു തിളങ്ങുന്ന ഫലഭൂയിഷ്ഠമായ ഈ പുൽപ്പരപ്പുകഠം. ആംട്ടായിലെ ഒഴുക്കേറിയ നദികളിലൂടെ തടി വെട്ടിയിറക്കിക്കൊണ്ടു വരുന്നു. പുല്ലുനിറഞ്ഞ മൈതാനങ്ങളിൽ കന്നുകാലികഠം മേയുന്നു.

ഇംഗ്ലണ്ടിൻെറ പതിനാറിരട്ടി വലിപ്പമുള്ള കസാക്കിസ്ഥാൻ അജ്ഞാതമായ ഒരു ദേശമായിരുന്നു എന്നോർക്കു

ബോറം അത്ഭുതം തോന്നും. തലസ്ഥാനമായ ആൽമാ—അത്താ (ആപ്പിളിൻെറ പിതാവു്) ഒഴികെ ബാക്കി സ്ഥലങ്ങരം റഷ്യൻ ഭൂപടങ്ങളിൽ അളക്കാത്ത പ്രദേശങ്ങളുടെ കൂട്ടത്തിൽ, വലിയ വെളുത്ത പാണ്ടുകരംകൊണ്ടാണു് അടയാളപ്പെടുത്തിവന്നതു്. ക്ഷുധിതമായ സ്റ്റെപ്പിയിൽ പൂണ്ടു കിടന്നിരുന്ന എണ്ണയെയും സ്വർണ്ണത്തെയും പ്ലാററിനത്തെയുംകുറിച്ച് ആക്കും ഒരറിവുമുണ്ടായിരുന്നില്ല. മരുഭൂമികരം ഗോതമ്പുവയലുകളാക്കി മാററാൻ കഴിയുമെന്നു് ആരും നിനച്ചിരുന്നതുമില്ല.

ഇവിടെയുള്ളതിനെല്ലാം അങ്ങേയററത്തെ വിശേഷണങ്ങളാണു വേണ്ടതു്. ഏററവും നീളമേറിയ റെയിൽവേയും ഏററവും ഉയരമേറിയ മലകളും ലോകത്തിലെ ഏററവും നീളമേറിയ നദികളിൽ നാലെണ്ണവും (യെനിസി, ലിനാ, ഓബ്, ഇർട്ടിഷ്, ജലവൈദ്യുതോല്പാദനത്തിനു സജ്ജമായി നില്ക്കുകയാണിവ) ഇവിടെയാണു്. അണക്കെട്ടുകളുടെ പണി ആരംഭിച്ചുകഴിഞ്ഞു. മോസ്കോവിൽനിന്നു് ആയിരക്കണക്കിനു മൈൽ അകലെ പൈൻ വൃക്ഷങ്ങളുടെ മദ്ധ്യത്തിൽ ശാസ്ത്രജ്ഞന്മാക്കു ജീവിക്കുന്നതിനു വേണ്ട വീടുകളും പ്രവത്തിക്കുന്നതിനു വേണ്ട ആധുനിക പരീക്ഷണശാലകളും ഉള്ള നഗരങ്ങരം ഉയന്നുവരികയാണു്.

ആയിരക്കണക്കിനു മൈൽ നീളത്തിൽ റെയിൽപാളങ്ങരം ഇട്ടുകൊണ്ടിരിക്കുകയാണു്. ഗ്രാമങ്ങളെയും നഗരങ്ങളെയും ബന്ധിപ്പിച്ചുകൊണ്ടു റോഡുകരം വീഴുന്നു. കെട്ടിടങ്ങളുടെ നിമ്മാണം നടക്കുന്ന പ്രദേശത്തേക്കു് ട്രക്കുകളും ലോറികളും കൊണ്ടുപോകാനാവശ്യമായ റോഡുകരം പണിതുകഴിഞ്ഞു. ബന്ധംവിട്ട പ്രദേശങ്ങളിൽ വിമാനത്താവളങ്ങളും പ്രത്യക്ഷപ്പെടുന്നുണ്ടു്.

ഇതെല്ലാമായിട്ടും ആവശ്യത്തിൻെറ അടുത്തെങ്ങും എത്തിയിട്ടില്ല. ഈ പുതിയ ഭൂമികളുടെ സമ്പത്തു മുഴുവൻ

ചൂഷണംചെയ്യുന്നതിനു കൂടുതൽ മനുഷ്യരും കൂടുതൽ യന്ത്ര ങ്ങളും കൂടുതൽ ധനവും ആവശ്യമുണ്ട്. ഇവിടെ ജോലി ചെയ്യുന്നവക്ക് എല്ലാത്തരത്തിലുമുള്ള പ്രോത്സാഹനങ്ങളും നൽകിവരുന്നു. ഉയന്ന വേതനവും ബോണസും, സുഖോപ ഭോഗവസ്തുക്കാംക്ക മുൻഗണന, വിമാനത്തിലും ട്രെയിനി ലും സീററിനു മുൻഗണന, നീണ്ട ഒഴിവുകാലം തുടങ്ങിയ പ്രത്യേകാവശ്യങ്ങളും ഇതിൽപെടും.

ഏററവും വലുതും ഏററവും ആവേശജനകവുമായ ചില നിമ്മാണപ്രവത്തനങ്ങളും ഏററവും നവീനമായ യന്ത്രങ്ങളും ശാസ്ത്രീയ കണ്ടുപിടുത്തങ്ങളും സൈബീരിയയു ടെയും കസാക്കിസ്ഥാൻെറയും വകയായുണ്ട്. ജീവിതത്തി ൻെറ കവാടത്തിൽ നിൽക്കുന്ന യുവാക്കാം സാഹസസാധ്യ തകളും കൂടുതൽ പ്രലോഭനീയമായ ഭാവിയും ഇവിടെ കണ്ടെത്തുന്നു. ഈയിടെ 'കിഴക്കോട്ടു പോകുന്നതു്' സോ വിയററ്യൂനിയനിൽ ഫാഷനായി വരികയാണ്. ജന ങ്ങാം ഇതിനെക്കുറിച്ച് ഒരു ചൊല്ലുതന്നെ ഉണ്ടാക്കിക്കഴി ഞ്ഞു. ''സൈബീരിയയിൽ പോകാത്തവർ ലോകം കണ്ടിട്ടില്ല."

# അനുബന്ധം

## നാണയവ്യവസ്ഥ

സോവിയററ് നാണയവ്യവസ്ഥയുടെ ഏകകം റൂബിളാണ്. ഇതു് നൂറു കൊപ്പെക്കുകളായി വിഭജിച്ചിട്ടുണ്ടു്. സാധാരണ ചില്ലറ വ്യാപാരങ്ങൾക്കു പ്രധാനമായി ഈ കൊപ്പെക്കു നാണയങ്ങളാണു് ഉപയോഗിക്കുന്നതു്. 1961-ലെ നാണയവ്യവസ്ഥപ്രകാരം യു.എസ്.എസ്. ആറിലെ സ്റ്റേററുബാങ്കു് 100, 50, 25, 10 റൂബിൾ മൂല്യമുള്ള നോട്ടുകളും, 5, 3, 1 റൂബിൾ മൂല്യമുള്ള ട്രഷറിനോട്ടുകളും 1 റൂബിൾ, 50, 20, 15, 10, 3, 2, 1 കൊപ്പെക്കുകൾ എന്ന ലോഹനാണയങ്ങളും യു. എസ്.എസ്.ആർ. പ്രചരിപ്പിക്കുന്നുണ്ടു്. നോട്ടുകൾ അഞ്ചുമുനയുള്ളതും മങ്ങിയ കറുപ്പുനിറമുള്ളതുമായ നക്ഷത്രങ്ങളുടെ വാട്ടർമാർക്കു് അടയാളമുള്ള കടലാസ്സിലാണു് അച്ചടിക്കുന്നതു്. 100, 50, 25, 10 എന്ന വിധം മൂല്യങ്ങളുള്ള റൂബിൾനോട്ടുകൾ (ഊതനിറവും പച്ചനിറവും കലന്ന ഒളിവുനിറം, പച്ചനിറം, നേരിയ ചുവപ്പുള്ള ലിലാക്ക്നിറം, ചുവന്നനിറം എന്നാണു് ക്രമത്തിൽ ഇവ ഓരോന്നിൻെറയും നിറങ്ങൾ) ഒരു വശത്തു ലെനിൻെറ അമുഴ്ത്തി രേഖപ്പെടുത്തിയ ചിത്രവും അവയുടെ മൂല്യവും. യു. എസ്. എസ്. ആറിലെ അംഗീകൃതമായ (ആയുധ) ചിഹ്നവും കാണിക്കപ്പെട്ടും. നോട്ടിൻെറ മറുവശത്തു് 100 റൂബിളിൻേറതിൽ മോസ്കോ കെർമിലിയനും, 50 റൂബിളിൻേറതിൽ മോസ്കോ കെർമിലിയനിലുള്ള ഗവമ്മെൻറിൻെറവക കെട്ടിടത്തിൻെറ വീക്ഷണവും ചിത്രീകരിക്കപ്പെട്ടിട്ടുണ്ടു്. 5 റൂബിൾ നോട്ടിൻെറ മുൻവശത്തു് മോസ്കോ കെർമിലിയനിലുള്ള സ്പാസ്കോ ഗോപുരത്തിൻെറ വീക്ഷണം, 3 റൂബിളിൻെറ മുൻവശത്തു് മോസ്കോ കെർമിലിയൻ, 1 റൂബിളിൻെറ മുൻവശത്തു് യു.എസ്.എസ്.ആറിൻെറ ഔദ്യോഗികമായ ആയുധ ചിഹ്നം ഇവയാണു് ചിത്രീകരിക്കപ്പെട്ടിരിക്കുന്നതു്. ഈ

നോട്ടുകളുടെ നിറം നീല, പച്ച, മഞ്ഞ എന്നു് യഥാക്രമമാണു്. ലോഹനാണയങ്ങളിൽ 1 റൂബിൾ, 50, 20, 15, 10 കൊപ്പെക്കുകൾ ഇവ ചെമ്പും നിക്കലും ചേൎന്ന വെളുത്ത ലോഹക്കൂട്ടുകൊണ്ടും 5, 3, 2, 1 കൊപ്പെക്കുകൾ ചെമ്പും തുത്തുനാകവും ചേൎന്ന മഞ്ഞലോഹക്കൂട്ടുകൾകൊണ്ടും നിൎമ്മിച്ചവയാണു്. എല്ലാ ലോഹനാണയങ്ങളുടെയും മുൻവശത്തു് അവയുടെ വില, നിൎമ്മിച്ച വർഷം ഇവയും, മറുവശത്തു് യു.എസ്.എസ് ആറിൻെറ ഔദ്യോഗികമായ ആയുധചിഹ്നങ്ങളും രേഖപ്പെടുത്തിയിട്ടുണ്ടു്. ഒരു പവൻ നാണയത്തിനു് (ഇംഗ്ലണ്ടിലെ നാണയത്തിൻെറ ഏകകം) 11.20 ദശാംശം റൂബിൾ എന്നാണു് ഔദ്യോഗികവിനിമയനിരക്കു്. എന്നാൽ സഞ്ചാരികൾക്കു് ഒരു പവനു് 27 റൂബിൾ എന്ന ഒരു പ്രത്യേക വിനിമയത്തോതുവച്ചു നൽകപ്പെടുന്നുമുണ്ടു്.

## വിദ്യാഭ്യാസം

സാൎവ്വത്രികവും, നിർബ്ബന്ധിതവും 15—16 വയസ്സുവരെ നീണ്ടുനിൽക്കുന്നതുമായ എട്ടുവർഷത്തെ പ്രൈമറി (പ്രാഥമിക) വിദ്യാഭ്യാസവും സെക്കൻഡറി (മദ്ധ്യനിലയിലുള്ള) വിദ്യാഭ്യാസവും, യൂണിയനിൽ മുഴുവൻ ഉണ്ടായിരിക്കും എന്ന അടിസ്ഥാനത്തിലാണു് വിദ്യാഭ്യാസം സംവിധാനംചെയ്തിരിക്കുന്നതു്. ഈ നിർബ്ബന്ധവിദ്യാഭ്യാസത്തിനുശേഷം വിദ്യാൎത്ഥികൾ, മൂന്നു കൊല്ലത്തെ അഭ്യസനം, സാങ്കേതികവിദ്യാഭ്യാസവുംകൂടി ഉൾപ്പെടുത്തിയ സാമാന്യ സെക്കൻഡറിസ്കൂളിലോ, സാങ്കേതികവിദ്യാലയത്തിലോ, ബഹുവിധമായ തൊഴിൽപരിശീലനം നൽകുന്ന വിദ്യാലയത്തിലോ തുടരാം. അതല്ല വിദ്യാലയംവിട്ടു് വ്യവസായങ്ങളിൽ പ്രവേശിക്കാനാണു് ഉദ്ദേശിക്കുന്നതെങ്കിൽ, ആ കുട്ടിക്കും മൂന്നു കൊല്ലം സായാഹ്നക്ലാസ്സുകളിൽ ചേൎന്നു് വിദ്യാഭ്യാസം പൂൎത്തിയാക്കാം. തൊഴിൽ ചെയ്യുന്നതിനോടൊപ്പം വിദ്യാഭ്യാസം നിൎവ്വഹിക്കണമെന്നു വിചാരിക്കുന്നവൎക്കും ആഴ്ചയിൽ 2 ദിവസം കൂലി

നഷ്ടപ്പെടാതെ ജോലിയുള്ളവർക്കു് അവധിയും നൽകുന്നുണ്ടു്. പ്രാഥമികവിദ്യാഭ്യാസംമുതൽ കലാശാലാവിദ്യാഭ്യാസംവരെയുള്ള പഠനം എല്ലാം സൗജന്യമായിട്ടാണു് നൽകുന്നതു്. വിദ്യാലയത്തിലെ ഉയൎന്ന ക്ലാസ്സിൽ പഠിക്കുന്ന വിദ്യാൎത്ഥികൾക്കും, പ്രത്യേക വിദ്യാലയങ്ങളിൽ പഠിക്കുന്നവൎക്കും കലാശാലാവിദ്യാഭ്യാസം നിൎവ്വഹിക്കുന്നവൎക്കും വേതനം ലഭിക്കുന്നുമുണ്ടു്. 1959–60 എന്ന വർഷത്തിൽ, സാമാന്യവിദ്യാലയത്തിൽ ഉണ്ടായിരുന്ന വിദ്യാൎത്ഥികളുടെ സംഖ്യ (യുവാക്കന്മാരായ തൊഴിലാളികളുടെയും കൃഷിക്കാരുടെയും എണ്ണം ഉൾപ്പെടെ) 33,000,000 ആയിരുന്നു ഇവരെ കൂടാതെ 1,900,000 വിദ്യാൎത്ഥികൾ പ്രത്യേക സെക്കൻഡറിസ്കൂളുകളിലും 2,200,000 വിദ്യാൎത്ഥികൾ ഉന്നതവിദ്യാലയങ്ങളിലും ആ വൎഷത്തിൽതന്നെ ഉണ്ടായിരുന്നു.

## കൃഷി

വൻതോതിലുള്ള കൃഷിസ്ഥലങ്ങൾ കൃഷിചെയ്യുന്നതു് സഹകരണരീതിയിലാണു് (കളക്റ്റീവ് ഫാംസ്—കൂട്ടകൃഷിസ്ഥലങ്ങൾ). കൃഷിചെയ്യുന്ന ഭൂമിയിൽ ഏററവും കൂടുതൽ ശതമാനം ഈ വിധത്തിലാണു് കൃഷിചെയ്യുന്നതു്. 1930–ാമാണ്ടായപ്പോൾതന്നെ ഇത്തരം കൃഷിവികസനം തുടങ്ങിയിരുന്നു. തങ്ങൾക്കുള്ള കൃഷിസ്ഥലം, പ്രധാനമായി കൃഷിക്കുപയോഗിക്കുന്ന ഉപകരണങ്ങൾ ഇവ പൊതുവായി യോജിപ്പിച്ചു്, ചെറിയ തോതിലുള്ള കൃഷിക്കു പകരം വലിയ കൃഷിസ്ഥലങ്ങളിൽ കർഷകർ കൃഷിചെയ്തു തുടങ്ങി. ഇത്തരമുള്ള വലിയ കൃഷിസ്ഥലങ്ങളിൽ യന്ത്രക്കലപ്പ (ട്രാക്റ്ററർ), വിളവെടുപ്പിനുള്ള യന്ത്രങ്ങൾ, (Combined harvesters), മററുള്ള പരിഷ്കൃതമായ ആധുനികയന്ത്രങ്ങൾ ഇവ ഉപയോഗിക്കാൻ കർഷകർക്കു സാധിച്ചതുകൊണ്ടു് ഗുണത്തിലും, അളവിലും മെച്ചപ്പെട്ട വിളവുകൾ ഇവൎക്കു് ഉല്പാദിപ്പിക്കാൻ സാധിച്ചു. പരുത്തി കൃഷിചെയ്യുന്ന സ്ഥലങ്ങളിലും, തേയിലത്തോട്ടങ്ങളിലും, നാരകവൎഗ്ഗത്തിലുള്ള പഴങ്ങൾ കൃഷിചെയ്യുന്ന സ്ഥലത്തും,

മത്സ്യവ്യവസായത്തിലും ഈ കൂട്ടടമ എന്ന സമ്പ്രദായത്തിൽ പ്രവർത്തനം തുടങ്ങി. അത്യന്തം വിദൂരദേശങ്ങളിൽ ചിന്നിച്ചിതറിക്കിടക്കുന്ന അല്പം ചില കൃഷിഭൂമികളിലും മീൻപിടുത്തംകൊണ്ടു ജീവിക്കുന്ന ഗ്രാമങ്ങളിലും മാത്രമേ സ്വന്തം നിലയിലുള്ള കൃഷിയും മററു പരിശ്രമങ്ങളും ഇന്നു് നടക്കുന്നുള്ളു. കൂട്ടകൃഷിക്കാർക്കു്, അവർക്കു ഭാവിയിൽ ലഭിക്കാവുന്ന ആദായത്തെ അടിസ്ഥാനപ്പെടുത്തി മാസംതോറും മുൻകൂറായി തുകകൾ ലഭിക്കുന്നുണ്ടു് ഈ മുൻകൂർപററു കഴിഞ്ഞുള്ളതു് ആ ആണ്ടിലെ കണക്കു തിട്ടപ്പെടുത്തി കഴിയുമ്പോൾ ഇവർക്കു ലഭിക്കയുംചെയ്യും. പണം മാത്രമല്ല, ധാന്യം, ഉരുളക്കിഴങ്ങു്, സസ്യങ്ങൾ, പഴങ്ങൾ, പാലു്, ഇറച്ചി മുതലായവയും ഇവർക്കു നൽകുന്നുണ്ടു്. ഓരോ കൂട്ടകൃഷിക്കാരനും, സ്വന്തനിലയിൽ കുറച്ചു സ്ഥലം അടുക്കളത്തോട്ടം, പഴവൃക്ഷകൃഷി, പൂന്തോട്ടം, ഗൃഹജന്തുക്കൾ, കോഴിക്കൃഷി ഇവയ്ക്കായി ഉപയോഗിക്കാൻ അവകാശമുണ്ടു്. ചെറിയ കൃഷിക്കുള്ള ഉപകരണങ്ങൾ, കോഴികൾ, വളർത്തുമൃഗങ്ങൾ, ഒരു വീടു് ഇവ സ്വന്തമായി ഇവർക്കു നൽകപ്പെടുന്നു.

## സ്റ്റേററു്വക കൃഷിസ്ഥലങ്ങൾ

ഇവയുടെ നടത്തിപ്പു് ഗവണ്മെൻറു് ഉടമസ്ഥതയിലാണു്. കൂട്ടകൃഷിസ്ഥലത്തിൻെറ തൊട്ടടുത്തുതന്നെയാണു് ഇവ സ്ഥിതിചെയ്യുന്നതും. വൻകിടയിലുള്ള കൃഷിയുടെ മേന്മ കൃഷിക്കാരെ കാണിച്ചു മനസ്സിലാക്കാനായിട്ടാണു്, ഇവ ആധുനിക യന്ത്രോപകരണങ്ങളോടും, സാങ്കേതികരീതി അനുസരിച്ചും സംവിധാനം ചെയ്യപ്പെടുന്നതു്. സ്റ്റേററുവക കൃഷിസ്ഥലത്തെ ജോലിക്കാർക്കും, പ്രവർത്തകർക്കും വേതനം നൽകുന്നുണ്ടു്. കുറച്ചു സ്ഥലം ഇവർക്കു സ്വന്തമായി കൃഷി ചെയ്യാനും കൊടുത്തിട്ടുണ്ടു്. ഒരു സ്റ്റേററു്കൃഷിസ്ഥലത്തു് ശരാശരി 400 ജോലിക്കാർ കാണും.

## പതാക

ചുവപ്പുനിറമുള്ളതും, ദീർഘചതുരാകൃതിയുള്ളതുമാണ് സോവിയററ്പതാക. സുവർണ്ണവർണ്ണത്തിലുള്ള ചുററികയും അരിവാളും, പിടിയുടെ അടുത്തായി മുകളിൽ പൊൻ നിറത്തിലുള്ളതും അഞ്ചുമുനയുള്ളതുമായ നക്ഷത്രചിഹ്നവും ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. ഭൂഗോളം സൂര്യരശ്മിയാൽ ചൂടാക്കപ്പെട്ട വിധമാണ് യു. എസ്. എസ്. ആറിലെ ആധികാരികമായ ആയുധചിഹ്നം. യു. എസ്. എസ് ആറിലെ ഭൂവിഭാഗത്തിൻെറ മുകളിലായി ഒരു ചുററികയും അരിവാളും, അതിനുപരിയായി അഞ്ചുമുനയുള്ള ഒരു നക്ഷത്രവും സ്ഥിതിചെയ്യുന്നു. ഗോതമ്പുകതിരുകൾ അദ്ധ വൃത്താകൃതിയിൽ ഇതിൻെറ രണ്ടുവശത്തും ചുററപ്പെട്ടിട്ടുണ്ട്. ''എല്ലാ നാടുകളിലേയും തൊഴിലാളികൾ ഒന്നിക്കണം'' എന്നാണ് അടിയിൽ രേഖപ്പെടുത്തിയിരിക്കുന്നതു്. ഈ വാക്യംതന്നെ 15 യൂണിയൻ റിപ്പബ്ലിക്കുകളിൽ നിലവിലിരിക്കുന്ന ഭാഷകളിലും ആവർത്തിച്ചിട്ടുണ്ട്.

## പതിനഞ്ചു റിപ്പബ്ളിക്കുകൾ

യു. എസ്. എസ്. ആറിൻെറ പതിനഞ്ചു യൂണിയൻ റിപ്പബ്ലിക്കുകളുടെ വിവരങ്ങളാണ് അടിയിൽ കൊടുത്തിരിക്കുന്നതു്.

| റിപ്പബ്ലിക്കിൻെറ പേരു് | ജനസംഖ്യ | തലസ്ഥാനം |
|---|---|---|
| ആർ.എസ്. എഫ്. എസ്. ആർ. (റഷ്യ) | 117,494,000 | മോസ്കോ |
| യുക്രെൻ | 41,893,000 | കീവ് |
| ബൈലൊറഷ്യ | 8,060,000 | മിൻസ്ക് |
| ഉസ്ബെക്കിസ്ഥാൻ | 8,113,000 | താഷ്കെൻറ് |
| കസക്സ്ഥാൻ | 9,301,000 | ആൽമ ആററ |
| ജോർജിയ | 4,049,000 | ററ്ബിലിസി |
| അസർബൈജാൻ | 3,700,000 | ബാക്കു |
| ലിത്വേനിയ | 2,713,000 | വിൽനിയസ് |

| റിപ്പബ്ലിക്കിന്റെ പേരു് | ജനസംഖ്യ | തലസ്ഥാനം |
|---|---|---|
| മൊാംഡോവിയ | 2,880,000 | കിഷിനിവ് |
| ലാററ്വിയ | 2,094,000 | റിഗ |
| കിർഗിസിയ | 2,063,000 | ഫ്രൂൻസ് |
| ടാജികിസ്ഥാൻ | 1,982,000 | സ്റ്റാലിനാബാദ് |
| അർമീനിയ | 1.788,000 | യെറിവാൻ |
| ടർക്മേനിയ | 1,520,000 | അഷ്കബാദ് |
| എസ്റേറാണിയ | 1,196.000 | ടാലിൻ |

## നദികൾ

ആറു മൈലിൽ കൂടുതലുള്ള 150,000 നദികാം റഷ്യയിലുണ്ടു്. അവയുടെ ആകപ്പാടെയുള്ള നീളം 1,864,000 മൈലാണു്. 2653 മൈൽ നീളമുള്ള ലെനയാണു് റഷ്യയിലെ ഏററവും വലിയ നദി. ഇതു് സൈബീരിയയിലാണു് സ്ഥിതിചെയ്യുന്നതു്. വോാംഗാ, ഓബ്, ഇർട്ടിഷ്, യെനിസി എന്നീ നാലു നദികാംക്കു് 2000 മൈലിൽ കൂടുതൽ നീളമുണ്ടു്. ആമൂർ, കോളിമ, യൂറാാം നീപ്പർ, സിർദാരിയ, ഡോൺ എന്നീ ആറു നദികാംക്കു് 1000 മൈലിൽ കൂടുതൽ നീളമുണ്ടു്.

## സ്പോർട്സ്

കായികസംസ്കാരവും, സ്പോർട്സും റഷ്യയുടെ നിത്യജീവിതത്തിൽ നല്ല സ്ഥാനം പിടിച്ചിട്ടുണ്ടു്. രണ്ടു രീതിയിലാണു് നാട്ടിൽ ഇവയ്ക്കു നല്ല ഉറപ്പു ലഭിച്ചതു്. ബലവും ആരോഗ്യവുമുള്ള ജനത ഉണ്ടായിരിക്കുക, കായികമത്സരങ്ങളിൽ കൂടുതൽ പാടവം പ്രദർശിപ്പിക്കുക, കായികാഭ്യാസപ്രകടനങ്ങാം നടത്തുക, കളികളിലും, പർവ്വതാരോഹണത്തിലും പ്രാഗത്ഭ്യം നേടുക, എന്നതാണു് ഇവ. വേഗത്തിൽ മഞ്ഞിൽ തെന്നിയോടുക (Speed Skating) മുതൽ ആകാശസഞ്ചാരംവരെയുള്ള അമ്പതുവിധങ്ങളിൽ കുറയാതെയുള്ള കായികവിനോദങ്ങാംക്കു് ആയിരക്കണക്കാളുകാം ഉത്സാഹം പ്രകടിപ്പിക്കുന്നു. ഫുട്ബോാം, വോളിബോാം, ബാസ്കററ്ബോാം, മഞ്ഞുനിലത്തുള്ള

ഹോക്കി, ജലത്തിൽ കളിക്കുന്ന പോളോ, ടെന്നീസ് (പുൽമേട്ടിലും, മേശയിലും കളിക്കുന്നതു്) ഇവയാണു് ഏററവും ഹൃദ്യങ്ങളായ കായികവിനോദങ്ങൾ. കുതിരസ്സവാരിയും ദേശീയരീതിയിലുള്ള ഗുസ്തിയും കാക്കേഷ്യൻ വിഭാഗങ്ങളിലും ഏഷ്യൻവിഭാഗങ്ങളിലും പ്രിയതരമായ വിനോദങ്ങളാണു്.

## സുപ്രീം സോവിയററ്

റഷ്യയിലെ ഏററവും ഉന്നതമായ അധികാരം സുപ്രീം സോവിയററ് ഓഫ് നാഷനാലിററീസ് എന്നു് സമാവകാശവും, അധികാരവുമുള്ള രണ്ടു സഭകളായിട്ടാണു് ഇതു വിഭജിച്ചിരിക്കുന്നതു്. പൊതുതെരഞ്ഞെടുപ്പിൽ രഹസ്യബാലട്ടുപ്രകാരമാണു് നാലുകൊല്ലത്തെ കാലാവധിയുള്ള അംഗങ്ങളെ ഈ രണ്ടു സഭകാംക്കം തെരഞ്ഞെടുക്കാറുള്ളതു്. ബുദ്ധിഹീനരെന്നു സർട്ടിഫിക്കററ് ലഭിച്ചവക്കും രാഷ്ട്രീയകുററങ്ങാംക്കു ശിക്ഷയനുഭവിച്ചവക്കും ഒഴികെ പതിനെട്ടു വയസ്സു കഴിഞ്ഞ എല്ലാവക്കും സമ്മതിദാനാവകാശമുണ്ടു്. സോവിയററ് ഓഫ് ദി യൂണിയനിലേക്കു ജനസംഖ്യാനുപാദമായി 30,000 പേക്കു് ഒരു പ്രതിനിധി എന്ന കണക്കിനാണു് തെരഞ്ഞെടുപ്പു്. ഓരോ യൂണിയൻ റിപ്പബ്ലിക്കിനു് 25 പ്രതിനിധികാം, ഓട്ടോണമസ് റിപ്പബ്ലിക്കിനു് ഓരോന്നിനും 11 പ്രതിനിധികാം, ഓട്ടോണമസ് റീജിയനു് 5 പ്രതിനിധികാം, ഓരോ നാഷനൽ ഏറിയായ്ക്കു് ഒരു പ്രതിനിധിവീതം, എന്നാണു് സോവിയററ് ഓഫ് നാഷനാലിററീസ് എന്ന സഭയ്ക്കു് തെരഞ്ഞെടുപ്പു നടത്തുന്നതു്. രണ്ടു സഭകളിലും കൂടി 1,547 പ്രതിനിധികളുണ്ടു്. ഓരോ സഭയിലും നിയമങ്ങാം കേവലഭൂരിപക്ഷമനുസരിച്ചാണു് പരിഷ്കരിക്കുന്നതും, നിമ്മിക്കുന്നതും. ഓരോ സഭകളും, പ്രത്യേകമായും, ഒരുമിച്ചും സമ്മേളിക്കാറുണ്ടു്. സുപ്രീംസോവിയററ് ആണ്ടിൽ രണ്ടു പൂണ്ണ സമ്മേളനങ്ങാം നടത്താറുണ്ടു്. പ്രതിനിധികാം മടങ്ങിപ്പോയി നാട്ടിൽ ചെന്നു വിവരങ്ങാം ധരിപ്പിക്കയും സ്വന്തം ജോലി നോക്കുകയും ചെയ്യുന്നു. പൊതു

തെരഞ്ഞെടുപ്പിനു കാത്തിരിക്കാതെതന്നെ തങ്ങാംക്ക് അസംതൃപ്തി തോന്നുന്ന പ്രതിനിധികളെ തിരിച്ചുവിളിക്കാൻ ജനങ്ങാംക്ക് അവകാശമുണ്ട്. ഒരു പ്രസിഡൻറ്, പതിനഞ്ചുറിപ്പബ്ലിക്കിനും ഓരോ വൈസ്പ്രസിഡൻറ്, ഒരു സെക്രട്ടറി, 15 അംഗങ്ങാം, ഇവയുള്ള ഒരു അദ്ധ്യക്ഷസമിതി (പ്രിസീഡിയം)യെ പ്രതിനിധികാം തെരഞ്ഞെടുക്കുന്നു. സഭ കൂടാത്ത അവസരങ്ങളിൽ ഈ അദ്ധ്യക്ഷസമിതിയാണ് പരമാധികാരിയായി ഭരണം നടത്തുന്നതു്. ആവശ്യമുണ്ടാകുമ്പോാം സ്പെഷ്യൽമീററിങ്ങുകളും വിളിച്ചുകൂട്ടാറുണ്ട്.

## മോസ്കോ സർവ്വകലാശാല

എല്ലാ റിപ്പബ്ലിക്കുകാംക്കും അവയുടെ സ്വന്തമായ സർവ്വകലാശാലകളുണ്ട്. മോസ്കോയിലെ "ലൊമെനോസോവ്'' സർവ്വകലാശാലയാണ് ഏററവും വലുതു്. 1960 സെപ്തംബറിൽ ഇവിടെ അദ്ധ്യേതാക്കളായി (വിദ്യാത്ഥികളായി) 26,000 പേർ രജിസ്റ്റർ ചെയ്തിരുന്നു. ഈ സർവ്വകലാശാലയ്ക്ക് 37 കെട്ടിടങ്ങളുള്ളതിൽ 27 എണ്ണം പഠനത്തിനായി ഉപയോഗിക്കുന്നതാണ്. മദ്ധ്യത്തിലുള്ള കെട്ടിടത്തിന് 32 നിലയും 780 അടി പൊക്കവുമുണ്ട്. അതിൻെറ ഇരുഭാഗങ്ങളിലായി അടുത്തുള്ള ഓരോ കെട്ടിടത്തിനും 18 നിലകളുണ്ട്. മദ്ധ്യത്തിലുള്ള കെട്ടിടത്തിൽ തന്നെ 22,000 മുറികളുണ്ട്. അവയിൽ ഒന്നിൽ ജനിച്ച ഒരു ശിശു ദിവസമൊന്നിന് ഒരു മുറി എന്ന കണക്കിൽ അവിടെ കഴിച്ചുകൂട്ടുകയാണെങ്കിൽ ഒടുവിലത്തെ മുറിയിൽ എത്തിച്ചേരുമ്പോഴേക്ക് ആ ശിശുവിന് 60 വയസ്സു പ്രായമാകും എന്നു പറയപ്പെടുന്നു. പ്രസംഗശാലകളും താമസിക്കാനുള്ള മുറികളും ഉാംപ്പെടെ സർവ്വകലാശാലയിൽ 45,000 മുറികളുണ്ട്. ഈ കെട്ടിടങ്ങാം എല്ലാം നടന്നു കണ്ടുതീരണമെന്ന് ഒരാാം നിശ്ചയിച്ചാൽ അയാാം ഈ യാത്രയിൽ 90 മൈൽ സഞ്ചരിക്കണം.



U. S. S. R.
ARCTIC OCEAN
PACIFIC OCEAN
Bering Strait
Ratmanov Island
KAMCHATKA
Sakhalin Island
Barents Sea
White Sea
Baltic Sea
Gulf of Finland
River Neva
NORWAY
SWEDEN
GERMANY
POLAND
RUMANIA
TURKEY
IRAQ
BYELORUSSIA
UKRAINE
CRIMEA
Sebastopol
Yalta
Artek
Black Sea
Azov Sea
Murmansk
Petrodvorets
Leningrad
Novgorod
MOSCOW
Gorki
Kazan
Ulyanovsk
River Volga
River Don
Kiev
Kharkov
Kramatorsk
Donets Coal Basin
Odessa
Krivoi Rog
Zaporozhe
Stalingrad
Kuban
Steppes
Astrakhan
GEORGIA
ARMENIA
AZERBAIJAN
Caspian Sea
Apsheron Peninsula
Cheleken
KAZAKHSTAN
Karaganda
Aral Sea
UZBEKISTAN
TURK
Kara Kum Desert
Bokhara
Tashkent
Kokand
KIRGHIZIA
Alma Ata
L. Balkhash
Ural Mountains
Sverdlovsk
Chelyabinsk
Ufa
Magnitogorsk
River Irtysh
Omsk
Tomsk
River Yenisei
Krasnoyarsk
Altai Mts.
Sayan Mts
Irkutsk
River Lena
Yakutsk
River Amur
Komsomolsk-on-Amur
Vladivostock
Scale in Miles
0 100 500
KEY TO REFERENCE NUMBERS
1 Rostov
2 Azov
3 Tsimlyansk
4 Anapa
5 Sochi
6 Gagra
7 Sukhumi
8 Kislovodsk
Mineralynye Vodi
Chiatura
Rustavi
Tbilisi
Yerevan
14 Ordzhonikidze
15 Baku
17 Mt. Elbrus
18 Georgian Military Highway
19 Ararat Valley
20 Kura-Aras lowland
21 Abkhazia
22 Valley of Ferghana

## LAND AND PEOPLE OF U S S R

**By KATHLEEN TAYLOR**

വിശാലമായ ഒരു രാജ്യം, ചുരുങ്ങിയ ജനസംഖ്യ, വിചിത്രമായ വർഗ്ഗവൈവിധ്യം, വിപുലമായ ഖനിജസമ്പത്തു്, വിസ്തീർണ്ണമായ വനഭൂമികളും കൃഷിയിടങ്ങളും, അത്യാകർഷകമായ പ്രകൃതി, അതിദീർഘനദികൾ — ഇങ്ങനെ പല തരത്തിലും പല വലുപ്പത്തിലുമുള്ള പ്രാകൃതികവിശേഷങ്ങൾകൊണ്ടു് അനുഗൃഹീതമായ സോവിയററ്നാടു് കഴിഞ്ഞ അരനൂററാണ്ടിനുള്ളിൽ ഒരു ലോകശക്തിയായി ഉയർന്നിരിക്കുന്നു. പുരോഗതിക്കുവേണ്ടി അവർ തിരക്കിട്ടു പ്രയത്നിക്കുന്നു. ''റഷ്യ ഒരു രാജ്യമല്ല, ഒരു ലോകമാണു്'' എന്ന ചൊല്ലിൻെറ രഹസ്യം ഈ പുസ്തകം വ്യക്തമാക്കുന്നു.

വിവർത്തനം:
**വി. കെ. വിശ്വംഭരൻ**


പ്രസാധനം:
**വിദ്യാർത്ഥിമിത്രം**
ബുക്കുഡിപ്പോ,
കോട്ടയം.